www.keralapravasisangham.com

# പ്രവാസലോകം

വാല്യം 4 ലക്കം 3 2019 ഒക്ടോബർ

ത്രൈമാസിക



150 YEARS OF CELEBRATING THE MAHATMA

## അരനൂറ്റാണ്ട് പിന്നിടുന്ന കുവൈറ്റിലെ മാധ്യമ രംഗം

**08** ഓണ സമ്മാനങ്ങൾ
ബന്യാമിൻ

**11** ഉപദേശമല്ല; നിർദ്ദേശം മാത്രം
ഏഴാംചേരി രാമചന്ദ്രൻ

**23** അടുക്കളയിൽ നിന്ന് അരങ്ങത്തേക്ക്
താഹ കൊല്ലേത്ത്

addicted to

life

ജീവിതമാണ് ലഹരി



# Say No to Drinks
# Say No to Drugs

**Join hands with Government of Kerala and Excise Department to spread awareness of the harmful effects of Liquor and Drug consumption**

Issued in Public Interest by
KERALA STATE BEVERAGES ( M&M ) CORPORATION LIMITED

# In this Issue

Vol 4 Issue 3 October 2019




പ്രവാസിയുടെ ഗ്രീൻ കേരള: *തോമസ് മാത്യു കടവിൽ* 12

അക്കരപ്പച്ച *പ്രൊഫ.രാജശേഖരൻ നായർ* 15

അരനൂറ്റാണ്ട് പിന്നിടുന്ന കുവൈറ്റിലെ മാധ്യമ രംഗം *സാം പൈനുംമൂട്* 18

മതമില്ലാത്ത നന്മ *പ്രൊഫ. എ. റ്റി. ളാത്തറ* 20

റോങ് നമ്പർ *ഷാഫിജാ റഫീഖ് വെങ്ങേരി* 21

അടുക്കളയിൽ നിന്ന് അരങ്ങത്തേക്ക് *താഹ കൊല്ലേത്ത്* 23

ഇന്ത്യൻ ഭരണഘടനയിലെ മതനിരപേക്ഷത *ഓമന റസ്സൽ* 26

കനാ *എം. എ ലത്തീഫ്* 27

കണ്ണീരായി വീണ്ടുമൊരു... *രഘുനാഥ് ഇടത്തിട്ട* 28

നമ്മൾ എത്ര മോശപ്പെട്ടവരാണ് *ബഷീർ ചുങ്കത്തറ* 38

മാലിന്യം അഥവാ പൊലൂഷൻ ഒരു വിചിന്തനം *എ.കെ.എ. റഹിമാൻ* 41

വൈക്കത്ത് പാച്ചുമൂത്തത് *സുബ്രഹ്മണ്യൻ അമ്പാടി* 44

എല്ലാം നിശ്ചലമാകാൻ *ഏഴംകുളം മോഹൻകുമാർ* 45

റിജക്ടഡ് *കുഞ്ഞമ്മദ് കുരാച്ചുണ്ട്* 46

വിവേകമെന്ന സൽഗുണം *സാലി മോനായി* 47

പുളിമരം *ഡോ. പ്രിയ ദേവദത്ത്* 52

മുടികൊഴിച്ചിൽ തടയുവാൻ *ഡോ. അമൃത എലിസബത്ത്* 57

പാചകം *തോഷ്മ ബിജു വർഗീസ്* 59

06 **മരടും പ്രവാസികളും** പീറ്റർ മാത്യു തിരുവല്ല

09 **ദുബായ്** പി. സെയ്താലികുട്ടി

16 **പ്രവാസം എന്റെ കുടുംബത്തിൽ** കെ.കെ. രാജേന്ദ്രൻ

33 **അമേരിക്കയിലെ സ്വർണ്ണ ഖനി** അജിത് നാട്ടകം

34 **രാജ്ഗീറിലെ ഉഷ്ണ ജലസ്രോതസ്സുകൾ തേടി** ഫാ. ഡോ. കെ.എം. ജോർജ്

42 **മനുഷ്യത്വത്തിന്റെ അടയാളം** പ്രൊഫ. എം. തോമസ് മാത്യു

49 **2019 പ്രളയം ഒരു അനുഭവം** എം. സി. അബു

55 **വനിതകളുടെ സാരി മഹാത്മ്യത്തിന് ഒന്നര നൂറ്റാണ്ട്** ലീനാ ചന്ദ്രൻ








# editorial




*ചീഫ് എഡിറ്റർ*
**പി.റ്റി. കുഞ്ഞുമുഹമ്മദ്**
**Ex. MLA**


*മാനേജിംഗ് എഡിറ്റർ*
**കെ. വി. അബ്ദുൾഖാദർ**
**MLA**

*എഡിറ്റർ*
**പിറ്റർ മാത്യു തിരുവല്ല**

*പ്രിന്റർ & പബ്ലിഷർ*
**എം.സി. അബു**

**PRAVASALOKAM**
TC. 25/1955 (4) 2nd Floor,
Manjalikulam Road,
Thampanoor, Trivandrum.
Tel: 0471-2333366.
Mob: 9526047177
pravasalokam1@gmail.com

*Layout and Design*
Global, Tiruvalla
Ph: 0469-2634355

# എഡിറ്റോറിയൽ

കേരള പ്രവാസി സമൂഹത്തിന് ഏറെ സന്തോഷം നൽകുന്ന വാർത്തയാണ് കേരള പ്രവാസി ഡിവിഡന്റ് പദ്ധതിയുടെ വിജ്ഞാപനം.

പ്രവാസി സമൂഹത്തിന്റെ സുരക്ഷ ഉറപ്പാക്കുന്ന പദ്ധതി ഇൻഡ്യയിൽതന്നെ ആദ്യത്തെതാണ്. കേരളത്തിനു പുറത്തും വിദേശത്തും പണിയെടുക്കുന്ന മനുഷ്യരുടെ ജീവിതം എന്നും അരക്ഷിതമായിരുന്നു. ഭാവിയെക്കുറിച്ച് എന്നും ആശങ്കാകുലരായിരുന്നു.

തങ്ങളുടെ സങ്കടവും, കണ്ണീരും, വിയർപ്പും ചേർന്നുണ്ടാക്കിയ ചെറിയ നിക്ഷേപങ്ങൾ എന്തുചെയ്യുമെന്ന് അറിയാത്തവരായിരുന്നു നമ്മുടെ പ്രവാസി സമൂഹം. അവർക്ക് ഒരു പുതുവഴി നമ്മുടെ മുഖ്യമന്ത്രി പ്രവാസി വെൽഫെയർ ബോർഡിന്റെയും കിഫ്ബിയുടെയും സഹകരണത്തിൽ കാണിച്ചുകൊടുക്കുന്ന വിസ്മയപരമായ ഒരു പദ്ധതിയാണ് പ്രവാസി ഡിവിഡന്റ് പദ്ധതി.

മൂന്നുലക്ഷം മുതൽ അമ്പത്തൊന്നുലക്ഷം വരെ നിക്ഷേപിക്കാൻ പറ്റുന്ന ഒരു പദ്ധതിയാണിത്. മൂന്നുവർഷം കഴിഞ്ഞാൽ നിക്ഷേപകന് മറ്റെങ്ങും കിട്ടാത്ത തുക എല്ലാ മാസവും മരണംവരെയും ലഭിക്കും. മരണശേഷം ഭാര്യക്കോ/ഭർത്താവിനോ ഇതേ സംഖ്യ ലഭിക്കും. ഭാര്യ/ഭർത്താവ് മരിച്ചു കഴിഞ്ഞാൽ നിക്ഷേപ തുക മൂന്നുവർ,ത്തെ ലാഭവിഹിതംകൂടി ഉൾപ്പെടുത്തി മക്കൾക്കോ നോമിനിക്കോ മടക്കികൊടുക്കും.

ഈ പദ്ധതികൊണ്ട് ഗവൺമെന്റ് സമാഹരിക്കുന്ന തുക നാടിന്റെ വികസനത്തിനും അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കുന്നതിനും ഉപയോഗിക്കുന്നു.

ഇത് പ്രവാസികളെ നിർബന്ധിച്ചു ചേർക്കേണ്ട പദ്ധതിയല്ല അവർ സ്വയം വന്ന് ചേരേണ്ട പദ്ധതിയാണ്. കാരണം ഇതിന്റെ ഗുണം അവർക്കു മാത്രമുള്ളതാണ്. ഇത് പ്രചരിപ്പിക്കേണ്ട ഉത്തരവാദിത്തം നമുക്കുണ്ട്. ഈ പദ്ധതി എല്ലാവരിലും എത്തിക്കാൻ ഞാൻ പ്രവാസി സമൂഹത്തോട് അഭ്യർത്ഥിക്കുന്നു.

അഭിവാദനങ്ങളോടെ,

**പി. റ്റി. കുഞ്ഞുമുഹമ്മദ് Ex. MLA**



**ജനറൽ സെക്രട്ടറിയുടെ കുറിപ്പ്**

# ചതിക്കുഴികളെക്കുറിച്ച് ജാഗ്രതവേണം

**തൊ**ഴിലന്വേഷിച്ച് അലയുന്നതിനിടയിലാവാം വിദേശത്ത് ഒരു ജോലിയെകുറിച്ച് ആരെങ്കിലും പറയുന്നത്. ഭാര്യയുടെ കെട്ടുതാലി വിറ്റോ കിടപ്പാടം പണയം വെച്ചോ വിസനൽകാമെന്ന് പറഞ്ഞവർക്ക് പിന്നാലെ പായുന്നു. യാതൊരു തരത്തിലുമുള്ള അന്വേഷണങ്ങളില്ലാതെ ഏജന്റുമാർക്ക് പണം നൽകുന്നു. വിദേശങ്ങളിൽ എത്തിപ്പെടുമ്പോഴാണ് വഞ്ചനയുടെ പൊരുൾ മനസ്സിലാകുന്നത്. അപ്പോഴേക്കും കാര്യങ്ങൾ കൈവിട്ടു പോയിട്ടുണ്ടാകും. വിസ തട്ടിപ്പും മനുഷ്യ കടത്തും വ്യാപകമായി നടക്കുന്നുണ്ട്.പൊതുസമൂഹം ജാഗ്രത പാലിച്ചില്ലെങ്കിൽ അപകടകരമായ അവസ്ഥയായിരിക്കും ഉണ്ടാകാൻ പോകുന്നത്.

പണം വാങ്ങി വ്യാജവിസ സംഘടിപ്പിച്ച് നൽകുന്നവരുടെ റാക്കറ്റുകൾ പ്രവർത്തിക്കുന്നുണ്ട്. പത്രങ്ങളിൽ പരസ്യം നൽകിയും സാമൂഹ്യ മാദ്ധ്യമങ്ങളിലൂടെയും ഏജന്റുമാർ മുഖേനയും ഇടപാടുകാരെ ആകർഷിക്കുന്നു.

മലേഷ്യയിൽ ജോലി നൽകാമെന്ന് പ്രലോഭിപ്പിച്ച് പണം വാങ്ങി ടൂറിസ്റ്റ് വിസയിൽ കൊണ്ടുപോയി നിരവധിപേരെ കുടുക്കിയ സംഭവം ഈയ്യിടെ റിപ്പോർട്ട് ചെയ്യപ്പെട്ടിരുന്നു.. ക്വാലാലമ്പൂർ എയർപോർട്ടിന് പുറത്ത് ഉടുതുണിക്ക് മറുതുണിയില്ലാതെ കഴിഞ്ഞ ചെറുപ്പക്കാരെ രക്ഷപ്പെടുത്തിയത് മലേഷ്യൻ മലയാളി അസോസിയേഷനാണ്. എറണാംകുളത്തെ ഒരു തട്ടിപ്പു സംഘമാണ് അവിടുത്തെ ഹോട്ടലിൽ ക്യാമ്പ് ചെയ്ത് തൊഴിലന്വേഷകരെ വലയിൽ വീഴ്ത്തിയത്.. ചെറിയ തുകയ്ക്ക് ലഭിക്കുന്ന ടൂറിസ്റ്റ് വിസ ഒരു ലക്ഷം രൂപ വാങ്ങിയാണ് ഇടപാടുകാർക്ക് നൽകിയത്.. അവിടെ ചെന്ന് മണിക്കൂറുകൾ കഴിഞ്ഞപ്പോഴേക്കും തങ്ങൾ കബളിപ്പിക്കപ്പെട്ടുവെന്ന് ബോധ്യമായി. പലരും അലമുറയിട്ട് കരഞ്ഞു. മലയാളി അസോസിയേഷൻ പിരിവെടുത്താണ് ഇവരെ നാട്ടിലേക്കയച്ചത്.

ആസ്ട്രേലിയായിൽ നഴ്സ് ജോലി വാഗ്ദാനം ചെയ്ത് ഏതാനും സ്ത്രീകളെ കുടുക്കിയ സംഭവമുണ്ടായിട്ടുണ്ട്. തൃശൂർ അഡ്രസ്സുള്ള ഒരു സംഘമാണ് ഇതിനു പിന്നിൽ. മൂന്ന് തൊഴിലന്വേഷകരിൽ നിന്നായി ഏതാനും ലക്ഷം രൂപ വാങ്ങി.. ഖത്തർ വഴിയാണ് പോകേണ്ടത്.അവിടെ നിന്ന് ഒരു കടലാസ് ശരിയാക്കണം എന്ന് പറഞ്ഞാണ് കൊണ്ടുപോയത്. ഖത്തർ എയർപോർട്ടിൽ നിങ്ങളെ സഹായിക്കാൻ രണ്ടുപേർ എത്തുമെന്നും പറഞ്ഞിരുന്നത്രെ.. ഒരു ഫോൺനമ്പറും നൽകി. എന്നാൽ ആരും സഹായത്തിനെത്തിയില്ല. ഫോൺ നമ്പർ വ്യാജവുമായിരുന്നു. സമാനരീതിയിൽ പ്രലോഭിപ്പിച്ച് വേറെയും ചിലരിൽ നിന്ന് അഡ്വാൻസ് കൈപ്പറ്റിയിരുന്നു.. ഖത്തറിലെത്തിയ മൂന്നു നഴ്സുമാരുടെ അനുഭവം വാർത്തയായതോടെയാണ് തട്ടിപ്പ് പുറത്തറിയുന്നത്.

ഇറാഖിലേക്ക് രണ്ടു ചെറുപ്പക്കാരെ പണം വാങ്ങി കയറ്റി അയച്ച സംഭവമുണ്ടായത് ദൃശ്യമാദ്ധ്യമങ്ങളിൽ ചർച്ചയായിരുന്നു. ഇറാഖിന്റെ ഇപ്പോഴത്തെ സാമൂഹ്യസാഹചര്യം പോലും പരിഗണിക്കാതെയാണ് തൊഴിലന്വേഷകർ പണം നൽകിയതെന്ന യാഥാർത്ഥ്യമുണ്ട്. എങ്ങിനെയെങ്കിലും രക്ഷപ്പെടാം എന്ന ചിന്തയാകാം ചെറുപ്പക്കാരെ സാഹസികതയ്ക്ക് പ്രേരിപ്പിച്ചത്. എന്നാൽ ചെന്നുപെട്ടത് അപകട മുനമ്പിലായിരുന്നു. എംബസിക്ക് പോലും എത്തിപ്പെടാൻ കഴിയാത്ത കലുഷിത സാഹചര്യമുള്ളിടത്താണ് മലയാളികൾ ചെന്നുപെട്ടത്..


ഇങ്ങിനെ ധാരാളം സംഭവങ്ങൾ ചൂണ്ടിക്കാണിക്കാനാകും. എന്താണ് പ്രതിവിധി.? ഒന്നാമതായി ആരെങ്കിലും വിസയുണ്ട് പോരണോ എന്ന് ചോദിക്കുമ്പോഴേയ്ക്ക് എടുത്ത് ചാടാതിരിക്കുക.. യഥാർത്ഥ വിസയാണോ തട്ടിപ്പാണോ എന്ന് തിരിച്ചറിയാനുള്ള സംവിധാനങ്ങൾ ഇന്ന് നിലവിലുണ്ട്. നോർക്ക തന്നെ ഇതിനായുള്ള സംവിധാനമൊരുക്കിയിട്ടുണ്ട്. കൃത്യമായ പരിശോധനകളില്ലാതെ തട്ടിപ്പു റിക്രൂട്ട്മെൻറുകളിൽ തലവച്ചു കൊടുക്കാതിരിക്കാൻ തൊഴിലന്വേഷകർ ശ്രദ്ധിക്കണം. അപകടത്തിൽ പെട്ടുപോയിട്ട് പിന്നെ കേസുകൾ നൽകി സമയം പാഴാക്കുന്നതിലർത്ഥമില്ല. പെടാതിരിക്കുവാനുള്ള ജാഗ്രതയാണാവശ്യം

അഭിവാദനങ്ങളോടെ,

**കെ.വി. അബ്ദുൾഖാദർ MLA**



സമകാലികം



**പീറ്റർ മാത്യു തിരുവല്ല**
*എഡിറ്റർ*

# മരടും പ്രവാസികളും

മലയാളിയുടെ ഏറ്റവും വലിയ സ്വപ്നമാണ് കയറിക്കിടക്കുവാൻ ഒരു ഭവനം എന്നത്. വിദേശത്ത് ജോലി തേടിപോകുന്നവൻ കഠിനാദ്ധ്വാനം ചെയ്തും മിച്ചംവെച്ചും ഒരായുസ്സുകൊണ്ട് സമ്പാദിക്കുന്ന പണമാണ് മനോഹരമായ ഒരു വീടായോ ഫ്ളാറ്റായോ മാറുന്നത്. കേരളത്തിന്റെ വികസനകുതിപ്പിൽ പ്രവാസിമലയാളിയുടെ കിടപ്പാടമെന്ന സ്വപ്നത്തിന്റെ ചിറകിലേറി വളർന്ന കൺസ്ട്രക്ഷൻ വ്യവസായത്തിന് നിർണ്ണായക പങ്കാണുള്ളത്. വീടായും, ഫ്ളാറ്റായും മനോഹരമായ നിർമ്മിതികൾ ഉണ്ടായപ്പോൾ അതിന്റെ പുറകിൽ പ്രവാസിയുടെ ചോരയും വിയർപ്പും കുതിർന്ന വിദേശ പണമാണുള്ളത്. മാത്രവുമല്ല, ഈ നിർമ്മാണമേഖലയുടെ വളർച്ചയിലൂടെ കേരളത്തിൽ ആയിരക്കണക്കിന് തൊഴിലവസരങ്ങളാണ് സൃഷ്ടിക്കപ്പെട്ടത്. ഒപ്പം ചെറുതും വലുതുമായ ഒട്ടനവധി വ്യവസായങ്ങളും വളർച്ച പ്രാപിച്ചു. ഇങ്ങനെ കേരളത്തിന്റെ സമ്പദ്‌വ്യവസ്ഥയെ ചലനാത്മകമായി നിലനിർത്തിയത് മറുനാടൻ മലയാളിയുടെ വീടെന്ന സ്വപ്നത്തിനു പുറകെയുള്ള ഓട്ടമാണ്.

കേരളം പോലൊരു ചെറിയ സംസ്ഥാനത്ത് എല്ലാവർക്കും അഞ്ചോ പത്തോ സെന്റ് സ്ഥലവും അതിലൊരു വീടും എന്നത് അപ്രായോഗികമാണ്. ഈ സാഹചര്യത്തിലാണ് ലോകത്തിന്റെ മറ്റെല്ലായിടങ്ങളിലുമെന്നതുപോലെ കേരളത്തിലും ഫ്ളാറ്റുകൾ ഉയർന്നു തുടങ്ങിയത്. കാലാകാലങ്ങളിൽ ഗവൺമെന്റ് തയ്യാറാക്കിയ നിയമങ്ങൾക്ക് വിധേയമായി നിർമ്മാണം നടത്തിയ ആയിരക്കണക്കിനു ഫ്ളാറ്റ് സമുച്ചയങ്ങൾ കേരളത്തിന്റെ പ്രമുഖ പട്ടണങ്ങളിലെല്ലാമായുണ്ട്.

ഏത് വ്യവസായവും വളർന്നുവരുമ്പോൾ കൂടുതൽ ലാഭമുണ്ടാക്കാനായി നിയമലംഘനങ്ങൽ ഉണ്ടാവുക സ്വാഭാവികമാണ്. ലാഭത്തിൽ മാത്രം കണ്ണുള്ള കച്ചവടക്കാരോ, നിർമ്മാതാക്കളോ ഒക്കെ ഇത്തരം നിയമലംഘനങ്ങൾ നടത്തുന്നത് യഥാസമയം കണ്ടെത്താനും തടയാനും ഗവൺമെന്റ് ഉദ്യോഗസ്ഥന്മാർക്കും ബന്ധപ്പെട്ട ഭരണസംവിധാനങ്ങൾക്കും സാധിക്കണം. പൊതുജനത്തിന്റെ ജീവനും സ്വത്തിനും സംരക്ഷണം നൽകുക എന്നത് ജനാധിപത്യ സംവിധാനത്തിൽ ഭരണകൂടത്തിന്റെ ബാധ്യതയാണ്.

മരട് ഫ്ളാറ്റ് പൊളിക്കലുമായി ബന്ധപ്പെട്ടുണ്ടായിരിക്കുന്ന വിവാദങ്ങളുടെ പശ്ചാത്തലത്തിൽ ഗവൺമെന്റ് സംവിധാനങ്ങളുടെയും ഉദ്യോഗസ്ഥവൃന്ദത്തിന്റെയും കാര്യക്ഷമത ഉയർത്തേണ്ട







ത് അനിവാര്യമാണെന്ന് പൊതുസമൂഹത്തിന് ബോധ്യമായിക്കഴിഞ്ഞു. സുപ്രീംകോടതിയുടെ വിധി, നിയമത്തിന്റെയും ചട്ടങ്ങളുടെയും വിശകലനങ്ങളുടെയും വസ്തുതകളുടെ അടിസ്ഥാനത്തിലാണ്. അതിനെ ഗവൺമെന്റിനോ സമൂഹത്തിനോ ചോദ്യം ചെയ്യാനാവില്ല എന്നതും വസ്തുതയാണ്. അപ്പോൾതന്നെ നിയമവും കോടതിയുമൊക്കെ ജനത്തിനും ജനത്തിന്റെ നന്മയ്ക്കും വേണ്ടിയാകണമെന്ന പൊതു ബോധത്തിനാണ് ഇവിടെ ഇടിവു സംഭവിക്കുന്നത്. കുറ്റകൃത്യത്തിനു ശിക്ഷിക്കപ്പെടേണ്ടത് കുറ്റം ചെയ്തവരും അതിന് കൂട്ടുനിന്നവരുമാണ്. പക്ഷേ തട്ടിപ്പിന് വിധേയരാക്കപ്പെട്ട ഇരകൾ തന്നെ ശിക്ഷിക്കപ്പെടുന്ന വിധികൾ നമ്മുടെ നിയമസംവിധാനത്തിന്റെ ബലഹീനതകളിലേക്കും വിരൽചൂണ്ടുന്നില്ലേ എന്ന് സംശയിക്കേണ്ടിയിരിക്കുന്നു.

ഗൾഫിലോ അമേരിക്കയിലോ വർഷങ്ങൾ ജോലിചെയ്ത് സമ്പാദിച്ച പണവുമായി ഫ്ളാറ്റ് വാങ്ങാൻ വരുന്ന പ്രവാസി പരസ്യങ്ങളുടെ മാത്രം അടിസ്ഥാനത്തിലാണ് പലപ്പോഴും ആകർഷിക്കപ്പെടുന്നത്. താൻ വാങ്ങുന്ന ഫ്ളാറ്റ് നിയമാനുസൃതം നിർമ്മിക്കപ്പെടുന്നതാണെന്നും അനുമതികൾ ഉണ്ടെന്നുമൊക്കെ ഉറച്ചുവിശ്വസിച്ചാണ് അവൻ പണം മുടക്കുന്നത്. നിയമവിരുദ്ധ നിർമ്മാണമാണെങ്കിൽ എങ്ങനെ അത് രജിസ്റ്റർ ചെയ്യപ്പെട്ട് തന്റെ ഉടമസ്ഥതയിലാകും? എങ്ങനെ തദ്ദേശസ്വയംഭരണ സ്ഥാപനം നികുതിവാങ്ങും? എങ്ങനെ ഇലക്ട്രിക്സിറ്റിയും വാട്ടർകണക്ഷനും ലഭിക്കും? അപ്പോൾ നിയമാനുസൃതമല്ല ഈ നിർമ്മിതി എന്ന് മനസ്സിലാക്കാൻ ഒരു സംവിധാനവും ഒരു സാധാരണക്കാരന്റെ മുന്നിൽ ഇല്ലെന്നതാണ് വാസ്തവം. ഇങ്ങനെ വാങ്ങിയ ഫ്ളാറ്റിൽ എട്ടും പത്തും വർഷമായി താമസിച്ചുവരുന്നിടത്തുനിന്ന് ഒരു സുപ്രഭാതത്തിൽ വെറും കയ്യോടെ ഇറങ്ങിക്കൊടുക്കേണ്ടുന്നവന്റെ വേദന സമൂഹവും, കോടതിയും ഗവൺമെന്റും തിരിച്ചറിയേണ്ടതില്ലേ? ഉദ്യോഗസ്ഥരോ, നിർമ്മാതാക്കളോ ചെയ്ത തെറ്റിന് പാവപ്പെട്ട പ്രവാസി എന്തിന് ശിക്ഷിക്കപ്പെടണം?

എന്നാൽ സുപ്രീംകോടതിയുടെ പുതിയ വിധിയിൽ ഫ്ളാറ്റ് ഉടമകൾക്ക് 25ലക്ഷം രൂപ വീതം നഷ്ടപരിഹാരമായി കേരളസർക്കാർ മുൻകൈ എടുത്ത് നൽകണമെന്ന് പറഞ്ഞിരിക്കുന്നത് ഫ്ളാറ്റുടമകൾക്ക് ആശ്വാസം പകരുന്ന കാര്യമാണ്. ഏതായാലും ഇടതുപക്ഷ ഗവൺമെന്റ് ഇരകൾക്ക് അനുകൂലമായി നിലപാടുകളെടുത്ത് സാധ്യമായ നടപടികളുമായി മുന്നോട്ടുപോകുന്നത് ഏറെ പ്രശംസനീയമാണ്.



# സുഷമ സ്വരാജിന് പ്രണാമം

ഭാരതത്തിന്റെ വിദേശകാര്യമന്ത്രിയായിരുന്ന ശ്രീമതി സുഷമാ സ്വരാജിന്റെ നിര്യാണത്തിൽ പ്രവാസലോകത്തിന്റെ പ്രണാമം. സുഷമാജിയുടെ നിര്യാണം പ്രവാസികളെ സംബന്ധിച്ചിടത്തോളം തീരാനഷ്ടമാണ്.

വിദേശകാര്യ മന്ത്രിയായിരിക്കെ പശ്ചിമേഷ്യയിലെ യുദ്ധമുഖത്തുനിന്ന് നാല്പതിലേറെ മലയാളി നേഴ്സുമാരെ സുരക്ഷിതരായി നാട്ടിലെത്തിച്ചതിലും, ഭീകരരുടെ തടവിലായ മലയാളി വൈദികൻ ഫാദർ ടോം ഉഴുവനാലിനെ രക്ഷപെടുത്തുന്നതിലും തുടങ്ങി നിരവധി നിർണ്ണായക ഇടപെടലുകൾ നടത്തിയ സുഷമാ സ്വരാജ് എക്കാലവും മലയാളികളുടെ ഓർമ്മകളിൽ ഉണ്ടായിരിക്കും.

പ്രവാസി സമൂഹത്തിന്റെ പ്രിയപ്പെട്ട സുഷമാജിയുടെ നിര്യാണത്തിൽ അഗാധമായ ദുഃഖം രേഖപ്പെടുത്തുന്നു.

ചുറ്റുവട്ടം



**വീ**ണ്ടും ഒരോണംകൂടി നമുക്ക് അരികെ എത്തിയിരിക്കുന്നു. കേരളത്തിലേതിനേക്കാൾ മനോഹരമായും ആസ്വാദ്യകരമായും ഓണം ഒരുങ്ങുകയും ആഘോഷിക്കുകയും ചെയ്യുന്നത് അങ്ങ് പ്രവാസലോകത്താണ് എന്ന് പറയുന്നത് അക്ഷരാർത്ഥത്തിൽ ശരിയാണെന്ന് കേരളത്തിലെ ഓണക്കാഴ്ചകൾ വീണ്ടും അരക്കിട്ടുറപ്പിക്കുന്നു. ഓണം കേരളത്തിലിന്ന് അംഗീകൃത വ്യാപാരമേളയാണ്. സർക്കാരും കച്ചവടക്കാരും ചേർന്ന് ഒരുക്കുന്ന ഓണമേളകളാണ് കേരളത്തിലെ ഓണത്തിനെ കൊഴുപ്പിക്കുന്നതും പെരുപ്പിക്കുന്നതും. പിന്നെ ടിവിയിലെ ഏഴോ എട്ടോ മണിക്കൂറുകൾ നീളുന്ന സിനിമയും പരസ്യങ്ങൾ കുത്തിനിറച്ച ഓണപ്പതിപ്പുകളും മദ്യഷാപ്പുകൾക്കു മുന്നിലുള്ള നീണ്ട ക്യൂവും ചേർന്നാൽ കേരളത്തിൽ ഓണമായി. യഥാർത്ഥ ജനപങ്കാളിത്തമുള്ള അർത്ഥവത്തായ പരിപാടികൾ തുലോം വിരളമാണ്. നല്ലൊരു സദ്യയ്ക്കോ കൂടിച്ചേരലിനോപോലും ആർക്കും താൽപര്യവും സമയവും ഇല്ല.

വസ്ത്രം മുതൽ സ്വർണം വരെയുള്ള, കാറുകൾ മുതൽ ഇലക്

# ഓണസമ്മാനങ്ങൾ

ബെന്യാമിൻ

ട്രോണിക്സ് സാധനങ്ങൾ വരെയുള്ള ഉല്പന്നങ്ങളുടെ ഓണക്കാല വില്പനമേളയിക്കിടയിലും കേരളത്തിൽ ശുഭകരമായ ഒരു കാര്യം നടക്കുന്നുണ്ട്. അത് കാണാതിരുന്നുകൂടാ. ചെറുതും വലുതുമായ അനേകം നഗരങ്ങൾ തോറും നടക്കുന്ന പുസ്തകമേളകളാണ് അത്. എന്നുമാത്രമല്ല വെറും ചടങ്ങിനുവേണ്ടി മാത്രം നടത്തുന്ന മേളകളല്ല അവ. അവിടെ ജനങ്ങൾ വന്നുകയറുന്നുണ്ട്. പുസ്തകങ്ങൾ വാങ്ങുന്നുണ്ട്. മുമ്പ് ഒരിക്കലുമില്ലാത്ത വിധം കേരളത്തിൽ വായന വർധിച്ചിരിക്കുന്നു. അതൊരു നിഷേധിക്കാനാവാത്ത സത്യമാണ്. ഓണക്കാലത്തെ മറ്റനേകം വാങ്ങിക്കൂട്ടലുകൾക്കിടയിലും പുസ്തകം കൂടി വാങ്ങാൻ ജനങ്ങൾ ഔത്സുക്യം കാണിക്കുന്നു. ഏറ്റവും പ്രധാനപ്പെട്ട സംഗതി എന്തെന്നാൽ സ്വയം വായിക്കില്ലെങ്കിലും കുട്ടികളെക്കൊണ്ട് വായിപ്പിക്കാൻ മാതാപിതാക്കൾ താൽപര്യം പ്രകടിപ്പിക്കുന്നു എന്നതാണ്. വായനയിലൂടെ മാത്രമേ ജീവിതത്തിൽ എന്തെങ്കിലും നേടാനാവൂ എന്നൊരു ബോധ്യം അവരിൽ ഉണ്ടായിരിക്കുന്നു.

മറ്റെല്ലാ കാര്യത്തിലും ഒരുപടി മുന്നിലാണെങ്കിലും വായനയുടെ കാര്യത്തിൽ പ്രവാസി മലയാളികൾ വളരെയധികം പിന്നോട്ടു പൊയ്ക്കൊണ്ടിരിക്കുന്നു എന്നതൊരു യഥാർത്ഥ്യമാണ്. പ്രത്യേകിച്ച് കുട്ടികളുടെ വായനയുടെ കാര്യത്തിൽ. പാഠപുസ്തകങ്ങൾക്ക് പുറത്ത് എന്തെങ്കിലും വായിക്കേണ്ടതുണ്ടെന്നോ ഗ്രഹിക്കേണ്ടതുണ്ടെന്നോ ഒരു ബോധ്യം ഇന്നും പ്രവാസി മലയാളികളക്ക് ഉണ്ടായിട്ടില്ല. ക്ലാസ്സ് മാർക്കും ക്ലാസ്സ് റാങ്കും മാത്രമാണ് അവരുടെ ലക്ഷ്യം. ഇന്ന് ഗൾഫിൽ പഠിക്കുന്ന കുട്ടികൾക്ക് കേരളത്തിലെ സ്കൂളുകളിൽ ഒരഡ്മുഷൻ കിട്ടാൻ വളരെ പ്രയാസമാണ്. ഗൾഫിൽ എത്രയൊക്കെ മിടുക്കന്മാരും മിടുക്കികളും ആണെങ്കിലും കേരളത്തിലെ കുട്ടികളുടെ നിലവാരം വച്ചുനോക്കുമ്പോൾ അവർ മൊണ്ണകളാണ്. നൂറുക്ക് നൂറുമേനി കാത്തിരിക്കുന്ന കേരളത്തിലെ സ്കൂളുകൾക്ക് അവരെ വേണ്ട.

കേരളത്തിലെ കുട്ടികളോട് മത്സരിക്കാൻ വിധത്തിൽ തങ്ങളുടെ കുട്ടികളെ പരിപാകപ്പെടുത്തുക എന്നത് ഗൾഫ് നാട്ടിലുള്ള ഓരോ മാതാപിതാക്കളുടേയും കടമയും ഉത്തരവാദിത്വവുമാണ്. അതിന് കേരളത്തിലെ കുട്ടികളുടെ സാഹചര്യം ഒരുക്കിക്കൊടുക്കാൻ കഴിയുന്നില്ലെങ്കിൽക്കൂടി അവരുടെ വായനശീലത്തിലേക്കെങ്കിലും നമ്മുടെ കുട്ടികളെ വഴിനടത്താൻ നമ്മൾ ബാധ്യസ്ഥരാണ്. അല്ലെങ്കിൽ എല്ലാ ഇടങ്ങളിലും പരാജയപ്പെട്ടവരായി ആ കുട്ടികൾ നാളെ തങ്ങളുടെ മാതാപിതാക്കളെ പഴിക്കും. അതിനു നാം നിന്നുകൊടത്തുകൂടാ.

ഓണം അതിന്റെ തനിമയിൽ ആഘോഷിക്കുകയും ആസ്വദിക്കുകയും ചെയ്തുകൊള്ളൂ. ആ ഗൃഹാതുരതയിൽ മയങ്ങി ജീവിക്കുകയും

ശേഷം പേജ് 22



ചരിത്രം

# ദുബായ്

## റാന്നി സ്വദേശി റ്റി. വി തോമസ് യു. എ. ഇയിലെ ആദ്യ മലയാളി ഉദ്യോഗസ്ഥൻ



പി. സെയ്താലികുട്ടി

ഒന്നര നൂറ്റാണ്ടിലധികം വാണിജ്യ വ്യാപാര ചരിത്രം ദുബായ്ക്കുണ്ട്.

അബുദാബിയോട് ചേർന്നു കിടന്നിരുന്ന ദുബായിലേക്ക് 1833–ൽ എണ്ണൂറോളം വരുന്ന ജനവിഭാഗം അബുദാബിയിൽനിന്നും കുടിയൊഴിഞ്ഞു. ബെനിയാസ് ഗോത്രവംശമായ 'അൽ ബു ഫലാസ്സാ' വിഭാഗം, ഒബൈദ്–ബിൻസായ്ദിന്റെയും, മക്തും ബിൻ ബുത്തിയുടെയും നേതൃത്വത്തിൽ ദുബായ് കടൽതീരങ്ങളിൽ വിശ്രമം തേടിയപ്പോൾ സമുദ്രതീരം മിക്കവാറും ജനവാസയോഗ്യമായിരുന്നില്ല. ക്രീക്ക് മേഖല വിശ്രമത്തിനും, മത്സ്യബന്ധനത്തിനും സൗകര്യപ്രദമായി തോന്നിയതിനാൽ അവിടവിടങ്ങളായ് ജനം പാർത്തുകൊണ്ട് ദുബായിയെ ഒരു സ്വതന്ത്ര സ്റ്റേറ്റായി മാറ്റിയെടുത്തു.

കഠിനമായ പ്രകൃതിയെ സഹിച്ച് ജീവിച്ച അറബികൾ പിന്നീടങ്ങോട്ട് നേരിടേണ്ടിവന്നത് വർഷങ്ങളുടെ പോരാട്ടമായിരുന്നു. കടൽതീരങ്ങളിലെ ഒരു വാണിജ്യ സംഘമായ് അറബികൾ പ്രശസ്തരായ് തുടങ്ങി. ഷെയ്ക്ക് മക്തം ബിൻ ഹാഷർ പ്രാരംഭ വികസനത്തിൽ മുഖ്യ പങ്കുവഹിച്ചു. നികുതിഭാരം ഇല്ലാത്ത ദുബായ് പോർട്ട് കടൽ വ്യാപാര സംഘങ്ങൾക്ക് കൂടുതൽ സാധ്യതകൾ തുറന്നു കൊടുത്തു. ജപ്പാൻ നിർമ്മിത കൃത്രിമ മുത്തുകൾ ഗൾഫിലെ നാണയസ്വപ്നങ്ങളെ തകർത്തിട്ടും ദുബായ് പിടിച്ചുനിന്നത് മേൽപ്പറഞ്ഞ കടൽ വാണിജ്യ മേധാവിത്വമായിരുന്നു. കടൽ മുത്തുകൾ വിറ്റ് വൻ നാണയശേഖരം നേടിയ അറബികളുടെ ഒരേ ഒരു ജീവിതോപാധിയാണ് അന്ന് തകർന്നടിഞ്ഞത്. മെയ് മാസം മുതൽ സെപ്റ്റംബർ വരെയാണ് ഈ 'ചാകര'യുടെ കാലം. ('ഗ്ലൗസ്സാ അൽ കബീർ' എന്ന് അറബികൾ വിളിക്കുന്നു). ഈ തൊഴിലിൽ ഏർപ്പെടുന്ന മുങ്ങൽ വിദഗ്ധരെ 'ഗോമാസ്സിൻ' എന്നും ബോട്ടിലിരുന്ന് ചരട് പിടിച്ച് നേതൃത്വം കൊടുക്കുന്ന ക്യാപ്റ്റനെ 'നഹൂദ' എന്നും വിളിച്ചുപോന്നു.



*റ്റി. വി തോമസ്*

1833 മുതൽ ദുബായിലെ ഭരണ സരഥ്യം വഹിച്ചു വന്നത് അൽ–മക്തും കുടുംബം തന്നെയാണ്. കഠിനാദ്ധ്വാനിയും കരുത്തുറ്റ നേതാവുമായ ഷെയ്ക്ക് റാഷീദ് ബിൻ സായിദ് അൽ–മക്തും 1958–ൽ പിതാവായ ഷെയ്ക്ക് സായിദിൽനിന്നും ഭരണം ഏറ്റെടുക്കുകയായിരുന്നു. ആധുനിക ദുബായിയുടെ പിതാവായി ഇദ്ദേഹം അറിയപ്പെടുന്നു. 1990–ൽ ഇഹലോകവാസം വെടിഞ്ഞ് ഈ ഭരണാധികാരി ദുബായിയെ ലോകത്തിലെ ഒന്നാംകിട നഗരമാക്കി മാറ്റുന്നതിൽ ദീർഘവീക്ഷണം പുലർത്തി. ഇന്ത്യാക്കാരുടെ ആ മണ്ണിലെ അദ്ധ്വാനവും, വിയർപ്പും, കണ്ണീരും നന്നായി അറിഞ്ഞ ഇദ്ദേഹം ഇന്ത്യൻ ജനതയെ വളരെ സ്നേഹിച്ചിരുന്നു. 58 മുതലാണ് വികസന പ്രവർത്തനങ്ങൾ ദുബായിൽ ആരംഭിച്ചത്. വിദ്യാഭ്യാസം, ആരോഗ്യം കൂടാതെ പൊതുജനത്തിന് വെള്ളവും വെളിച്ചവും 58–ന് ശേഷം ലഭിച്ചുതുടങ്ങി.

1944ൽ ബഹറയിനിൽ എത്തിയ റാന്നി സ്വദേശി ശ്രീ. റ്റി.ജി തോമസ് ബ്രിട്ടീഷ് ബാങ്ക് ഉദ്യോഗസ്ഥൻ ആയി 1953ൽ ദുബായിൽ എത്തി. ബ്രിട്ടീഷ് ബാങ്കിന്റെ സ്ഥാപക പ്രവർത്തനങ്ങളിൽ പങ്കാളിയായ തോമസ് യു എ ഇ യിലെ ആദ്യ മലയാളി ഉദ്യോഗസ്ഥൻ ആയി അറിയപ്പെടുന്നു. 1963ൽ അദ്ദേഹം കേരളത്തിലേക്ക് മടങ്ങി.

1958ൽ ഷെയ്ക്ക് റാഷീദ് ഭരണം ഏറ്റതോടെ ബാങ്കിലെ നിത്യ സന്ദർശകൻ ആയിരുന്ന ഷെയ്ക്ക് മായി ബന്ധപ്പെട്ട് തോമസ്സിന് കേരളത്തിൽ നിന്നും നിരവധി വ്യക്തികളെ ജോലിക്കായി കൊണ്ടുവരാനിടയായി. ഇവരിൽ പലരും പിന്നീട് ഉന്നതങ്ങളിൽ എത്തി.

1966 ജൂൺ 7–ാം തീയതി ദുബായിലെ പെട്രോളിയം ഖനനമേഖല കണ്ടെത്തിയതോടെ വികസനശ്രമങ്ങൾക്ക് വേഗതയേറി. 70–കൾക്ക് ശേഷം, തൊഴിൽ തേടിയെത്തിയവരുടെ എണ്ണം വ

*ശേഷം പേജ് 22*





കേരള സർക്കാർ
kerala
God's Own Country
www.keralatourism.org
അതിഥികളെ
വരവേൽക്കുന്നു,
അതിജീവിച്ച
കേരളം.
#TRIPOFALIFE
ലോകമറിയട്ടെ നമ്മുടെ ആതിഥ്യമര്യാദ
Maitri.com
മുന്നൂറു കോടി രൂപ ചെലവിൽ
മുന്നൂറിലധികം ടൂറിസം
പദ്ധതികൾ
BOAT LEAGUE
വള്ളംകളികളെയെല്ലാം
ഏകോപിപ്പിച്ചുള്ള ജലമാമാങ്കമായ
ചാമ്പ്യൻസ് ബോട്ട് ലീഗ്
കരകൗശലത്തിന്
ലോകോത്തര മാതൃകയിൽ
വെള്ളാർ ക്രാഫ്റ്റ് വില്ലേജ്
ടൂറിസം മേഖലയുടെ ഗുണഫലങ്ങൾ
തദ്ദേശവാസികൾക്ക് പ്രാപ്തമാക്കുന്ന
ഉത്തരവാദിത്ത ടൂറിസം മിഷൻ
ഉത്തരമലബാറിലെ
8 നദികളിലായി റിവർ
ക്രൂയിസ് ടൂറിസം പദ്ധതി
പഴമയെ പ്രൗഢിയോടെ
കാത്തുസൂക്ഷിക്കാൻ തലശ്ശേരി, ആലപ്പുഴ,
മുസിരീസ് പൈതൃക പദ്ധതികൾ
ഭിന്നശേഷി
സൗഹൃദമായി
ടൂറിസം കേന്ദ്രങ്ങൾ
പരമ്പരാഗത
ഭംഗിയിൽ ചാല
പൈതൃകതെരുവ്
അന്താരാഷ്ട്ര
നിലവാരത്തിലേക്ക്
വേളി ടൂറിസ്റ്റ് വില്ലേജ്



കാലികം

# ഉപദേശമല്ല; നിർദ്ദേശം മാത്രം



**ഏഴാംചേരി രാമചന്ദ്രൻ**

ഗൾഫ് നാടുകളിൽ പുലരുന്ന പ്രിയപ്പെട്ട പ്രവാസി ചങ്ങാതിമാർക്കു സ്വാഗതം! ഗൃഹതുരതയാർന്ന നിങ്ങളുടെ വികാരങ്ങളോടു സമരസപ്പെടുവാനാണ് ഏതൊരു മലയാളിയും കൊതിക്കുന്നത്. എന്തെന്നാൽ എരിവെയിലേറ്റ്, അഴൽപ്പെടുന്ന നിങ്ങളുടെ ത്യാഗത്തിന്റെ ഫലം കൊണ്ടാണല്ലോ ഒരു പരിധിവരെയെങ്കിലും കേരളം പുലരുന്നത്.

തൊട്ടതിനൊക്കെ പ്രവാസികളെ വിമർശിക്കുകയും ചിലപ്പോൾ കണക്കറ്റ പരിഹസിക്കുകയും ചെയ്യുന്നവർ നേരറിയാത്തവരാണ് ഏതു വിധേനയും ഒരു വിസ തരപ്പെടുത്തി അക്കരെയെത്തിയാൽ ഒക്കെയും സ്വർഗമെന്ന പകൽക്കിനാവ്, അതിനു പിന്നിലെ ഉടൽ പൊള്ളുന്ന യാഥാർത്ഥ്യങ്ങൾ തൊട്ടറിയുവാൻ ഇടവന്നവരാരും പ്രവാസിയെ പരിഹസിക്കുകയില്ല.

നാടിനെ തീറ്റിപ്പോറ്റാൻ വേനൽ ഉണ്ണുന്ന പ്രിയ സ്നേഹിതരോട് ഒരു കാര്യം പറയണമെന്ന് പലപ്പോഴും തോന്നിയിട്ടുണ്ട്. ഇഷ്ടപ്പെട്ടാലും ഇല്ലെങ്കിലും ഇപ്പോൾ ഇതു തുറന്നെഴുതട്ടെ. പ്രവാസികളിൽ ചിലരുടെയെങ്കിലും സാമ്പത്തികമായ അച്ചടക്കമില്ലായ്മയെപ്പറ്റിയാണ് സൂചിപ്പിക്കുന്നത്. നാട്ടിൽ താൻ പിറന്നു വളർന്ന ചെറ്റക്കൂരയ്ക്കു പകരമായി ഒരു വീടുനിർമ്മിക്കാനുള്ള തിരക്കിനിടയിൽ കൈവിട്ടുള്ള കളി ഒഴിവാക്കാമോ?

സിമന്റിന്റെ കൂറ്റൻ കൂടാരം ഉയർന്നു കഴിയുമ്പോഴേക്കും തന്റെ സാമ്പത്തിക സ്ഥിതി ദയനീയമാകും. കൊത്തന്മാരും കൽപ്പണിയാരുമായ ചില സഹജീവികൾക്കു നാട്ടിൽ തൊഴിൽ കിട്ടിയേക്കാം. പക്ഷേ മണിമാളികയ്ക്കുള്ളിൽ ഭാവിയിൽ പട്ടിണി കിടക്കേണ്ട സ്ഥിതി ഉണ്ടാവരുത്. മാളികഭ്രമം പ്രവാസികളെ വളരെ കൂടുതൽ വലയ്ക്കുന്ന ഒരു പകർച്ച വ്യാധി എന്നു തോന്നുകയാലാണ് ഇത്രയും കുറിച്ചത്.

മറ്റൊരു പ്രധാന പകർച്ചവ്യാധി പ്രവാസിയുടെ ഭാര്യയെ ചുഴുന്ന സംശയങ്ങളാണ്. നൂറിലൊരു ശതമാനമൊക്കെ സ്വയം മറക്കുന്ന സഹോദരിമാർ ഉണ്ടായേക്കാം. പക്ഷേ ബഹുഭൂരിപക്ഷവും പ്രിയപ്പെട്ടവന്റെ വരവും കാത്ത് വഴികണ്ണുകളോടെ, വ്രതവിശുദ്ധിയോടെ നാളുകളെണ്ണുന്ന സാധ്വികളാണ്. ഗൾഫ്കാരന്റെ ഭാര്യയെന്നാൽ പലരും തെറ്റിദ്ധരിക്കുന്ന മട്ടിൽ ഒരു 'കാമരാക്ഷ'സിയല്ല. അവർ നമ്മുടെ കുടുംബാംഗമായ പെങ്ങളാണെന്ന തിരിച്ചറിവ് നാട്ടിൽ പുലരുന്നവർക്കും ഉണ്ടാകണം.

സാമ്പത്തിക അച്ചടക്കത്തെ കുറിച്ച് ഒരുവാക്ക്. സമ്പാദിക്കുന്ന പണമത്രയും വിശ്വസ്തയായ നല്ല പാതിയെ ഏൽപ്പിക്കുന്നതാണ് ബുദ്ധി. ധൂർത്തടിയ്ക്കുന്ന സഹോദരിമാർ കണ്ടേക്കാം. ഈ പണം എങ്ങനെയുണ്ടായി എന്ന് ഹൃദയത്തിൽ തൊട്ടറിയുന്ന നല്ല സ്ത്രീകളാണ് ബഹുഭൂരിപക്ഷവും. കുടുംബത്തിന്റെ മാനേജർ സ്ത്രീയാണെന്ന തിരിച്ചറിവോടെ മിഥ്യാഭിമാനം വെടിയാൻ ഇനിയെങ്കിലും 'വിവരമുള്ള' ആൺ സമൂഹം തയ്യാറാകണം.

പലർക്കും രസിക്കാത്ത ഒരു കാര്യം കൂടി മണൽക്കാടുകളിലെ ദിനാന്ത്യങ്ങളിലെങ്കിലും അക്ഷരങ്ങളെ കൂട്ടുപിടിക്കുക. നമ്മുടെ മാതൃഭാഷയെ സ്നേഹിക്കുകയും പുസ്തകം വായിക്കുകയും ചെയ്യുന്നവർ ഗൾഫ് മലയാളികളാണ്. കേരളത്തിലുള്ളതിനേക്കാൾ പതിന്മടങ്ങ് മലയാളത്തെ സ്നേഹിക്കുന്നവർ ഗൾഫ് നാടുകളിലാണെന്ന് അഭിമാനത്തോടെ, ഹൃദയത്തിൽ തൊട്ടും, അനുഭവത്തിന്റെ വെളിച്ചത്തിൽ പറയുവാൻ കഴിയും; കലയുടെയും ഇതര സംസ്കാര പ്രവർത്തനങ്ങളുടെയും അവസ്ഥയും ഇങ്ങനെ തന്നെ.

സംസ്കാരിക പ്രവർത്തനം നല്ലതു തന്നെ. പക്ഷേ നമ്മുടെ കീശയിലെ വിയർപ്പു മണികൾ വഴിതെറ്റിക്കാൻ വരുന്നവർ വിരിക്കുന്ന വലയിൽ വീഴാതിരിക്കാനുള്ള തിരിച്ചറിവും നമുക്കുണ്ടാകണം. ഇക്കാര്യത്തിലും വിവേകമതിയായ ഭാര്യയുടെ സദുപദേശം സ്വീകരിക്കുന്നതും അപമാനമായി കരുതേണ്ടതില്ല.

കൂടുതൽ കരുതലോടെ, ഗൾഫിലെ സ്വന്തം പൗരന്മാർ സ്വയം പര്യാപ്തത എന്ന മുദ്രാവാക്യമുയർത്തുന്നത് കാണാതിരിക്കരുത്. ഗൾഫ് നിലാവ് ഏറെനാൾ നിലനിൽക്കുമെന്നു കരുതേണ്ട. അതിനാൽ ഉള്ളകാലം ആരെയും ചതിയ്ക്കാതെ പരമാവധി നന്മയോടെ പുലരാനുള്ള സത്യപ്രതിജ്ഞ ഇനി വൈകേണ്ട.

പുതിയ കേരള സൃഷ്ടിയിൽ പ്രവാസിലോകം വഹിക്കുന്ന അത്യുദാരമായ പങ്കിനെ മനുഷ്യത്വമുള്ള ഏതൊരു മലയാളിയും തിരിച്ചറിയും, മാനിക്കും. പ്രവാസികളുടെ സുപ്രഭാതങ്ങൾക്ക് ലാൽസലാം! ■

പ്രവാസം



# ഗൾഫ് പ്രവാസിയുടെ ഗ്രീൻ കേരള പണം കായ്ക്കുന്ന മരം



**തോമസ് മാത്യു കടവിൽ**
**കുവൈറ്റ്**

**വേ**രോടെ പറിച്ച് നടപ്പെടുന്ന മരംപോലെയാണ് പ്രവാസി. പ്രവാസലോകത്തെത്തി വേരുപിടിക്കുന്നവർ ചുരുക്കം. താൻ ജനിച്ചുവളർന്ന സാമൂഹ്യ സാംസ്കാരിക ജൈവ ആവാസ വ്യവസ്ഥിതിയിൽ നിന്നും വേരോടെ പിഴുതെറിയപെടുന്നവനാണ് കുടുംബത്തിന്റെ ജീവിതമാർഗ്ഗം തേടി പ്രവാസലോകത്തെത്തുന്നത്. അതിനാൽ തന്നെ പ്രവാസ ജിവിതം പ്രത്യേകിച്ചു 'ഗൾഫുകാരനെ' സബന്ധിച്ച് ജീവിതം വിരുദ്ധങ്ങളായ സാഹചര്യങ്ങളോടുള്ള നിലക്കാത്ത പടവെട്ടലായി മാറുന്നു. ജിവിത ശൈലീ ആഹാര സംബന്ധിയായ രോഗങ്ങൾ ഓരോ പ്രവാസിയുടെയും ആരോഗ്യത്തെയും ആയുസ്സിനെയും ചുരുക്കുന്നു.

സുസ്ഥിര വികസനം 2030 യുഎൻ പ്രഖ്യാപനത്തിനു അനുരോധമായി കേരളസർക്കാർ സാമൂഹ്യ നീതിയിലധിഷ്ഠിതമായ പരിപാടികൾ ആസൂത്രണം ചെയ്യുന്നുവെന്നത് വളരെ ആശാവഹമാണ്. ഇടതുപക്ഷ സർക്കാർ സുസ്ഥിര വികസനത്തിലേക്കുള്ള പ്രയാണത്തിലാണെന്നു ഹരിതകേരളം മിഷനിലൂടെ നാടിന്റെ സുസ്ഥിര സമഗ്ര വികസനം ലക്ഷ്യങ്ങളിലേക്കുള്ള മുന്നേറ്റത്തിന് തുടക്കം കുറിച്ച് കഴിഞ്ഞുവല്ലോ. അധികാരത്തിലെത്തുന്നതിനു മുൻപ് തന്നെ കേരള വികസന സങ്കല്പങ്ങളെക്കുറിച്ച് വ്യക്തമായ ഹോം വർക്ക് ചെയ്ത് രേഖകൾ തയ്യാറാക്കിയാണെല്ലോ പിണറായി വിജയൻ സർക്കാർ അധികാരത്തിലെത്തിയത്.

ഇവിടെ പറയാനുദ്ദേശിക്കുന്നതു എങ്ങനെ ഹരിതകേരളം മിഷനെ ഏതാണ്ട് 35 ലക്ഷത്തിലധികം വരുന്ന ഗൾഫ് മലയാളി പ്രവാസികളുടെ പങ്കാളിത്തത്തോടെ എല്ലാവർക്കും ഭാഗഭാക്കാകുവാനും ഗുണപ്രദമാക്കുവാനും കേരളത്തിന്റെ യശസ് ഉയർത്തിപ്പിടിക്കാനുമുള്ള ചാലക ശക്തിയാക്കി മാറ്റാം എന്നുള്ള സൽക്രിയ യജ്ഞത്തെ കുറിച്ചാണ്

പ്രവാസി മലയാളികൾ തന്നെ പദ്ധതിയുടെ കരുത്തിന്റെ സ്രോതസും, ചാലക ശക്തിയും, മുഖ്യ ഗുണഭോക്താക്കളുമാകുന്നത്തിനു ഇടയാക്കുന്ന കേരളത്തിന്റെ കാർഷിക സംസ്കൃതിയെ തന്നെ മാറ്റി മറിക്കുന്ന ഒരാശയമാണ് ജൈവ രീതിയിൽ വളർത്തുന്ന വിഷരഹിത നടൻ പച്ചക്കറി 'ഹരിത കേരളം' (' ഗ്രീൻ കേരള') എന്ന ബ്രാൻഡിൽ ഗൾഫിലെ വിപണിയിലെത്തിക്കുകയെന്ന ആയാസ രഹിത പദ്ധതി.

ഇപ്പോൾ കേരളത്തിന്റെ മനസ്സും, മണ്ണും സർക്കാരും ഹരിതകേരള മിഷന്റെ പ്രഖ്യാപനത്തിലൂടെയും പ്രവർത്തനങ്ങളിലൂടെയും സജ്ജമായി നിൽക്കുന്ന കാഴ്ച ആവേശ ഭരിതമാക്കുന്നു. ഈ പദ്ധതി ഇപ്പോൾ നടപ്പിലാക്കാനാവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ ലഭ്യമാണെന്ന് ചുരുക്കം. കേരളത്തിൽ ആയിരത്തിലധികം ജൈവ കൃഷി ക്ലസ്റ്ററുകൾ ഇപ്പോൾ തന്നെ നിലവിലുണ്ട്. ഏതാണ്ടിതെല്ലാം തന്നെ സഹകരണാടിസ്ഥാനത്തിൽ സംഘടിപ്പിച്ചിരിക്കുന്നതാണ്. വിദേശ വിപണി ലക്ഷ്യമാക്കി വാണിജ്യടിസ്ഥാനത്തിലുള്ള ജൈവകൃഷിക്ക് കുറഞ്ഞത് രണ്ടായിരം ക്ലസ്റ്ററുകൾ എങ്കിലും വേണ്ടിവരും. ഒരോ ക്ളസ്റ്ററുകളും ഒരുമാസം അഞ്ചുകോടി രൂപയുടെ ഉല്പാദനം നടത്തുവാൻ കഴിയുന്നതാവണം.

'കേരള വെജിറ്റബിൾ' എന്ന പേരിൽ ഗൾഫിൽ എത്തിക്കൊണ്ടിരിക്കുന്നത് ഇന്ത്യയിലെ അന്യ സംസ്ഥാനങ്ങളിലെയും ശ്രീലങ്കയിലെയും പച്ചക്കറികളാണ്. മിക്കപ്പോഴും വാങ്ങുന്ന പച്ചക്കറികളുടെയും പഴങ്ങളുടെയും മീതെ പല വർണ്ണത്തിലുള്ള രാസ പൊടികൾ പറ്റിപിടിച്ചിരിക്കുന്നതു കാണാം. പുറമെ ഇത്രമേൽ കാണാനാവുബോൾ അകമെ എത്രയെന്നു ഊഹിക്കാവുന്നതേ ഉള്ളു. ഒരു ഉപഭോക്താവ് എന്ന രീതിയിൽ ഇവയെ ലാബുകളിലേക്കയച്ചാൽ പിന്നീട് കേരളത്തിന്റെ പച്ചക്കറിഎന്ന പേരിൽ വിദേശത്തേയ്ക്കു കയറ്റി അയക്കാൻ ആവാത്ത വിധമുള്ള പരിശോധന റിപ്പോർട്ടാവും കിട്ടുക. ഇവിടെയാണ് 'ഹരിത കേരളം' പ്രസക്തമാകുന്നത്.

അവിടേക്കു കേരളാ ബ്രാണ്ട് 'ഹരിതകേരളം' പച്ചക്കറികളും പഴങ്ങളും മൽസ്യ മാംസാദികളും കേരളത്തിൽ നിന്ന് കയറ്റിഅയക്കേണ്ടത്. അത്രമാത്രം. കേരളത്തിന്റെ വെള്ളവും, മണ്ണും, വായുവും, വൃത്തിയും, വിളവും, വീണ്ടെടുക്കാനുള്ള ഏതു ശ്രമവും കേരളീയരായ നമുക്ക് ഹരിതപ്രതീക്ഷകൾ നൽകുന്നു. പൗരാണികമായി 'മലബാറിന്റ' പുകൾപെറ്റ സുഗന്ധവ്യഞ്ജനങ്ങൾ അടക്കമുള്ള ഭക്ഷ്യവിളകളുടെ ജൈവകൃഷി

യിലൂടെയുള്ള ഉൽപാദനത്തിലൂടെയും കയറ്റുമതിയിലൂടെയും അനന്ത സാധ്യതകളാണ് കേരളത്തിന് കൈവരുന്നത്.

വിഷരഹിത ജൈവ കൃഷിയിലൂടെ ഉൽപാദിപ്പിക്കുന്ന കാർഷിക വിഭവങ്ങളായ പയർ, ബീൻസ് പാവക്ക, മുരിങ്ങക്ക, വെണ്ടക്ക, വഴുതനങ്ങ , വെള്ളരി, കോവൽ, പാവൽ, പടവലം,മത്തൻ, കൂൺ, ഇഞ്ചി, മഞ്ഞൾ,കപ്പ, കാച്ചിൽ, ചെറുചേമ്പ്, (ഇപ്പോൾ .ടൺ കണക്കിന് ചൈനയിൽ നിന്നെത്തുന്ന.) ശീമച്ചേമ്പ്, ചേന, കൂർക്ക, തേങ്ങാ, കരിക്കു, മാങ്ങാ, ചക്ക, ഏത്തക്ക, വാഴപ്പഴം എന്നുവേണ്ട നമ്മുടെ മലയാളകരയിൽ വിളയുന്ന മലയാളി കഴിക്കുന്ന എല്ലാ പച്ചക്കറിയും ഹരിത കേരളം ലേബലിൽ ഗൾഫിൽ എത്തിക്കുക. മുട്ട, മാസം, മുട്ടയും പ്രേത്യേകിച്ച് കുട്ടനാടൻ താറാവിന്റെ മുട്ടയും മാംസവും വലിയ തോതിൽ കയറ്റുമതി ചെയ്യാനായി സാധിക്കും. കരിമീൻ, ചെമ്മീൻ, ആറ്റുകൊഞ്ച്, മത്തി, അയല ഇത്യാദി നമ്മുടെ ജലാശയങ്ങളിൽ വിളയുന്ന എല്ലാ മൽസ്യങ്ങളും ക്ലോറിനും ഫോർമാലിൻ തുടങ്ങിയ രാസസംരക്ഷണ പ്രയോഗങ്ങളില്ലാതെ പാക് ചെയ്തു എത്തിക്കുവാൻ നമുക്ക് കഴിയണം. കേരളത്തിന്റെ മൽസ്യ സമ്പത്തു ഒരു വലിയ വരുമാന മാർഗ്ഗമാകുമെന്നത് തീർച്ച.

നമ്മുടെ നാടിനു സ്വന്തമായുള്ള ജല വിഭവ സമൃദ്ധിയെ ജൈവകൃഷിയിലൂടെ വൻപിച്ച മുന്നേറ്റം കേരളത്തിനു കൈവരിക്കാനാകും. ലോക മാതൃകയായി മാറ്റാനാവും.യുറോപ്പിലെ ഹോളണ്ടുപോലുള്ള രാജ്യങ്ങളിലെ കൃഷിയിലുള്ള സാങ്കേതിക വൈദഗ്ധ്യം സമാഹരിച്ച് വലിയ കുതിപ്പിനാവും നമുക്ക് സാധിക്കുക. എ ഗ്രേറ്റ് ലീപ് ഫോർവേഡ്.

ഹരിതകേരളം പദ്ധതിയുടെ ഭാഗമായി സംസ്ഥാനത്തെ മുഴുവൻ തദ്ദേശ വാർഡുകളിലും ഓരോ പ്രദേശത്തിനും അനുയോജ്യമായ കൃഷി, ജലസംരക്ഷണ, വികസന, ശുചിത്വപ്രവർത്തനങ്ങളാണല്ലോ വിഭാവനം ചെയ്തിട്ടുള്ളത്. ഓരോ പ്രദേശത്തിനും ഇണങ്ങുന്ന കാർഷിക വിഭവം ജൈവ രീതിയിൽ ഉത്പാദിപ്പിക്കുവാൻ പ്രാദേശിക സഹകരണ സംഘങ്ങൾ, അയൽക്കൂട്ടങ്ങൾ, കുടുംബശ്രീ തുടങ്ങി അടിസ്ഥാനതലത്തിൽ പ്രവർത്തിക്കുന്ന സംഘങ്ങൾ മുന്നോട്ട് വരണം. ആവശ്യമായി വന്നേക്കാവുന്ന മൂലധനം പ്രവാസി സഹകരണ സംഘങ്ങൾവഴിയും പ്രവാസി ചിട്ടിയിലൂടെയും കണ്ടെത്താൻ കഴിയും. ഗൾഫിൽ നിന്നും മടങ്ങിയെത്തിയവർക്ക് സഹകരണ സംഘങ്ങൾ പ്രാദേശികാടിസ്ഥാനത്തിൽ രൂപികരിച്ച് ജൈവ കൃഷി നടത്തുവാൻ കഴിയും. ഗൾഫിലുള്ള പ്രാദേശിക കൂട്ടയ്മകൾ തന്നെ പണം മുടക്കുവാൻ സന്നദ്ധരായി നിൽക്കുന്നുണ്ട്

നമ്മുടെ ജൈവ വിളകൾ അന്താരാഷ്ട്ര മാർക്കറ്റിൽ വിപണനം ചെയ്യുന്നതിന് അടിസ്ഥാന പരമായി , വളം, കീടനാശി, മണ്ണ്, ജലം ഇവ അന്താരാഷ്ട്ര നിലവാരമുള്ള സർട്ടിഫിക്കേഷൻ ഏജൻസികൾ സാക്ഷ്യപ്പെടുത്തണം. ജൈവ കൃഷി ഏറ്റെടുക്കുന്ന കാർഷിക സംഘങ്ങൾ, കൃഷിക്കാർ അവരുടെ കൃഷിയിടം ജൈവ കൃഷിക്ക് അനുയോജ്യമാണെന്നും അവിടെ ഉൽപാദിപ്പിക്കുന്ന കാർഷിക വിളകൾ വിഷരഹിതമാണെന്നു ഈ അന്താരാഷ്ട്ര ഏജന്സികളെ കൊണ്ട് കേരള ഹോർട്ടി കോർപ്പറേഷനെ സഹായത്താൽ സാക്ഷപെടുത്തുകയെന്ന ഒരു കടമ്പ മാത്രമാണ് ഉള്ളത്. ജൈവ കൃഷിയെ പ്രോത്സാഹിപ്പിക്കുന്ന കേരള സർക്കാർ ഏജൻസികളുടെ സേവനം ഓർഗാനിക് ഫാർമിംഗ് സർട്ടിഫിക്കേഷൻ കർഷകർക്ക് ലഭ്യമാക്കുവാൻ കഴിയണം.

ഓരോ ഗൾഫ് മലയാളി പ്രാവാസിയും ഓരോ സംതൃപ്ത ഉപഭോക്താവും 'ഗ്രീൻ കേരള' വിപണനത്തിൽ ബ്രാൻഡ് അംബാസഡറുമായി മാറുന്നു. ഓരോ ഗൾഫ് മലയാളി പ്രവാസിയും അഭിമാനത്തോടെ ഏറ്റെടുത്ത് നടത്താവുന്ന നമ്മുടെ നാടിന്റെ നന്മയുടെ വിപണനം. നാടിന്റെ പച്ചപ്പും, മണ്ണിന്റെ നന്മയും, ജലത്തിന്റെയും വായുവിന്റെയും പവിത്രതയും സംശുദ്ധിയും വീണ്ടെടുക്കുന്ന ഹരിതകേരളം പദ്ധതിയിലൂടെ എല്ലാ കാർഷിക വിഭവങ്ങളും നമ്മുടെ പ്രവാസ ഭൂമികയിലുള്ള സഹോദരന്മാർക്ക് എത്തിച്ച് കൊടുക്കുകയെന്ന വളരെ ലളിതമായ വിതരണ വിപണന തന്ത്രത്തിലൂടെ സാധിക്കുക .

ഗൾഫിലുള്ള ഒട്ടനവധിയായ മലയാളി പ്രവാസി സംഘങ്ങൾ ഈ ദൗത്യത്തെ അവരുടെ സാമൂഹ്യ സാംസ്കാരിക പ്രവർത്തനത്തിന്റെ ഭാഗമായി രണ്ടുകൈയും നീട്ടി സ്വികരിക്കുമെന്നതിനു സംശയമില്ല. അവർ പ്രതിനിധാനം ചെയ്യുന്ന ജനതയുടെ ക്ഷേമത്തിനും ഉന്നമനത്തിനുമാണെന്ന അവബോധ നിർമ്മിതിയുടെ ഭാഗമായി സെമിനാറുകൾ, പത്ര, ടിവി സാമൂഹ്യ മാധ്യമങ്ങളിലൂടെയുള്ള പ്രചാരണം വലിയ തോതിൽ അവർക്കു നടത്തുവാനാവും.

പ്രവാസി മലയാളി തന്നെയാണ് കേരളത്തിന്റെ ബ്രാൻഡ് അംബാസഡർമാർ. വിദ്യാസമ്പന്നരായ, വിവേകശാലികളായ മലയാളിയുടെ സാക്ഷരതയും വിദ്യാഭ്യാസ യോഗ്യതയും, ആരോഗ്യവും, സത്യസന്ധതയും, അർപ്പണബോധവും, അധികമാണ് നമ്മുടെ ഗ്രീൻ കേരള ബ്രാൻഡ് വെന്നികൊടിപാറിക്കുവാൻ.

ഗൾഫിലെ മലയാളികളെ മാത്രം ലക്ഷ്യമിട്ടുകൊണ്ട് വിപണനം ആരംഭിക്കാവുന്നതും പിന്നീട് ഉത്പാദനം വർദ്ധിപ്പിക്കുന്ന മുറക്ക് മധ്യപൂർവേഷ്യ , യൂറോപ്പ്, അമേരിക്ക എന്നിവിടങ്ങളിലേക്കും കേരളത്തിന്റെ കാർഷിക സംസ്കൃതിയുടെ കേരള പെരുമയെ കടൽ കടത്തി വിദേശ പണം നേടാം.

ട്രിടോപ്പ് ഫ്രഷ് ഫ്രം കേരള! . കണ്ണൂർ വിമാനത്താവളം യാഥാത്ര്യമായതോടെ നാല് അന്താരാഷ്ട്ര നിലവാരമുള്ള വിമാനത്താവളങ്ങൾ മലയാളിക്ക് സ്വന്തം. കേരളത്തിലെ ഏതു ഗ്രാമത്തിലും ഉൽപാദിപ്പിക്കുന്ന ശേഖരിക്കുന്ന വിഷരഹിത ജൈവ പച്ചക്കറി ഏതാണ്ട് 12 മണിക്കൂറിനുള്ളിൽ ഗൾഫിലെ മിക്ക പ്രധാന പട്ടണങ്ങളിലെയും സൂപ്പർ മാർക്കറ്റുകളിലും ബക്കാലയിലും എത്തിക്കാൻ കഴിയും.

ഇന്ത്യയുടെ കയറ്റുമതി വിപണിക്കുള്ള ഒരു ന്യൂനത ഉത്പന്നങ്ങളുടെ ആകർഷകമല്ലാത്ത പാക്കിങ് ആണ് പ്ലാസ്റ്റിക് ഇല്ലാത്ത ജൈവ വസ്തുക്കളായ ചണം, പേപ്പർ, മുള കൂടുകൾ, കാമുകിന്റെ പാള തുങ്ങിയവ ആകർഷകമായി ഓരോ ഉത്പന്നത്തിനും അനുയോജ്യമായി രൂപഅകൽപന ചെയ്തതായിരിക്കണം. അതും വിപണി തന്ത്രത്തിന്റെ ഒരു പ്രധാന ഘടകമാണ്.

ഈ പദ്ധതി ഹരിതകേരളത്തിന്റെ ഒരു പ്രധാന ബോധവത്കരണ പരിപാടിയുടെ ഭാഗമായി മാറ്റുവാൻ കഴിയും,. ദിർഘനാളായി വികലമായതും, അശാസ്ത്രിയമായതും, പ്രകൃതി ചൂഷണത്തിലൂടെ തകർക്കപ്പെട്ട പരിസ്ഥിതിയുടെ സന്തുലിതാവസ്ഥ വീണ്ടെടുക്കുന്ന ഇടപെടലിന്റെ ഭാഗമായി ഈ കൃഷിരീതിയെ മറ്റൊരു

'കേരളം മോഡൽ ' ആയി അവതരിപ്പിക്കുവാനും ലോകത്തതിനുതന്നെ ഒരുമാതൃകയാകാനും നമ്മുടെ നാടിന്റെ യശസ് വർദ്ധിപ്പിക്കുവാനും കഴിയും.

ജീവിത ശൈലി ആഹാര സംബന്ധിയായ രോഗങ്ങൾ ഓരോ ഗൾഫ് മലയാളി പ്രവാസിയുടെയും ആരോഗ്യത്തെയും ആയുസ്സിനെയും ചുരുക്കുന്നു. കാൻസർ, കിഡ്നി, ഹൃദ്രോഗം മുതലായ രോഗങ്ങളുടെ പ്രധാന ഹേതു വിഷമയമായ കൃഷിയിടങ്ങളിൽ ഉത്പാദിതമാകുന്ന ആഹാരമാണ്. വളർന്നു വരുന്ന നഗരവൽകൃത ജനതകൾക്കും സംസ്കൃതിക്കും വിഷരഹിത പച്ചക്കറിയും ശുദ്ധവായും വെള്ളവും ജീവാമൃതമാണ്. വിഷരഹിത ഭക്ഷണം അവരുടെ സ്വപ്നമാണ്.

ആദ്യവർഷം തന്നെ ഉണ്ടാകുന്ന വില്പന കുറഞ്ഞത് 30,000 50,000 കോടിയിലധികം പ്രതീക്ഷിക്കാം. അത് ക്രമേണ വളർന്നു അഞ്ചു വർഷം കൊണ്ട് സ്ഥിരമായി ഒരുലക്ഷം കോടിയിലെത്തിക്കാനാവും. കേരളാ സബത്ഘടനക്കു ഇതൊരു വലിയ കുതിച്ചു ചാട്ടമാവും എന്നത് തീർച്ച. എ ഗ്രേറ്റ് ലീപ് ഫോർവേഡ്. ഒരു മാസം ഒരു മലയാളി ഏതാണ്ട് 2000 രൂപയുടെ ഗ്രീൻ കേരളം ഉത്പന്നങ്ങൾ ഉപയോഗിക്കുന്നുവെന്നുള്ള ഒരു അനുമാനത്തിൽ പിറന്നതാണ് ഈ കണക്കുകൾ.എന്ന് പറഞ്ഞാൽ ഓരോ ക്ലസ്റ്ററും ശരാശരി ഒരു വർഷം കുറഞ്ഞത് 5 കോടിയിലധികം രൂപക്കുള്ള ഉല്പന്നങ്ങൾ വിപണിയിലെത്തിക്കണം.

'ഹരിത കേരളം' ബ്രാൻഡ് ഉൽപാദിപ്പിക്കുന്ന ഉണർവും ആവേശവും ഒരു വലിയ സാമൂഹ്യ സാമ്പത്തീക രാഷ്ട്രീയ സാംസ്കാരിക മുന്നേറ്റമായിരിക്കും കേരളത്തിനുണ്ടാക്കുക. കേരളം വീണ്ടും പച്ചപ്പ് പുതക്കും. തരിശുപാടങ്ങൾ ഇല്ലാതാവും. വിഷരഹിത, പ്ലാസ്റ്റിക് രഹിത ആവാസത്തിന്റെ ഭൂമികയായി കേരളം ലോകത്തിനു മാതൃകയാവും.

മലയാളി ഗൾഫിലുള്ളിടത്തോളം കാലം ഒരു സ്ഥിര കുത്തക വിപണി 'ഹരിത കേരളം' പച്ചക്കറിക്ക് ഉറപ്പിക്കാം. കൃത്യമായ ഗുണമേന്മ ഉറപ്പു വരുത്തിയാൽ ഒരു ആശങ്കയും വേണ്ട പച്ചക്കറിയുടെ കുത്തക നമുക്കാകും. ഗൾഫിൽ അദിവസിക്കുന മറ്റു ജന വിഭാഗങ്ങളും അവിടുത്തെ നാട്ടുകാരും ആവേശത്തോടെയാവും ഇതിനെ സ്വികരിക്കുക.

തുടക്കത്തിൽ ഹരിതകേരളം പച്ചക്കറിയുടെ ഉൽപാദന, സംഭരണ, കയറ്റുമതിയുടെയും വിപണനത്തിന്റെയും ഗുണമേന്മ ഉറപ്പുവരുത്തുന്ന സർട്ടിഫിക്കേഷന്റെയും ഉത്തരവാദിത്തം കേരള ഹോർട്ടി കൾച്ചറൽ സൊസൈറ്റിയെ ചുമതലപ്പെടുത്താം. അന്താരാഷ്ട്ര ഗുണനിലവാരം ഉറപ്പുവരുത്തുന്ന സർട്ടിഫിക്കേഷൻ ഓരോ കൃഷിയിടത്തിനും കേരള ഹോർട്ടി കോർപ്പ് ലഭ്യമാക്കുവാൻ കർഷകരെ സഹായിക്കുകയെന്ന പ്രാഥമിക സൗകര്യം ചെയ്തു കൊടുക്കുക മാത്രം ചെയ്താൽ മതിയാകും.കേരളത്തിലെ കാർഷീക മേഖലയിൽ പ്രവർത്തിക്കുന്ന എല്ലാ ഏജൻസികളുടെയും യോജിച്ച പ്രവർത്തനം അനുപേക്ഷണീയമാകുമ്പോൾ തന്നെ ഈ പ്രവർത്തങ്ങളുടെ ഏകോപനത്തിനും നടത്തിപ്പിനും വിപണനത്തിനും ഒരു കമ്പനി രൂപീകരിക്കേണ്ടതായി വരും.

കേരളത്തിൽനിന്നുള്ള ഉല്പാദനത്തിന്റെ തോത് വർധിക്കുന്ന വേളയിൽ ഗൾഫിലെ തന്നെ മറ്റു ജന വിഭാഗങ്ങളെ ലക്ഷ്യമാക്കി വിപണി വികസിപ്പിക്കുവാനും വരുമാനം ഇപ്പോഴുള്ള ലക്ഷ്യത്തിന്റെ എത്രയോ ഇരട്ടിയായി വർദ്ധിപ്പിക്കുവാനും കഴിയും.വിറ്റുവരവ് ഇരട്ടിയിലധികമാവും.

കൃഷിയുടെ 50 ശതമാനവും ജൈവകൃഷിയാക്കാൻ പശ്ചാത്തലമൊരുക്കുന്നതാണല്ലോ ഹരിതകേരളമിഷന്റെ മറ്റൊരു ലക്ഷ്യം. വിഷലിപ്തമായ ഭക്ഷ്യവിളകളാണു നമ്മുടെ സംസ്ഥാനം നേരിടുന്ന കടുത്ത പൊതുജനാരോഗ്യ ഭീഷണികളിലൊന്ന്. പൊതുജനാരോഗ്യത്തെ രൂക്ഷമായി ബാധിക്കുന്ന ഈ പ്രശ്നം പരിഹരിക്കുന്നതിനൊപ്പം കർഷകർക്കു കൂടുതൽ വരുമാനം ഉറപ്പാക്കി അവരുടെ ആത്മവിശ്വാസം വർധിപ്പിക്കാനും കൃഷിയിൽ നിന്നും മണ്ണിൽനിന്നും അകന്നുപോകുന്ന യുവതലമുറയെ ഈ രംഗത്തേക്ക് ആകർഷിക്കാനും ജൈവകൃഷിക്കു കഴിയും.കഴിഞ്ഞ അര നൂറ്റാണ്ടായി നമ്മൾ വിഷലിപ്തമാക്കി മൃതപ്രായമാക്കിയ കേരളത്തിന്റെ മണ്ണിനെ ജലത്തെ പ്രകൃതിയെ തിരിച്ചുപിടിക്കുകയെന്ന ശ്രമകരമായ ദൗത്യത്തിന് പ്രവാസിയുടെ ഒരു വലിയ സംഭാവനയാണ് വിദേശത്ത് വിപണനം ചെയ്യുന്ന 'ഹരിതകേരള' ബ്രാൻഡ് പച്ചക്കറി.

നമ്മൾ നമ്മളുടെ ആരോഗ്യമുള്ള അഭ്യസ്തവിദ്യരായ ചെറുപ്പക്കാരെ കയറ്റിഅയക്കുന്നതിനോടൊപ്പം അവർക്കു ശുദ്ധമായ ആഹാരം എത്തിക്കുകയെന്ന കടമയുമാണ് ഇവിടെ നിറവേറ്റപ്പെടുന്നത്.

മലബാറിന്റെ പുകൾപെറ്റ സുഗന്ധ വ്യഞ്ജനങ്ങൾക്കായ് അറബിക്കപ്പലുകളും യൂറോപ്യൻ കപ്പലുകളും പടയോട്ടം നടത്തി കേരള തീരത്ത് വന്നണഞ്ഞ ആ നല്ല കാലത്തിലേക്കുള്ള മുന്നേറ്റമാവും ഹരിതകേരള പച്ചക്കറി. ഇവിടെ പായ്ക്കപ്പലുകൾക്കു പകരം ജെറ്റ് വിമാനങ്ങളെന്നുമാത്രം. വിദേശത്തേക്കു പോകുന്ന മലയാളിക്കൊപ്പം അവരുടെ ആരോഗ്യപരിപാലനത്തിനാവശ്യമായ വിഷരഹിത ജൈവ പച്ചക്കറിയും.

കൃത്യമായി ഗൃഹപാഠം ചെയ്തു ഒരു ആറു മാസത്തിനകം ഗൾഫിലെ പ്രധാന നഗരങ്ങളിൽ അവിടെയുള്ള മലയാളി പ്രവാസി സംഘടനകളുടെ സഹായത്തോടെ ഒരു വൻ ഉത്സവമായി 'ഹരിതകേരളം' സമാരംഭിക്കാം.

ജലസ്രോതസ്സുകൾ സംരക്ഷിക്കാനും നാടിനെ മാലിന്യമുക്തമാക്കാനും കാർഷികസംസ്കൃതി തിരിച്ചു കൊണ്ടുവരാനുമുള്ള ഹരിതകേരളം മിഷൻ പ്രവർത്തനങ്ങൾക്കു സംസ്ഥാനത്തെ വാർഡുകളിൽ തുടക്കം കുറിച്ചിരിക്കുകയാണെല്ലോ. നാടിന്റെ വലിയ സ്വപ്നങ്ങൾസാക്ഷത്കരിക്കുവാൻ ഒരു പരിപൂരക പദ്ധതിയായി ഇതിനെ നടപ്പിലാക്കണമെന്നു മാത്രം.

വീട്ടിലും നാട്ടിലും ശുചിത്വപരിപാടികൾ നടപ്പാക്കി മാലിന്യനിർമാർജനം ജനകീയപ്രസ്ഥാനമാക്കുമ്പോൾ അതിന്റെ മുന്നേ നടക്കുന്ന പദ്ധതിയാവും വിഷരഹിത ജൈവ പച്ചക്കറിയുടെ ഉത്പാദനം. ജൈവ മാലിന്യങ്ങളെ വളമാക്കുന്ന അതിനെ പണമാക്കുന്ന വിദ്യ നാം പ്രാവർത്തികമാക്കണം. ഇതുവരെയുള്ള പരിപാടികൾ വിജയിക്കാത്തതിന്റെ കാരണങ്ങൾ കണ്ടെത്തി കുറവുകൾ പരിഹരിച്ചു സമഗ്രപദ്ധതി എല്ലാ വകുപ്പുകളുടെയും തദ്ദേശസ്ഥാപനങ്ങളുടെയും സഹകരണത്തോടെ ഏകോപനത്തത്തിലൂടെ നടപ്പാക്കാനാണു സർക്കാർ ശ്രമിക്കേണ്ടത്. സമുചിതമായ സാങ്കേതികവിദ്യകളും കണ്ടെത്തി ഉപയോഗപ്പെടുത്തണം. നമ്മുടെ മണ്ണും വെള്ളവും വായുവും ഇനിയെങ്കിലും മലിനമാകാതെ നോക്കാൻ ഇത്തരം ഉറച്ച നടപടികൾക്കേ കഴിയൂ. ■

കഥ

# അക്കരപ്പച്ച



പ്രൊഫ. രാജശേഖരൻ നായർ

ആലുവാ റെയിൽവേ സ്റ്റേഷനിൽ നിന്നാണ് പെൺകുട്ടിയും ചെറുപ്പക്കാരനും ട്രെയിനിൽ കയറിയത്. ചെറുപ്പക്കാരൻ ടിക്കറ്റുകൾ നോക്കി സീറ്റുനമ്പറുകൾ മനസ്സിലാക്കി. മുഖാമുഖമുള്ള രണ്ട് സൈഡ് സീറ്റുകൾ, രണ്ടുപേരും ഇരുന്നു.

പെൺകുട്ടിയുടെ കയ്യിൽ ഒരു എയർബാഗ് മാത്രമേയുള്ളു. വള്ളിതോളിൽ കൂടിയിട്ട് അവൾ അത് സീറ്റിൽതന്നെ വച്ചു, ആരെങ്കിലും റാഞ്ചിക്കൊണ്ടുപോകുമോയെന്ന് ഭയപ്പെടുന്നതുപോലെ. ചെറുപ്പക്കാരൻ ബ്രീഫ്കേസ് ലഗ്ഗേജ് കാരിയറിൽ വച്ചു. അയാളുടെ കണ്ണുകൾ പെൺകുട്ടിയുടെ മുഖത്തായിരുന്നു.

പെൺകുട്ടി ക്ഷീണിതയായി കാണപ്പെട്ടു. തലേദിവസം ഉറങ്ങാതിരുന്നതുകൊണ്ടോ, കരഞ്ഞതുകൊണ്ടോ കണ്ണുകൾ ചുവന്നിരുന്നു. ചെറുപ്പക്കാരൻ സുമുഖനായിരുന്നു. എങ്കിലും വേഷത്തിലെ അശ്രദ്ധയും ചീകാത്ത തലമുടിയുമൊക്കെ എന്തൊക്കെയോ പ്രശ്നങ്ങൾ വെളിവാക്കിയിരുന്നു.

പെൺകുട്ടി ജനാലയിൽക്കൂടി പുറത്തേക്കു നോക്കി. സ്റ്റേഷൻ വിട്ടതോടെ വണ്ടിക്ക് വേഗതകൂടി. കാഴ്ചകൾ ദൃഷ്ടികളിൽ ഉറച്ചുനിൽക്കാത്തവണ്ണം പെട്ടന്ന് ഓടി മറഞ്ഞുതുടങ്ങി. അപ്പുറത്തുള്ള ട്രാക്കിൽക്കൂടി ഒരു വണ്ടി എതിർദിശയിലേക്ക് കടന്നുപോയി. കൂടിയ വേഗത കാരണം

വണ്ടി ഏതെന്ന് ബോർഡ് വായിച്ചു മനസ്സിലാക്കാൻ കഴിഞ്ഞില്ല.

ചായ വില്പനക്കാരൻ വന്നപ്പോൾ ചെറുപ്പക്കാരൻ പറഞ്ഞു, 'രണ്ട് ചായ'. പെൺകുട്ടി തലയാട്ടി, 'എനിക്കു വേണ്ടണ്ട. ചായവാങ്ങി കുറേശ്ശെ കുടിച്ചുകൊണ്ടിരുന്നപ്പോൾ ചെറുപ്പക്കാരന് എന്തോ പറഞ്ഞറിയിക്കാൻ വയ്യാത്ത അസ്വസ്ഥത തോന്നി.

പെൺകുട്ടി വീണ്ടും പുറത്തേക്ക് നോക്കിയിരുന്നു. പകൽ വെളിച്ചം കുറേശ്ശെ മങ്ങിത്തുടങ്ങി. ദൂരെ കന്നുകാലിക്കൂട്ടത്തെ അതിന്റെ നോട്ടക്കാരൻ വീടുകളിലേക്ക് തെളിച്ചുകൊണ്ടുപോകുന്നു. ചുവന്നു തുടങ്ങിയ പടിഞ്ഞാറൻ ആകാശത്തിന്റെ ചരുവിൽകൂടി പക്ഷികളുടെ ഒരു നിര രാത്രിസങ്കേതങ്ങളിലേക്ക് പാഞ്ഞുപോകുന്നു.

കമ്പാർട്ടുമെന്റിൽ തിരക്ക് തീരെ കുറവായിരുന്നു. അടുത്ത സ്റ്റേഷനിൽ എത്തുമ്പോൾ സ്ഥിതി മാറുമായിരിക്കും.

പെൺകുട്ടിയും ചെറുപ്പക്കാരനും വെറുതെ പരസ്പരം നോക്കിയിരുന്നു. ശൂന്യമായ നോട്ടം. പണ്ടൊക്കെ ഇങ്ങനെ ഏറെനേരം നോക്കിക്കൊണ്ടിരിക്കുമ്പോൾ പെൺകുട്ടി പെട്ടന്ന് പൊട്ടിച്ചിരിക്കുമായിരുന്നു. ചിരിക്കാൻ കാരണമെന്നും വേണ്ടിയിരുന്നില്ല. ചിരിച്ചുചിരിച്ചു പെൺകുട്ടിയുടെ കണ്ണുകൾ നിറഞ്ഞൊഴുകാൻ തുടങ്ങും. ഇപ്പോഴും പെൺകുട്ടിയുടെ കണ്ണുകൾ നിറഞ്ഞു. പക്ഷേ, അത് ചിരിച്ചതുകൊണ്ടായിരുന്നില്ല.

പെട്ടന്ന് അവൾ പറഞ്ഞു,

'വേണ്ടായിരുന്നു'

ചെറുപ്പക്കാരൻ ഒരു മിനിറ്റ് ഒന്നും മിണ്ടിയില്ല. പിന്നെ നിർത്തി നിർത്തി പറഞ്ഞു. 'ഒരു നിമിഷത്തിന്റെ ദൗർബല്യം കൊണ്ട് ഇറങ്ങിത്തിരിച്ചരൊന്നുമല്ലല്ലോ നമ്മൾ. എത്ര തവണ ആലോചിച്ചാണ് അവസാന തീരുമാനം എടുത്തത്, എന്നിട്ടിപ്പോൾ...'

പെൺകുട്ടി വിതുമ്പി.

'വീട്ടിൽ എന്തൊരു ബഹളമായിരിക്കും ഇപ്പോൾ. അച്ഛൻ ആകെ പരിഭ്രമിച്ചിരിക്കും. അമ്മയും അനിയത്തിയും കിടന്നു കരയുകയായിരിക്കും. ഞാൻ വാരിക്കൊടുത്തില്ലെങ്കിൽ കുഞ്ഞനിയൻ വൈകിട്ട് ആഹാരം കഴിക്കില്ല.

'ഇറങ്ങിത്തിരിച്ചപ്പോൾ ഇതൊന്നും ഓർത്തില്ലേ?' അയാളുടെ ശബ്ദത്തിൽ നേരിയകോപം. അവളുടെ കരഞ്ഞുവീർത്ത മുഖവും ചുവന്ന കണ്ണുകളും കണ്ടപ്പോൾ അയാൾ തണുത്തു. 'എന്തുവേണമെന്നാണ് നീ പറയുന്നത്?'

ചെറുപ്പക്കാരൻ അവളുടെ മുഖത്തേക്ക് അല്പനേരം നോക്കിക്കൊണ്ടിരുന്നു.

'ശരി, നമുക്ക് അടുത്ത സ്റ്റേഷനിൽ ഇറങ്ങി തിരിച്ചു പോകാം. എനിക്ക് നിന്നെ മനസ്സിലാകും.'

അയാളുടെ ശബ്ദത്തിൽ വേദനയുണ്ടായിരുന്നു.

വണ്ടി അടുത്ത സ്റ്റേഷനിൽ എത്തിയപ്പോൾ രണ്ടുപേരും ഇറങ്ങി. പെൺകുട്ടിയും കയ്യിൽ എയർ ബാഗും ചെറുപ്പക്കാരന്റെ കയ്യിൽ ബ്രീഫ്കേസും ഉണ്ടായിരുന്നു.

പെൺകുട്ടിയുടെ കണ്ണുകൾ അപ്പോഴും നിറഞ്ഞുതുളുമ്പിയിരുന്നു. ■





# പ്രവാസം എന്റെ കുടുംബത്തിൽ


കെ.കെ. രാജേന്ദ്രൻ

എന്റെ അച്ഛൻ കുമാരൻ അച്ഛന്റെ അച്ഛൻ വേലായുധൻ വേലായുധന്റെ അച്ഛൻ ആരെന്ന് പിടികിട്ടുന്നില്ല. ഇനി ഒരന്വേഷണത്തിന് പ്രസക്തിയുമില്ല. കാരണം വേലായുധൻ ഞാൻ ജനിക്കുന്നതിന് ഏതാണ്ട് ഇരുപത് വർഷങ്ങൾക്ക് മുമ്പ് മരിച്ചു പോയി എന്നാണ് അറിയുവാൻ കഴിഞ്ഞത്. ആ മരണവും തുടർന്നുള്ള സംഭവങ്ങളുമാണ് ഈ ലേഖനത്തിന് ആധാരം.

കൊല്ലം ജില്ലയിൽ മയ്യനാട് എന്ന ഗ്രാമത്തിലായിരുന്നു വേലായുധൻ എന്ന എന്റെ അപ്പൂപ്പന്റെ ജനനം. കൈത്തറി തൊഴിലാളി കുടുംബത്തിൽ പിറന്ന അപ്പൂപ്പൻ കൊല്ലം ജില്ലയിൽ തന്നെയുള്ള പരവൂർ എന്ന ഗ്രാമത്തിൽ താമസിച്ചു തൊഴിൽ ചെയ്തു പോന്നു. അവിടെ വെച്ച് നാരായണിയെ പരിചയപ്പെടുകയും വിവാഹം കഴിക്കുകയും നാരായണിയുടെ പൊഴിക്കരയിലുള്ള വീട്ടിൽ സ്ഥിരതാമസമാക്കുകയും ചെയ്തു. കൃത്യമായി പറഞ്ഞാൽ ഇന്നേക്ക് നൂറ് വർഷങ്ങൾക്ക് മുമ്പാണ് ഈ സംഭവം.

പ്രവാസവുമായി ബന്ധപ്പെട്ട് അന്ന് നമ്മുടെ നാട്ടിലെ സ്ഥിതി എന്തായിരുന്നുവെന്ന് എനിയ്ക്ക് ഓർക്കുവാൻ പോലും കഴിയുന്നില്ല.എന്നാൽ ഏതാനും നാളുകൾക്ക് ശേഷം വേലായുധൻ അപ്പൂപ്പൻ നാട്ടിലെ തൊഴിൽ ക്ഷാമം മൂലം കപ്പൽ കയറി ശ്രീലങ്കയിലേയ്ക്ക് പോയി. അന്ന് ശ്രീലങ്കയുടെ പേര് സിലോൺ എന്നായിരുന്നു.അന്ന് എന്റെ അച്ഛൻ കുമാരന് പ്രായം പത്ത് വയസ്സിനു താഴെ രണ്ട് സഹോദരങ്ങൾ ശാരദയും രഘുനാഥും പ്രവാസത്തെക്കുറിച്ച് ചിന്തിക്കുമ്പോഴൊക്കെ എന്റെ മനസ്സിൽ ആദ്യം പൊന്തിവരുന്നത് വേലായുധൻ അപ്പൂപ്പനെ കുറിച്ചുള്ള ഓർമ്മകളാണ്.

വേലായുധൻ അപ്പൂപ്പൻ സിലോണിൽ എന്തൊക്കെയോ ജോലികൾ ഒക്കെ കണ്ടുപിടിച്ച് കൃത്യമായി മാസംതോറും പൈസ അയച്ചുകൊടുക്കുകയും കത്തുകളയക്കുകയും ഒക്കെ ചെയ്തുകൊണ്ടിരുന്നു. നാരായണി അമ്മൂമ്മയ്ക്കും എന്റെ അച്ഛൻ അടക്കമുള്ള മൂന്ന് മക്കൾക്കും ജീവിതംസന്തോഷകരമായി മാറി. പക്ഷേ ആ സന്തോഷം അധികനാൾ നീണ്ടുനിന്നില്ല.രണ്ട് മൂന്ന് വർഷങ്ങൾക്ക് ശേഷം പൊടുന്നനെ വേലായുധൻ അപ്പൂപ്പന്റെ കത്തുകളും പണവുമൊന്നും വരാതെയായി എന്നുമാത്രമല്ല അപ്പൂപ്പനെ കുറിച്ച് യാതൊ



രു വിവരവും അറിയുവാൻ കഴിഞ്ഞതുമില്ല. ഇന്നത്തെപ്പോലെ യാതൊരു സംവിധാനങ്ങളും അന്ന് ഉണ്ടായിരുന്നില്ലല്ലോ.ഒരു അന്വേഷണം നടത്തുവാൻ ബന്ധുക്കളോ സുഹൃത്തുക്കളോ ആയ ആരും തന്നെ അവിടെ ഉണ്ടായിരുന്നില്ല.

നാരായണി അമ്മൂമ്മയും പറക്കമുറ്റാത്ത മൂന്ന് മക്കളും പട്ടിണിയും പരിവട്ടവുമായി കഴിഞ്ഞു. നെയ്ത്തു തൊഴിലിൽ നിന്ന് കിട്ടുന്ന തുച്ഛമായ വരുമാനം ഒന്നിനും തികയുമായിരുന്നില്ല. അപ്പോഴേയ്ക്കും മക്കളിൽ മൂത്തവനായ എന്റെ അച്ഛൻ കുമാരൻ തികഞ്ഞ ഒരു കുമാരനായി മാറി കഴിഞ്ഞിരുന്നു. സ്വന്തം പിതാവിനെ കണ്ടുപിടിക്കുവാൻ വേണ്ടി സിലോണിലേയ്ക്ക് പോകുവാൻ അദ്ദേഹം തീരുമാനിച്ചു. യാത്രചിലവിന് പൈസ സംഘടിപ്പിച്ച് അച്ഛൻ കൊളൊമ്പൊയിൽ കപ്പലിറങ്ങി. അച്ഛന്റെ മനസ്സിൽ ഒരു ഉദ്ദേശമേ ഉണ്ടായിരുന്നുള്ളൂ. സ്വന്തം പിതാവിനെ കണ്ടുപിടിക്കുക എന്ന ചിന്ത. അന്ന് അച്ഛന് 18 വയസ്സ് പോലും തികഞ്ഞിരുന്നില്ല. കൃത്യമായി പറഞ്ഞാൽ 1935 ൽ.

ഏതാനും ദിവസങ്ങളിലെ അന്വേഷത്തിനുശേഷം കൈയ്യിലെ പൈസ ഒക്കെ തീർന്നപ്പോൾ അച്ഛൻ അവിടെ ഒരു കടയിൽ സഹായിയായി കൂടി. പിതാവിനെ കുറിച്ചുള്ള അന്വേഷണ അപ്പോഴും തുടർന്നു ഏതാനും വർഷങ്ങൾക്ക് മുമ്പ് മലേറിയ പിടിപ്പെട്ട് വേലായുധൻ അപ്പൂപ്പൻ മരിച്ചുപോയ വിവിരം അച്ഛൻ അറിഞ്ഞു. പിന്നെയും ഏതാണ്ട് പത്തുവർഷത്തോളം അച്ഛൻ സിലോണിൽ ജീവിച്ചു. മടങ്ങിവന്ന അച്ഛന് നാട്ടുകാർ ഒരു പേരിട്ടും കൊളംബി

ആ പേര് അധിക കാലം നീണ്ടു നിന്നില്ല അച്ഛൻ എന്റെ അമ്മയെ വിവാഹം കഴിച്ച് ഏതാനും മാസങ്ങൾക്ക് ശേഷം സിംഗപ്പൂരിലേയ്ക്ക് യാത്രയായി. എസ്.എസ്.റജുല എന്നൊരു കപ്പലിലായിരുന്നു അച്ഛൻ സിംഗപ്പൂരിൽ പോയത്. ആ കപ്പലിന്റെ ഫോട്ടോ ഈ അടുത്ത കാലം വരെ ഞങ്ങളുടെ വീടിന്റെ ഭിത്തിയിൽ ഉണ്ടായിരുന്നു.അച്ഛൻ ഒരു കലാ സാഹിത്യ പ്രവർത്തകൻ കൂടിയായിരുന്നു ജോലി കഴിഞ്ഞ ഇടവേളകളിൽ ആ രംഗങ്ങളിലൊക്കെ അച്ഛൻ പ്രവർത്തിച്ചു.സിംഗപ്പൂരിൽ നിന്നും പ്രസിദ്ധീകരിച്ചിരുന്ന മലയാള ദിനപത്രമായ കേരള ബന്ധു പത്രാധിപ സമിതിയിൽ അച്ഛൻ അംഗമായിരുന്നു. ഇന്ത്യയ്ക്ക് വെളിയിൽ നിന്നും പ്രസിദ്ധീകരിച്ച ആദ്യമലയാള ദിനപത്രമായിരുന്നു. കേരള ബന്ധു . ആ പത്രത്തിൽ അച്ഛൻ സ്ഥിരമായി ചെറുകഥകൾ എഴുതുമായിരുന്നു. സ്വന്തം ജീവിതാനുഭവവും തന്റെ ചുറ്റുവട്ടത്ത് കാണുന്ന സംഭവങ്ങളുമൊക്കെയായിരുന്നു അച്ഛന്റെ കഥകളുടെ ഇതിവൃത്തം. ഒരു ചെറുകഥയുടെ പേര് ഞാൻ പറഞ്ഞെന്ന് പറയല്ലേ സാറെ എന്നായിരുന്നു സിംഗപ്പൂർ മലയാളികളുടെ കലാ സാംസ്ക്കാരിക സംഘടനയായ സിഗപ്പൂർ കൈരളി കലാനിലയത്തിന്റെ സെക്രട്ടറിയായിരുന്നു അച്ഛൻ കുറേക്കാലം.

ഇതിനിടയിൽ അച്ഛൻ മൂന്ന് പ്രാവശ്യം നാട്ടിൽ വന്നുപോയി എന്റെ അമ്മ മൂന്ന് പ്രാവശ്യം പ്രസവിക്കുകയും ചെയ്തു. മൂത്തത് എന്റെ ജ്യേഷ്ഠൻ, രണ്ടാമൻ ഞാൻ, മൂന്നാമൻ എന്റെ അനുജൻ.

ഈ സമയം അച്ഛൻ ഞങ്ങളെ സിംഗപ്പൂരിലേയ്ക്ക് കൊണ്ടുപോകാനുള്ള പരിശ്രമങ്ങൾ ആരംഭിച്ചു. പാസ്പോർട്ടുകളും മറ്റും ശരിയാക്കി എല്ലാം തയ്യാറെടുപ്പുകളും കഴിഞ്ഞപ്പോഴായിരുന്നു ഞങ്ങളുടെ കൊച്ചു കുടുംബത്തിന്റെ സ്വപ്നങ്ങളെ തകർത്തുകളഞ്ഞ ആ സംഭവം ഉണ്ടായത്. ഗുരുതരമായ രോഗം ബാധിച്ച് ഞങ്ങളുടെ അമ്മ പൊടുന്നനെ ഈ ലോകത്തോട് വിടപറഞ്ഞു.ഒരുമാതിരി സമ്പന്നതയുടെ നടുവിലായിരുന്നെങ്കിലും അമ്മയുടെ പെട്ടന്നുള്ള വേർപാട് ഞങ്ങളെ തളർത്തികളഞ്ഞു. ആറുവയസ്സുള്ള ഞാനും പത്ത് വയസ്സുള്ള ജ്യേഷ്ടനും രണ്ട് വയസ്സുള്ള അനുജനും നാരായണി അമ്മൂമ്മയുടെ സംരക്ഷണയിലായി ( നാരായണി അമ്മൂമ്മ അപ്പോഴും ജീവിച്ചിരിക്കുന്നുണ്ടായിരുന്നു). ഏതാണ്ട് ഒരു വർഷം കഴിഞ്ഞപ്പോൾ അച്ഛൻ സിംഗപ്പൂരിലെ എല്ലാ ഇടപാടുകളും തീർത്ത് നാട്ടിൽ മടങ്ങിയെത്തി.

അച്ഛൻ നാട്ടിൽ ചില ബിസിനസ്സുകൾ ഒക്കെ ആരംഭിച്ചു. മൂന്ന് കുട്ടികളുള്ള അച്ഛന്റെ ജീവിതത്തിലേയ്ക്ക് ഒരാൾകൂടിവന്നു. ഞങ്ങളുടെ രണ്ടാമത്തെ അമ്മ. ആ അമ്മ ഇതെഴുതുമ്പോഴും ജീവിച്ചിരിക്കുന്നു.

നീട്ടുന്നില്ല എല്ലാ കഥകളിലും പറയുന്നതുപോലെ കാലം കടന്നു പോയി. എനിയ്ക്ക് ഇരുപത്തിയഞ്ചു വയസ്സായി. കാര്യമായ പണി ഒന്നും ഇല്ല. സജീവ രാഷ്ട്രീയ പ്രവർത്തനം മാത്രം . അടിയന്തിരാവസ്ഥക്കാലം നിരവധി പോലീസ് കേസ്സുകൾ, ഏറെക്കുറെ ഒളിവു ജീവിതം

അടിയന്തിരാവസ്ഥ കഴിഞ്ഞു. ഇതിനിടെവീട്ടുകാർ എന്നെ കൊണ്ട് പെണ്ണ് കെട്ടിച്ചിരുന്നു. കാര്യമായ ജോലിയോ വരുമാനമോ ഇല്ലാത്ത എന്നെ ഗൾഫിലേയ്ക്ക് വിടാൻ വീട്ടുകാർ തീരുമാനിച്ചു. അങ്ങനെ 1978 അവസാനം ഞാൻ ഷാർജയിലേയ്ക്ക് വിമാനം കയറി. അങ്ങനെ ആറാമത്തെ വയസ്സിൽ പ്രവാസിയാകേണ്ടിയിരുന്ന ഞാൻ ഇരുപത്തിയെട്ടാമത്തെ വയസ്സിൽ ആ പേരിന് അർഹനായി.

എന്റെ അച്ഛൻ സിംഗപ്പൂരിൽ എന്തൊക്കെ ചെയ്തോ അതൊക്കെ തന്നെ ഞാൻ ഷാർജയിൽ നടപ്പാക്കി. ഷാർജ ഇന്ത്യൻ അസോസിയേഷനിൽ നന്നായി പ്രവർത്തിച്ചു. പയ്യോളി നാരായണനോടൊപ്പം കല എന്ന സംഘടന രൂപീകരിച്ചു. അതിന്റെ ഭാരവാഹിയായി കുറേക്കാലം പ്രവർത്തിച്ചുകൊച്ചുകൊച്ചു നാടകങ്ങൾ എഴുതി പലവേദികളിലും അവതരിപ്പിച്ചു. ചെറുകഥാ മത്സരങ്ങളിൽ പങ്കെടുത്ത് സമ്മാനങ്ങൾ വാങ്ങി ഷാർജയിൽ എന്റെ വഴികാട്ടി മൂസ്സ മാസ്റ്റർ ആയിരുന്നു. ആ സ്നേഹം ഞങ്ങൾ ഇന്നും നിലനിർത്തുന്നു.

കഥ അവസാനിപ്പിക്കുന്നു അതിനുമുമ്പ് പറയട്ടെ എനിയ്ക്ക് ഏതാണ്ട് 25 വയസ്സുള്ളപ്പോൾ നാരായണി അമ്മൂമ്മ മരിച്ചു. എനിയ്ക്ക് 45 വയസ്സുള്ളപ്പോൾ അതായാത് ഏതാണ്ട് 20 വർഷം മുമ്പ് എന്റെ അച്ഛനും വിടപറഞ്ഞു. അങ്ങനെ കൃത്യം ഒരുനൂറ്റാണ്ട് മുമ്പ് എന്റെ കുടുംബത്തിൽ ആരംഭിച്ച പ്രവാസ ജീവിതം അപ്പൂപ്പനിലൂടെ അച്ഛനിലൂടെ എന്നിൽ വന്നു നിൽക്കുന്നു. ഞാൻ അവസാനത്തെ കണ്ണിയാണന്ന് തോന്നുന്നു. കാരണം എന്റെ മക്കൾ പ്രവാസികളാകാനുള്ള സാധ്യത കാണുന്നില്ല. എങ്കിലും പറയട്ടെ വരും കാലം ആരെന്നും എന്തെന്നും എങ്ങനെയെന്നും പറയുവാൻ ആർക്കും കഴിയില്ലല്ലോ! ■

ചരിത്രം



# അരനൂറ്റാണ്ട് പിന്നിടുന്ന കുവൈറ്റിലെ മാധ്യമ രംഗം



**സാം പൈനുംമൂട്**

**പേ**ർഷ്യൻ ഗൾഫ് മേഖലയിൽ ജനാധിപത്യ സംവിധാനത്തിലേക്ക് ആദ്യം ചുവടുവെപ്പ് വെച്ച രാജ്യം. കറുത്ത പാലിന്റെ തടാകത്തിലെ ചെറിയ ജനസംഖ്യയും വമ്പിച്ച മൂലധന നീക്കിയിരിപ്പുംജനാധിപത്യ ഭരണഘടനയും സ്വതന്ത്രമായ മാധ്യമങ്ങളും നീതിന്യായ വ്യവസ്ഥിതിയും മെച്ചപ്പെട്ട സാക്ഷരതയും ഉന്നത വിദ്യാഭ്യാസത്തിനുള്ള സർവ്വകലാശാല സൌകര്യവും കൂടി അര നൂറ്റാണ്ടിനു മുമ്പേ ലഭിച്ചതിനാൽ ഈ അനുഗ്രഹീത രാജ്യം ഇതര ഗൾഫ് രാജ്യങ്ങൾക്ക് മാതൃകയായി.

1960കളിലും, 1970കളിലും മദ്ധ്യപൂർവ ഏഷ്യയിലെ ഏറ്റവും വികസിത രാജ്യമായിരുന്നു കുവൈത്ത്. പ്രതിശീർഷ വികസന സൂചികയിൽ കുവൈറ്റ് വളരെ മുന്നിലാണ് 1966ൽ സ്ഥാപിച്ച കുവൈറ്റ് സർവകലാശാല ഉന്നത വിദ്യാഭ്യാസത്തിനു ഊന്നൽ നൽകി. കലാ രംഗത്തും കുവൈത്ത് മികവ് പുലർത്തി. മദ്ധ്യപൂർവേഷ്യൻ രാജ്യങ്ങളിൽ ഏറ്റവും അഭിപ്രായസ്വാതന്ത്ര്യമുള്ള രാജ്യമാണ് കുവൈറ്റ്.

അറബ് ലോകത്തിലെ സാഹിത്യ നവോത്ഥാന രംഗത്ത് കുവൈത്ത് വളരെയേറെ മുന്നിലായിരുന്നു. ഇവിടെ നിന്നും 1958ൽ പ്രസിദ്ധീകരിച്ചിരുന്ന 'അൽ അറബി' എന്ന ആനുകാലിക പ്രസിദ്ധീകരണം അറബ് രാജ്യങ്ങളിൽ വ്യാപകമായി വിതരണം ചെയ്തിരുന്നു. വളരെയേറെ അറബ് എഴുത്തുകാരും സാഹിത്യസാംസ്കാരിക നായകരും ഇവിടെ നിലനിന്നിരുന്ന അഭിപ്രായ സ്വാതന്ത്ര്യത്തെ മുൻ നിർത്തി കുവൈത്തിലേക്ക് താമസം മാറ്റിയിരുന്നു. അങ്ങനെ സർഗാത്മ സാഹിത്യകാരൻമാരുടെ സർഗ്ഗ ഭൂമിയായി അറിയപ്പെട്ടിരുന്ന കുവൈറ്റിലേക്ക് ഇറാഖി കവി അഹമ്മദ് മത്താർ 1970ൽ താമസം മാറ്റിയിരുന്നു.

കുവൈറ്റി എഴുത്തുകാരൻ അഹമ്മദ്നജിൽ റിസാഖ് അൽ ആസാദ് 1897ലും കുവൈറ്റി കവി അബ്ദുള്ള മുഹമ്മദ് അൽ ഫറാജ് 1919ലും അവരുടെ ഗ്രന്ഥങ്ങൾ പ്രസിദ്ധീകരിച്ചിട്ടുണ്ട്. ഷെയ്ഖ് അബ്ദുള്ള അസീസ് ബിൻ ഇബ്രാഹിം 1906ലും ഷെയ്ഖ് ജാസിം ബിൻ ഇബ്രാഹിം 1911ലും മുത്തുവ്യാപാരത്തെ സംബന്ധിച്ച വസ്തുതകൾ പുസ്തക രൂപത്തിൽ പ്രസിദ്ധീകരിച്ചിരുന്നു.

കുവൈറ്റ് പത്രപ്രവർത്തന രംഗത്ത് 1920കളിൽ തന്നെ തുടക്കം കുറിച്ചതായി ചരിത്ര രേഖകൾ വ്യക്തമാക്കുന്നുണ്ട്. ആധുനിക കുവൈറ്റിന്റെ പത്രപ്രവർത്തന ചരിത്രം ആരംഭിക്കുന്നത് 1960കളിലാണ്. 1961 'കുവൈറ്റ് ടൈംസ്' എന്ന ഇംഗ്ലീഷ് ദിനപത്രവും, 1977 മുതൽ 'അറബ് ടൈംസ്' എന്ന ഇംഗ്ലീഷ് ദിനപത്രവും ഇവിടെ നിന്നും പ്രസിദ്ധീകരിച്ചു തുടങ്ങി.

1965ൽ അൽ സിയാസ, 1972ൽ അൽ ഖബസ്, 1976ൽ അൽ അംബ, അൽ വത്തൻ, 1995ൽ അൽ റായി അൽ ആം, 2007ൽ അൽ വസീത്ത്, അന്നഹാർ, അൽ ഷാഹിദ്, അൽ ജരീദ, അൽ സബാഹ്, അൽ കുവൈതിയ എന്നീ അറബി പത്രങ്ങളും പ്രസിദ്ധീകരിച്ചു തുടങ്ങി.

ഇവിടെ നിന്നും പ്രസിദ്ധീകരിക്കുന്ന പത്രങ്ങളെല്ലാം സ്വകാര്യ വ്യക്തികളുടെതാണ്. എങ്കിലും, കുവൈറ്റ് സർക്കാരിന്റെ സാമ്പത്തിക സഹായം ലഭിക്കുന്നുണ്ട്. ഗൾഫ് മേഖലയിൽ രാഷ്ട്രീയ സാംസ്കാരിക, സാമൂഹ്യ സാമ്പത്തിക വിഷയങ്ങളും പ്രധാൻ അന്തർ ദേശീയ സംഭവങ്ങളും പത്രാധിപരുടെ അഭിപ്രായങ്ങളും പത്രമാധ്യമങ്ങളിൽ ദൃശ്യമാണ്.

കുവൈറ്റ് ടൈംസ് ഇംഗ്ലീഷ് ദിനപ്പത്രത്തിൻറെ സ്ഥാപകൻ യൂസുഫ് സാലെ അലിയാൻ എന്ന കുവൈറ്റി പൗരനായിരുന്നു. മരിക്കുന്നത് വരെ ഇന്ത്യൻ സമൂഹവും വിശി

ഷ്യാ മലയാളി പ്രവാസികളുടെ ഉറ്റ സുഹൃത്തുമായിരുന്നു അദ്ദേഹം. നിലവിൽ അബ്ദുറഹ്മാൻ അൽ അലിയാനാണ് പത്രാധിപർ. അറബ് ടൈംസ് ദിനപ്പത്രത്തിന്റെ പത്രാധിപർ അഹമ്മദ് അൽ ജാറല്ല എന്ന പ്രമുഖ കുവൈറ്റി വ്യവസായിയും.

'ദി ടൈംസ് കുവൈറ്റ്' എന്ന പേരിൽ ഇംഗ്ലീഷിൽ ആഴ്ചയിൽ ഒരിക്കൽ മാത്രമിറങ്ങുന്ന പത്രവും 1996മുതൽ ഇവിടെ പ്രവർത്തിക്കുന്നു. രിവാൻ ഡിസൂസ എന്ന ഇന്ത്യക്കാരൻ ആണ് പ്രധാന പത്രാധിപർ. കുവൈത്തിന്റെ മാധ്യമ ചരിത്രത്തിലെ പ്രധാൻ വ്യക്തിത്വങ്ങളാണ് ചെറിയാൻ ജോർജ്, എം.സി. ബോസ്, മേരിക്കുട്ടി ജോർജ്, അലക്സ് അബ്രഹാം, ഗോപി വാര്യർ, സജ്ജാദ് വലിയകത്ത്, ജോർജ് ജോസഫ്, പോൾ ഫ്രാൻസിസ്, മാർകോസ് വില്യംസ്, ചെയ്താലി റോയ് (അറബ് ടൈംസ്) ടി.പി.അലക്സാണ്ടർ, കെ.പി. മോഹനൻ, എൻ.എസ്.ദാസ്, ധാര ഗഡുവ, എൻ.ഡി. ശേഖർ, ദീർഘകാലം കുവൈറ്റ് ടൈംസിൽ സേവനം അനുഷ്ഠിച്ചിട്ടുണ്ട്.

കുവൈറ്റിന്റെ ഭരണഘടന പത്ര സ്വാതന്ത്ര്യം നൽകുന്നുണ്ട്. രാജ്യത്തോ, മേഖലയിലോ നടക്കുന്ന അനീതികളെ വിമർശിക്കാം, പക്ഷേ, രാജ്യതാൽപര്യത്തിൻറെഅഖണ്ഡതകാത്തുസൂക്ഷിക്കനുതകുന്നതാകണം. വാർത്തകൾ ഇസ്ലാമിനും ഭരണകൂടത്തിനും എതിരാകരുത്. വാർത്തകൾ കുവൈത്തിന്റെ സുഹൃദ് രാജ്യങ്ങൾക്ക് എതിരാകുന്നതും നിയമലംഘനമാകും. ധാര ഗഡുവ എന്ന പഴയ കാല പത്ര പ്രവർത്തകനെ 1979ൽ നാടുകടത്തിയ സംഭവം കുവൈത്തിന്റെ മാധ്യമ ചരിത്രത്തിലെ സുപ്രധാന സംഭവമാണ്.

കുവൈറ്റ് റേഡിയോ പ്രക്ഷേപണം 1951ലും ടെലിവിഷൻ പ്രക്ഷേപണം 1957ലും ആരംഭിച്ചു. ഇരു രംഗത്തും ഇന്ത്യക്കാർ സേവനമനുഷ്ഠിച്ചു വരുന്നു. കുവൈറ്റ് ന്യൂസ് ഏജൻസിയാണ് (KUNA) രാജ്യത്തെ ഔദ്യോഗിക വാർത്താ ഏജൻസി. 1976ലാണ് ഇത് ആരംഭിച്ചത്. വാർത്താവിതരണ വകുപ്പിന്റെ കീഴിലാണ് ഇത് പ്രവർത്തിക്കുന്നത്. കുവൈറ്റ് പ്രധാനമായും വാർത്തകൾക്കായി ആശ്രയിക്കുന്നത്. ബി.ബി.സി, വോയ്സ് ഓഫ് അമേരിക്ക, ആൾ ഇന്ത്യ റേഡിയോ, പാക് റേഡിയോ, റോയിട്ടേഴ്സ് എന്നീ സ്ഥാപനങ്ങളെയാണ്. വിദേശ പത്രപ്രവർത്തകർക്ക് ACCREDITATION ലഭിക്കുന്നതിന് നിയമ തടസ്സങ്ങളില്ല.

കുവൈറ്റ് മലയാളികളുടെ മാധ്യമസാഹിത്യ രംഗം പരിശോധിക്കുമ്പോൾ 'കുവൈറ്റ് ടൈംസ്' ദിനപത്രത്തിൻറെ മലയാള വിഭാഗം നൽകിയിട്ടുള്ള സംഭാവനകളെ വിസ്മരിക്കാനാവില്ല. 1981 മെയ് 10നാണ് ഇംഗ്ലീഷ് പത്രത്തോടൊപ്പം രണ്ട് പേജ് മലയാളം വാർത്തകളും പ്രസിദ്ധീകരിച്ചു തുടങ്ങിയത്. ആദ്യകാലങ്ങളിൽ കയ്യെഴുത്ത് ആയിരുന്നു. വി.കെ. സത്യന്റെതായിരുന്നു കൈ


Kuwait Times
ESTABLISHED 1961
THE FIRST DAILY IN THE ARABIAN GULF

Kuwait hosts international meeting on IT audit

Australian trafficker Corby released from prison in Bali

'Power of Life' at Boushahri Art Gallery

World warms to Sochi through Lipnitskaya's elegance

KUWAIT AWARDS $12BN CLEAN FUELS PROJECT

JGC CORP, FLUOR AND PETROFEC BIDS APPROVED

CALL IT A FAIR DEAL

By Badrya Darwish

GULF SECURITY PACT BLASTED

YEMEN TO BECOME 6-REGION FEDERATION

UAE TO USE DRONES FOR GOVT SERVICES

GOVT FACES HARD SELL AS IT EYES SUBSIDY CUT

next

EXCLUSIVE KD5 VOUCHER!*

Our Gift to you on purchases of KD30

On men's, women's & kidswear

From February 11 till February 15, 2014

യ്യക്ഷരം. മലയാളികളെ സംബന്ധിച്ച് ഇത് ഒരു ചരിത്ര സംഭവമായിരുന്നു. കെ.പി. മോഹനൻറെ നേതൃത്വത്തിൽ വി.കെ. ഷറഫുദ്ദീൻ, സുധാകരൻ എന്നിവരുടെ സഹാകാർമ്മികത്വത്തിൽ പത്രം മലയാളികൾക്ക് ആശയും ആവേശവുമായി വളർന്നു.

കുവൈറ്റ് മലയാളികൾക്കിടയിൽ സാംസ്കാരികമായ നവോന്മേഷം ഉണ്ടാക്കിയെടുത്തത് കുവൈത്ത് ടൈംസ് എന്ന മലയാള പത്രത്തിൻറെ സംഭാവനയാണ്. പ്രധാനമായത്. അത് ആളുകൾക്ക് സംഘം ചേരാനും സമ്മേളിക്കാനുമുള്ള ഒരു ലിബറൽ അവസ്ഥ ഉണ്ടാക്കിയെടുത്തു. മാത്രമല്ല, മലയാളികളുടെ ഒരുമ പ്രകടമാക്കിയിരുന്നു. പത്രങ്ങളിൽ നിറഞ്ഞു നിന്ന വാർത്തകളും ചിത്രങ്ങളും എനിക്കും എന്നെ പോലെ പലർക്കും എഴുത്തിന്റെ മേഖലയിൽ അഭിരമിക്കാൻ ഈ പത്രം തുറന്നിട്ട വാതായനങ്ങൾ വലുതായിരുന്നു. ഹസ്സൻ തിക്കൊടി, പി.സി.ഹരീഷ്, കൈപ്പട്ടൂർതങ്കച്ചൻ, കരുണാകരൻ,ബർഗമാൻ തോമസ്, ലിസി കുര്യാക്കോസ്,വർക്കിമാത്യു ഇരവിപേരൂർ, കെ.ആർ. പ്രസാദ്, കെ.പി. ബാലകൃഷ്ണൻ, ഡോ. നന്ദകുമാർ മൂർക്കോത്ത്, വർഗീസ് പാറടയിൽ, ഹബീബ് റഹ്മാൻ, ജ്യോതിദാസ്, ബെസ്സി കടവിൽ, പീതൻ കെ. വയനാട്, തുടങ്ങിയ എഴുത്തുകാരെ കണ്ടെത്താനും, അവരുടെ സൃഷ്ടികൾ കുവൈറ്റ് മലയാളി സമൂഹത്തിൽ അവതരിപ്പിക്കാനും ഈ പത്രം വലിയ പങ്ക് വഹിച്ചിട്ടുണ്ട്.

1984ൽ സബ് എഡിറ്ററായി മലയിൽ മൂസക്കോയ ചുമതലയേറ്റ ശേഷമാണ് പത്രം നാല് പേജുകളിലായി പ്രിൻറ് ആയി പുറത്തിറക്കിയത്. കെ.പി. മോഹനന്റെ വിടവാങ്ങലിന് ശേഷം മൂസക്കോയ ആയിരുന്നു പത്രത്തിന്റെ പ്രധാൻ ചുമതലക്കാരൻ. എ.എം. ഹസൻ സഹപത്രാധിപരും. ഷാർളി ബഞ്ചമിൻ യുദ്ധാനന്തര കുവൈറ്റിൽ ഈ പത്രസ്ഥാപനത്തിൽ ജോലി ചെയ്തിരുന്നു. 2009 ആഗസ്റ്റിൽ കുവൈറ്റ് ടൈംസ് മലയാള വിഭാഗത്തിൻറെ പ്രസിദ്ധീകരണം നിലച്ചു. ആ വിടവ് നികത്താനായി ഗൾഫ് മാധ്യമം ദിനപ്പത്രം നൽകുന്ന സേവനം ആശ്വാസകരമാണ്. 2006 മുതൽ ഗൾഫ് മാധ്യമം കുവൈറ്റിൽ പ്രസിദ്ധീകരണം ആരംഭിച്ചിരുന്നു. മലയാള മനോരമ, മാതൃഭൂമി, ദേശാഭിമാനി, ചന്ദ്രിക, മംഗളം, വർത്തമാനം, എന്നീ പ്രമുഖ പത്രങ്ങളുടെ എഡിഷനുകളും കൈരളി, ഏഷ്യാനെറ്റ്, മനോരമ, റിപ്പോർട്ടർ, മീഡിയ വൺ, ജീവൻ തുടങ്ങിയ ചാനലുകളും പ്രവാസ ലോകത്തെ സാംസ്കാരിക പരിപാടികൾ പ്രക്ഷേപണം ചെയ്യുന്നതിൽ ശ്രദ്ധാലുക്കളാണ്.

പ്രവാസി മലയാളി എഴുത്തുകാരുടെ സാഹിത്യ സപര്യയെ പ്രോത്സാഹിപ്പിക്കുന്നതിൽ പ്രധാൻ മാധ്യമങ്ങളെല്ലാം മുഖം തിരിഞ്ഞു നിൽക്കുകയാണ്. ഈ വിടവ് നികത്താൻ സഹായകമാകുന്നു ഓൺലൈൻ പത്രങ്ങളും ലിറ്റററി പ്രസിദ്ധീകരണങ്ങളും. ■



ചിന്ത

# മതമില്ലാത്ത നന്മ



പ്രൊഫ. എ. റ്റി. ളാത്തറ

ഒരു മനുഷ്യനെത്തേടി ഡയോജനിസ് എന്ന തത്ത്വചിന്തകൻ പകൽ വെളിച്ചത്തിൽ വിളക്കുമായി നടന്നുപോകുന്ന ദൃശ്യം, എത്ര കാലങ്ങളായി നമ്മുടെ ഉള്ളിൽ മായാതെ നില്ക്കുന്നു.

അന്വേഷണത്തിന്റെ ദീപശിഖയ്ക്ക് ഇന്നും മങ്ങലില്ല. പക്ഷേ അന്വേഷണത്തിന്റെ പാത അനന്തയിലേക്ക് നീളുകയാണ്.

ഒരു യഥാർത്ഥ മനുഷ്യൻ ആര് എന്ന എക്കാലത്തെയും സംശയത്തിനും ചോദ്യത്തിനുമുള്ള വസ്തുനിഷ്ഠമായ സർഗ്ഗവിസ്മയമാണ് രാമായണകാവ്യം. ഭഗവദ്ഗീതയിൽ പറയുന്നതുപോലെ വീതരാഗഭയക്രോതനായ ഒരു വ്യക്തിയാണ് യഥാർത്ഥ മനുഷ്യൻ.

ആധുനിക ലോകത്ത് യഥാർത്ഥ മനുഷ്യനെ കാണുവാൻ, നമ്മുടെ അന്വേഷണത്തിന്റെ റാന്തൽ വിളക്ക് ഇനിയും തെളിയേണ്ടതുണ്ട് എന്ന് പലരും പ്രലപിക്കുന്നുണ്ട്.

മനുഷ്യത്വത്തിലേക്ക് ഉയർന്നു ചെല്ലുവാൻ നാം ആദ്യം ചവിട്ടേണ്ട പടി, ജാതിഭേദമതദ്വേഷങ്ങളിൽ നിന്ന് അകന്നു നില്ക്കുക എന്നതാണ്. നൂറ്റാണ്ടുകളായി നാം ഈ മനുഷ്യതിന്മയ്ക്കെതിരേ പടവാൾ വീശുന്നു. എന്നാൽ എല്ലാം നിഴൽ യുദ്ധമായി അതു തുടർന്നുകൊണ്ട് തളർന്നു വീഴാനേ നമുക്കു കഴിയുന്നുള്ളു.


മതത്തെ മാത്രമല്ല, മതം മനുഷ്യരെ മാത്രമല്ല മതബിംബങ്ങളേയും, മതഗ്രന്ഥങ്ങളേയും നാം വെറുക്കുന്നവരായി കാണപ്പെടുന്നു. ഈ മതവിദ്വേഷം, മതരഹിത മാനവീയതയ്ക്കു വേണ്ടിയല്ല നാം വച്ചു പരിപാലിക്കുന്നത്, മറിച്ച്, തന്റേതല്ലാത്ത മതത്തിന്റെ എല്ലാ തിരുശേഷിപ്പുകളും, ഉന്മൂലമാകണം എന്ന ഭാവത്താലാണത്.

മതരഹിതമായ മാനവീയത, സംഭവിക്കുക പ്രയാസമാണ്. മതം അതിന്റെ കടുത്ത കോട്ടകളെ ബലവത്താക്കുകയാണ്. അതിന്റെ കൊടിപ്പടം ഉയരത്തിലേക്ക് നീട്ടപ്പെടുകയാണ്. അതിനെ ആകർഷകവും ശ്രദ്ധേയവുമാക്കുവാനുള്ള തോരണങ്ങളിൽ വർണ്ണശബളിമ വർദ്ധിപ്പിക്കുകയാണ്, എല്ലാ മത വിഭാഗങ്ങളും.

ഈ ഒരവസ്ഥയിൽ, ജാതിമത ഭേദവിചാരങ്ങളിൽ, അല്പം സമഭാവനയുടെ ചന്ദനം പുരട്ടാൻ നമുക്കു കഴിയുമെങ്കിൽ, നാം ഭാഗ്യസമ്പന്നരായി.

സർവ്വ മതങ്ങളോടും, എത്രത്തോളം നിർമമത്വം പുലർത്തുവാൻ നമുക്കു കഴിയുമോ അപ്പോൾ നാം രാമായണകഥയിലെ യഥാർത്ഥ മനുഷ്യനോട് അടുക്കുകയാണെന്ന് കരുതാം.

രാമൻ നിർമമനായിരുന്നു, എല്ലാ അംശങ്ങളിലും എന്നു പറയുമ്പോൾ, എല്ലാ മതങ്ങളോടും നിർമമത്വം പുലർത്തി, നമ്മുടെ സംസ്ക്കാരത്തെ നെഞ്ചോടടുപ്പിക്കുവാൻ ഹൃദയവിശാലത കാട്ടിയ ഡോ. ടി.പി. അഹമ്മദിനെ ഞാൻ മനസ്സാ നമസ്കരിക്കുകയാണ്. ഭഗവദ്ഗീതയുടെ പേർഷ്യൻ വിവർത്തനം, അദ്ദേഹം നമ്മുടെ ഗ്രന്ഥസംസ്കൃതിക്ക് സമർപ്പിക്കുകയാണ്. സംസ്കൃതത്തിൽനിന്ന് നേരിട്ട് പരിഭാഷപ്പെടുത്തിയ 840 പേജുള്ള പുസ്തകം. ഡോ. ടി.പി. അഹമ്മദ്, ആരാണ്? ഉത്തരം ഒന്നേ ഒന്നു മാത്രം – മനുഷ്യൻ, ഉത്തമനായ യഥാർത്ഥ മനുഷ്യൻ. മതങ്ങളുടെ മതിൽക്കെട്ടിൽ ഞെരിഞ്ഞമരാത്ത മനുഷ്യൻ. ■



കഥ

# റോങ്ങ് നമ്പർ





ഷാഫിജാ റഫീഖ് വെങ്ങേരി

**കാ**ലൂഷ്യ- അവൾ പടവുകൾ ചാടിക്കയറി ബാഗിൽ നിന്നെടുത്തുവെച്ച താക്കോലെടുത്ത് വാതിൽ തുറന്നു. ബാഗും താക്കോലും വലിച്ചെറിഞ്ഞു കിടപ്പുമുറിയിലേക്കോടി. അതിനിടയിൽ അദ്ദേഹം കൊടുത്ത മോതിരം വലിച്ചൂറി മേശയിന്മേലേക്ക് എറിഞ്ഞു. സ്വന്തമല്ലാത്ത കണ്ണാടിയിലേക്ക് സ്വന്തമായ പ്രതിബിംബം നോക്കി കുറെനേരം നിന്നു. ആ നിഴലിൽ പ്രതിഫലിക്കുന്നത് പരിഹാസമോ? വേദനയോ?

ഇന്നത്തെ പ്രശ്നങ്ങൾക്ക് തുടക്കമിട്ടത് എപ്പോഴാണ്?

ഓ... ആ നശിച്ച റേഡിയോ പ്രോഗ്രാം. അതോ രാവിലെ വന്ന റോങ് നമ്പറോ....?

കാറിലിരുന്ന് റേഡിയോ കേൾക്കുമ്പോൾ മനസ്സിലെ വിങ്ങലായിരുന്നല്ലൊ ആ ഒളിപ്പിച്ചുവച്ച ഫോൺകാൾ..



അദ്ദേഹം എപ്പോഴും അങ്ങനെയാണ്. എന്തെങ്കിലും നിസാര കാര്യങ്ങൾക്കായി വാദിച്ചുകൊണ്ടേയിരിക്കും. ഒരാവശ്യവുമില്ലാതെ. ഇന്നലെ സ്വപ്നങ്ങളെക്കുറിച്ചായിരുന്നു. അവളുടെ സ്വപ്നങ്ങളിൽ നുഴഞ്ഞുകയറാൻ അവൾ ആരേയും അനുവദിച്ചിരുന്നില്ല. സ്വപ്നങ്ങളല്ലാതെ വേറെ എന്തുണ്ട് അവളിൽ നിന്ന് അപഹരിക്കപ്പെടാത്തതായി.

വർഷങ്ങളോളം കാണാതിരുന്നിട്ടും ഇനിയൊരിക്കലും കാണാൻ കഴിയുമോ എന്നു സംശയമുണ്ടായിട്ടും പ്രണയത്തിന്റെ മുകളിൽ അടങ്ങിയിക്കുന്ന അവളോടാണ് ഇന്ന് അദ്ദേഹം തട്ടിക്കയറിയത്. ഏറ്റവും നല്ല പ്രണയ സിനിമ അതാണ് എന്നു റേഡിയോവിൽ ചോദിക്കുന്നത് കേട്ടപ്പോൾ അവളോട് അദ്ദേഹം ചോദിച്ചു.

ഏതാ? നീ എന്താണ് പറയുക?

അവൾ ഒട്ടും ആലോചിക്കാതെതന്നെ പറഞ്ഞു.

മിസ്റ്റർ ആൻഡ് മിസ്സിസ് അയ്യർ.

ഹെ...

അതിൽ പ്രണയം എന്നൊന്നില്ല എന്നും അവൾക്ക് അതു ശരിക്കും ഗ്രഹിക്കാൻ കഴിഞ്ഞിട്ടില്ല എന്നും... തുടങ്ങി അങ്ങനെ പലതും പറഞ്ഞു വാദിച്ചു അദ്ദേഹം.

മൂന്നു മുറികളുള്ള വീട്ടിൽ വളരെ അടുക്കും ചിട്ടയോടുകൂടി വയ്ക്കുന്ന അവൾക്ക് സ്വന്തമായി ഒരലമാരപോലും ഇല്ലാതെ അവളുടെ വസ്ത്രങ്ങൾ, പാത്രങ്ങൾ, പലപ്പോഴായി ശേഖരിച്ചുവച്ച കൗതുക വസ്തുക്കൾ, നൊമ്പരങ്ങൾ കോറിയിട്ട കടലാസുതുണ്ടുകളും പല എഴുത്തുകാരുടെ പുസ്തകങ്ങളും. എല്ലാം പെറുക്കി എടുത്ത് ചാക്കിലാക്കി കെട്ടിവച്ചു. എന്നെങ്കിലും സ്വന്തമായ ഒരു താവളം കിട്ടിയാൽ അവിടേക്ക് കൊണ്ടുപോകാനായി. ഇല്ലെങ്കിൽ എടുത്തു കളയാനായും. മനസ്സിൽ ഇടമില്ലാത്ത എനിക്കെന്തിനാ അലമാരകളും സാധനങ്ങളും. അവൾ പുലമ്പി...

മനസ്സിൽ തോന്നുന്നത് അപ്പോഴപ്പോൾ പറയാൻ സ്വാതന്ത്രമില്ലാത്ത രീതിയിൽ ശിക്ഷകൾ മൗനമാക്കുന്നു. ഏതൊരു പ്രവൃത്തിയും കൂടുതൽ താൽപര്യം പ്രകടിപ്പിക്കുന്നതും തീരെ നിഷേധിക്കുന്നതും ഫലത്തിൽ ഒന്നാണ്.

ഞാൻ എല്ലാവരും കേൾക്കെ ഉച്ചത്തിൽ വിളിച്ചുപറയും. എല്ലാത്തിനും കാരണക്കാരി ഞാനാണ്. എല്ലാത്തിനും തടസ്സം ഞാനാണ്. എന്റെ അസാന്നിധ്യത്തിൽ എല്ലാം വളരെ താൽപര്യത്തിൽ നടക്കും.

നിന്റെ അർഥം സംസാരം... എനിക്ക് മനസ്സിലാകുന്നുണ്ട്... അയാൾ പിന്നീടും എന്തൊക്കെയോ പറയുന്നുണ്ടായിരുന്നു. അവൾ ഒന്നും കേട്ടില്ല. അവളുടെ മനസ്സിൽ അന്നു രാവിലെ വന്ന ഒളിച്ചുകളിപ്പിച്ച തരികിട ഫോൺ കോളായിരുന്നു. കാറിന്റെ സ്റ്റിയറിങ്ങും ആക്സിലേറ്ററും ബ്രേക്കും ഒക്കെയാണ് കൂടുതൽ അനുഭവിച്ചത്.

വീടിന്റെ മുൻപിൽ എത്തിയത് അറിഞ്ഞില്ല. പെട്ടന്നു ബ്രേക്കിട്ടു നിർത്തി അദ്ദേഹം പറഞ്ഞു. നീ ഇറങ്ങ്. പോകാൻ പുറപ്പെട്ടോ.

നമ്മൾ തമ്മിൽ ശരിയാവില്ല.

അവൾ കണ്ണാടിയുടെ മുൻപിൽനിന്നു മാറി ജനലിന്റെ അടുത്തേക്കു നീങ്ങി.

നരച്ച മേഘക്കീറുകൾ എപ്പോഴാണ് ചുവന്നു തുടുത്തത്. അവിടെനിന്നു കാണുന്ന ആ കടലിന്റെ നെറ്റിയിൽ.

അന്ന് അവൾ ആ കടലിന്റെ

വെള്ളത്തിന്റെ മുകളിൽ കണ്ണടച്ചു പൊങ്ങുതടിപോലെ മലർന്നു കിടക്കുമ്പോൾ അവൾക്കു ചുറ്റും സ്നേഹത്തിന്റെ ഓളങ്ങൾ അലയടിച്ചുകൊണ്ടേയിരുന്നു. കടൽ അവൾക്കു ഒരനുഭവസമ്പത്തുതന്നെയാണ്. ആ കടൽത്തീരത്തുവച്ചു വരിഞ്ഞു കെട്ടിയ കൈക്കുള്ളിൽ നിന്ന് തല ഉയർത്തിയത് മൂക്കിൽ ഉമ്മ വയ്ക്കാനായിരുന്നു. അവൾ വെറുതെ ഓരോന്നോർത്തു.

അവൾ ജനലരികിൽനിന്നു മാറി ഒരു പെന്നും കടലാസുമെടുത്ത് അവൾക്ക് പറയാനുള്ളത് ഇങ്ങനെ എഴുതിവച്ചു.

അതെ. ഒരുപാട് ഒരുപാട് അകലെയാണ് നമ്മൾ. ഒരേ മുറയിൽ ജീവിച്ചിട്ടും ഷവറും കണ്ണാടിയും എല്ലാം പൊട്ടിക്കുമെന്ന് നിങ്ങൾ ആലോചിക്കുന്നു. കൂടെ ഒരാൾ കിടക്കുന്നതു കണ്ടാൽകൂടി വേദനിക്കില്ലെന്ന് ഞാൻ ശഠിക്കുന്നു. എന്നിട്ടും നരച്ചുപൊന്തുന്ന റോങ് നമ്പറുകൾ .... വിഡ്ഢിയാക്കപ്പെടുമ്പോഴുണ്ടാകുന്ന വിഹ്വലതകൾ മാത്രമാണത്. ഇവിടെയാണ് മനസ്സിന്റെ അകൽച്ചയുടെ ആഴം അനുഭവിക്കുന്നത്. ഒന്നുകൂടി ശിക്ഷ കിട്ടുന്ന കാര്യങ്ങൾ മറച്ചുവയ്ക്കുന്നു. ഇവിടെയും സംഭവിക്കുന്നത് അതുതന്നെ. നമുക്ക് അന്യോന്യം ഇങ്ങനെ തുടരാം. പലനാൾ കക്കുമ്പോൾ ഒരുനാൾ പിടിക്കപ്പെടും. റോങ് നമ്പറുകൾ ഇനിയും ജനിക്കട്ടെ. ■

# ദുബായ്

*9-ാം പേജ് തുടർച്ച*

ളരെയധികം വർദ്ധിച്ചിരുന്നു 90-കളോടെ എത്രയോ ഇരട്ടിയായി, പ്രവാസ ഭൂമിയിൽ പുത്തൻ സ്വപ്നങ്ങളുമായ് കേരളീയർ നിറഞ്ഞുകഴിഞ്ഞിരുന്നു. രാജകുടുംബമായ മക്തും ഫാമിലി പിതാവായ ഷെയ്ക്ക് റാഷീദിന്റെ ഹൃദയവിശാലത പിൻതുടരന്നു. ദുബായിലും, ജബൽ അലി പ്രദേശത്തുമായി വിവിധ മതവിശ്വാസികൾക്കായി ദേവാലയങ്ങൾക്ക് നിർമ്മാണ ത്തിനുള്ള അനുമതി നൽകി.

ബഹു. ഷെയ്ക്ക് മക്തുംബിൻ റാഷീദും അദ്ദേഹത്തിനുശേഷം ഭരണാധികാരിയായ ഷെയ്ക്ക് മുഹമ്മദ് ബിൻ റാഷീദ് അൽമക്തുവും ദുബായിയെ ലോകരാജ്യങ്ങളുടെ ശ്രദ്ധ കേന്ദ്രമാക്കി. ■

കവിത



# വ്യഥ

**ഷാഫിജാ റഫീഖ് വെങ്ങേരി**

മനസ്സിലൊരു നൊമ്പരം അതിലൊരു ചിറകടി
ചിന്നിച്ചിതറയോരാ ചിരകാല സ്വപ്നങ്ങൾ
ചിറകു കരിഞ്ഞോരായെൻ ചിത്തവും
ചിലന്തിവല കുരുക്കും ചീവീടുകൾ പോൽ
ചിന്തകൾക്കും ചിറകെട്ടാൻ ചിലർ
വ്യഥയ്ക്കു മീതെയണിയുമീ പുഞ്ചിരിതൻ
മുഖമൂടി ചീന്തിയെറിയല്ലേയാരും
എൻ രഹസ്യമാണവ എൻ സ്വന്തമാണവ
താലോലിക്കും സ്വപ്നങ്ങൾ പോൽ
അവയെന്നിലലിഞ്ഞു തീരട്ടെ
തുറന്നിരിക്കുന്നീ കണ്ണും കാതും
അറിയാനെനിയെത്ര ബാക്കി
അതിലെൻ നൊമ്പരമെത്ര നിസ്സാരം. ■

# ഓണസമ്മാനങ്ങൾ

*8-ാം പേജ് തുടർച്ച*

ആവാം. പക്ഷേ കാലം മാറുന്നത് അറിയേണ്ടതുണ്ട്. അവരെ നാളെയിലേക്ക് പ്രാപ്തരാക്കേണ്ടതുണ്ട്. അതിന് വായന ഒരു അനിവാര്യഘടകമാണെന്ന് അവരെ ബോധ്യപ്പെടുത്താൻ ഓരോ മാതാപിതാക്കൾക്കും അത്തുവാദിത്വമുണ്ട്.

ഓണപ്പൂക്കളും ഓണപ്പാട്ടും ഓണസദ്യയും കാണാനും അനുഭവിക്കാനും അവസരം ഒരുക്കുന്നതിനോടൊപ്പം, ഓണത്തിന് പട്ടുവസ്ത്രങ്ങൾ മുതൽ മൊബൈൽ ഫോൺ വരെ വാങ്ങിക്കൊടുക്കുന്നതിനിടയിൽ, അവർക്ക് ഒരു പുസ്തകം കൂടി സമ്മാനിക്കാൻ കഴിഞ്ഞാൽ, അവരെ വായനയുടേയും അറിവിന്റേയും അപാരതീരത്തേക്ക് നടത്താൻ കഴിഞ്ഞാൽ ഈ ഓണക്കാലം യഥാർത്ഥത്തിൽ സമൃദ്ധമായി എന്നുപറയാം. അല്ലെങ്കിൽ കുറച്ചുദിവസങ്ങൾക്കശേഷം ഓർമ്മയിൽ നിന്ന് പൊലിഞ്ഞു പോയേക്കാവുന്ന കുറേ ദിവസങ്ങളായി മാത്രം ഓണം മാറും. അങ്ങനെയാവാതിരിക്കട്ടെ. എല്ലാർക്കും എന്റെ ഹൃദയം നിറഞ്ഞ ഓണാശംസകൾ...!! ■

നാടകം

# അടുക്കളയിൽ നിന്ന് അരങ്ങത്തേക്ക്

## *ചരിത്രനാടകത്തിന് പ്രവാസിഅരങ്ങിൽ പുനരാവിഷ്ക്കാരം*



താഹ കൊല്ലേത്ത്

**കേ**രളീയ നവോദ്ധാന ചരിത്രത്തിൽഒരു തീപന്തം പോലെജ്വലിച്ചു നിന്ന സമൂഹിക പരിഷ്കർത്തായ വി.ടി.ഭട്ടതിരിപ്പാടിന്റെ 'അടുക്കളയിൽ നിന്ന്അരങ്ങത്തേക്ക്"നാടകം പ്രവാസി അരങ്ങത്ത് പുതിയകാലത്തിന്റെ സ്ത്രീവിമോചന സന്ദേശമുണർത്തി ശ്രദ്ധേയമാവുന്നു. ഒരു നൂറ്റാണ്ടു മുമ്പ് കേരളീയസമൂഹത്തെ പിടിച്ചുകുലുക്കിയ ചരിത്രനാടകം വർത്തമാനകാലസാമൂഹികയാഥാർഥ്യങ്ങളുടെ വെളിച്ചത്തിൽവീണ്ടും പ്രസക്തമാവുകയാണ്. അന്ധവിശ്വാസങ്ങൾക്കും അനാചരങ്ങൾക്കുമെതിരെ ആഞ്ഞടിച്ച വി.ടിയുടെ വിഖ്യാതനാടകം വീണ്ടും അരങ്ങിലെത്തിച്ചത് സൗദിഅറേബ്യയിൽ ജുബൈലിലെ പ്രവാസികലാസാംസ്കാരിക കൂട്ടായ്മയായ നവോദയ രംഗവേദിയാണ്. ജുബൈലിലെ ഉമ്മുൽഷെയ്ഖിൽ നാട്ടിലെഉത്സവപറമ്പുകളെ ഓർമ്മിപ്പിക്കുന്ന രീതിയിൽ വിശാലമായ മൈതാനത്ത് കെട്ടിയുയർത്തിയ വേദിയിലെ ആദ്യ നാടകാവതരണം പ്രവാസികളിൽ ആവേശവും ഗൃഹാതുരത്വസ്മരണയുമുണർത്തി പുതിയൊരു അരങ്ങനുഭവമായി മാറി. ചരിത്രനാടകം നിറഞ്ഞ സദസിനു മുന്നിൽ പുനരാവിഷ്ക്കരിച്ചപ്പോൾ പ്രവാസിസമൂഹം കൈയടികളോടെയാണ്സ്വീകരിച്ചത്. ജുബൈലിലുംപിന്നീട്ദമ്മാമിലും നൂറുകണക്കിന് പ്രവാസി മലയാളികളാണ് ആവേശപൂർവം നാടകംകാണാനെത്തിയത്.

നവോത്ഥാന നായകർ ഉയർത്തിപ്പിടിച്ച സ്ത്രീമുന്നേറ്റവും സ്ത്രീ പുരുഷസമത്വവും എത്രയോ അകലെയാണെന്ന് പുതിയകാലവും നമ്മെ ഒർമ്മപ്പെടുത്തുന്നു. നവോത്ഥാനമുന്നേറ്റങ്ങൾ തീർത്ത കേരളീയസമൂഹത്തിന്റെ വർത്തമാനകാലത്തെ പുനരുദ്ധാനജീർണ്ണതകളിലേക്കുള്ള പിൻനടത്തങ്ങൾ ആശങ്കപ്പെടുത്തുന്നതാണ്. ആചാരങ്ങളുടെ വിലക്കുകൾ തകർത്തെറിഞ്ഞ കേരളീയസ്ത്രീത്വത്തെ ഭക്തിയും വിശ്വാസങ്ങളും ഉയർത്തിക്കാട്ടി ആചാരങ്ങളുടെ ഇരുട്ടിലേക്ക് തള്ളിവിടാനുള്ള സംഘടിതമായ ശ്രമങ്ങൾ ഇന്നും നടക്കുന്നുണ്ട്. സാമൂഹിക പുരോഗതിയെയും സ്ത്രീമുന്നേറ്റങ്ങളെയും പിന്നോട്ടടിക്കുന്ന ഈ കറുത്ത ശക്തികൾക്കെതിരെ അരങ്ങിൽശക്തമായ പ്രതിരോധം തീർക്കാൻ വർത്തമാനകാലത്തുംവി.ടിയുടെ നാടകത്തിന് കഴിയുമെന്ന തിരിച്ചറിവാണ് ജുബൈലിലെ നാടകപ്രവർത്തകരെ ഈ ഉദ്യമത്തിന് പ്രേരിപ്പിച്ചത്. ഈ ചരിത്രദൗത്യത്തിന് നേതൃത്വം നൽകിയത് നാടകത്തിന്റെ പുനരാവിഷ്ക്കാരവും സംവിധാനവും നിർവഹി



വി.ടി. ഭട്ടതിരിപ്പാട്



ച്ച നടനും നാടക പ്രവർത്തകനുമായ കെ. പി. എ. സി അഷ്‌റഫാണ്. പ്രവാസജീവിതത്തിലും നാടകസ്വപ്നങ്ങൾ കൈവിടാത്ത സാമൂഹിക പ്രതിബദ്ധതയുള്ള ഒരു സംഘം നാടകകലാകാരന്മാർ ഒത്തുകൂടിയപ്പോൾ ചരിത്രനാടകം അരങ്ങിൽ വീണ്ടും യാഥാർത്ഥ്യമായി. മലയാള നാടകവേദിയിൽ ആദ്യമായി സ്ത്രീ വിമോചനത്തിന്റെ ഇടിമുഴക്കം തീർത്ത നാടകം പ്രവാസിഅരങ്ങിലും പുതിയകാലത്തെ സ്ത്രീത്വത്തിന്റെ നേർക്കാഴ്ചയായിമാറി.

അനാചാരങ്ങളെ കെട്ടുകെട്ടായി നശിപ്പിച്ചു കളയാൻ ഒരുഎളുപ്പമാർഗ്ഗമുണ്ടെന്നും അത് അമ്പലങ്ങൾക്ക് തീ കൊളുത്തുകയാണെന്നുംവി.ടി ആഹ്വാനം ചെയ്തപ്പോൾ അന്നത്തെ യാഥാസ്ഥിതികകേരളം ഇളകിമറിഞ്ഞു. അർഥശൂന്യമായ ജാത്യാചാരങ്ങളെ സ്വന്തം ജീവിതം കൊണ്ട് വെല്ലുവിളിച്ച വിപ്ലവകാരിയായ വി.ടി. ഈ നാടകത്തിലൂടെ മലയാള നാടക അരങ്ങത്ത് സാമൂഹികമാറ്റത്തിന്റെ കൊടുങ്കാറ്റുയർത്തി. മനുഷ്യമനസുകളിൽ ഇരുൾ പടർത്തിക്കൊണ്ട് സ്ത്രീകളെ അടുക്കളയിലും അകത്തളങ്ങളിലും തളച്ചിടുന്ന സമുദായാചാരങ്ങൾക്കെതിരെ വി.ടി. അരങ്ങത്ത് കലാപം സൃഷ്ടിച്ചു. കമ്മ്യൂണിസ്റ്റ് ആചാര്യനായ ഇ. എം. എസ്. നമ്പൂതിർപ്പാടിന്റെ അമ്മയുടെ ഇല്ലമായ തൃശൂരിലെ എടക്കുന്നി വടക്കിനിയേടത്ത്മനയിൽ 1929 ഡിസംബർ 24 ന്യോഗക്ഷേമസഭയുടെ ഇരുപത്തിരണ്ടാംവാർഷികത്തോടനുബന്ധിച്ചായിരുന്നു നാടകത്തിന്റെ ആദ്യ അരങ്ങേറ്റം. മഹാനടനായ ഭരത് പ്രേംജിയുംവി.ടിയും ഇ.എം.എസ്സുമടക്കമുള്ള പ്രമുഖരാണ് അന്ന് നാടകത്തിൽ വേഷമിട്ടത്. സി.കെ.രാജയായിരുന്നു നാടകത്തിന്റെ സംവിധാനം നിർവഹിച്ചത്. നമ്പൂതിരി സമുദായത്തിലെ അനാചാരങ്ങളെ തുറന്നുകാട്ടിയ ആ നാടകം കേരളീയ സമൂഹികവിപ്ലവ ചരിത്രത്തിലെ ജ്വലിക്കുന്നൊരധ്യായത്തിനാണ് നാന്ദികുറിച്ചത്.


സൗദിഅറേബ്യയിൽ ഇത്തരത്തിലുള്ള ഒരു മലയാളനാടകം അവതരിപ്പിക്കുക ഏറെ ശ്രമകരമാണ്. പ്രവാസികളുടെ ദൈർഘ്യമേറിയ ജോലിക്കും തൊഴിൽപരമായ അസൗകര്യങ്ങൾക്കുമിടയിൽ നാടകപരിശീലനം ഏറെക്കുറെ അസാധ്യമാണ്. നാടകാവതരണത്തിനും രംഗാവിഷ്ക്കരണത്തിനും നിയമപരമായ പല വിലക്കുകളും ഇവിടെയുണ്ട്. 90 വർഷങ്ങൾക്ക് മുമ്പ് അന്നത്തെ സാമൂഹികസാഹചര്യങ്ങളുടെ പശ്ചാത്തലത്തിൽ അവതരിപ്പിക്കപ്പെട്ട നാടകം പുനരവതരിപ്പിക്കുമ്പോൾ പ്രവാസിസമൂഹം അത് എങ്ങനെ സ്വീകരിക്കുമെന്ന ആശങ്കയുമുണ്ടായിരുന്നു. നാടകത്തോടുള്ള അഭിനിവേശവുംസാമൂഹിക പ്രതിബബദ്ധതയുമാണ് അതെല്ലാം അതിജീവിച്ചുകൊണ്ട് പ്രവാസലോകത്തും നാടകത്തിന്റെ അരങ്ങുയർത്താൻ ഈ കലാകാരന്മാരെ പ്രേരിപ്പിച്ചത്. സമൂഹത്തിൽ ഒരുപാട് മാറ്റങ്ങൾ സംഭവിച്ചെങ്കിലും സ്ത്രീ ഇന്നും പാർശ്വവൽക്കരിക്കപ്പെടുകയും പിൻതള്ളപ്പെടുകയും ചെയ്യുന്നുവെന്ന ബോധ്യമാണ് ഈ നാടകാവതരണത്തിലേക്ക് ഇവരെ നയിച്ചത്. കാലത്തെയും സമൂഹത്തെയും മാറ്റിമറിച്ച വി.ടിയുടെ നാടകത്തിന്റെ പുനരാവിഷ്ക്കാരത്തിന് പ്രവാസലോകത്ത് ലഭിച്ച ആവേശകരമായ പ്രതികരണങ്ങൾ അദ്ഭുതപ്പെടുത്തുന്നതാണെന്ന് നാടകസംവിധായകൻ കെ.പി.എ.സി അഷ്‌റഫ് പറയുന്നു.

അരങ്ങത്ത് ഒട്ടേറേ പുതുമകളോടെ സ്വതന്ത്രാവിഷ്ക്കാരമായാണ് നാടകം വീണ്ടും അവതരിപ്പിച്ചത്. 26 കഥാപാത്രങ്ങളും പതിനാറുരംഗങ്ങളുമുള്ള മൂലനാടകം ആറുമണിക്കൂർ ദൈർഘ്യമുള്ളതായിരുന്നു. പതിനേഴ് കഥാപാത്രങ്ങളുൾപ്പെടുത്തി അവതരണസമയം രണ്ടര മണിക്കൂറായി ചുരുക്കിയാണ്നാടകത്തിന്റെ സ്വതന്ത്രാവിഷ്ക്കാരം നടത്തിയത്. നാടകത്തിന്റെ അന്തഃസത്ത ഒട്ടും ചോർന്നു പോകാതെ ഇന്നിന്റെസ്ത്രീ പ്രശ്ങ്ങങ്ങളോട് ശക്തമായി പ്രതികരിക്കുന്ന വിധത്തിലാണ് നാടകം ചിട്ടപ്പെടുത്തിയിരിക്കുന്നത്. വി.ടിയുടെ നാടകമുയർത്തിയ അലയൊലികളിൽ നിന്നാണ് കേരളത്തിൽ നമ്പൂതിരിസമുദായത്തിലെ ആദ്യ വിധവാവിവാഹം നടക്കുന്നത്. വി.ടിയുടെ ഭാര്യാസഹോദരി ഉമ അന്തർജനത്തെ പ്രേംജിയുടെ സഹോദരൻ എം.ആർ.ബി വിവാഹംചെയ്തതായിരുന്നു അത്. വി.ടിയുടെ ജീവിതത്തിലെ ആ ചരിത്രസംഭവം കൂടി നാടകത്തിൽ ഉൾപ്പെടുത്തിയത് പുനരാവിഷ്കാരത്തിന് ശക്തി പകർന്നു.



ആർട്ടിസ്റ്റ് സുജാതനോടൊപ്പം ലേഖകൻ

അന്ധവിശ്വാസങ്ങൾ വലിച്ചറിഞ്ഞ് ഉന്നതവിദ്യാഭ്യാസം നേടിയ പുരോഗമനവാദിയായ മാധവനും അയാളെ പ്രണയിക്കുന്ന ബാല്യകാല സഖിയായ ദേവകിയുമാണ് നാടകത്തിലെ പ്രധാന കഥാപാത്രങ്ങൾ. കുടുംബത്തിലെ മൂത്ത നമ്പൂതിരിക്ക് മാത്രം വിവാഹം വിധിക്കുകയും നാലും അഞ്ചും വിവാഹം കഴിച്ച വൃദ്ധരായവർക്ക് കന്യകമാരെ വിവാഹം കഴിച്ചു കൊടുക്കുകയും ചെയ്യുന്ന സമുദായാചാരങ്ങൾ ഇവരുടെ പ്രണയത്തിലും കരിനിഴൽ വീഴ്ത്തി. യാഥാസ്ഥിതികനായ വിളയൂർ അപ്ഫൻ നമ്പൂതിരി മകൾദേവകിയെ നാലുവട്ടം വേളികഴിച്ച വൃദ്ധനായ കർക്കടകാംകുന്നത്ത് നമ്പൂതിരിക്ക് വിവാഹം കഴിച്ചുകൊടുക്കാൻ ശ്രമിക്കുന്നു. വിവരംഅറിഞ്ഞ ദേവകിയുടെ സഹോദരൻ കുഞ്ചുവും സുഹൃത്തുക്കളും ചേർന്ന് വൃദ്ധനുമായുള്ള വിവാഹം തടയുകയും കോടതിയിൽ നിന്ന് അനുകൂലവിധി നേടുകയും ചെയ്യുന്നു. തൊഴിൽ തേടി മദി



രാശിയിലേക്ക് പോയ മാധവൻ നാട്ടിൽ തിരിച്ചെത്തി ദേവകിയെ വിവാഹം കഴിക്കുന്നു. അവളുടെ മുഖപടത്തെ മാധവൻ ചീന്തിയെറിയുന്നതോടെ നാടകത്തിന് തിരശീല വീഴുന്നു. മാധവനും ദേവകിയും അപ്ഫൻ നമ്പൂതിരിയും കുഞ്ചുവും ദേവകിയെ വിവാഹം കഴിക്കാനെത്തുന്ന വിരൂപാക്ഷൻ നമ്പൂതിരിയും ഉഴിത്രനും ഓതിക്കനും മുത്തശ്ശിയും ഇട്ടങ്ങേലിയുമെല്ലാം അരങ്ങത്ത് വീണ്ടും പ്രേക്ഷക മനസുകളെ ഇളക്കിമറിച്ചു.

നാടകത്തിന്റെ സാമൂഹികസന്ദേശം കാലികമായി അവതരിപ്പിക്കുക മാത്രമല്ല രംഗഭാഷയും അരങ്ങത്ത് പുതുമകളോടെ പുനരാവിഷ്ക്കരിക്കാൻ സംവിധാനമികവു കൊണ്ട് സാധ്യമായി. നാടകം ഉയർത്തുന്ന സമൂഹികവിഷയങ്ങളുടെ ഗൗരവം നഷ്ടപ്പെടാതെ ആദ്യന്തം പ്രേക്ഷകരെ പിടിച്ചിരുത്തുന്നവിധം ചടുലതയോടെ രംഗങ്ങൾ ക്രമീകരിച്ച് അരങ്ങിൽ പുതിയൊരു അനുഭവം തീർക്കാൻ സംവിധായകൻ കെ. പി. എ. സി അഷ്റഫിന് കഴിഞ്ഞിട്ടുണ്ട്. നാടകത്തിൽ മാധവനായി കണ്ണൂർ മുരളിയും ദേവകിയായി അർച്ചനയും അപ്ഫൻ നമ്പൂതിരിയായി അനിൽ മാലൂരും ഓതിക്കനായി ജയകുമാറും കർക്കടകാംകുന്നത്ത് നമ്പൂതിരിയായി ഉണ്ണിആദിനാടും മികച്ചഅഭിനയം കാഴ്ചവെച്ചു. ധന്യ അനിൽ, അനിതസുരേഷ്, നീതു അനുമോദ്, ഡോ. നവ്യവിനോദ്, അനിത സുരേഷ് എന്നീ പ്രവാസി വനിതകൾ അവതരിപ്പിച്ച സ്ത്രീകഥാപാത്രങ്ങളും അഭിനയമികവ് കൊണ്ട് പ്രേക്ഷക ശ്രദ്ധ പിടിച്ചുപറ്റി. ജയൻ തച്ചമ്പാറ, തങ്കു നവോദയ, അരുൺ, സുരേഷ് കുമാർ, വിനീത്, രവികുമാർ, രാധാകൃഷ്ണൻ, അഞ്ജന അരുൺ, ശുഭ വിനീത് എന്നിവരാണ്മറ്റ്അഭിനേതാക്കൾ.

നാടകത്തിന്റെആദ്യരംഗങ്ങൾ കേരളത്തിന്റെ ഭൂതകാലസമൂഹികാവസ്ഥയുടെ നേർസാക്ഷ്യമായിമാറി.നാടകത്തിനുവേണ്ടിആർട്ടിസ്റ്റ് സുജാതൻ തയാറക്കിനാട്ടിൽ നിന്ന് കൊണ്ടുവന്ന രംഗപടം പഴയകാല കേരളം പ്രേക്ഷകർക്ക്അക്ഷരാർഥത്തിൽ അനുഭവവേദ്യമാക്കി. മറക്കുടക്കുള്ളിലുംഅകത്തളങ്ങളിലും പീഡനങ്ങളേറ്റുവാങ്ങി നരകജീവിതം നയിച്ച നമ്പൂതിരിസ്ത്രീകളുടെദൈന്യതയും അനാചാരങ്ങളിൽപ്പെട്ട് മനസ്സുമരവിച്ച മനുഷ്യരുടെആത്മസംഘർഷങ്ങളും അരങ്ങത്ത് ഓർമ്മകളുടെ വെളിച്ചം പകർന്നു. സ്ത്രീസ്വാതന്ത്ര്യത്തിന്റെയും സമത്വത്തിന്റെയും മാനവികതയുടെയും സന്ദേശം പകരുന്ന നാടകത്തിലെ ഗാനങ്ങൾ പ്രേക്ഷക മനസുകളിൽവൈകാരിക തീവ്രതയും ആവേശവും നിറക്കുന്നതാണ്. കെ. രാഘവൻ മാഷ് സംഗീതം നൽകിയ കെ.കേശവൻ പോറ്റിയുടെ ഗാനങ്ങളും പ്രേംജിയുടെ കവിതയുമാണ് നാടകത്തിൽ ചേർത്തിട്ടുള്ളത്. ഗാനങ്ങൾ ആലപിച്ചിരിക്കുന്നത് വി.ടി. മുരളിയും രമയുമാണ്. പശ്ചാത്തലസംഗീതം സച്ചിനും നൃത്ത സംവിധാനം ശ്രീഹന വിനോദും നിർവഹിച്ചു. നാടകത്തിന്റെ ശബ്ദവെളിച്ച വിന്യാസവും പശ്ചാത്തലസംഗീതവും സാങ്കേതികതികവു പുലർത്തി. സിജോ പീറ്റർദീപപ്രസരണവുംസാങ്കേതികസഹായം പ്രകാശൻ, രശ്മി മുരളി എന്നിവരുമാണ് നിർവഹിച്ചത്.

ലോകത്ത് എവിടെയാണെങ്കിലും നാടകം ആത്യന്തികമായി പറയുന്നത് ജീവിതം തന്നെയാണ്. കൂട്ടായ്മയുടെ കലയായ നാടകത്തിന്റെ രംഗാവതരണം അസാധ്യമാക്കുന്ന ഭൗതികസാഹചര്യങ്ങൾവർദ്ധിച്ചുവരുന്ന വർത്തമാന കാലത്ത് പ്രവാസി അരങ്ങിലെ ഈ നാടക പരീക്ഷണം പ്രതീക്ഷ നൽകുന്നതാണ്. നാടകത്തിലൂടെ പ്രവാസലോകത്തും സാംസ്കാരിക ഇടപെടലുകൾ നടത്തുന്ന ഈ കലാകാരന്മാർ മലയാളിയുടെ ആവിഷ്ക്കാരത്തിന്റെ കൊടിയടയാളം നാടകമാണെന്ന് വീണ്ടും പ്രഖ്യാപിക്കുന്നു. ■



നിയമം




# ഇന്ത്യൻ ഭരണഘടനയിലെ മതനിരപേക്ഷത


**ഓമന റസ്സൽ**

സ്വതന്ത്ര ഇന്ത്യയിലെ ജനസംഖ്യയിൽ 83% ഹിന്ദുക്കളായിരുന്നു. നാലു കോടിയിൽ പരം മുസ്ലീങ്ങളും ഒരു കോടി ക്രിസ്ത്യാനികളും 50 ലക്ഷം സിക്കുകാരും ഗണ്യമായ തോതിൽ പാഴ്സികളും ജൈനമതക്കാരും ബുദ്ധമതക്കാരും യഹൂദന്മാരും ഇന്ത്യയിൽ താമസിച്ചി രുന്നു. ജനപ്രതിനിധി സഭകളിലും പാർലമെന്റിലും ഹിന്ദുക്കൾ ഭൂരിപക്ഷമാകുന്ന സാഹ ചര്യത്തിൽ ഏതു നിയമവും പാസ്സാക്കാനും ഗവൺമെന്റിന്റെ എല്ലാപ്രവർത്തനങ്ങളിലും നിയന്ത്രണം ചെലുത്താനും മതന്യൂനപക്ഷങ്ങളുടെ വിശ്വാസത്തെ തുരങ്കം വയ്ക്കാനും സാധ്യതയുണ്ടെന്നും തദ്വാര ഭരണഘടനാ നിർമ്മാതാക്കൾ മുൻകൂട്ടി മനസ്സിലാക്കി. അത്തരമൊരവസ്ഥ സംജാതമാകാതിരിക്കേണ്ടതിനു വേണ്ടി ഭരണഘടനയിൽ മൗലികാവ കാശങ്ങൾ ഉറപ്പു നൽകി.

സമത്വത്തിനും സ്വാതന്ത്ര്യത്തിനുമുള്ള അവകാശങ്ങളും മതസ്വാതന്ത്ര്യത്തിനുള്ള അവകാശവും സ്വത്തവകാശവും സാംസ്കരികവും വിദ്യാഭ്യാസപരവുമായ അവകാശാവും മറ്റും മൗലികാവകാശങ്ങളിലുൾപ്പെടുത്തിയതു കൂടാതെ ഭരണഘടന നിർമാണസഭ, മതന്യൂനപക്ഷങ്ങളിൽ പൂർണ്ണ വിശ്വാസം ജനിപ്പിക്കാൻ വേണ്ടി അത്തരം വ്യവസ്ഥകൾ കൊണ്ടു മാത്രം തൃപ്തിപ്പെടാതെ ഒരു പടി കൂടി മുന്നോട്ടുപോയി മത സ്വാതന്ത്ര്യാവകാശത്തെപ്പറ്റി മാത്രം പ്രതിപാദിക്കുന്ന വകുപ്പുകളുടെ ഒരു പ്രത്യേക വിഭാഗം തന്നെ ഉൾപ്പെടുത്തുകയുണ്ടായി. ഇന്ത്യൻ ഭരണഘടനയിലെ 25,26,27,28 എന്നീ വകുപ്പുകളിൽ വ്യവസ്ഥ ചെയ്യപ്പെട്ട സ്വാതന്ത്ര്യങ്ങൾ മതന്യൂനപക്ഷങ്ങളിൽ വിശ്വാസവും സംതൃപ്തിയും ഉളവാക്കാൻ അപര്യാപ്തമായവയാണ്.

ഏതെങ്കിലും വിധത്തിലുള്ള മതവിശ്വാസം പുലർത്തുന്ന ഒരാൾക്കെതിരായി മതത്തിന്റെയോ സമുദായത്തിന്റെയോ പേരിൽ രാഷ്ട്രം പക്ഷപാതമൊന്നും കാണിക്കയില്ലെന്നതാണ് മതേതര രാഷ്ട്രം എന്നതു കൊണ്ടുദ്ദേശിക്കുന്നത്. ഒരു പ്രത്യേക മതത്തിൽ വിശ്വസിക്കുന്നുവെന്നതു കൊണ്ട് മാത്രം രാഷ്ട്രത്തിലെ ഒരു പൗരനോടും മുൻഗണനയോടെയുള്ള പെരുമാറ്റമോ അയാൾക്കെതിരായി എന്തെങ്കിലും വിവേചനമോ ഉണ്ടാവുകയില്ല. മതനിരപേക്ഷതയെന്നത് മതനിരസമോ മതനിഷേധമോ അല്ല, മറിച്ച് മതങ്ങൾക്ക് തുല്യനീതിയും തുല്യ അവകാശവും ഉള്ള സൗഹൃദ സമൂഹസൃഷ്ടിയാണ്. മതേതര രാഷ്ട്രം നിരീശ്വരമോ മതരഹിതമോ മതവിരുദ്ധമോ ആയ രാഷ്ട്രമല്ല എന്നർത്ഥം. ഇന്ത്യൻ പാരമ്പര്യത്തിന്റെ അടിസ്ഥാനതത്വം ഈശ്വരവിശ്വാസമാണെങ്കിലും നിരീശ്വരവാദിക്കും ഈശ്വരവിശ്വാസിക്കും സഹവർത്തിത്വത്തോടെ ജീവിക്കാൻ അവകാശമുള്ള രാജ്യമായിരുന്നു ഇന്ത്യ.

മനസ്സാക്ഷി സ്വാതന്ത്ര്യത്തിന് എല്ലാ വ്യക്തികൾക്കും തുല്യമായ അർഹതയും സ്വന്തം ഇഷ്ടപ്രകാരം മതം അവലംബിക്കാനും അനുവർത്തിക്കാനും പ്രചരിപ്പിക്കാനുമുള്ള അവകാശമുണ്ടെന്ന് ഭരണഘടനയിലെ 25–ാം വകുപ്പിൽ രേഖപ്പെടുത്തിയിരിക്കുന്നു. അമേരിക്കൻ ഐക്യനാടുകളിലെ മതസ്വാതന്ത്ര്യത്തെ പറ്റിയുള്ള ജൂഡീഷൽ വ്യാഖ്യാനമാണ് ഈ വകുപ്പിലെ പദപ്രയോഗത്തിനാധാരമായിട്ടുള്ളത്. ഏതു മതവി ഭാഗത്തിനും മറ്റുള്ളവരെ തങ്ങളുടെ വിശ്വാസത്തിൽ ചേരാൻ പ്രേരിപ്പിക്കുന്നതിന് സ്വാതന്ത്ര്യമുണ്ടെന്നും സ്വതന്ത്രമായ മന:സാക്ഷി പ്രേരണയനുസരിച്ചുള്ള മതം മാറൽ അംഗീകരിക്കേണ്ടതുണ്ടെന്നും ഡ്രാഫ്റ്റിംഗ് കമ്മറ്റിക്കു വേണ്ടി കെ. എം. മുൻഷി വ്യക്തമാക്കി.■




സിനിമ

# കനാ



എം. എ ലത്തീഫ്

കനാ എന്ന തമിഴ് സിനിമ കൂടുതൽ ശ്രദ്ധേയമാകുന്നത് അതിന്റെ പ്രമേയം കൊണ്ടു തന്നെയാണ്. ഇതിൽ സ്പോർട്സ്, കൃഷി എന്നീ രണ്ടു വ്യത്യസ്ത വിഷയങ്ങളെ തുല്യ പ്രാധാന്യത്തോടെ സമാന്തരമായി കൊണ്ടുപോവുകയും അവസാനഘട്ടത്തിൽ കൂട്ടിമുട്ടി ക്കുകയും ചെയ്യുന്നുണ്ട്. ഇത് തിരക്കഥാ മികവിന്റെ തെളിവാണ്. കലയ്ക്കു വേണ്ടി മാത്രമുള്ളതല്ലെന്നും അതു ജനങ്ങൾക്കു വേണ്ടിയും അവരുടെ വിമോചനത്തിനു വേണ്ടി കൂടിയുള്ളതുമാണെന്ന് സിനിമകളിലൂടെ തെളിയക്കപ്പെട്ടിട്ടുണ്ട്. അടുത്തകാലത്തായി സിനിമാലോകത്തിനിടയിൽ പ്രതീക്ഷയുടെ നിറവെളിച്ചമായി തമിഴ് സിനിമ പ്രകാശിക്കു ന്നുണ്ട്. കൃത്യമായ രാഷ്ട്രീയവും ഇത്തരം സിനിമകൾ മുന്നോട്ടു വെയ്ക്കുന്നു. കൃഷിയുടേയും ക്രിക്കറ്റിന്റെയും സ്ത്രീ സ്വാതന്ത്ര്യത്തിന്റേയും മുന്നേറ്റത്തിന്റേയും രാഷ്ട്രീയമാണ് കനാ എന്ന സിനിമയിൽ പ്രതിപാദിക്കുന്നത്.

കനാ എന്നാൽ സ്വപ്നം എന്നർത്ഥം. ഒരു പെൺകുട്ടിയുടെ സ്വപ്നം അവളുടെ അച്ഛന്റെ സ്വപ്നം. ഒരു നാടിന്റെ സ്വപ്നം എന്നിവയെല്ലാം കോർത്തിണക്കി അവതരിപ്പിക്കുമ്പോൾ ഒരു തുടക്കക്കാരനു ഉണ്ടാകാവുന്ന പരിമിതികൾ മറികടക്കാൻ സംവിധായകൻ അരുണ്രാ ജ കാമരാജിന് ഒരു പരിധിവരെ സാധിച്ചിട്ടുണ്ട്. തിരക്കഥയൊരുക്കിയതും അരുൺ ആണ്. അതിനർത്ഥം ഈ സൃഷ്ടിയിൽ ഒരു ന്യൂനതയും പ്രത്യക്ഷത്തിൽ ഇല്ലയെന്നല്ല. നായികയായ പെൺകുട്ടിയോട് (ഐശ്വര്യ രാജേഷ്) ട്രാവത്സ് ഉടമയ്ക്കു (ദർശൻ) തോന്നുന്ന പ്രണയത്തെ അതിഭാവുകത്വം കലർത്തി അവതരിപ്പിച്ച രംഗങ്ങളെല്ലാം യഥാർത്ഥ വിഷയത്തിന്റെ തീവ്രത കുറയ്ക്കാനാണ് ഉപകരിച്ചത്. അതുപോലെ ശിവകാർത്തികേയ നെപ്പോലൊരു നടൻ പുതിയ കോച്ചായി രംഗപ്രവേശം ചെയ്യുന്നതോടെ കൗസല്യ മുരുഗേശൻ എന്ന നായിക ഫോക്ക സിൽ നിന്നും മാറിപ്പോകുന്നുണ്ട്. ഈ ഫോക്കസ് നിർമ്മാതാവ് ശിവകാർത്തികേയനാണെന്നത് അടിവരയിട്ടു ഓർമ്മപ്പെടുത്തുന്നു.

2019 ലോകക്കപ്പ് ക്രിക്കറ്റിൽ സെമിഫനലിൽ ഇന്ത്യ അവിശ്വസനീയമായി തോറ്റപ്പോൾ കരഞ്ഞ കാണികൾക്കുതുല്യനായി കനായെന്ന സിനിമയിൽ ഒരു കഥാപാത്രമുണ്ട്, മുരുഗേശൻ (സത്യരാജ്), 2007 ലോകകപ്പ് ക്രിക്കറ്റിൽ ഇന്ത്യ ശ്രീലങ്കയോടു പരാജയപ്പെ ടുന്നതു കണ്ട് ഉള്ളു വേദനിച്ചു മുരുഗേശൻ കരയുന്നതു കാണുന്ന 16 വയസ്സുകാരി മകൾ കൗസല്യയിടെ മനസ്സിൽ ഒരു സ്വപ്നം ജനിക്കുകയായിരുന്നു. ഇന്ത്യൻ ക്രിക്കറ്റ് ടീമിൽ കളിച്ചു ലോകകപ്പ് നേടി അച്ഛന്റെ മുഖത്ത് ചിരി കൊണ്ടുവരികയെന്നതായിരുന്നു അത്.



കൃഷിയെ മുഖ്യ വരുമാനമായി കാണുന്ന ഒരു ഗ്രാമപ്രദേശത്തെ സാമൂഹിക പശ്ചാത്ത ലത്തിൽ ഒരു പെൺകുട്ടി ക്രിക്കറ്റ് കളിക്കുകയെന്ന വലിയ വെല്ലുവിളിയെ അതിജീവിച്ചു കൊണ്ടു മാത്രമേ ആ സ്വപ്നം സാക്ഷാത്കരിക്കാനാവുയെന്ന തിരിച്ചറിവ് അച്ഛനും മകൾക്കുമുണ്ട്.

ആദ്യത്തെ എതിർപ്പ് സ്വന്തം അമ്മയിൽ നിന്നു തന്നെയായിരുന്നു. ആൺകുട്ടികൾ കളി ക്കുന്ന ക്രിക്കറ്റ്

(ശേഷം പേജ 50–ൽ)

കാലികം



# കണ്ണീരായി വീണ്ടുമൊരു ദുരന്തചിത്രം



രഘുനാഥ് ഇടത്തിട്ട

സിയുദാദ് വിക്ടോറിയ (മെക്സിക്കോ): സ്വപ്നങ്ങളുമായി ജീവിതത്തിന്റെ മറുകര തേടിയിറങ്ങുമ്പോൾ രണ്ടു വയസുകാരിയായ മകൾ വലേറിയയെയും ഒപ്പം കൂട്ടിയി രുന്നു. 25–കാരനായ ഓസ്കർ മാർട്ടിനെസ് റാമിനെസ്, ഒടുവിൽ പാതിവഴിയിൽ പ്രതീക്ഷയറ്റ് നിലയില്ലാക്കയത്തിലേക്ക് താണുപോയപ്പോഴും ജീവനറ്റ ശരീരങ്ങളായി കരയില ടഞ്ഞിപ്പോഴും ആ അച്ഛൻ മകളെയും മകൾ അയാളെയും ചേർത്തു പിടിച്ച നിലയിലാ യിരുന്നു.

ഓസ്കർ മാർട്ടിനെസും അച്ഛന്റെ മേൽക്കുപ്പായത്തിനുള്ളിൽ അയാളുടെ കഴുത്തിൽ കൈയിട്ട് കമിഴ്ന്നു കിടക്കുന്ന കുഞ്ഞു വാലേറിയയും ജൂൺ 26 ന് ലോകത്തെ കര യിച്ചു. അഭയാർത്ഥികൾക്കു മുന്നിൽ വാതിൽ കൊട്ടിയടയ്ക്കുന്ന അധികാരികളുടെ പോലും ഉള്ളുരുകും വിധം.

മെക്സിക്കോയിൽ നിന്ന് യുഎസിലേക്ക് കുടിയേറാനുള്ള ശ്രമത്തിനിടെയാണ് റിയോ ഗ്രാൻഡെ നദിയിൽ ഓസ്കറും വാലേറിയയും മുങ്ങിമരിച്ചത്. എൽ സാൽവദോർ പൗരനാണ് ഓസ്കർ, ജൂൺ 23 ന് ഉച്ചയ്ക്കു മകളെ ആദ്യം മറുകരയിലെത്തിച്ച ശേഷം 21 കാരിയായ താനിയ വനേസ അവാലോസിനെ അക്കരെയെത്തിക്കാനായി തിരികെ നീ ന്തുകയായിരുന്നു. എന്നാൽ തീരത്ത് ഒറ്റയ്ക്കായ വലേറിയ പേടിച്ചുകരയുകയും വെള്ള ത്തിലേക്ക് എടുത്ത് ചാടുകയും ചെയ്തു. ഓസ്കർ മകളുടെ അടുത്തെത്തി അവളെ മേൽക്കുപ്പായത്തിനുള്ളിലാക്കി ചേർത്തു കെട്ടിയെങ്കിലും പെട്ടെന്നുണ്ടായ മലവെള്ളപ്പാ ച്ചിലിൽ ഇരുവരും ഒഴുകിപ്പോകുകയായിരുന്നു. താനിയയുടെ കൺമുന്നിലായിരുന്നു ദാരുണ സംഭവം.

ജൂൺ 24 ന് ടാമൗലിപാസ് സംസ്ഥാനത്തെ മാറ്റാമൊറോസിൽ നിന്നാണ് ഇരുവരുടെയും മൃതദേഹം കണ്ടുകിട്ടിയത്.

'പോകരുതെന്ന് അവനോട് യാചിച്ച് പറഞ്ഞിരുന്നു. എന്നാൽ, വീടുവെക്കണമെന്നും അതിന് പണം വേണമെന്നും പറഞ്ഞാണ് വീടുവിട്ടിറങ്ങിയത്. ഓസ്കറിന്റെ അമ്മ റോസ റമിറെസ് കണ്ണീരോടെ പറഞ്ഞു. അഭയാർത്ഥി വിസയിൽ തങ്ങൾ രണ്ടുമാസമായി മെക്സിക്കോയിൽ കഴിഞ്ഞുവരുകയായിരുന്നുവെന്നും യു എസ് അധികൃതരെ നേരിട്ടു ബന്ധപ്പെട്ട് അഭയാമാവശ്യപ്പെടാൻ കഴിയാത്തതിനാലാണ് നദി മുറിച്ചു കടക്കാനുള്ള തീരുമാനമെടുത്തതെന്നും താനിയ വാർത്താ ഏജൻസിയോട് പറഞ്ഞു. മെക്സിക്കൻ പത്രമായ ലാജോർ നാഡയാണ് മൃതദേഹങ്ങളുടെ ചിത്രം പ്രസിദ്ധീകരിച്ചത്. 2015 ൽ ലോകത്തെ കരയിച്ച സിറിയൻ ബാലൻ അലൻ കുർദിയുടെ ചിത്രത്തിന് സമാനമായി ഓസ്കറിന്റെയും വലേറിയയുടെയും ചിത്രവും. ■





സ്മരണ

# റഷീദ് കൂരിയാടൻ ഓർമ്മയായി

റഷീദ് കൂരിയാടൻ എന്ന മനുഷ്യ സ്നേഹി ഇന്ന് നമ്മോടൊപ്പമില്ല. അദ്ദേഹം ആരോടും യാത്രപറയാതെ കാലയവനികക്കുള്ളിലേക്ക് നടന്നു മറഞ്ഞു. ഒരു പാട് കാര്യങ്ങൾ ചെയ്യാൻ ബാക്കിവെച്ച്, ചെയ്ത്കൊണ്ടിരുന്നത് പൂർത്തിയാക്കാതെ, അനിവാര്യമായ നിത്യ നിദ്രയിലേക്ക്, അവിശ്രമമായ ജീവിതത്തിന് പൂർണ്ണ വിരാമമിട്ടുകൊണ്ട് കടന്നുപോയി ആ കർമ്മയോഗി.

ആയിരത്തി തൊള്ളായിരത്തി എഴുപതുകളിൽ ശക്തി പ്രാപിച്ച ഗൾഫ് കുടിയേറ്റ കാലത്ത് യു.എ.ഇ യിലെ മണലാരണ്യത്തിൽ എത്തിച്ചേർന്നിടത്തുനിന്നും ആരംഭിക്കുകയാണ് റഷീദ് കൂരിയാടൻ എന്ന വിപ്ലവകാരിയുടെ പ്രവാസജീവിതം.

നിത്യജീവിതത്തിൽ നമ്മൾ കണ്ടുമുട്ടാറുള്ള ഒരു ശരാശരി പ്രവാസിയെ പോലെ സ്വന്തം കുടുംബത്തിനുവേണ്ടി മാത്രമായിരുന്നില്ല റഷീദ് കൂരിയാടൻ എന്ന സഖാവിന്റെ ജീവിതം. വിദ്യാഭ്യാസ കാലത്ത് സ്വാംശീകരിച്ച ഇടത്പക്ഷ ആശയങ്ങൾ, അണയാത്ത തീജ്വാലയായി നെഞ്ചിലേറ്റിയ സഖാവിന്റെ ഓരോ വാക്കും പ്രവൃത്തിയും, മണലാരണ്യ ത്തിൽ വന്നുപെട്ട അശരണർക്ക് അത്താണിയായ നിരവധി സംഭവങ്ങ ളുണ്ട്.

ദുബായിയിലും പിന്നീട് റാസൽ ഖൈമയിലും ജീവിതത്തിന്റെ നിറ യൗവ്വനം ഹോമിച്ചപ്പോഴും സഖാവിന്റെ മനസ്സ് വേദനിച്ചില്ല. ഇടതുപക്ഷ കലാസാംസ്കാരിക രംഗത്ത് തന്റേതായ ഒരു ഇടം കണ്ടെത്തുകയും 'റാസൽ ഖൈമ ചേതന' യുടെ സജീവ പ്രവർത്തക നാവുകയും, അതുവഴി പ്രവാസ ജീവിതം അർത്ഥ പൂർണ്ണമാക്കുകയും ചെയ്തു.

അദ്ദേഹത്തിന്റെ ആദ്യ തട്ടകമായ നെന്മേനി വില്ലേജിലെ തൊവരിമല തീർത്തും ഒരു ഗ്രാമപ്രദേശമാണ്. എസ്റ്റേറ്റ്തൊഴിലാളികളും, കർഷകരും തിങ്ങിപാർക്കുന്ന ഒരു പ്രദേശം. പക്ഷേ ആയിരത്തി തൊള്ളായിരത്തി അറുപതുകളിൽ തന്നെ ഈ പ്രദേശത്ത് ഇടതുപക്ഷത്തിന്റെ ശക്തമായ ഇടപെടൽ നടന്നിരുന്നു. സഖാവ് അക്കാലത്തു തന്നെ പാർട്ടിയിൽ അംഗമാവുകയും ഇടതുപക്ഷ ആശയ പ്രചരണത്തിന് അദ്ദേഹം നേതൃത്വം നൽകിയ ഗോർക്കി ആർട്സ് എന്ന സാംസ്കാരിക കേന്ദ്രം വയനാട്ടിലെ തന്നെ വലിയ ചർച്ചക്കു വഴിവെക്കുകയും ചെയ്തു. അക്കാലത്ത് സഖാവിന്റെ നേതൃത്വത്തിൽ അരങ്ങേറിയ ചില നാടകങ്ങൾ സമൂഹത്തിൽ ചലനങ്ങൾ സൃഷ്ടിക്കുകയും അത് മത പൗരോഹിത്യത്തെ ചൊടിപ്പിക്കു കയും തുടർന്ന് നാടകത്തിന് വിലക്ക് ഏർപ്പെടുത്തുകയും അതിനെ യെല്ലാം തൃണവൽഗണിച്ച്കൊണ്ട് സാംസ്കാരിക പ്രവർത്തനം അരങ്ങു തകർക്കുകയും ചെയ്തു. ഇതിലൂടെ പ്രദേശത്താകെ ശക്തമായ ഇടതുപക്ഷ ഐക്യം രൂപപ്പെട്ടു എന്നുള്ളതാണ് എടുത്തുപറയേണ്ട സംഗതി.

വയനാട്ടിലെ ആദ്യകാല നാടക പ്രവർത്തകരിൽ പ്രധാനിയായ തൊവരിമല അബ്ബാസ് സഖാവിന്റെ മൂത്ത സഹോദരനായിരുന്നു. മറ്റു സഹോദരൻമാരായ ഹമീദ് കൂരിയാടൻ, നസീർ കൂരിയാടൻ, സലീം കൂരിയാടൻ എന്നിവരും സാംസ്കാരിക രാഷ്ട്രീയ പ്രവർത്തകരും പ്രവാസി സംഘത്തിലെ സജീവാംഗങ്ങളുമാണ്.

ദീർഘകാല പ്രവാസ ജീവിതം അവസാനിപ്പിച്ച് സ്വന്തം നാട്ടിൽ തിരിച്ചെത്തിയ സഖാവിന് പിന്നീടങ്ങോട്ട് വിശ്രമമില്ലാത്ത ദിനരാത്രങ്ങളായിരുന്നു. വയനാട്ടിൽ കേരളാ പ്രവാസി സംഘം രൂപീകരിക്കുന്നതിന് സഖാവ് നടത്തിയ പ്രവർത്തനങ്ങൾ അദ്ദേഹത്തിന്റെ പ്രായത്തെ വെല്ലുന്നതായിരുന്നു. തീർന്നില്ല സംഘത്തിന്റെ ജില്ലാ സെക്രട്ടറി, ജില്ലാ പ്രസിഡണ്ട് എന്നീ നിലകളിൽ ദീർഘകാലം പ്രവർത്തിക്കുകയും ചെയ്തു. കേരള പ്രവാസി സംഘം ജില്ലാ രക്ഷാധികാരി, സുൽത്താൻ ബത്തേരി താലൂക്ക് കമ്മിറ്റി പ്രസിഡണ്ട്, സുൽത്താൻ ബത്തേരി ബ്ലോക്ക് പ്രവാസി ക്ഷേമ സഹകരണ സംഘം ഡയറക്ടർ എന്നീ സ്ഥാനങ്ങളിൽ സജീവമായി പ്രവർത്തിച്ചു വരുമ്പോഴാണ് രംഗ ബോധമില്ലാത്ത ഒരു കോമാളിയായി വന്ന് മരണം അദ്ദേഹത്തെ തട്ടിയെടുത്തത്.

അനാരോഗ്യം പിന്നിലേക്ക് വലിക്കുമ്പോഴും മനസ്സിലെ യൗവ്വനം അദ്ദേഹത്തെ കർമ്മനിരതനാക്കി. സംഘത്തിന്റെ പ്രവർത്തനത്തോടൊപ്പം വായനശാല പ്രവർത്തനം, ശാസ്ത്ര സാഹിത്യ പരിഷത്ത്, പുരോഗമന കലാസാഹിത്യ സംഘം, വയോജനങ്ങളുടെ സംഘടന, പാർട്ടി ബഹുജന സംഘടനകൾ എന്നിവയിലെല്ലാം അദ്ദേഹം നിറ സാന്നിധ്യമായിരുന്നു.

സമൂഹത്തോട് ഇത്രയധികം കരുതലും, കരുണയുമുള്ള വ്യക്തികൾ വളരെ അപൂർവ്വമാണ്. അത്കൊണ്ട് തന്നെ അത്തരം ആളുകളുടെ വേർപാട് താങ്ങാൻ കാഴിയാത്ത ദുഃഖമായി കുറെയാളുകളുടെ മനസ്സിൽ അവശേഷിക്കുക തന്നെ ചെയ്യും.

റഷീദ് കൂരിയാടൻ എന്ന വിപ്ലവസൂര്യൻ അസ്തമിക്കുന്നില്ല. പുതിയ പ്രഭാതങ്ങൾക്കായി കാത്തിരിക്കുന്ന ആയിരങ്ങളുടെ മനസ്സിൽ വിപ്ലവത്തിന്റെ പൊൻകതിർ വീശിക്കൊണ്ട് ഒരു കാവലാളായി കാലയവനികക്കുള്ളിൽ കാത്തു നിൽക്കുന്നുണ്ടാവും.



**കെ.കെ. നാണു**
*വയനാട് ജില്ല സെക്രട്ടറി*



സുൽത്താൻ ബത്തേരി ബ്ലോക്ക് പ്രവാസി ക്ഷേമ സഹകരണ സംഘത്തിന്റെ ഉൽഘാടനം ബഹു. ധനകാര്യ വകുപ്പ് മന്ത്രി ശ്രീ. ടി.എം. തോമസ് ഐസക്ക് നിർവ്വഹിക്കുന്നു.



നവകേരള നിർമ്മാണത്തിനായുള്ള പ്രവാസികളുടെ സംഭാവന ശ്രീ. ജോർജ് വർഗീസ് ബഹു. മുഖ്യമന്ത്രി പിണറായി വിജയന് കൈമാറുന്നു




കൊച്ചി എയർപോർട്ട് മാർച്ച് ജനറൽ സെക്രട്ടറി ശ്രീ. അബ്ദുൾ ഖാദർ എം.എൽ.എ ഉദ്ഘാടനം ചെയ്യുന്നു.



തിരുവനന്തപുരത്ത് മാർച്ച് പ്രസിഡന്റ് ശ്രീ. പി. ടി. കുഞ്ഞുമുഹമ്മദ് (Ex MLA) ഉദ്ഘാടനം ചെയ്യുന്നു.



മാർച്ച് കാസർഗോഡ്



മാർച്ച് കോട്ടയം




മാർച്ച് തൃശൂർ




മാർച്ച് കണ്ണൂർ



പ്രവാസി കോഫി ഹൗസ് ബഹു. മന്ത്രി
ഇ. പി. ജയരാജൻ ഉദ്ഘാടനം ചെയ്യുന്നു



നെല്ലായ പ്രവാസി ക്ഷേമ സഹകരണസംഘം
ശ്രീ. പി. കെ. ശശി എം. എൽ. എ ഉദ്ഘാടനം ചെയ്യുന്നു



പേരൂർക്കട ഏരിയാ കൺവൻഷൻ
ശ്രീ. സജീവ് തൈക്കാട് ഉദ്ഘാടനംചെയ്യുന്നു.



മാർച്ച് കൊല്ലം



മാർച്ച് കോഴിക്കോട്



മാർച്ച് ആലപ്പുഴ



മെമ്പർഷിപ്പ് - എറണാകുളം


മാർച്ച് മലപ്പുറം


" മാസ വരുമാനത്തിന്റെ അടിസ്ഥാനത്തിൽ എല്ലാ
വിഭാഗക്കാർക്കും 20 വർഷ കാലാവധിയിൽ
1 ലക്ഷം മുതൽ 30 ലക്ഷം രൂപ വരെ വായ്പ "
മലപ്പുറം ജില്ല സഹകരണ ബാങ്കിന്റെ
നൂതന ഭവന വായ്പാ പദ്ധതി
സ്വപ്നക്കൂട്
EMI ₹.932*
Per Lakh
Toll Free No : 18005 320 320
*Condition Apply
NRE ACCOUNT
www.mdcb.com
നിങ്ങളോടൊപ്പം
ഞങ്ങളുണ്ട്
NRE സേവനങ്ങൾ സുഗമമായി
മലപ്പുറത്തിന്റെ സ്വന്തം ബാങ്കിലൂടെ.
nremdcb@gmail.com
MDC BANK
വിശ്വാസം നൂറുമേനി
Malappuram District Co-operative Bank Ltd.
Head Office, PB No. 8, Malappuram - 676 505
0483 2731126 | 0483 2731142 | 0483 2734853 | contact@mdcb.com, mdcbmlpm@gmail.com



യാത്ര

# അമേരിക്കയിലെ സ്വർണ്ണ ഖനി

അജിത് നാട്ടകം

ഡെൻവറിന്റെ തുടക്കം 1858-ൽ ഒരു ഗോൾഡ് മൈനിങ്ങ് ക്യാംപായിട്ടാണ്. സമുദ്ര നിരപ്പിൽനിന്ന 5280 അടി ഉയരത്തിൽ റോക്കി മൗണ്ടനുകളുടെ താഴ്വാരത്തിലുള്ള ഈ നഗരം കൊളറാഡോയിലെ ഒരു സാംസ്കാരിക കേന്ദ്രംകൂടിയാണ്. ഒട്ടേറെ മ്യൂസിയങ്ങൾ, ഗാലറികൾ, തിയറ്ററുകൾ, കായികകേന്ദ്രങ്ങൾ എന്നിവ ഇവിടെ കാണാം. ഡൗൺടൗൺ ഡെൻവറിൽ തന്നെ ഏതാണ്ട് മുന്നൂറോളം റസ്റ്ററന്റുകളും എണ്ണായിരത്തോളം ഹോട്ടൽ റൂമുകളുമുണ്ട്. ഷോപ്പിങ്ങിന് കൂടുതൽ താൽപ്പര്യമുള്ളവർക്ക് ഇവിടുത്തെ ചിക് ലാരിമെർ സ്ക്വയർ ആകർഷകമായിരിക്കും. മാളിന്റെ തെക്കേയറ്റത്തായിട്ടാണ് സിവിക് സെന്റർ പാർക്ക് മ്യൂസിയങ്ങളും കൊളറാഡോ സ്റ്റേറ്റ് കാപ്പിറ്റോൾ മന്ദിരവുമെല്ലാം ഇതിനോട് ചേർന്നാണ്.

ഡെൻവറിൽനിന്ന് കഷ്ടിച്ച് ഒരു മണിക്കൂർ യാത്ര ചെയ്താൽ സ്കീയിങ്, ഹോഴ്സ്ബാക്ക്, റൈഡിങ്, ഗോൾഫ് തുടങ്ങി ഒട്ടേറെ വിനോദങ്ങൾക്കു പറ്റുന്ന റോക്കി മൗണ്ടൻ താഴ്വാരങ്ങളിലേക്കെത്താം. ബീവരിംഗ് ക്രീക്ക് റിസോർട്ട് ഇത്തരത്തിലുള്ള ഒരു ഉല്ലാസ കേന്ദ്രമാണ്. ലോകത്തിലെ ഏറ്റവും ഉയരത്തിലുള്ള റയിൽപാതയായ പൈക്സ് പീക്കിലേക്കുള്ള യാത്രയും ഏറെ ആവേശം ജനിപ്പിക്കുന്നതാണ്. നോർത്ത് അമേരിക്കയിലുള്ള ഏറ്റവും ഉയരത്തിലുള്ള പാതയുള്ള മൗണ്ട് ഇവാൻസിലേക്കുള്ള യാത്രയും സാഹസികരുടെ താൽപര്യമുണർത്തും.

പലതരം ആഘോഷങ്ങളും ഡെൻവറിന്റെ ആകർഷണങ്ങളാണ്. സിൻസോ ഡി മോയാ ഫെസ്റ്റിവൽ, ബ്ലാക് ആർട്സ് ഫെസ്റ്റിവൽ, ഗ്രീക്ക് ഫെസ്റ്റിവൽ എന്നിവ ഇവയിൽ ചിലതാണ്.

ഷോപ്പിങ്ങിനു കൂടുതൽ താൽപര്യമുള്ളവർക്കായുള്ള മറ്റൊരു മേഖല ചെറി ക്രിക്ക് ഷോപ്പിങ് ഡിസ്ട്രിക്ട് ആണ്. ഇവിടെ ഏതാണ്ട് 500 കടകളും റസ്റ്ററന്റുകളും സ്ഥാപനങ്ങളുമുണ്ട്. ഒട്ടേറെ ബ്രാൻഡഡ് ഷോപ്പുകളും ഇവിടെ കാണാൻ കഴിയും.


ഡെൻവർ ഇന്റർനാഷണൽ എയർപോർട്ട് നോർത്ത് അമേരിക്കയിലെ അഞ്ചാമത്തെ തിരക്കേറിയ വിമാനത്താവളമാണ്. ലോകത്തിലെ പത്താമത്തെ തിരക്കേറിയ വിമാനത്താവളവും ഇതുതന്നെ. ദിവസവും 1600 നോൺ സ്റ്റോപ് വിമാനങ്ങളാണ് ലോകത്തിലെ 150 രാജ്യങ്ങളിലേക്ക് ഇവിടുന്ന് സർവ്വീസ് നടത്തുന്നത്. ഭൂഗർഭ ട്രെയിൻ സർവ്വീസ് വഴി വിമാനത്താവളത്തിലെ വിവിധ ടെർമിനലുകളിലെത്താൻ സൗകര്യമൊരുക്കിയിട്ടുണ്ട്.

ഡെൻവറിലെ ഏറ്റവും ശ്രദ്ധേയമായ മന്ദിരം സ്റ്റേറ്റ് ക്യാപ്പിറ്റോൾ ആണ്. യു.എസ്. ക്യാപ്പിറ്റോൾ മന്ദിരത്തിന്റെ മാതൃകയിലാണ് ഇതും നിർമ്മിച്ചിരിക്കുന്നത് കോളറാഡോയിലെ പൂർവപിതാക്കൻമാരായ നേറ്റീവ് അമേരിക്കൻസ് (റെഡ് ഇൻഡ്യൻസ്), കൗ ബോയ്സ്, ഖനിത്തൊഴിലാളികൾ എന്നിവരുടെയൊക്കെ ചരിത്രത്തിലേക്ക് വെളിച്ചം വീശുന്നതാണ് ഇവിടുത്തെ കൊളറാഡോ ഹിസ്റ്ററി മ്യൂസിയം. അഗ്നിശമന സേനയ്ക്കുമുണ്ട് ഇവിടെ മ്യൂസിയം. ഡെൻവറിലെ മറ്റൊരു പ്രധാന ഉല്ലാസ കേന്ദ്രമാണ് വാട്ടർ തീം പാർക്കായ എലിച്ച് ഗാർഡൻസ് തിം പാർക്ക്. അൻപതോളം റൈഡുകൾ ഇവിടെയുണ്ട്. നവജാതശിശുക്കൾ മുതൽ എട്ടു വയസ്സുവരെയുള്ള കുട്ടികളെ ലക്ഷ്യമിട്ടുള്ളതാണ് ഇവിടുത്തെ ചിൽഡ്രൻസ് മ്യൂസിയം.



യാത്ര

# രാജ്ഗീറിലെ ഉഷ്ണ ജലസ്രോതസ്സുകൾ തേടി



ഫാ. ഡോ. കെ.എം. ജോർജ്


രാജ്ഗീറിലെ സിദ്ധാർത്ഥ ഹോട്ടലിൽനിന്ന് രാവിലെ ഒരു നടത്തത്തിന് ഇറങ്ങിയതാണ്. ഉത്തരേന്ത്യയിൽ ചൂടു വരുന്നതിന് മുമ്പുള്ള സുഖശീതളമായ വസന്തം. രാജ്ഗീറിലെ ചെറു പട്ടണം നിറയെ പരമ്പരാഗതമായ ടോംഗാ വണ്ടികളുണ്ട്. മിക്കവാറും ശോഷിച്ച കുതിരകളെ കെട്ടിയ ഇരുചക്രവാഹനങ്ങൾ. ഓട്ടോറിക്ഷകൾ എത്തുന്നതിനു മുമ്പ് ഉത്തരേന്ത്യിലെ പല സ്ഥലങ്ങളിലും ടാക്സിയായി ഓടിയിരുന്നത് ടോംഗാകളാണ്. ഇന്നും അവയുടെ ആകർഷണം കുറഞ്ഞിട്ടില്ല, സന്ദർശകർക്ക്.


രാവിലെ, ചെറിയ തണുപ്പുള്ള കാറ്റുമേറ്റ് ടോംഗയിൽ ഒന്നു കയറുകയും സ്ഥലം കാണുകയും ചെയ്യണമെന്ന് മനസ്സിലൊരു പൂതി. ഹോട്ടലിന്റെ മുമ്പിൽ കണ്ട ടോംഗാവാലയെ കൈയാട്ടി വിളിച്ചു. 'എനിക്കു വേണുവനത്തിൽ പോകണം' എന്നു പറഞ്ഞു. അയാൾക്ക് ചിരിവന്നു. ഒരു ചെറിയ പരിഹാസച്ചുവയുള്ള ചിരി കണ്ടപ്പോൾ ഞാൻ ഇളിഭ്യനായി. അയാൾ കൈചൂണ്ടിക്കാണിച്ചു, "അതാണ് വേണുവനം."

തെരുവിനപ്പുറത്ത് മരങ്ങളും മുളകളും നിബിഡമായിനിൽക്കുന്നത് ഞാൻ അപ്പോഴാണ് കണ്ടത്. മൂന്നു നാല് മിനിറ്റ് നടന്നാൽ വേണുവനത്തിൽ എത്തും. രണ്ടായിരത്തി അഞ്ഞൂറ് വർഷങ്ങൾക്ക് മുമ്പ് മഗധയിലെ ബിംബിസാരചക്രവർത്തി ഗൗതമബുദ്ധന് ധ്യാനിക്കാൻ കൊടുത്ത ഒരു തുണ്ട് വനഭൂമിയാണത്. ഈറ്റയും മുളയും നിറഞ്ഞതുകൊണ്ടാകാം വേണുവനം എന്ന് പേരു വീണത്. ഇന്നും ആ പ്രദേശം ഒരു പാർക്കുപോലെ സൂക്ഷിക്കുന്നു. നടുക്ക് വിശാലമായ ഒരു കുളവും ചുറ്റുപാടും ആളുകൾക്ക് ഇരുന്ന് ധ്യാനിക്കാൻ പറ്റിയ ചെറുപീഠങ്ങളും ധാരാളം തണൽ മരങ്ങളും. ഞാൻ വഴി മുറിച്ചുകടന്ന് വേണുവനത്തിലേക്ക് പ്രവേശിച്ചപ്പോൾ അകത്ത് എന്തോ ആഘോഷം നടക്കുന്ന പ്രതീതി. വെള്ളക്കുപ്പായങ്ങളും ശിരോവസ്ത്രങ്ങളും അണിഞ്ഞ ധാരാളം സ്ത്രീകളും ബർമീസ് വേഷം ധരിച്ച കുറെ പുരുഷന്മാരും. ഒരു വലിയ അരയാൽ മരത്തിനു കീഴിലെ ബുദ്ധ പ്രതിമയ്ക്ക് ചുവട്ടിൽ ചെറിയ പായകൾ വിരിച്ച് നിരനിരയായി ധ്യാനിക്കുകയാണ് വെള്ളവസ്ത്രധാരികളായ സ്ത്രീകൾ. ഏതാനും കിളികളുടെ ശബ്ദമല്ലാതെ യാതൊരു മനുഷ്യശബ്ദവുമില്ല. എല്ലാവരുടെയും പുറകിൽ സാധാരണ വേഷം ധരിച്ച ഒരു സ്ത്രീ ഇരുന്ന് ഒരു ഫയലിൽ എന്തൊക്കെയോ നോക്കുന്നു. ഞാനവരുടെ അടുത്തു ചെന്ന് പതിഞ്ഞ സ്വരത്തിൽ ചോദിച്ചു, "ആരാണ് നിങ്ങളുടെ സംഘത്തിൽ?"

അവർ പറഞ്ഞു, മ്യാന്മറിൽ നിന്ന് – പഴയ ബർമ്മ – വന്നിരിക്കുന്ന ബുദ്ധഭിക്ഷുണികളുടെ സംഘമാണ്. ബുദ്ധന്റെ പാദസ്പർശനമേറ്റ സ്ഥലങ്ങളിലെല്ലാം തീർത്ഥാടനത്തിന് വന്നിരിക്കുകയാണ്. പല സ്ത്രീകളും നേരിയ, വലപോലെയുള്ള തുണികൊണ്ട് മുഖവും തലയും മൂടിയിരുന്നു. ആ വേഷത്തിന്റെ പ്രത്യേകതകളെക്കുറിച്ച് ഞാൻ ചോദിച്ചു. തലയും മുഖവും മൂടുന്നതിന് സന്യാസ വേഷമല്ല. വെളമ്പ്രദേശങ്ങളിൽ ഇരുന്ന് ധ്യാനിക്കുമ്പോൾ കൊതുക് കുത്താതിരിക്കാനുള്ള മുൻകരുതലാണെന്ന് അവർ പറഞ്ഞു.

വാസ്തവത്തിൽ, എല്ലാ സന്യാസിനികളുടെയും തല മുണ്ഡനം ചെയ്തതാണ്. എന്റെ ചിന്ത പെട്ടെന്ന് രണ്ടര സഹസ്രാബ്ദങ്ങൾക്കപ്പുറത്തേക്ക് പോയി. അവിടെ ഒരു മരച്ചുവട്ടിലിരുന്ന് ശി





ഷ്യന്മാരോട് സംസാരിക്കുന്ന ബുദ്ധന്റെ ചിത്രം തെളിഞ്ഞുവന്നു. രാജ്ഗീർ പ്രശസ്തമായ രാജധാനി ആയിരുന്നതുകൊണ്ട് തീർച്ചയായും ധാരാളം ആളുകൾ ബുദ്ധന്റെ പ്രബോധനം കേൾക്കാൻ വന്നുകൂടിക്കാണും. മലഞ്ചെരിവുകളിലും തടാക തീരത്തും അണിമരത്തണലിലുമൊക്കെ ഇരുന്നുകൊണ്ട് ജനങ്ങളെ പഠിപ്പിച്ച നസ്രായനായ യേശുവിന്റെ ചിത്രവും മനസ്സിൽ പതിഞ്ഞു. ബുദ്ധചരിതവും ക്രിസ്തുചരിതവും ഒരുമിച്ച് പഠിച്ചാൽ അവർ തമ്മിലുള്ള ചില സമാനതകൾ നമ്മെ അത്ഭുതപ്പെടുത്തും.

പ്രകൃതിയോടുള്ള ബന്ധം ഈ മഹാഗുരുക്കന്മാർ എപ്പോഴും സൂക്ഷിച്ചിരുന്നു. അടച്ചുകെട്ടിയ കെട്ടിടങ്ങൾക്കുള്ളിൽ ഇരുന്ന് പഠിപ്പിക്കാതെ പ്രകൃതിയുടെ മടിത്തട്ടിൽ ഇരുന്നുകൊണ്ട് പ്രബോധനം നൽകാനാണ് അവർ ശ്രമിച്ചത്.

ബുദ്ധാശ്രമങ്ങൾക്ക് വിഹാരം എന്ന പേര് നൽകിയതിനെക്കുറിച്ച് മുമ്പ് സൂചിപ്പിച്ചിട്ടുണ്ടല്ലോ. പാരിസ്ഥിതിക പ്രശ്നങ്ങൾ നമ്മെ അലട്ടുന്ന ഈ കാലത്ത് പുരാതന സന്യാസ പ്രസ്ഥാനവും പ്രകൃതിയുമായും ഉണ്ടായ ബന്ധം അനുസ്മരിക്കാവുന്നതാണ്.

സന്യാസിമാരുടെ ധ്യാനത്തെ ഒട്ടും തടസ്സപ്പെടുത്താതെ കുറെ സമയം ഞാനും അവിടെ നിശ്ശബ്ദമായി ഇരുന്ന് ധ്യാനിച്ചു. തിരിച്ചുപോരും വഴി ഒരു മരത്തിൽ നിന്നു വീണുകിടന്ന ഒരു വലിയ ആലില എനിക്ക് കൗതുകകരമായി തോന്നി. മഞ്ഞയും ഓറഞ്ചും ചുവപ്പും കലർന്ന ആ ഇല ഞാനെടുത്ത് എന്റെ ചെറുസഞ്ചിയിൽ വച്ചു. ഇലയുടെ ഒരു ഭാഗം ദ്രവിച്ചിരുന്നു. അതിലൂടെ അതിസൂക്ഷ്മമായ ഞരമ്പുകളും അവയുടെ പരസ്പര ബന്ധവും നമുക്കു കാണാം. ഇലയുമായി കേരളത്തിലെത്തിയപ്പോൾ ആ ഇല മുഴുവൻ സ്വാഭാവികമായി കരിഞ്ഞ് ഉണങ്ങിയിരുന്നു. പക്ഷേ അതിന്റെ ഓർമ്മ ഞാനൊരു ക്യാൻവാസിലേക്ക് പകർത്തി. ഇലയ്ക്കുള്ളിൽ ഒരു മരവും ശാഖോപശാഖകളും പല തരം പക്ഷികളും.

പ്രകാശപൂർണ്ണമായ ചരിത്രസന്ദർഭങ്ങളെ കലയിലൂടെ പ്രകാശിപ്പിച്ച് അതിൽ ഉല്ലസിക്കാൻ സാധിക്കുമെന്ന ഒരു എളിയ ചിന്ത എന്റെ മനസിൽ പുതിയ ചിറകുകൾ വിടർത്തുന്നു.

രാജ്ഗീർ എന്ന രാജഗൃഹം (രാജധാനി എന്ന അർത്ഥത്തിൽ) അഞ്ച് മലകളുടെ മധ്യത്തിലുള്ള ഒരു താഴ്വരയാണ് – രത്നഗിരി, വൈഭഗിരി, സോമഗിരി, ഉദയഗിരി, വിപലാചലം. ഏതാണ്ട് നാനൂറ് മീറ്ററോളം ഉയരമുള്ള ചെറിയ മലകൾ. ഇവിടെയെല്ലാം ബുദ്ധസ്മാരകങ്ങളും സന്യാസിമാർ താമസിച്ച പാറക്കെട്ടിലെ ഗുഹകളുമുണ്ട്. ഇപ്പോഴും ബൗദ്ധ, ജൈന, ഹൈന്ദവ പാരമ്പര്യങ്ങളിൽ ഒരുപോലെ ജനപ്രിയമായ തീർത്ഥാടന സ്ഥലങ്ങളാണിവ. അതിലൊരു മലയിൽ സ്ഥാപിച്ചിരിക്കുന്ന ബുദ്ധ സ്തൂപമുണ്ട്. അവിടേക്ക് പോകാൻ പ്രധാനമായും ഉരുക്കുകേബിളിലൂടെ ഉയരത്തിൽ പോകുന്ന കേബിൾ കാറുകളാണ്. 1970 കളുടെ ആരംഭത്തിൽ ജപ്പാനിലെ ബുദ്ധമത വിശ്വാസികൾ അവിടുത്തെ സർക്കാരിന്റെ സഹായത്തോടെ പണിത മനോഹരമായ ബുദ്ധസ്മാരകമാണ് മലയുടെ മുകളിൽ. മാർബിളിൽ തീർത്ത സൗധത്തിന്റെ നാലുവശത്തും നാലു ദിക്കുകളിലേക്കും നോക്കുന്ന ബുദ്ധരൂപങ്ങളുണ്ട്. അശോക സ്തംഭത്തിലെ നാല് സിംഹമുഖങ്ങൾ പോലെ. എല്ലാ മതങ്ങളിലും ദിക് സങ്കല്പം ഓരോ തരത്തിൽ സുപ്രധാനമായി കരുതപ്പെട്ടിട്ടുണ്ടെന്ന ചിന്തയും നമ്മെ ഓർമ്മിപ്പിക്കുന്നതാണ് ഇത്.

അവിടേക്കുള്ള യാത്രാമാർഗമായ റോപ് വേ ജപ്പാൻകാർ തന്നെയാണ് പണിതത്. പക്ഷേ, ഇപ്പോൾ സിംഗപ്പൂരിലോ സ്വിറ്റ്സർലണ്ടിലോ ഒക്കെ വലിയ മലകൾക്കിടയിൽ പണിയുന്ന സുഖകരമായ കേബിൾ കാറുകളല്ല അത്. വെറും ഇരുമ്പ് കസേരയിൽ കാലുകൾ താഴേക്കിട്ട് ഒരാൾക്കു മാത്രം ഇരിക്കാം. കേബിളിലൂടെ നിരന്തരം ചലിക്കുന്ന കസേര താഴെ വരുമ്പോൾ നിന്നുതരികയില്ല. നീങ്ങുന്ന ഇരുമ്പു കസേരയിലേക്ക് നാം ചാടിക്കയറണം. പ്രായമുള്ളവർക്കും ശരീരം തടിച്ചവർക്കുമൊന്നും അത്ര എളുപ്പമല്ല ഇത്. പല സ്ത്രീകളും പരാജയപ്പെട്ട് മാറുന്നത് കണ്ടു. നമ്മെ തള്ളിക്കയറ്റാൻ ചില സർക്കാർ ജോലിക്കാരുണ്ട്. പക്ഷേ അവർ സർക്കാർ മുറിയിൽ തള്ളുമ്പോൾ നമ്മൾ ചിലപ്പോൾ താഴെക്കിടന്നെന്നും വരാം. ഒരു വിധത്തിൽ ഞാനും കയറിപ്പറ്റി. പുറകെ വരുന്ന കസേരകളിൽ ചില കൂട്ടുകാരുമുണ്ട്. കാല് തൂക്കിയിട്ട് ഇരുമ്പു കസേരയുടെ കൈകളിൽ ഊന്നി ശ്വാസം പിടിച്ചാണ് ഇരുപ്പ്. കേബിൾ കസേര തിരിഞ്ഞ് ഉയർന്ന് തുടങ്ങി. കുറേ ചെന്നപ്പോൾ പെട്ടെന്ന് ചലനം നിന്നു. താഴെ കൂർത്ത പാറക്കെട്ടുകളും അതിന്റെ ഇടയിൽ മുൾച്ചെടികളും. താഴേക്ക് നോക്കിയപ്പോൾ ശരീരമാകെ രോമങ്ങൾ എഴുന്നു വന്നു. ഇവിടെ പെട്ടുപോയോ എന്നൊരു തോന്നൽ. കേബിൾ യന്ത്രം തകരാറിലായെങ്കിൽ എങ്ങനെ അവർ ഞങ്ങളെ താഴേക്കിറക്കും. മുമ്പിലും പുറകിലും പരിഭ്രാന്തരായ സഞ്ചാരികൾ ഒറ്റക്കസേരകളിൽ തൂങ്ങിക്കിടക്കുന്നു. ഏതാനും മിനിറ്റുകൾ അങ്ങനെ ഭയപ്പെട്ടിരുന്നപ്പോൾ പെട്ടെന്ന് സ്തംഭനം മാറി. കേബിൾ വീണ്ടും അനങ്ങിത്തുടങ്ങി. ഞാനെന്റെ രാജ്യത്തുതന്നെയാണല്ലോ എന്ന് ഉറപ്പുവരുത്തിയ കറന്റ് കട്ട്. ഏതാണ്ട് പതിനഞ്ച് മിനിറ്റ് കൊണ്ട് മുകളിലെത്തി. അവിടെയും

നീങ്ങുന്ന കസേരയിൽ നിന്നും ചാടിയിറങ്ങിക്കൊള്ളണം. വിദ്യാർത്ഥിജീവിതകാലത്ത് ബസുകളിൽനിന്നും ചാടി ഇറങ്ങുന്ന പരിശീലനം അത്ര മോശമല്ലെന്ന് അപ്പോൾ മനസ്സിലായി. മലമുകളിലെ സ്തൂപത്തിനു ചുറ്റും നടക്കുന്നത് ഹൃദ്യമായ അനുഭവമാണ്. രാജ്ഗീർ താഴ്‌വര മുഴുവൻ നമുക്ക് കാണാം. അവിടെ ഒരു ബൗദ്ധ ക്ഷേത്രവുമുണ്ട്. അതിന്റെ പൂമുഖത്ത് ഒരാളിരുന്ന് ചെണ്ട അടിക്കുന്നുണ്ട്. 'ഓം മണിപത്മേ' എന്ന മന്ത്രത്തിന്റെ ഈണത്തിൽ. അവിടെ മരങ്ങൾക്കിടയിൽ ചായയും ലഘുപാനീയങ്ങളും വിൽക്കുന്ന കൊച്ചുകൊച്ച് ബൂത്തുകളുണ്ട്.

സായാഹ്ന സൂര്യൻ മരച്ചാർത്തുകൾക്കിടയിലൂടെ വെളുത്ത മാർബിൾ സ്തൂപങ്ങളിൽ വർണ്ണ ചിത്രങ്ങൾ രചിക്കുന്നു. താഴ്‌വരയിൽ അവിടവിടെനിന്ന് പുകച്ചുരുളുകൾ ഉയരുന്നു. പഗോഡയിലെ ചെണ്ടയിൽ നിന്ന് സൗമ്യമായി ഉയരുന്ന മന്ത്രധ്വനികൾ ഒഴിച്ചാൽ സർവ്വം നിശബ്ദം. ഒരു ചോലമരത്തിന്റെ ചുവട്ടിലെ മാർബിൾ പീഠത്തിൽ കിടന്നുകൊണ്ട് പ്രശാന്തമധുരമായ ആ സായംസന്ധ്യയെ ഉള്ളിലേക്ക് ആവാഹിക്കാൻ ഒരു ചെറിയ ശ്രമം നടത്തി. എപ്പോഴോ എന്റെ കണ്ണുകൾ അടഞ്ഞു. മറുഭാഗത്തുകൂടെ നടന്നിരുന്ന കൂട്ടുകാർ വന്ന് തട്ടിയപ്പോഴാണ് ഞാൻ നല്ലവണ്ണം ഒന്നു മയങ്ങിയല്ലോ എന്നറിഞ്ഞത്. തിരിച്ചുപോകാൻ സമയമായി. പക്ഷേ, മനസ്സ് അനുവദിക്കുന്നില്ല. കേബിൾ കാറിന്റെ സ്റ്റേഷനിൽ ചെന്നപ്പോൾ വീണ്ടും ഉൾഭയം. ഒറ്റയ്ക്കൊരു ഇരുമ്പു കസേരയിലിരുന്ന് വീണ്ടും പതിനഞ്ചു മിനിറ്റുകൾ. ഒരുതരം മരണഭയം. അമേരിക്കയിൽ മരണശിക്ഷ നൽകുന്നവരെ ഇരുമ്പുകസേരയിലിരുത്തി ഇലക്ട്രോക്യൂട്ട് ചെയ്യുമെന്ന് വായിച്ചതാണ് ഓർമ്മവന്നത്. ഇവിടെ ഇരുമ്പു കസേരയും മുകളിൽ ഇലക്ട്രിക് ലൈനും, ഒറ്റയ്ക്കും മറ്റു മാർഗ്ഗമൊന്നുമില്ലാത്തതുകൊണ്ട് വീണ്ടുമതിൽ കയറി. ഏതാണ്ട് പകുതിയായപ്പോൾ എതിർദിശയിൽ പോകുന്ന കേബിൾ കാറുകളിൽ ഇരുന്നു ചെറുപ്പക്കാർ മൊബൈൽ ഫോണിൽ പടമെടുക്കുന്നു. പെട്ടെന്നാണ് കമ്പിളി ജാക്കറ്റിന്റെ പോക്കറ്റിൽ ഇട്ടിരുന്ന എന്റെ മൊബൈൽ അവിടെ ഉണ്ടോ ഇല്ലയോ എന്ന സംശയം വന്നത്. യാത്രയുടെ ഭയം മാറുമെന്ന വിചാരത്തിൽ മൊബൈൽ തപ്പി കൈയിലെടുത്തു. പക്ഷേ, ഫോട്ടോ എടുക്കാൻ ധൈര്യമില്ല. അതു കൈയിൽനിന്നെങ്ങാനും താഴെ പോകുമോ എന്ന ആശങ്കയിൽ തിരിച്ചു പോക്കറ്റിലിട്ടു. പക്ഷേ എന്റെ മൊബൈൽ ഇരുമ്പു കസേരയിൽ മുട്ടുന്ന ശബ്ദം കേട്ടു. പിന്നെ എന്താണ് സംഭവിച്ചതെന്ന് സങ്കൽപ്പിച്ചാൽ മതി. വിറയാർന്ന എന്റെ കൈയിൽനിന്നും മൊബൈൽ വീണത് പോക്കറ്റിലേക്കല്ല എന്നു മാത്രമറിഞ്ഞു. താഴേക്ക് കുനിഞ്ഞു നോക്കാൻ ഭയം. താഴെ മനുഷ്യർക്ക് അഗമ്യമായ പാറക്കെട്ടുകൾ. ഒരുവിധത്തിൽ താഴെ എത്തി കേബിൾ കസേരയിൽനിന്നിറങ്ങിയപ്പോൾ കൂട്ടുകാരോട് പറഞ്ഞു, 'എന്റെ മൊബൈൽ പോയി'. പുറകിലത്തെ കസേരയിൽ വന്ന സുഹൃത്ത് പറഞ്ഞു "ഓ, അത് അച്ചന്റെ മൊബൈൽ ആയിരുന്നുവോ? ഏതോ ഒരു സാധനം താഴെ പാറയിൽ തട്ടി വീണ്ടും മൂന്നു നാലു കരണംമറിഞ്ഞ് മുൾപ്പടർപ്പിലേക്ക് പോകുന്നതു കണ്ടു. പിന്നെ ആരുമൊന്നും മിണ്ടിയില്ല, അൽപ്പസമയത്തേക്ക്. എന്റെ സകല ഫോൺ നമ്പറുകളും നളന്ദയിൽ വച്ചെടുത്ത അനേകം പടങ്ങളും മറ്റ് അത്യാവശ്യ വിവരങ്ങളുമടങ്ങിയ ഫോണാണ് നിർവാണം പ്രാപിച്ചിരിക്കുന്നത്. എന്റെ മനസ്സ് ഇടിഞ്ഞു. നാട്ടിലുള്ള ആരുടെയും നമ്പർ ഓർമ്മയില്ല. എങ്ങനെ വിവരം ധരിപ്പിക്കും. കൂട്ടുകാർ പറഞ്ഞു, നമുക്കിത് റിപ്പോർട്ട് ചെയ്യാം. കേബിൾ ചെയർ ഓടിക്കുന്ന ഓഫീസിൽ ചെന്നു പറഞ്ഞു. അവർ കൈമലർത്തി. അവർക്കവിടെനിന്നും ഒരു ഫോൺ തപ്പിയെടുക്കാനുള്ള യാതൊരു സംവിധാനങ്ങളുമില്ല. എന്റെ കൂട്ടുകാരുടെ മുഖം മ്ലാനമായി. "സർവ്വം ദുഃഖം സർവ്വം അനിത്യം." പണ്ടെങ്ങോ, കാണാതെ പഠിച്ച ബുദ്ധവചനം മനസ്സിലേക്കു വന്നു. ഞങ്ങൾ എല്ലാവരും മൗനികളായി ടാക്സിയിൽ ഹോട്ടലിലേക്ക് തിരിച്ചു. അവിടെ ഹോട്ടലിന്റെ ഉടമസ്ഥനും ഞങ്ങളുടെ സ്നേഹിതനുമായി തീർന്ന വിജയകുമാറിനോടു പറഞ്ഞു, ഫോൺ നഷ്ടപ്പെട്ടകാര്യം. എല്ലാം നഷ്ടപ്പെട്ടവന്റെ മുഖത്തോടുകൂടിയ എന്നെ അയാൾ സൂക്ഷിച്ചുനോക്കി. പിന്നെ ഒരു ചെറു പുഞ്ചിരിയോടുകൂടി അയാൾ പറഞ്ഞു, ഫാദർ, ഗൗതമബുദ്ധൻ രാജമഹത്വവും രാജധാനിയും ഭാര്യയേയും കുടുംബത്തേയും എല്ലാം ഉപേക്ഷിച്ചുകളഞ്ഞാണല്ലോ ഇവിടെ ഈ മലമുകളിൽ വന്നത്. അവിടെവച്ച് ഫാദറിന്റെ കൈയിലിരുന്ന ഒരു ചെറിയ യന്ത്രം നഷ്ടപ്പെട്ടത് അത്ര വലിയ സംഗതിയാണോ? അയാളുടെ ദൃഷ്ടി എന്റെ കണ്ണുകളിൽ തറഞ്ഞുകയറി. സെൻ ബുദ്ധമതത്തിൽ ഗുരുവിന്റെ മുളവടി കൊണ്ടു പുറത്തുകിട്ടുന്ന അടിയേറ്റ് തൽക്ഷണം ബോധോദയം ഉണ്ടാകുന്ന ശിഷ്യന്മാരെക്കുറിച്ച് വായിച്ചിട്ടുണ്ട്. ഏതാനും നിമിഷത്തെ ശൂന്യസ്തംഭനത്തിനു ശേഷം എനിക്കുമുണ്ടായി ഒരു ബോധോദയം. എന്റെ നഷ്ടബോധം പെട്ടെന്നങ്ങ് മാറി. ജീവൻ മാത്രമാണ് പ്രധാനം എന്ന് തിരിച്ചറിഞ്ഞു. അതിനെ ചുറ്റിപ്പറ്റി നിൽക്കുന്നതൊക്കെ അസംഗതമാണ്. അങ്ങ് ആഴത്തിലേക്ക് പതിച്ച ഫോണിലൂടെ എന്റെ ആത്മാവിനെ പൊതിഞ്ഞു നിന്ന അഹങ്കാരവും വ്യാജ സ്വത്വബോധവും എല്ലാം ഊരി താഴേക്കുപോയി എന്ന് വിചാരിച്ചാൽ മതിയല്ലോ എന്നായിരിക്കാം എന്റെ സുഹൃത്ത് ഉദ്ദേശിച്ചത്. ഏതായാലും എനിക്ക് പെട്ടെന്നൊരു വിമോചനബോധം ഉണ്ടായി എന്നത് വാസ്തവം. എങ്കിലും സംസാരചക്രത്തിൽപെട്ട് ഞാൻ വീണ്ടും രാജ്ഗീറിലെ കടയിൽനിന്നും ഒരു ഫോൺ വാങ്ങിക്കുയും അതിൽ നമ്പറുകളും ചിത്രങ്ങളും വിവരങ്ങളും കുത്തിനിറയ്ക്കുകയും ചെയ്തു. വീണ്ടും അടിമത്തത്തിലേക്ക്.

അടുത്ത ദിവസം രാവിലെ രാജ്ഗീറിലെ പ്രശസ്തമായ ഉഷ്ണജല സ്രോതസ്സുകൾ തേടിയിറങ്ങി. ചുറ്റുപാടുമുള്ള മലമുകളിൽ നിന്നും പൊട്ടിവരുന്ന ചൂടേറിയ നീരുറവകൾ ഔഷധഗുണമുള്ളതാണ്. പല ലവണങ്ങളും സൾഫർപോലുള്ള ധാതുക്കളുമടങ്ങിയ ഈ വെള്ളം വളരെ നല്ലതാണ്. ഈ നീരൊഴുക്കുകളെ ശേഖരിച്ച് ജനങ്ങൾക്ക് കുളിക്കാനും ചർമ്മരോഗങ്ങൾക്ക് ചികിത്സിക്കാനുമായി പല കുളങ്ങൾ സർക്കാരും ക്ഷേത്രങ്ങളും നിർമ്മിച്ചിട്ടുണ്ട്. ബ്രഹ്മകുണ്ഡം എന്നറിയപ്പെടുന്ന കുളമാണ് ഏറ്റവും വലിയത്. എന്നാൽ ഞാനാദ്യം പോയത് സിദ്ധാർത്ഥ ഹോട്ടലിന്റെ അടുത്തുള്ള മ്യൂസിക്കൽ കുളത്തിലേക്കാണ്. രാവിലെ ഏഴു മണിക്ക് കമ്പിളി തൊപ്പിയുമണിഞ്ഞ് അവിടേക്കെത്തിയ എന്നെ ആളുകൾ കൗതുകത്തോടെ നോക്കുന്നുണ്ടെന്ന് മന

സ്സിലായി. കുളത്തിലേക്കുള്ള വഴിയിൽ കയറിയപ്പോൾ എനിക്ക് മനം പുരട്ടിത്തുടങ്ങി. അവിടെയെല്ലാം ഇഷ്ടിക പാകി പീഠങ്ങളും മറ്റും കെട്ടിപ്പൊക്കിയിട്ടുണ്ട്. പക്ഷേ തലേദിവസം ഏതോ ഹോട്ടലുകളിൽ നിന്നോ സദ്യ നടന്ന സ്ഥലങ്ങളിൽനിന്നോ ഉള്ള ഭക്ഷണത്തിന്റെ ഉച്ഛിഷ്ടങ്ങളും പ്ലാസ്റ്റിക് പ്ലെയ്റ്റുകളും കുപ്പികളും എല്ലാം അവിടെ നിരന്നുകിടക്കുന്നു. തെരുവു പട്ടികളും കുറെ കാക്കകളും അവിടെ ക്ലീനിങ്ങിന് കോൺട്രാക്ട് എടുത്ത മട്ടാണ്. രാത്രിയിൽ പെയ്ത ചെറു മഴയിൽ എല്ലാം അളിഞ്ഞുകിടക്കുന്നതിനിടയിലൂടെ തെന്നി വീഴാതെ വളരെ സൂക്ഷിച്ചാണ് ഞാൻ നട



ന്നത്. അതിന്റെ അവസാനം പുരുഷന്മാർക്കുള്ള ഉഷ്ണജലക്കുളം. അവിടെയും പടികളൊക്കെ നന്നായി മാർബിളുകൊണ്ട് കെട്ടിയിട്ടുണ്ട്. മലയിൽനിന്നും വരുന്ന വെള്ളം ഓവുകളിലൂടെ കുളത്തിലേക്ക് ചാടുന്നു. തണുത്ത പുലരിയിൽ ചൂടു നിരാവി പുകപോലെ പൊങ്ങി കുളത്തിന്റെ അന്തരീക്ഷം നിറയ്ക്കുന്നുണ്ട്. താഴെ മുട്ടുവരെ വെള്ളത്തിൽ അടിവസ്ത്രം മാത്രം ധരിച്ച പുരുഷന്മാരും ആൺകുട്ടികളും കുളിച്ചുതിമിർക്കുകയാണ്. ആ വെള്ളം കണ്ടപ്പോൾ എനിക്ക് വീണ്ടും മനംപുരട്ടൽ വർദ്ധിച്ചു. സോപ്പും ചെളിയും കൂടിക്കലർന്ന് ഒരുതരം സൂപ്പുപോലെയുള്ള വെള്ളം. മിക്കവാറും നഗ്നരായ മനുഷ്യർക്കിടയിൽ ഞാൻ ആപാദചൂഡം വേഷമണിഞ്ഞ് കൽപ്പടവുകളിൽ നിന്നു. അപൂർവ്വജീവിയെ കാണുന്ന മട്ടിൽ എല്ലാവരും എന്നെ നോക്കി. ഒരാൾ വന്ന് അൽപം പുച്ഛത്തോടെ ഹിന്ദിയിൽ ചോദിച്ചു, "എവിടെനിന്നുമാണ് വരവ്?"" ഞാൻ പറഞ്ഞു "കേരൾ സേ" പെട്ടെന്നയാളുടെ മുഖം മാറി. പുച്ഛത്തിനു പകരം അൽപം ബഹുമാനമായി. പരദേശിയോടുള്ള ആതിഥമര്യാദകൊണ്ടാണോ കേരളത്തിനോടുള്ള ബഹുമാനംകൊണ്ടാണോ എന്ന് ഞാൻ സ്വയം ചോദിച്ചു. പഴയ ചില അനുഭവങ്ങൾ ഓർത്തു. പത്ത് നാൽപത് വർഷങ്ങൾക്ക് മുമ്പ് ഉത്തരേന്ത്യയിൽ ചെന്ന് കേരളത്തിൽ നിന്നുമാണ് വരുന്നതെന്ന് പറഞ്ഞാൽ അത്ര വലിയ ബഹുമാനം ഒന്നുമുണ്ടായിരുന്നില്ല. ദാരിദ്ര്യംകൊണ്ട് ഉപജീവനം തേടിവരുന്ന മദ്രാസി എന്ന മട്ടായിരുന്നു എല്ലാവർക്കും. എന്നാൽ അടുത്തകാലത്ത് എനിക്കുണ്ടായ അനുഭവങ്ങൾ മാറി ചിന്തിക്കാൻ പ്രേരിപ്പിച്ചിട്ടുണ്ട്. കേരളത്തെക്കുറിച്ച് ഔത്തരാഹർക്ക് പുതിയ ഒരു ധാരണയും ബഹുമാനവുമുണ്ട്. വിദ്യാഭ്യാസവും സംസ്കാരവുമുള്ള മനുഷ്യർ, ധാരാളം വിദ്യാലയങ്ങളും ആശുപത്രികളും ഉള്ള സ്ഥലം ഇങ്ങനെയൊക്കെയുള്ള ചിന്തകൾ വന്നുതുടങ്ങി.

കൽപ്പടവിൽ അണ്ടർവെയറുമിട്ട് നിന്ന് എന്നോടു സംസാരിച്ച മനുഷ്യൻ എന്നെക്കുറിച്ചും കേരളത്തെക്കുറിച്ചും ഇംഗ്ലീഷിൽ തന്നെ ചോദിച്ചുതുടങ്ങി. നളന്ദയെക്കുറിച്ചും രാജ്ഗീറിനെക്കുറിച്ചുമുള്ള എന്റെ കൗതുകം അയാളെ ധരിപ്പിച്ചു. ഞാൻ പറഞ്ഞു, നിങ്ങൾക്ക് ഈ ചൂടു വെള്ളം വലിയ അനുഗ്രഹമായി പ്രകൃതി നൽകിയാണല്ലോ. കേരളത്തിൽ ഞങ്ങൾക്ക് ഇങ്ങനെ സ്ഥലങ്ങളില്ല. അയാൾ പറഞ്ഞു 'ഞാൻ എന്നും ഇവിടെ കുളിക്കാൻ വരും. വേനലിലും തണുപ്പിലും ഒരുപോലെ ആരോഗ്യപ്രദമാണ് ഈ സ്നാനം. അതുപറഞ്ഞപ്പോൾ ചുറ്റുപാടുകളിലേക്കും വെള്ളത്തിലേക്കും കണ്ണോടിച്ച എന്റെ ചിന്ത അയാൾ വായിച്ചറിഞ്ഞു. "എന്തു ചെയ്യാം, മനുഷ്യൻ വൃത്തിയായി ഒന്നും സൂക്ഷിക്കില്ല. ബീഹാറിലുള്ള ഞങ്ങളുടെ ആളുകൾ നിങ്ങളെപ്പോലെ അത്ര വൃത്തിയും മെനയുമുള്ള വരല്ല." അയാൾ ക്ഷമാപണം നടത്തുന്ന മട്ടിൽ പറഞ്ഞു. ഞാൻ പറഞ്ഞു, നമ്മുടെ രാജ്യം ഏതാണ്ട് എല്ലായിടത്തും ഇങ്ങനെയൊക്കെയാണ്. മനസ്സുവെച്ചാൽ നമുക്കു വേണമെങ്കിൽ പലതും മാറ്റിയെടുക്കാം. അടുത്തുള്ള ഒരു കോളജിൽ പഠിപ്പിക്കുന്ന അദ്ധ്യാപകനായിരുന്നു എന്റെ കുളക്കര സുഹൃത്ത്. ഞാൻ പറഞ്ഞു, എനിക്ക് ഈ വെള്ളത്തിൽ ഒന്നു തൊട്ട് അതിന്റെ ചൂടറിഞ്ഞാൽ കൊള്ളാമെന്നുണ്ട്. അയാൾ പെട്ടെന്ന് അവിടെയിരുന്ന ഒരു ബക്കറ്റ് എടുത്ത് കുളത്തിൽ ഇറങ്ങി മറുവശത്ത് ചൂടുവെള്ളം വന്നിരുന്ന ഓവിനടുത്തു ചെന്ന് അര ബക്കറ്റ് വെള്ളം കൊണ്ടുവന്നു. ഞാൻ അതിലേക്ക് കൈയിട്ടു. കുളിക്കാൻ പാകത്തിലുള്ള നല്ല ചൂട്. കൈയും മുഖവും ആ വെള്ളത്തിൽ കഴുകി തൽക്കാലം ഞാൻ തൃപ്തിയടഞ്ഞു. സുഹൃത്തിനോട് നന്ദി പറഞ്ഞ് ഞാൻ തിരികെ നടന്നു. അപ്പോഴേക്കും സ്ഥലം വൃത്തിയാക്കുന്ന ജോലിക്കാർ വന്ന് പട്ടികളെയും കാക്കകളെയും ഓടിച്ചുതുടങ്ങി. എനിക്ക് പെട്ടെന്നു തോന്നി, നഗരങ്ങളിലെ മാലിന്യനിർമ്മാർജ്ജനം ഇത്തരം പക്ഷിമൃഗാദികളെ ഏൽപ്പിക്കുകയാകും കൂടുതൽ കാര്യക്ഷമമെന്ന്. അന്നു വൈകിട്ടു തന്നെ ബ്രഹ്മകുണ്ഡത്തിലും പോയി, അത് ജൈനക്ഷേത്രത്തോട് ചേർന്നുള്ള വലിയ രണ്ട് കുളങ്ങളാണ്. അവിടെയും സ്ത്രീപുരുഷന്മാർക്ക് പ്രത്യേകം സ്ഥലങ്ങൾ നിശ്ചയിച്ചിട്ടുണ്ട്. നന്നായി കെട്ടി പണിതിരുന്ന ചുറ്റുപാടുകൾ സാമാന്യം വൃത്തിയുള്ളതായി തോന്നി. പക്ഷേ, ആളുകൾ കുളിക്കുന്ന വെള്ളത്തിലേക്ക് നോക്കിയപ്പോൾ സംഗതി തഥൈവ. കുളം രണ്ടാണെങ്കിലും മനുഷ്യർ എല്ലാം ഒന്നുതന്നെ. ■

വിമർശനം



**ബഷീർ ചുങ്കത്തറ**

ഒരു ഇന്ത്യക്കാരൻ എന്ന നിലയിൽ ഏറ്റവും കൂടുതൽ നിരാശയും മനഃപ്രയാസവും അനുഭവിച്ച വർഷമായിരുന്നു 2018. അങ്ങനെയൊരു മാനസികാവസ്ഥയുണ്ടാക്കിയത് ആ വർഷം ഡിസംബർ മാസത്തിൽ നടന്ന ഒരു ജനതയെന്ന നിലയിൽ നമ്മൾ നടത്തിയ പ്രതികരണം അത്രക്ക് ക്രൂരവും സംസ്കാരശൂന്യവുമായി പോയത്കൊണ്ടാണ് മേഘാലയയിലെ ജയന്തിയ മലനിരകളിലുള്ള സായ്പുങ്ങിലെ കൽക്കരിഖനികളിലൊന്നിൽ 370 അടി താഴ്ചയിൽ ഭൂരിപക്ഷവും കുട്ടികളടങ്ങുന്ന 15 തൊഴിലാളികൽ കുടുങ്ങിയത് 2018 ഡിസംബർ 13 നായിരുന്നു. 15 പേർ എന്നത് സർക്കാർ കണക്കാണ്. കൂടുതൽ പേരുണ്ടാകാമെന്നും അഭിപ്രായമുണ്ട്. 350 അടി താഴ്ചയുള്ള ഖനിയിലേക്ക് അടുത്തുള്ള നദിയിൽ നിന്നും വെള്ളം കയറിയാണ് ദുരന്തമുണ്ടായത്.

മേഘാലയയിൽ ഭരണപക്ഷം ബി.ജെ.പി.യും പ്രതിപക്ഷം കോൺഗ്രസ്സുമാണ്. രണ്ട് കൂട്ടർക്കിടിലും ഖനി മുതലാളിമാർ ധാരളമുണ്ട്. പല ഖനികളും അനധികൃതമാണ്. അംഗീകാരമുള്ള ഖനികളിൽ തന്നെ അനധികൃത കാര്യങ്ങളാണ് കൂടുതലും നടക്കുന്നത്. പതിനഞ്ച് വയസ്സിലും താഴെയുള്ള കുട്ടികളെകൊണ്ട് അപകടകരമായ ജോലികൾ ചെയ്യിക്കുന്നത് അവയിലൊന്ന് മാത്രമാണ്. തീരെ ചെറിയ എലിമടകൾ പോലെയുള്ള തുരങ്കങ്ങൾ ഉണ്ടാക്കി ഖനനം നടത്തുന്ന ജോലിക്കാണ് അവർ കുട്ടികളെ ഉപയോഗിക്കാറുള്ളത്. "റാറ്റ് ഹോൾ മൈനിംഗ്" എന്ന പേരിലുള്ള അത്യന്തം അപകടകരമായ ഈ രീതിയിലുള്ള ഖനനം 2017 ഏപ്രിൽ 17ന് ദേശീയ ഹരിത ട്രിബ്യൂണൽ നിരോധിച്ചിട്ടുള്ളതാണ്. ഇത്തരം എലിമാള ഖനനത്തിന്റെ ഫലമായി 15 മനുഷ്യർ മണ്ണിലോ വെള്ളത്തിലോ എന്നറിയാത്തവിധം കുടുങ്ങിക്കഴിഞ്ഞിട്ട് രണ്ടാഴ്ച കഴിഞ്ഞപ്പോൾ മേഘാലയയിലെ ഷില്ലോംഗിൽ നിന്നുള്ള കോൺഗ്രസ് എം.പി. പാർലമെന്റിൽ സംസാരിക്കുകയുണ്ടായി. കൽക്കരി ഖനനവുമായി ബന്ധപ്പെട്ട വിഷയം തന്നെയായിരുന്നു അദ്ദേഹം സംസാരിച്ചത്. കുഞ്ഞുങ്ങളുൾപ്പെടെയുള്ള പതിനഞ്ച് മനുഷ്യരുടെ ജീവൻ രക്ഷിക്കാൻ നടപടി സ്വീകരിക്കാത്ത കേന്ദ്രസംസ്ഥാന സർക്കാരുകളെകുറിച്ചല്ല അദ്ദേഹത്തിന് പറയാനുണ്ടായിരുന്നത്. "റാറ്റ് ഹോൾ മൈനിംഗ്"ന് നിലവിലുള്ള നിരോധനം എടുത്തു കളയണം എന്നാവശ്യപ്പെടാനാണ് അദ്ദേഹം ആ അവസരം ഉപയോഗിച്ചത്. സംഭവം നടന്ന മേഘാലയിൽ നിന്നുള്ള പ്രതിപക്ഷത്തിന്റെ ഒരു എം.പി. ഇങ്ങനെയാണ് പ്രതികരിച്ചത് എങ്കിൽ ഭരണപക്ഷം എം.പി. മാരുടെ കാര്യം പ്രത്യേകം പറയേണ്ടതില്ലല്ലോ.

വിൻസന്റ് എച്ച് പാല എന്ന ആ കോൺഗ്രസ്സ് എം.പി ക്ക് അങ്ങനെ പറയാനാവുമായിരുന്നുള്ളൂ. സ്വന്തമായി 30ലേറെ ഖനികളും 100 കോടിയിലേറെ ആസ്തിയുമുള്ള ആളായിരുന്നു ആ പാർലമെന്റംഗം. സംസ്ഥാനത്ത് ഭരണം നടത്തുന്ന ബി.ജെ.പി. സർക്കാരിന്റെ മന്ത്രിസഭയിലം കുറെ മന്ത്രിമാർ സ്വന്തമായി ഖനികളുള്ളവരാണ്. അവരുടെ ഖനികളിലും അനധികൃതമായ കാര്യങ്ങൾ നടക്കുന്നുണ്ടാവും. ജീവൻ അപടകത്തിലായ ഈ പതിനഞ്ച് തൊഴിലാളികൾക്ക് വേണ്ടി ഒരു വാക്ക് പറയാൻ മേഘാലയ എന്ന സംസ്ഥാനത്ത് ഭരണപക്ഷത്തോ പ്രതിപക്ഷത്തോ ആരുമില്ലാതായതിന്റെ സാഹചര്യം ഇതായിരുന്നു.

സംഭവസ്ഥലത്തെത്തിയ ദുരന്ത നിവാരണസേന അറിയിച്ചത് 70 അടി ഉയരത്തിൽ നിറഞ്ഞ് നിൽക്കുന്ന വെള്ളം 40 അടിയിലേക്ക് വറ്റിക്കാൻ കഴിഞ്ഞാൽ മാത്രമേ ഫലപ്രദമായ രീതിയിൽ ഒരു തിരച്ചിൽ നടത്താൻ കഴിയൂ എന്നാണ്. സ്ഥലത്തെത്തി രണ്ടാഴ്ചയിലേറെ കഴിഞ്ഞാണ് അവരിൽ നിന്നും അത്തരം ഒരു നിർദ്ദേശം ഉണ്ടായത് എന്നതിൽ നിന്ന് തന്നെ എത്ര ഉദാസീനമായിട്ടാണ് കാര്യങ്ങൾ നീങ്ങിയിരുന്നത് എന്ന് വ്യക്തമാണ്.

# നമ്മൾ എത്ര മോശപ്പെട്ടവരാണ്






അത് മാത്രമേ ലോകത്ത് മറ്റൊരു രാജ്യത്തും നടക്കാനിടയില്ലാത്ത ആ ഒരു കാര്യവും അവിടെ നടന്നു. പതിനഞ്ച് മനുഷ്യർ ജീവനോടെയുണ്ടോ ഇല്ലയോ എന്ന് തീർച്ചയില്ലാത്ത ഒരു ദുരന്തമുഖത്ത് തിരച്ചിൽ നടത്തിക്കൊണ്ടിരുന്ന ദുരന്തനിവാരണ സേന സംഭവം നടന്നതിന്റെ പന്ത്രണ്ടാം ദിവസം രണ്ടു ദിവസത്തേക്ക് അവരുടെ തിരച്ചിൽ പ്രവർത്തനം നിർത്തിവെച്ചു. കാരണമറിയുമ്പോഴാണ് ഞെട്ടലുണ്ടാവുക. ഉദ്യോഗസ്ഥർക്ക് ക്രിസ്തുമസ് ആഘോഷിക്കാൻ. ഇന്ത്യയൊഴികെ മറ്റൊരു രാജ്യത്തും ഇതൊന്നും അനുവദിക്കപ്പെടില്ല തീർച്ച.

വെള്ളം വറ്റിക്കാൻ 100 എച്ച്.പി.യിലേറെ ശേഷിയുള്ള ഹൈപവർ പമ്പുകൾ എത്തിച്ചത് ഇന്ത്യയിൽ തന്നെയുള്ള കിർലോസ്കർ ബ്രദേഴ്സ് എന്ന കമ്പനിയായരുന്നു. ദുരന്തം നടന്ന് മൂന്നാഴ്ച തികയുമ്പോഴായിരുന്നു ആ പമ്പുകൾ അവിടെ എത്തിയത്. അതിന് മുമ്പ് അവ അവിടെ എത്തിക്കാൻ ബന്ധപ്പെട്ടവർ ആരും ശുഷ്കാന്തി കാണിച്ചില്ല. ഇതേ കിർലോസ്കർ കമ്പനി തന്നെയായിരുന്നു ഒരു വർഷം മുമ്പ് തായ്ലന്റിൽ സമാനമായ ദുരന്തത്തിൽപെട്ടവരെ സഹായിക്കാനായി അടിയന്തിരമായി ഹൈപവർ വാട്ടർ പമ്പുകൾ അവിടെ എത്തിച്ചിരുന്നതും.

തായ്ലന്റിൽ വെള്ളം കയറിയ ഗുഹയിൽ കുടുങ്ങിയ പന്ത്രണ്ട് കുട്ടികളെയും അവരുടെ ഭരണാധികാരികൾ രക്ഷിക്കയാണ് ചെയ്തത്. ഇന്ത്യയിൽ നിന്ന് വരെ അവിടെ സഹായം എത്തുകയും ചെയ്തു. ആ വിലപ്പെട്ട ജീവനുകൾ രക്ഷിച്ചെടുക്കാൻ അവർക്ക് സാധിക്കുകയും ചെയ്തു. ദുരന്തങ്ങളുണ്ടാകുമ്പോൾ ലോകത്തിന്റെ സഹായം തേടാൻ അടുത്തകാലത്തായി ഇന്ത്യൻ ഭരണാധികാരികളുടെ ദുരഭിമാനം അവരെ അനുവദിക്കാറില്ല. കേരളത്തിൽ കഴിഞ്ഞ വർഷമുണ്ടായ പ്രളയത്തിന്റെ സമയത്തും നാമത് അനുഭവിച്ചതാണ്. കടമ നിർവ്വഹിച്ചു എന്ന് തോന്നിപ്പിക്കാൻ മാത്രം ഉദ്ദേശിച്ച് കൊണ്ടുള്ള ചില നീക്കങ്ങൾ മേഘാലയയിലെ സംസ്ഥാന ഭരണാധികാരികളിൽ നിന്നും ഉണ്ടായി. സംഭവം കഴിഞ്ഞ് പത്ത് ദിവസം പിന്നിട്ടപ്പോൾ മേഘാലയ മുഖ്യമന്ത്രി കോൺറാഡ് സംഗ്മ കേരള മുഖ്യമന്ത്രിയോട് സഹായം ആവശ്യപ്പെട്ടു. പ്രളയകാലത്ത് കുട്ടനാട്ടിൽ ഉപയോഗിച്ച വലിയ വാട്ടർപമ്പുകൾ തങ്ങൾക്ക് വേണം എന്നതായിരുന്നു ആവശ്യം. കേരളം അത് അടിയന്തിരമായിത്തന്നെ തയ്യാറാക്കിവെക്കുകയും ചെയ്തു. എന്നാൽ അവ ദുരന്തസ്ഥലത്തേക്ക് എത്തിക്കാൻ ഒരു നടപടിയും മേഘാലയ സർക്കാരിന്റെ ഭാഗത്ത് നിന്നും ഉണ്ടായില്ല.

മനുഷ്യ ജീവന് വിലകൽപിക്കാത്ത അധികാരികൾക്കെതിരെ ചില സുമനസ്സുകൾ സുപ്രീം കോടതിയെ സമീപിക്കുകയുണ്ടായി. കുറച്ച് വിമർശനങ്ങൾ സർക്കാരിനെതിരെ ഉന്നയിച്ചുവെന്നതല്ലാതെ കൃത്യമായ നടപടികൾക്കുതകുന്ന ഒരു വിധിയൊന്നും സുപ്രിംകോടതിയിൽ ഉണ്ടായില്ല.

ഭരണാധികാരികളും ഉദ്യോഗസ്ഥ സംവിധാനവും കോടതിയും ഉത്തരവാദിത്വം നിർവഹിക്കാതിരിക്കുമ്പോൾ അവരെ ഉണർത്തേണ്ട ബാധ്യതയുള്ള മാധ്യമങ്ങൾ എടുത്ത നിലപാടും അതിലേറെ ക്രൂരമായിരുന്നു.

ഇന്ത്യയിലെ ഖനികളിൽ നടക്കുന്ന ക്രൂരമായ ചൂഷണവും ബാലവേലയും എല്ലാം പല അന്താരാഷ്ട്ര മാധ്യമങ്ങളും പലതവണ ചർച്ചയാക്കിയിട്ടുണ്ട്. എന്നാൽ നമ്മുടെ ദേശീയ മാധ്യമങ്ങൾ അതൊന്നും ശ്രദ്ധിക്കാറേ ഇല്ല.

2018 വർഷം അവസാനിച്ച ഡിസംബർ 31ന് നിസ്സഹായരായ മനുഷ്യർ മരണമുഖത്തേക്ക് എറിയപ്പെട്ടിട്ട് 18 ദിവസമായിരുന്നു. കടന്നുപോന്ന വർഷത്തിൽ നടന്ന പ്രധാനപ്പെട്ട സംഭവങ്ങൾ മിക്ക മാധ്യമങ്ങളും പട്ടികയാക്കി പ്രസിദ്ധീകരിച്ചിരുന്നു. ഈ 15 മനുഷ്യരുടെ കാര്യം അവയിലൊന്നുൾപ്പെടുത്താൻ പോലും നമ്മുടെ മിക്ക മാധ്യമങ്ങളും താത്പര്യം കാണിച്ചില്ല. തായ്ലാന്റിൽ ദുരന്തത്തിൽപ്പെട്ട കുട്ടികൾക്ക് വേണ്ടി രാജ്യവ്യാപകമായി പ്രാർത്ഥനകളും മെഴുകുതിരി കത്തിക്കലും നടന്നത് മാധ്യമങ്ങൽ ആ സംഭവത്തിന് കൊടുത്ത പ്രാധാന്യം കൊണ്ടായിരുന്നു. എന്നാൽ നമ്മുടെ സ്വന്തം രാജ്യത്ത് സമാനമായ ഒരു സംഭവം ഉണ്ടായപ്പോൾ അതേ മാധ്യമങ്ങൾ ക്രൂരമായി മുഖം തിരിച്ചുനിന്നു.

മേഘാലയയിലെ ഭരണപക്ഷമായ ബി.ജെ.പി.യും പ്രതിപക്ഷമായ കോൺഗ്രസും താൽപര്യം കാണിക്കാഞ്ഞതിന് പിന്നിലെ കാരണങ്ങൾ മുമ്പ് വിശദീകരിച്ചു. എന്നാൽ നമ്മുടെ മറ്റു രാഷ്ട്രീയ പാർട്ടികളോ...–? ഒരു രാഷ്ട്രീയപാർട്ടിയും ഈ സംഭവത്തെ ദേശീയതലത്തിൽ ഒരു വിഷയമാക്കി ഉയർത്തിക്കൊണ്ടുവരാൻ താൽപര്യം കാണിച്ചില്ല. പാർട്ടി പ്രസിദ്ധീകരണങ്ങളിൽ കേന്ദ്രസംസ്ഥാന സർക്കാരുകളെ കുറ്റപ്പെടുത്തുന്ന ചില ലേഖനങ്ങൾ വന്നുവെങ്കിലും ദേശീയതലത്തിൽ ഒരു വിഷയമാക്കി ഉയർത്തിക്കൊണ്ടുവരാൻ ഇടത്പക്ഷ പാർട്ടികൾക്കും കഴിഞ്ഞില്ല.

രണ്ട് മാസത്തോളം നീണ്ടുനിന്ന തിരച്ചിൽ പ്രക്രിയകൾ അവസാനിപ്പിച്ചു എല്ലാവരും ജയന്തിയ മലനിരക

ളിൽ നിന്നും ഇറങ്ങി തിരിച്ചുപോയി. ഒരു നഷ്ടപരിഹാരത്തിന്റെ പ്രശ്നം പോലും ഖനി മുതലാളിമാർക്ക് ഉണ്ടാവില്ല. കാരണം ആരാണ് മരിച്ചത് എന്നോ ആരാണ് അവരുടെ ബന്ധുക്കളെന്നോ തിരിച്ചറിയാത്ത മേൽവിലാസമില്ലാത്ത മനുഷ്യരായിരുന്നു അവർ. തങ്ങളുടെ പ്രിയപ്പെട്ടവർ ജയന്തിയ മലനികരളിലെ ഭീകരമായ കിടങ്ങുകളിൽ സൾഫറും കൽക്കരിയും കലർന്ന നദീജലത്തിൽ അലിഞ്ഞുചേർന്നത് അറിയാതെ എന്നെങ്കിലുമൊക്കെ അവർ തിരിച്ചുവരും എന്ന പ്രതീക്ഷയുമായി അവർ കാത്തിരിക്കുന്നുണ്ടാവും.

സംഭവം നടന്നിട്ട് നാല് മാസങ്ങൾക്കുള്ളിലാണ് ലോക്സഭാ തെരഞ്ഞെടുപ്പ് നടന്നത്. ഈ ദുരന്തം ദേശീയതലത്തിലോ മേഘാലയ സംസ്ഥാനത്ത് പോലുമോ ഒരു തെരഞ്ഞെടുപ്പ് വിഷയമാവുകയുണ്ടാകയില്ല. മേഘാലയ സംസ്ഥാനത്തിലെയും ഭരണാധികാരികൾക്ക് താൽപര്യമില്ലാത്ത വിഭാഗത്തിൽപെട്ടവരായിരുന്നു ദുരന്തത്തിൽപെട്ട പാവങ്ങളിൽ പാവങ്ങളായ ആ മനുഷ്യർ. അവരിൽ പലരും വർഷങ്ങൾക്ക് മുമ്പ് ബംഗ്ലാദേശിൽ നിന്നും കൊടിയ ദാരിദ്രം കാരണം അനധികൃതമായി ഇന്ത്യയിലേക്ക് കുടിയേറിയ മുസ്ലീംകളായിരുന്നു. അങ്ങനെയുള്ള കുടുംബങ്ങളിൽ നിന്നുള്ള കുട്ടികളുമായിരുന്നു അവരുടെ കൂട്ടത്തിലുണ്ടായിരുന്നത്. ആധാറോ, വോട്ടോ ഇല്ലാത്ത, ചോദിക്കാനും പറയാനും ആരുമില്ലാത്ത നിസ്സഹായരായ മനുഷ്യർ.

തായ്ലാന്റിലെ കുട്ടികൾ നമുക്ക് ആരുമല്ലായിരുന്നല്ലോ. എങ്കിലും അവർ ദുരന്തത്തിൽപെട്ടപ്പോൾ നമുക്ക് വേദനിച്ചു. അവരും നമ്മെപ്പോലുള്ള മനുഷ്യരാണെന്നതിലായിരുന്നു അത്. എന്നാൽ ആ പരിഗണന ഇവർക്ക് കൊടുക്കാൻ നമുക്കെന്തേ കഴിയാതെ പോയത്...–?

ഭരണാധികാരികളും, രാഷ്ട്രീയ പാർട്ടികളും കോടതികളും മാധ്യമങ്ങളും അവഗണിച്ചു തള്ളിയാലും ഒരു ജനതയെന്ന നിലയിൽ മനുഷ്യത്വത്തിന്റെ പതാക ഉയർത്താൻ നമുക്കുവേണ്ടിയിരുന്നില്ലേ...–?

നമ്മൾ ഒരു മോശപ്പെട്ട സമൂഹമായിരിക്കുന്നു എന്ന് തിരിച്ചറിയുക.

ഒരു ജനതക്ക് അവർ അർഹിക്കുന്ന ഭരണാധികാരികളെ മാത്രമേ ലഭിക്കൂ എന്ന് മഹത് വചനം കൂടി ഓർമ്മിക്കുക. ■

# ഗൃഹാതുരത്വം ഉണർത്തികേളി ഈദ് ഓണംഫെസ്റ്റ്




*ഈദ്ഓണംഫെസ്റ്റ്2019കുടുംബവേദി സെക്രട്ടറി സീബ പി പി ഉത്ഘാടനം ചെയ്യുന്നു.*

**റിയാദ്:** കേളികലാസാംസ്കാരികവേദിബദിയഏരിയാകമ്മിറ്റിയും, ബദിയകുടുംബവേദിയുംസംയുക്തമായിസംഘടിപ്പിച്ചഈദ്ഓണംഫെസ്റ്റ്2019,മലയാളത്തനിമയുണർത്തുന്നവിവിധ കലാപരിപാടികളോടെ ബദിയയിലെനവാറഓഡിറ്റോറിയത്തിൽവെച്ച്അരങ്ങേറി.

ബദിയഏരിയാപ്രസിഡന്റ് മധു എലത്തൂരിന്റെ അദ്ധ്യക്ഷതയിൽ നടന്ന സാംസ്കാരിക സമ്മേളനത്തിൽ ഏരിയാസെക്രട്ടറിമധുബാലുശ്ശേരിസ്വാഗതവും,സംഘാടകസമിതിചെയർപേഴ്സൻഷജീലാഅബ്ദുസ്സലാംആമുഖപ്രഭാഷണവും നടത്തി.പഴയ തലമുറക്ക്എല്ലാ ആഘോഷങ്ങളും ഗൃഹാതുരത്വത്തിന്റെ നനുത്ത ഓര്മ്മർകൾ സമ്മാനിക്കുമ്പോൾ പുതിയ തലമുറക്ക്അത്തരം ആഘോഷങ്ങളൊക്കെ അന്യം നിന്നു പോവുകയാണെന്നും അതിന്റെമാധുര്യംഅവര്ക്ക് പകര്ന്നു കൊടുക്കലായിരിക്കണം ഇത്തരം ആഘോഷങ്ങളുടെഉദ്ദേശമെന്നുംസാംസ്കാരിക സമ്മേളനം ഉത്ഘാടനംചെയ്തകേളികുടുംബവേദിസിക്രട്ടറിസീബ.പി.പി. പറഞ്ഞു. കേളിസാംസ്കാരികകമ്മിറ്റിഅംഗം സുരേഷ്ലാൽമുഖ്യപ്രഭാഷണംനടത്തി. കേളിരക്ഷാധികാരിസമിതി അംഗംസതീഷ്കുമാർ, കേളിസിക്രട്ടറിഷൗക്കത്ത്നിലമ്പൂർ, പ്രസിഡന്റ് ഷമീർകുന്നുമ്മൽ, മുഖ്യപ്രായോജകരായഅൽമാത്തഷ്പ്രതിനിധിപ്രസാദ്. വി.വി, കോബ്ലാൻപ്രതിനിധി സിദ്ധീഖ്, സഹപ്രായോജകരായജസ് ക്കോപൈപ്പ് പ്രതിനിധിബാബു.വി.വി,കേളിബദിയമേഖലരക്ഷാധികാരികമ്മിറ്റികൺവീനർ അലി.കെ.വി,ബദിയകുടുംബവേദിജോയിന്റ് സെക്രട്ടറിബിന്ദുമധു, തുടങ്ങിയവർആശംസകൾഅർപ്പിച്ചുസംസാരിച്ചു. സംഘാടകസമിതികൺവീനർമധുഎടപ്പുറത്ത് നന്ദിപറഞ്ഞു.

ഒരുദിവസംമുഴുവൻനീണ്ടുനിന്നആഘോഷപരിപാടിയിൽഓണപ്പാട്ട്, മാപ്പിളപ്പാട്ട്,നാടൻപാട്ടുകൾ, പുലിക്കളി, കുരുന്നുകളുടെഡാൻസ്,കോൽക്കളി, ഗാനമേളതുടങ്ങി വിവിധകലാപരിപാടികളും, മൈലാഞ്ചിയിടൽ,സുന്ദരിക്ക്പൊട്ട്തൊടൽ,കസേരകളി,ചിത്രരചനതുടങ്ങിയമത്സരങ്ങളുംനടന്നു. അഞ്ഞൂറോളംപേർക്കുള്ളഓണസദ്യയുംഒരുക്കിയിരുന്നു.

ഏരിയയിലെ കേളി യൂണിറ്റുകൾപങ്കെടുത്തആകര്ഷൂകമായപൂക്കളമത്സരത്തിൽശുബ്രയൂണിറ്റ്ഒന്നാംസമ്മാനംനേടി. ദാഹൽമഹദൂദ്യൂണിറ്റുംബദിയകുടുംബവേദിയും രണ്ടാംസമ്മാനംപങ്കിട്ടു.കലാപരിപാടികൾപ്രോഗ്രാംകമ്മിറ്റികൺവീനർമനോജ്കടന്നമണ്ണയും, കുട്ടികളിടെപരിപാടികൾഷബ്നഅബ്ദുസ്സലാമുംനിയന്ത്രിച്ചു.ദിനകരൻ, പ്രകാശൻ,സുധീർസുൽത്താൻ, റഫീഖ് പാലത്ത്,ജയൻ,ഹിലാൽ,രജീഷ്എബ്രഹാം, കിഷോർഇനിസാം,മുസ്തഫവളാഞ്ചേരി, എന്നിവരെകൂടാതെ,രക്ഷാധികാരികമ്മിറ്റിഅംഗങ്ങൾ, ഏരിയാകമ്മിറ്റിഅംഗങ്ങൾതുടങ്ങിയവർഫെസ്റ്റിന്നേതൃത്വംനൽകി. മുഖ്യപ്രായോജകരെയുംസഹപ്രായോജകരെയുംകൂടാതെ, അൽസഫറെസ്റ്റോറന്റ്, ഹനീഫനട്മൽ,യൂസുഫ്. ഒ.സിഎന്നിവരുംപരിപാടിയുമായിസഹകരിച്ചു. ■



പ്രകൃതി

# മാലിന്യം അഥവാ പൊലൂഷൻ ഒരു വിചിന്തനം

എ.കെ.എ. റഹിമാൻ

ആംഗലവാണിയിൽ പൊലൂഷൻ എന്ന പദത്തിനർത്ഥം മാലിന്യം, അന്തരീക്ഷമലിനീകരണം, മലിനീകരണം, അശുദ്ധമാക്കൽ, ദുഷിപ്പിക്കൽ, കളങ്കപ്പെടുത്തൽ, വഷളാക്കൽ, അശൗചം, പാതിവൃത്തം ഭംഗപ്പെടുത്തൽ എന്നിവയൊക്കെയാണ് നിഘണ്ഡുവിൽ കാണുന്ന അർത്ഥതലങ്ങൾ. മനുഷ്യ–കുടുംബ, സമൂഹ ജീവിതതുറകളിൽ പ്രത്യക്ഷമായും പരോക്ഷമായും കണ്ടുവരുന്ന അഴുക്കു പദാർത്ഥങ്ങളാണ് മാലിന്യങ്ങളായി അനുഭവപ്പെടുന്നത്. മനുഷ്യരിൽ മാത്രമല്ല ഇതര ജീവജാലങ്ങളിലും സസ്യലതാദികളിലും മാലിന്യം പ്രത്യക്ഷപ്പെടുന്നു. മാലിന്യകൂമ്പാരങ്ങളായി അറിയപ്പെടുന്നു.


എന്താണ് മാലിന്യം? എളുപ്പത്തിൽ നിർവ്വചിക്കപ്പെടാവുന്ന ഒരു പദാർത്ഥമല്ല അത്. അണുതലത്തിൽ നിന്ന് പിറവിയെടുത്ത് ആകാശസീമകളെ അതിലംഘിച്ച് സർവ്വവ്യാപകമായി ദൃശ്യവും അദൃശദൃശ്യവുമായ പ്രതലത്തിലെ പ്രതിഭാസങ്ങളിലെല്ലാം സൂക്ഷ്മവും അതിസൂക്ഷ്മവും ആദിഅന്ത്യഭാഗങ്ങളുടെ രൂപഭാവങ്ങളില്ലാതെ വ്യാപിച്ചു കിടക്കുന്ന ഏതൊരു പദാർത്ഥത്തിലും മാലിന്യ അംശങ്ങൾ കാണാം.

ജീവികളെ സംബന്ധിച്ച് പറയുകയാണെങ്കിൽ നിശ്വാസ വായു, അവയവങ്ങളിലെ വിയർപ്പ്, തുപ്പൽ, മലമൂത്രം തുടങ്ങി എത്രയോ മാലിന്യങ്ങൾ ദൃശ്യമാകുന്നു. ഇവ ശാരീരികമാണെങ്കിൽ, മാനസികവും ചിന്താപരവും പ്രവൃത്തിപരവുമായ മാലിന്യങ്ങളേറെ. ജീവികളിൽ വെച്ച് മനുഷ്യനാണിത് അനുഭവപ്പെടുന്നത്. വസ്തുവഹകളുടെ ജീർണ്ണതകളും അനുബന്ധങ്ങളായ അഴുക്കുകളുമെല്ലാം മാലിന്യകൂമ്പാരത്തിന് വളം നൽകുന്നു. വാഹന ഓട്ടത്തിലുണ്ടാകുന്ന പുക കരിപടലങ്ങൾ, വഴികളിലും പരിസരങ്ങളിലുമുണ്ടാകുന്ന അഴുക്കുകൾ, ജീർണ്ണതകൾ അങ്ങനെ അങ്ങനെ അതാ ആധുനികകാലത്തെ പ്ലാസ്റ്റിക്കുകൾ, ചപ്പുചവറുകളിൽ സ്ഥാനം പിടിച്ചിരിക്കുന്നു. നിത്യനിതാനമായ പുകവലിയും, അതിന്റെ അവശിഷ്ടങ്ങളുമൊക്കെ പരിസര മലിനീകരണത്തിന് കോപ്പുകൂട്ടുന്നു. ചുരുക്കത്തിൽ ഇനി വരുന്നൊരു തലമുറയ്ക്ക് ഇവിടെ വാസം സാധ്യമാകുമോ എന്ന ആശങ്ക എത്രയോ സത്യമാണ്. അങ്ങനെ ചിന്തിക്കുമ്പോഴാണ് മാലിന്യ നിർമ്മാർജ്ജനവും പ്രകൃതി സംരക്ഷണവും എന്ന ഒരു പ്രസ്ഥാനത്തിന്റെ സംഘടനയുടെ പ്രസക്തിയും പ്രാധാന്യവും മനസ്സിലാക്കാൻ കഴിയുന്നത്. അതാ പൊലൂഷൻ കൺട്രോൾ ഫെഡറേഷൻ എന്നൊരു സ്ഥാപനം തൃശൂർ ജില്ലയിലെ ഒല്ലൂരിൽ പ്രവർത്തിച്ചുപോരുന്നതായി കണ്ടെത്തിയത്. ഈ സ്ഥാപനം കേന്ദ്രസർക്കാരിൽ ബന്ധപ്പെട്ട മന്ത്രി കാര്യാലയത്തിൽ രജിസ്റ്റർ ചെയ്യപ്പെട്ടിട്ടുള്ളതാണ്.


സർവ്വവ്യാപകമായ അഴുക്കുകളും മാലിന്യങ്ങളും കഴിയുംവിധം നിർമ്മാർജ്ജനം ചെയ്ത് പ്രകൃതിയും പരിസരവും ശുദ്ധീകരിക്കപ്പെടുന്നതിലൂടെ ആരോഗ്യസംരക്ഷണവും ലക്ഷ്യമാക്കി പ്രവർത്തിച്ചുവരുന്ന പ്രസ്തുത സംഘടനയെ എല്ലാ തരത്തിലും സഹായിക്കലും സഹകരിക്കലും ഓരോ പൗരന്റെയും ഉത്തരവാദിത്തമാണെന്ന് ഉണർത്തുന്നു. മുൻ സൂചിപ്പിച്ച സംഘടനയുടെ ഭാരവാഹികൾ യഥാക്രമം തൃശൂർ നിവാസികളായ ജീവകാരുണ്യ സേവാ പ്രവർത്തനങ്ങളിൽ തല്പരരായ രണ്ടു വ്യക്തിത്വങ്ങളാണ് ശ്രീ. വി.വി. ബാബു ജോസഫ്, ശ്രീമതി നിർമ്മല മേലേപ്പുരയ്ക്കലുമാണ്. അവരിപ്പോൾ തങ്ങൾ തുടങ്ങിവെച്ച പ്രസ്ഥാനത്തിന്റെ അഥവാ സംഘടനയുടെ മുഖപത്രമായി ഒരു പ്രസിദ്ധീകരണം മാസികാരൂപത്തിൽ ആരംഭിച്ചിരിക്കയാണ്. തങ്ങളുടെ പ്രവർത്തനങ്ങൾ പൊതുജനങ്ങൾ അറിയാനുള്ള മാധ്യമമായി ഈ പ്രസിദ്ധീകരണത്തെ കാണുന്നുവെന്നത് പ്രത്യേകം പ്രസ്താവ്യമാണ്. എല്ലാവിധ ഭാവുകങ്ങളും ആശംസിച്ചുകൊള്ളുന്നു. സംരംഭത്തോടു സഹകരിച്ചു പ്രവർത്തിക്കുന്ന വ്യക്തിയെന്ന നിലയിൽ ഈ ലേഖകൻ നമോവാകം അർപ്പിക്കട്ടെ. ■



കാലികം



# മനുഷ്യത്വത്തിന്റെ അടയാളം



പ്രൊഫ. എം. തോമസ് മാത്യു

ഒരു വിദ്യാലയം ആരംഭിക്കുമ്പോൾ ഒരു കാരാഗൃഹം അടച്ചുപൂട്ടാം എന്ന് എഴുതിയത് വിക്ടർ യൂഗോയാണ്. അത്രയും മനോഹരമായി പറയാൻ കഴിഞ്ഞിട്ടില്ലെങ്കിലും അതിലെ ആശയം അറിവിനെക്കുറിച്ചും അറിവു നേടുന്നതിനെക്കുറിച്ചുമുള്ള അനേക കാലം മനുഷ്യവർഗ്ഗം ഓമനിച്ചുകൊണ്ടിരുന്നതാണ്. വിദ്യാഭ്യാസമെന്നാൽ കുറെ പ്രപഞ്ച രഹസ്യങ്ങൾ അറിയുന്നതും ആ രഹസ്യങ്ങൾ വെളിപ്പെട്ടു കിട്ടിയ ബലത്തിൽ അവയെ ജീവിതത്തെ അനായാസവും ആനന്ദകരവും ആക്കും വിധം പ്രയോഗവിധങ്ങൾ വികസിപ്പിച്ചു സ്വായത്തം ആക്കുന്നതും മാത്രമല്ല എന്നാണ് ആ ആശയം മെല്ലെ പറയുന്നത്. തീർച്ചയായും ജീവിതായോധനത്തിലെ ഏറ്റവും വിലപ്പെട്ട ആയുധം അറിവു തന്നെയാണ്. ഭൂമുഖത്ത് പെറ്റു വീഴുന്ന മനുഷ്യനേക്കാൾ നിസ്സഹായനായ ഒരു ജീവി വേറെയില്ല. തീർത്തും നിസ്സഹായമായ ഒരു ചുറ്റുപാടിലേക്കാണ് അവന്റെ പിറവി. ഈ ജീവി എങ്ങനെയാണ് അതിജീവന സംഗരത്തിൽ അവശേഷിച്ചത് എന്ന് ആലോചിക്കുമ്പോൾ അത്ഭുതം തോന്നും. മനുഷ്യൻ തന്റെ അസ്തിത്വം ഉറപ്പിക്കുക മാത്രമല്ല, തന്റെ മുമ്പിൽ വെല്ലുവിളികൾ ഉയർത്തി വിഴുങ്ങാൻ ആഞ്ഞു നിന്ന പ്രതിഭാസങ്ങളെയെല്ലാം വരുതിയിൽ നിർത്തി വിടുപണി ചെയ്യിക്കുകയും ചെയ്തു.

"അത്ഭുതങ്ങൾ തൻ നൃത്തമണ്ഡലം
ഇദ്ധരാതലം മോഹനം
അത്ഭുതങ്ങൾക്കുമത്ഭുതമെന്നാൽ
മർത്ത്യശക്തി തൻ വിക്രമം"

എന്ന് പണ്ടേ സൊഫോക്ലിസ് എഴുതിയത് അക്ഷരാർത്ഥത്തിൽ ശരിയുമാണ്. ഒരിക്കൽ ശരിയായതല്ല, മനുഷ്യന്റെ ഓരോ അടിവയ്പിലും ശരിയായിക്കൊണ്ടിരിക്കുകയുമാണ്.

"അറിവു ശക്തിയാണ്" എന്ന് ഫ്രാൻസ് ബേക്കൺ പറഞ്ഞത് ശരിതന്നെ. എന്നാൽ, ബേക്കണിന്റെ ഈ വാക്യം തലങ്ങും വിലങ്ങും ഉദ്ധരിക്കുന്നവർ മനസ്സിലാക്കുന്ന അർത്ഥത്തിലാണോ അദ്ദേഹം അത് എഴുതിയത് എന്നു സംശയമാണ്. ബേക്കൺ ശാസ്ത്രത്തിന്റെയും ശാസ്ത്രീയബുദ്ധിയുടെയും വക്താവായിരുന്നു. ശാസ്ത്രജ്ഞാനത്തിന്റെ വളർച്ചയ്ക്കൊത്ത് മനുഷ്യൻ പ്രകൃതിശക്തികളെ കീഴ്പ്പെടുത്തി തന്റെ അധീശത്വം സംശയരഹിതമായി സ്ഥാപിക്കുന്നതിനെക്കുറിച്ചുള്ള

**ഇതിന് രാഷ്ട്രീയം എന്നാണത്രെ പേര്! വിയോജിക്കുന്നവന്റെ നേരെ വടിവാളു വീശുന്നതല്ല, ഓരോരുത്തർക്കും വിയോജിക്കാനുള്ള അവകാശവും സ്വാതന്ത്ര്യവും ഉറപ്പുവരുത്താൻ വേണ്ടി പോരാടുന്നതാണ് രാഷ്ട്രീയം. പരീക്ഷയ്ക്ക് കോപ്പിയടിക്കാനുള്ള സ്വാതന്ത്ര്യമാണ് സ്വാതന്ത്ര്യം, വ്യത്യസ്തമായി ചിന്തിക്കുന്നവനെ ഉന്മൂലനം ചെയ്യാനുള്ള സ്വാതന്ത്ര്യമാണ് സ്വാതന്ത്ര്യം, തങ്ങൾ വരച്ച വരയിൽ നടക്കാൻ കൂട്ടാക്കാത്തവനെ ഗളഹസ്തം ചെയ്യാനുള്ള സ്വാതന്ത്ര്യമാണ് സ്വാതന്ത്ര്യം എന്നിടത്താണ് നാം എത്തിയിരിക്കുന്നത്. ഇതിനു നാം രാഷ്ട്രീയ പ്രബുദ്ധത എന്നു പേരിടുന്നു.**

ആവേശകരമായ സ്വപ്നത്തെ താലോലിച്ച ചിന്തകനായിരുന്നു അദ്ദേഹം. ബേക്കൺ ആഗ്രഹിച്ച വഴിക്കുതന്നെ ആയിരുന്നു മനുഷ്യന്റെ – മാനവരാശിയുടെ മുന്നേറ്റം.

എന്നാൽ, അറിവ് ഏറുന്നതിനൊത്ത് മനുഷ്യന്റെ വിവേകവും വളരേണ്ടതുണ്ട്, വിദ്യാഭ്യാസത്തിന്റെ ലക്ഷ്യങ്ങളിലൊന്ന് – ലക്ഷ്യങ്ങളിലൊന്നല്ല, പരമപ്രധാനമായ ലക്ഷ്യം, മനുഷ്യമനസ്സിനെ സംസ്കരിക്കുകയും മാനുഷിക മൂല്യങ്ങൾ പൊലിമയോടെ പുലരുന്ന ആത്മാവിന്നുടമയായി മനുഷ്യനെ മാറ്റുകയും ആണെന്ന് പ്രാചീന വിവേകം തിരിച്ചറിഞ്ഞിരിക്കുന്നു. പ്രപഞ്ചത്തിലെ അനന്ത വിചിത്രമായ പ്രതിഭാസങ്ങളെ ഓരോന്നോരോന്നായി വേറിട്ടറിയാനും അവ ഓരോന്നിനെയും പേരിട്ട് നിർവ്വചിക്കാനും അങ്ങനെ ജ്ഞാനദീക്ഷയുടെ പാതയിൽ പദം വയ്ക്കാനും ഒരുങ്ങി നില്ക്കുന്ന മനുഷ്യന്റെ ആ കർമ്മത്തിന് ദൈവം സാക്ഷിയായിരുന്നു എന്ന് ബൈബിൾ വ്യക്തമായി പറഞ്ഞിട്ടുണ്ട്. എല്ലാ അറിവിലും ദൈവിക ഭാവം കലർന്നിരിക്കണം എന്നാണ് ബൈബിൾ സൂചിപ്പിക്കുന്നത്. ഏതു സ്നേഹഭാവത്തിന്റെ പൂർണ്ണതയിലാണോ ദൈവം ഓരോന്നിനെയും സൃഷ്ടിച്ചത് ആ സ്നേഹഭാവത്തിലാവണം തന്റെ സൃഷ്ടികളിലൊന്നായ മനുഷ്യൻ ഇതര സൃഷ്ടികളെ അറിയേണ്ടത് എന്നാണ് ബൈബിൾ ദർശനം വ്യക്തമാക്കുന്നത്. ജ്ഞാനം സ്നേഹത്തിന്റെ തന്നെ ഒരു പ്രകാശനരീതിയായിരിക്കണം.

ഞാൻ അല്ലാത്തതെല്ലാം എന്റെ ഭോഗതൃഷ്ണയ്ക്ക് ഇര, എന്റെ ഒടുങ്ങാത്ത ബുഭുക്ഷയ്ക്ക് അടക്കം വരാൻ വിളമ്പിവച്ചിരിക്കുന്ന വിഭവങ്ങൾ, എന്ന് കാണുന്ന അറിവാണ്. മനുഷ്യന്റെ തൃഷ്ണകൾക്കാണെങ്കിൽ അതിരുമില്ല. പ്രാണൻ പിരിഞ്ഞകന്ന് ദേഹത്തെ ഭൂതധാത്രിയെ തിരികെ ഏല്പിക്കുവോളം തൃഷ്ണകൾക്ക് പിന്നാലെ ഓടിക്കൊണ്ടിരിക്കുന്നവനാണ് മനുഷ്യൻ. ഈ ഓട്ടത്തിനിടയിൽ മനുഷ്യൻ തന്റെ ദിവ്യഭാവങ്ങളെല്ലാം ഉപേക്ഷിക്കുന്നു. ദിവ്യഭാവങ്ങളെന്നാൽ മാനുഷിക ഭാവങ്ങൾ എന്നേ അർത്ഥമുള്ളു. ജൈവിക തൃഷ്ണകൾക്കപ്പുറം സ്നേഹത്തിന്റെയും കാരുണ്യത്തിന്റെയും സൗരഭ്യം ജീവിതത്തിലുടനീളം പടർത്താൻ കഴിയുന്നതുതന്നെ മനുഷ്യത്വത്തിന്റെ പൂർണ്ണതയിലേക്കുള്ള യാത്രയെ, ഉല്ലാസപൂർണ്ണമായ യാത്രയെ, സഹായിക്കാനുള്ളതാണ്. അറിവ് നേടുന്നതിനൊത്ത് മനുഷ്യത്വം വളരണം എന്നാണ് സങ്കല്പം. ഇന്നലത്തെക്കാൾ കൂടുതൽ നല്ലവനാകാൻ എന്നെ പ്രേരിപ്പിക്കുന്നില്ലെങ്കിൽ ഞാൻ എന്തിനാണ് പുതിയ പുസ്തകം വായിക്കുന്നത്? സഹവർത്തിത്വത്തിന്റെ, സാഹോദര്യത്തിന്റെ, അന്യന്റെ ദുഃഖം കാൺകെ ഉറക്കം കെടുന്നതിന്റെ, ഉറപ്പ് ആകണം വിദ്യാഭ്യാസം. അതാണ് വിക്ടർ യൂഗോ പറഞ്ഞതിന്റെ അർത്ഥം.

എന്നാൽ, ആ വഴിക്കാണോ നമ്മുടെ വിദ്യാഭ്യാസത്തിന്റെ വളർച്ച? വിദ്യാഭ്യാസം ലഭിക്കാത്തവനെക്കുറിച്ച് പണ്ടു നാം പറഞ്ഞിരുന്നത് വാലും കൊമ്പുമെവാത്ത മഹിഷം എന്നാണ്. ഈ മഹിഷത്തെ മഹിഷാസുരനാക്കുന്നതാണ് വിദ്യാഭ്യാസം എന്ന് തിരുത്തിപ്പറയേണ്ട കാലം വന്നുചേർന്നുവോ? കൊമ്പില്ലാത്തവൻ എന്ന് എന്തിനു പറയുന്നു. കൊമ്പില്ലെങ്കിൽ അമ്പുണ്ടാക്കി പകരംവച്ചുകൊണ്ടല്ലേ മനുഷ്യൻ ജീവിതായോധനം ആരംഭിച്ചത്. ഈ അമ്പിൽ എന്തെല്ലാം പരിഷ്കാരങ്ങൾ ആകാം എന്നു മാത്രമായോ വിദ്യാഭ്യാസത്തിന്റെ നോട്ടം?

മഹാപുരുഷന്മാർ വ്യാപരിക്കുകയും മഹാപുരുഷന്മാരെ സൃഷ്ടിക്കുകയും ചെയ്ത അറിവിന്റെ ശ്രീകോവിലിൽ വിവേകത്തിന്റെയും കാരുണ്യത്തിന്റെയും സ്നേഹത്തിന്റെയും ശംഖനാദമാണ് നാം പ്രതീക്ഷിക്കുക. പക്ഷേ, കേൾക്കുന്നത് പോർവിളികൾ, അട്ടഹാസങ്ങൾ, ഭീഷണികൾ!

ഇതിന് രാഷ്ട്രീയം എന്നാണത്രെ പേര്! വിയോജിക്കുന്നവന്റെ നേരെ വടിവാളു വീശുന്നതല്ല, ഓരോരുത്തർക്കും വിയോജിക്കാനുള്ള അവകാശവും സ്വാതന്ത്ര്യവും ഉറപ്പുവരുത്താൻ വേണ്ടി പോരാടുന്നതാണ് രാഷ്ട്രീയം. പരീക്ഷയ്ക്ക് കോപ്പിയടിക്കാനുള്ള സ്വാതന്ത്ര്യമാണ് സ്വാതന്ത്ര്യം, വ്യത്യസ്തമായി ചിന്തിക്കുന്നവനെ ഉന്മൂലനം ചെയ്യാനുള്ള സ്വാതന്ത്ര്യമാണ് സ്വാതന്ത്ര്യം, തങ്ങൾ വരച്ച വരയിൽ നടക്കാൻ കൂട്ടാക്കാത്തവനെ ഗളഹസ്തം ചെയ്യാനുള്ള സ്വാതന്ത്ര്യമാണ് സ്വാതന്ത്ര്യം എന്നിടത്താണ് നാം എത്തിയിരിക്കുന്നത്. ഇതിനു നാം രാഷ്ട്രീയ പ്രബുദ്ധത എന്നു പേരിടുന്നു. ഇതാണ് നവോത്ഥാനം എന്നു വാശിപിടിക്കുന്നു. എന്നിട്ട് നവോത്ഥാന നായകരുടെ പേരിൽ ആണയിടുന്നു! നവോത്ഥാനം നവോത്ഥാന നായകന്മാരുടെ ശ്രാദ്ധം ആചരിക്കുന്നതല്ല. സമത്വത്തിന്റെയും സ്വാതന്ത്ര്യത്തിന്റെയും മൂല്യങ്ങൾ ജീവിതത്തിൽ സാക്ഷാത്കരിക്കുന്നതാണ് നവോത്ഥാനം. ■

ചരിത്രം

# വൈക്കത്ത് പാച്ചുമൂത്തത്

## സാഹിത്യവും ലോട്ടറിയും പിന്നെ സകലകലയും

**ഇന്ത്യയിലാദ്യമായി ലോട്ടറി ആരംഭിച്ചത് വൈക്കത്ത് പാച്ചുമൂത്തതിന്റെ നിർദ്ദേശപ്രകാരമാണ്. ശുചീന്ദ്രം ശിവക്ഷേത്ര ഗോപുരത്തിന്റെ അറ്റകുററ പണികൾ തീർക്കുന്നതിനുവേണ്ടി തിരുവിതാംകൂർ സർക്കാർ അനുമതി നൽകി. രാജ്യഭരണത്തിലെ നയപരമായ പല തീരുമാനങ്ങളിലും രാജാവ് മൂത്തതിന്റെ ബുദ്ധിയേയും, ക്രാന്തദർശിത്വത്തേയും സ്വീകരിച്ചിരുന്നു.**



*വൈക്കത്ത് പാച്ചുമൂത്തത് കണ്ണാടിൽ നോക്കി അദ്ദേഹം തന്നെ വരച്ച സ്വന്തം ചിത്രം*



സുബ്രഹ്മണ്യൻ അമ്പാടി
വൈക്കം

“നാലഞ്ചു ദിവസങ്ങൾ കൂടി അവിടുത്തെ ആശ്രിതത്വത്തിൽ ഇരുന്ന് ഈ ലോകസുഖം ത്യജിക്കണമെന്ന് വിചാരിക്കുന്നു. പരമേശ്വരനെ തൃപ്പാദങ്ങളിൽ സമർപ്പിച്ചിരിക്കുന്നു.”

സ്വന്തം മരണത്തെ മുൻകൂട്ടി പ്രവചിച്ച മഹാമനീഷിയുടെ വാക്കുകൾ മലയാളത്തിലെ ആദ്യത്തെ ആത്മകഥയും, ആദ്യത്തെ ബാലസാഹിത്യ കൃതിയും, പ്രഥമ തിരുവിതാകൂർ ചരിത്രവും, ആദ്യത്തെ സമ്പൂർണ്ണ ഭാഷാ വ്യാകരണവും എഴുതി, ആദ്യത്തെ ലോട്ടറി ആസൂത്രണം ചെയ്ത വൈക്കത്ത് പാച്ചുമൂത്തത്.

വൈക്കത്ത് പടിഞ്ഞേറടത്തില്ലത്ത് നീലകണ്ഠൻ മൂത്തതിന്റെ പുത്രനായി 1814 ആഗസ്റ്റ് 18 ന് ജനനം. ദാരിദ്ര്യം കൊടുകുത്തിവാണിരുന്ന ഇല്ലം. വൈക്കം മഹാദേവക്ഷേത്രത്തിൽ നിന്നും ചില പ്രത്യേക അവകാശങ്ങൾ ലഭിച്ചിരുന്നതുകൊണ്ട് അത്താഴപഷ്ണി കിടക്കാതെ കഴിഞ്ഞു. ക്ഷേത്രത്തിൽ തിടമ്പെഴുന്നെള്ളിക്കുവാനും, വൈക്കം മഹാദേവ ക്ഷേത്രത്തിൽ ചില പ്രത്യേക അവകാശങ്ങളുള്ളവരായിരുന്നു വൈക്കത്ത് പാച്ചുമൂത്തതിന്റെ പൂർവ്വികർ.

പാരമ്പര്യമായി കിട്ടിയ കുലത്തൊഴിൽകൊണ്ട് ഉപജീവനത്തിന് സാധിക്കില്ല എന്നു മനസ്സിലാക്കിയ പാച്ചു മൂത്തത് വ്യാകരണം, തർക്കം, മീമാംസ, വേദാന്തം, വൈദ്യം, ജ്യോതിഷം, ചിത്രമെഴുത്ത്, എന്നീ ശാസ്ത്രങ്ങളിൽ പഠനം തുടർന്നു.

അമ്പലങ്ങളിൽ നാടകം അവതരിപ്പിച്ചുകൊണ്ട് തിരുവിതാംകൂറിലും പിന്നെ തിരു-കൊച്ചിയിലും ഒരവദൂതനെപ്പോലെ ജീവിച്ച പാച്ചു മൂത്തതിന്റെ ജീവിതം ദുരിതങ്ങളാൽ സമൃദ്ധമായിരുന്നു.

ഇല്ലത്തെ ദാരിദ്ര്യം മൂലം തൃപ്രയാറിൽ ബന്ധുക്കളുടെ ഇല്ലങ്ങളിൽ താമസിച്ച് വൈദ്യ ചികിത്സയിലും നിപുണനായി. വിദ്വാൻ തമ്പുരാൻ വ്യാകരണത്തിലും, വൈക്കം വെച്ചൂർ തേവലക്കാട്ട് മൂത്തത് പാഠകത്തിലും അദ്ദേഹത്തിന് ഗുരുനാഥന്മാരായി.

അത്ഭുതകരമായ ജ്ഞാന വൈവിധ്യം കൈയ്യാളിയിരുന്ന മനുഷ്യനായിരുന്നു മൂത്തത്. അഷ്ടാംഗ ഹൃദയത്തിലുള്ള അവഗാഹം മൂലം കൊച്ചിയിലെ ദിവാനായിരുന്ന ശങ്കര വാര്യരെ ചികിത്സിക്കുന്നതിന് കൊച്ചി രാജാവ് പ്രത്യേകം പല്ലക്ക് അയച്ച് മൂത്തതിനെ ക്ഷണിച്ചു. പാച്ചു മൂത്തതിന്റെ ചികിത്സകൊണ്ട് ആശ്വാസം കിട്ടി. പണക്കിഴിയും കോപ്പുകളും, പ്രതിമാസം ശമ്പളവും അനുവദിച്ചുകൊണ്ടുള്ള ഉത്തരവും ദിവാൻജി പുറപ്പെടുവിച്ചു.

പിന്നീട് കൊച്ചി വലിയ തമ്പുരാൻ കുതിരപ്പുറത്തുനിന്നും വീണുണ്ടായ അസുഖവും പാച്ചുമൂത്തത് ചികിത്സിച്ച് സുഖപ്പെടുത്തി. തമ്പുരാൻ അഭിനന്ദിച്ച്, സന്തോഷത്താലും രണ്ടുകൈയ്ക്കും വീരശൃംഗല സമ്മാനിച്ചു.

കൊല്ലവർഷം 1020 ൽ ഭീകരമായ വസൂരി രോഗം മൂത്തതിന് പിടിപെട്ടു അഞ്ചുദിവസിത്തിലേറെ കിടപ്പിലായി വൈക്കത്തപ്പനെ വിളിച്ച് അപേക്ഷിച്ചപ്പോൾ രാത്രിയുടെ നാലാം യാമത്തിൽ പരമശിവനെത്തി മൂത്തതിന്റെ വസൂരി മാറ്റി.

1029 ൽ തിരുവിതാംകൂർ ഉത്രാടം തിരുന്നാൾ മഹാരാജാവ് കൊട്ടാരം വൈദ്യനായി നിയമിച്ചു. പ്രശസ്തരായ നിരവധി മഹത് വ്യക്തികളെ ചികിത്സിച്ച് അസുഖം ഭേദമാക്കിയപ്പോൾ എറെ പ്രശംസയും വീരശൃംഖലയും, 40 പണം ശമ്പളം വകവെച്ച്, ചങ്ങലവിളക്കിന് വെളിച്ചെണ്ണ മുതലായതു കൊടുക്കുന്നതിന് മഹാരാജാവ് കൽപ്പന പുറപ്പെടുവിച്ചു.

ഇന്ത്യയിലാദ്യമായ ലോട്ടറി ആരംഭിച്ചത് വൈക്കത്ത് പാച്ചുമൂത്തതിന്റെ നിർദ്ദേശ പ്രകാരമാണ്. ശുചീന്ദ്രംശിവക്ഷേത്ര ഗോപുരത്തിന്റെ അ

റ്റകുറ്റപണികൾ തീർക്കുന്നതിനുവേണ്ടി തിരുവിതാംകൂർ സർക്കാർ അനുമതി നൽകി. രാജ്യഭരണത്തിലെ നയപരമായ പല തിരുമാനങ്ങളിലും രാജാവ് മൂത്തതിന്റെ ബുദ്ധിയേയും ക്രാന്ത ദർശിത്വത്തേയും സ്വീകരിച്ചിരുന്നു.

മലയാളസാഹിത്യത്തിലെ ആദ്യ ആത്മകഥ 1857 ൽ അദ്ദേഹം രചിച്ച "ആത്മകഥ സംക്ഷേപണ" മാണെന്ന് കരുതപ്പെടുന്നു. ആദ്യമായി ഒരു ബാലസാഹിത്യ കൃതി എഴുതിയതും അദ്ദേഹം തന്നെ. 1867 ൽ പുറത്തിറങ്ങിയ " ബാലഭൂഷണ"മായിരുന്നു അത്. ആദ്യമായി തിരുവിതാംകൂർ ചരിത്രവും, ആദ്യത്തെ സമ്പൂർണ്ണ ഭാഷാ വ്യാകരണവും എഴുതിയുണ്ടാക്കിയ പാച്ചുമൂത്തത്. രാമവർമ്മ മഹാരാജാ ചരിത്രം, സുഖസാധകം, രാജസൂയം, പ്രബന്ധവ്യാഖ്യാനം, മുചുകുന്ദമോക്ഷം ആട്ടകഥ, കുചേലവൃത്തം ആട്ടകഥ.

ഹൃദയപ്രീയം- ബൃഹദ് വൈദ്യശാസ്ത്ര ഗ്രന്ഥം, അഥർവിമർശിനി-രാജസൂയ പ്രബന്ധത്തിനു വ്യാഖ്യാനം മലയാളത്തിലും, സംസ്കൃതത്തിലും അമൂല്യമായ നിരവധി ഗ്രന്ഥങ്ങൾ സംഭാവന ചെയ്ത ബഹുമുഖ പ്രതിഭാശാലിയായിരുന്നു വൈക്കത്തു പാച്ചുമൂത്തത്, ജ്യോതി ശാസ്ത്രത്തിലും വീണാ വാദനത്തിലും മൂത്തത് നൈപുണ്യം നേടി. മഹാരാജാവിൽ നിന്നും വീരശൃംഗല കിട്ടി. ചിത്രരചനയിൽ അസാമാന്യ കഴിവു തെളിയിച്ചിരുന്നു. കണ്ണാടിയിൽ നോക്കി ഇദ്ദേഹം വരച്ച ജീവസ്സുറ്റ സ്വന്തം ചിത്രമാവാം ഒരു പക്ഷെ മലയാളിയുടെ ആദ്യത്തെ സെൽഫ് പോർട്രെയിറ്റ്. ജന്മ ഗൃഹമായ വൈക്കം പടിഞ്ഞാറേടത്തില്ലത്ത് സൂക്ഷിച്ചിരിക്കുന്ന ഛായ ചിത്രമാണ് ഈ ലേഖനത്തോടൊപ്പം കൊടുത്തിരിക്കുന്നത്.

വൈക്കത്ത് പാച്ചു മൂത്തതിന്റെ " സുഭാഷിത രത്നങ്ങൾ" എന്ന കൃതിയുടെ മുഖവുരയിൽ ടി. എൻ. നാണു പിള്ള ആശാൻ രേഖപ്പെടുത്തി. " എല്ലാ ഗുണങ്ങളും തികഞ്ഞ് കേരളത്തിലെ ഒരു സർവ്വ സമ്മതനും സർവ്വതന്ത്ര സ്വതന്ത്രനും കലാ കുശലനും ഭാഷാഭിമാനിയുമനായ വിദ്വാനും കവിയും ആയിരുന്നുവെന്നു മാത്രമല്ല, അദ്ദേഹത്തെ കേരള പാണിനിയെന്നും കേരളവാഗ്ഭടൻ എന്നോ, കാളിദാസനെന്നോ, വരാഹമിഹിരനെന്നോ ഒക്കെ കൂടി വേണമെങ്കിൽ പറയാവുന്നതാണ്." ■

പ്രകൃതി

# എല്ലാം നിശ്ചലമാകാൻ

**ഏഴംകുളം മോഹൻകുമാർ**

**ഇന്ന്** മനുഷ്യർ പരക്കംപാച്ചിലിലാണ്. ലോകം വിരൽത്തുമ്പിലെന്നഭിമാനിച്ചുകൊണ്ട് ഒന്നിനും സമയം തികയാതെ ഓട്ടം തുടരുകയാണ്. ആധുനിക യുഗത്തിലെ ഈ പ്രയാണത്തിനിടയിലും മത്സരങ്ങളിലും സ്നേഹവും സാഹോദര്യവും ധാർമ്മിക മൂല്യങ്ങളും കൈമോശം വരികയും നഷ്ടപ്പെടുകയും ചെയ്യുന്നത് ആരും കാണുന്നില്ല. പണത്തിനും പദവിക്കും പൊങ്ങച്ചത്തിനും ആഡംബരത്തിനും വേണ്ടിയുള്ള ഈ ഓട്ടം ഇന്ന് സമൂഹത്തെ കാർന്നുതിന്നുകൊണ്ടിരിക്കുകയാണ്. ഇതിനിടയിൽ സ്വന്തക്കാരെ മറക്കുന്നു, ബന്ധുക്കളെ മറക്കുന്നു. വ്യക്തികേന്ദ്രീകൃത ചിന്താഗതിയിൽ ഏവരും സ്വാർത്ഥതയുടെ പര്യായമായി മാറിക്കൊണ്ടിരിക്കുന്നു.

കുറുക്കുവിദ്യകളിലൂടെ പണവും പദവിയും നേടിയെടുത്ത് സമൂഹത്തിൽ മാന്യത കൈവരിക്കാൻ വ്യഗ്രത കാട്ടുന്നവർ നിരവധിയാണ്. തട്ടിപ്പുകളുമായി ബന്ധപ്പെട്ട നിരവധി കേസുകളിൽ പലരും നിയമത്തിന്റെ പിടിയിലായിട്ടുണ്ട്. യഥാർത്ഥത്തിൽ തട്ടിപ്പിനിരയാകുന്നവരും കുറ്റവാളികൾ തന്നെയാണ്. അദ്ധ്വാനിക്കാതെ പണം സമ്പാദിക്കാനുള്ള മോഹത്തിൽ കുടുങ്ങി പ്രലോഭനങ്ങളിലും പരസ്യങ്ങളിലും ഭ്രമിച്ച് ഒന്നും ചിന്തിക്കാതെ പണം നിക്ഷേപിക്കുന്നപലരും കബളിപ്പിക്കലിന്റെ മാപ്പുസാക്ഷികളായി ത്തീർന്നിട്ടുള്ളത് പലപ്പോഴും കാണുകയും കേൾക്കുകയും ചെയ്യുന്നു. നേരായ മാർഗ്ഗത്തിലൂടെയല്ല എന്നു വ്യക്തമായറിഞ്ഞുകൊണ്ട് എടുത്തു ചാടുന്നവരാണിവർ. തട്ടിപ്പു നടത്തുന്നവരെപ്പോലെ തട്ടിപ്പിനിരയാകുന്ന വരോടും സഹതപിക്കേണ്ടതില്ല.

ഏതുവിധേനയും പണം സമ്പാദിക്കുന്ന പലർക്കും അതനുഭവിക്കാൻ വിധിയില്ലാതെപോകുന്നു എന്നതും സത്യമാണ്. ചിലർ സമ്പാദിച്ചുകൂട്ടുന്നതിന്റെ ഫലം അനുഭവിക്കാൻ ഭാഗ്യം കൈവരുന്നത് അനന്തരതലമുറയ്ക്കായിരിക്കും. പ്രകൃതി ദുരന്തങ്ങളും മറ്റ് നിരവധി അപകടങ്ങളും നിരവധി ആളുകളുടെ ജീവനെടുത്തുകൊണ്ടിരിക്കുന്നത് നിത്യസംഭവമാണ്. അതിലൊരു കണ്ണിയാകും എന്ന ചിന്താഗതിയില്ലാത്തതാണ് പലരുടേയും പ്രധാന ദോഷം. അതുപോലെ സൗന്ദര്യത്തിലും അധികാരത്തിലും കഴിവിലും പ്രശസ്തിയിലും സ്വയം മറന്നു പ്രവർത്തിക്കുന്നവരുണ്ട്. പക്ഷേ ചെറിയൊരപകടത്തിന് ഏതു സൗന്ദര്യവും വികൃതമാക്കാനും ശരീരം തന്നെ നിശ്ചലമാക്കാനും കഴിയും. എത്ര ഉന്നതനായാലും ആശുപത്രികളിൽ ഐ.സി.യുവിൽ കഴിയുമ്പോൾ വെറും ഒരു രോഗി മാത്രമായി ത്തീരുന്നു. റേഡിയേഷൻ ടേബിളിലോ സ്കാനിങ് മെഷീനു താഴെയോ, ഓപ്പറേഷൻ തീയേറ്ററുകളിലോ ഒക്കെയാകുമ്പോൾ നമ്മൾ കെട്ടിയുയർത്തിയ എല്ലാ കോട്ടകളും അവിടെ തകരുന്നതായി അനുഭവപ്പെടും. അവിടെ നമ്മൾ ഒന്നുമല്ലാതായിത്തീരുകയാണ്. അതുപോലെ നിസ്സഹായനും.

സാങ്കേതികവിദ്യ അതിന്റെ ഔന്നത്യത്തിലെത്തി. നൂതന കണ്ടുപിടിത്തങ്ങൾ ജീവിതത്തെ അനുനിമിഷം മാറ്റിക്കൊണ്ടിരിക്കുന്നു. അതിന്റെ സുഖസൗകര്യങ്ങൾ ആസ്വദിക്കുമ്പോഴും മനുഷ്യൻ ഒന്നു മറക്കുന്നു. എല്ലാം കീഴടക്കി എന്നഭിമാനിക്കുന്ന ശാസ്ത്രത്തിന് പ്രകൃതിയേയും പ്രകൃതിദുരന്തങ്ങളേയും നിയന്ത്രിക്കാൻ സാധിച്ചിട്ടില്ല. ആരേയും ഏതു പ്രദേശത്തേയും നിമിഷം കൊണ്ട് നിശ്ചലമാക്കാൻ അല്ലെങ്കിൽ തുടച്ചുനീക്കാൻ പ്രകൃതിക്കാവും. തടയാനാവാത്ത ഒരു പ്രതിഭാസമായി പ്രകൃതി ദുരിതങ്ങൾ നിലകൊള്ളുമ്പോഴും മറ്റനവധി അപകടങ്ങൾ ദിനംപ്രതി തുടരുമ്പോഴും മനുഷ്യന്റെ ജീവൻ നിസ്സാരവൽക്കരിക്കുകയാണ്. സൗന്ദര്യവും ജീവനും അധികാരവും സമ്പത്തുമെല്ലാം ഏതു നിമിഷവും തകർന്നടിയാം എന്ന ചിന്താഗതി ആധുനിക മനുഷ്യൻ ഉൾക്കൊണ്ടിരുന്നെങ്കിൽ പലതിനും വേണ്ടിയുള്ള ഓട്ടം നിയന്ത്രിക്കപ്പെടുമായിരുന്നു. ■

ചെറുകഥ

# റിജക്ടഡ്

**കുഞ്ഞമ്മദ് കുരാച്ചുണ്ട്**



എഴുത്ത് എപ്പഴോ അയാളുടെ മനസ്സിൽ കുടിയേറിയിരുന്നു. എങ്ങനെയാണെന്ന് പലപ്പോഴും ചോദിച്ചിരുന്നു. ഒരു മറുപടി അയാളിൽ നിന്നും പ്രതീക്ഷിക്കാതെ തന്നെയായിരുന്നു ചോദ്യം. ധാരാളം വായിക്കുമായിരുന്നെന്ന് കേട്ടിട്ടുണ്ട്. എഴുത്തിനുള്ള ഇന്ധനം അത് തന്നെയാവണം. കോളേജും വിദ്യഭ്യാസവും ഒന്നും അയാളെ ഉപദ്രവിച്ചില്ല. കോളേജിൽ പോകാൻ പത്താം തരം ജയിക്കണമല്ലോ. നാട്ടിലെ തെണ്ടിത്തിരിയലും പിന്നീട് ഗൗരവതരമായ രാഷ്ട്രീയവും ഒക്കെയായി നടന്ന കാലം. എണ്ണപ്പണത്തിന്റെ വാഗ്ദത്ത ഭുമി അയാളെ മാടി വിളിക്കുകയായിരുന്നു. ഒരു ഗ്രാമത്തിൽ ഏറ്റവും ഉച്ചത്തിൽ മുദ്രാവാക്യം വിളിച്ചു കൊടുത്തും കോളാമ്പി മൈക്കിൽ ഉശിര് മുഴുവൻ കൊടുത്ത് പ്രസംഗം പഠിച്ചും പിന്നെ പറഞ്ഞും നടന്ന യോഗ്യതയല്ലാതെ മറ്റൊരു ജോലിയും അയാൾക്കറിയില്ലായിരുന്നു. അതിനിടയിൽ നാട്ടുകാരുടെ കാര്യങ്ങൾക്ക് ഓടിപ്പാഞ്ഞു നടക്കുമ്പോൾ കാണുന്ന സങ്കടങ്ങൾ അയാളുടെ മനസ്സിനെ ആർദ്രമാക്കിയിരുന്നു. ആർക്കെങ്കിലും എന്തെങ്കിലും ചെയ്തു കൊടുക്കുക എന്നത് ശീലമായപ്പോൾ ചിലരെല്ലാം അയാളെ സഖാവെന്ന് വിളിച്ചു. സഖാവിന്റെ എതിരാളികൾക്ക് സഖാവേ എന്ന് വിളിക്കുമ്പോൾ അതൊരു മുട്ടൻ തെറിയുടെ ആശ്വാസം പോലെ അനുഭവിച്ചിട്ടുണ്ടാവാം. എന്നാൽ സഖാവേ എന്ന വിളി അയാൾക്കൊരു ആശ്വാസമായിരുന്നു. ഇന്റർനെറ്റും മൊബൈൽ ഫോണും ഒന്നും ഇല്ലാത്ത കാലത്ത് അന്യന്റെ ശബ്ദം സംഗീതമായി മനസ്സ് നിറയെ കൊണ്ട് നടന്നിരുന്നത്രേ അയാൾ . ഒറ്റമുറിയിലെ വീട് കൊട്ടാരം പോലെ മുന്നിൽ തുറന്നു കിടന്നിരുന്നു. വാതിലില്ലാത്തത് കൊണ്ട് കാവൽക്കാരുണ്ടായിരുന്നില്ല.

അതിരാവിലെ മുതൽ പല കാര്യങ്ങൾക്ക് വേണ്ടി മുറ്റത്ത് വന്നു നിൽക്കുന്നവരെ ഓർമ്മയിൽ വെച്ചുറങ്ങുന്നത് കൊണ്ട് രാവിലെ എന്നത് സൂര്യനുദിക്കുന്നതിന് മുമ്പ് തന്നെയായിരുന്നു. രാത്രി വൈകിയാണ് വീടണയുന്നത്.

ചൂട്ടു കുറ്റിയിലെ ചാരം മുറ്റത്ത് നിരവധി കളങ്ങൾ വരച്ചു വെച്ചിട്ടുണ്ട്. ചുട്ടില്ലാത്ത രാത്രികളിൽ കുരിശ് പള്ളിയുടെ മുന്നിൽ ആരോ കത്തിച്ചു വെച്ചു പോയ മെഴുകു തിരിയെടുത്താണ് നടത്തം. യേശുവും ഞാനും ഒരേ കാര്യമാണ് ചെയ്യുന്നത്. പാവപ്പെട്ടവർക്കും തൊഴിലാളിക്കും. അത് കൊണ്ട് കർത്താവേ അങ്ങയുടെ മുന്നിലെ ഈ മെഴുക് തിരി എന്നെ നയിച്ചോട്ടെ എന്ന് വിശുദ്ധ രൂപത്തിന് മുന്നിൽ പറഞ്ഞു കൊണ്ടാണ് മെഴുകു തിരി മോഷ്ടിച്ചത്. കർത്താവത് ക്ഷമിച്ചിട്ടുണ്ട്. വീട്ടിലെത്തുമ്പോഴും തീർന്നു പോകാത്ത തിരി കോലായിലെ കരിങ്കല്ലിൽ കുത്തി നിർത്തിയാണ് ഉമ്മയെ വിളിച്ചത്. മെഴുകിൽ നിന്ന് പടർന്ന വെളിച്ചത്തെ കണ്ട് ഉമ്മ ആശ്വസിച്ചു. മണ്ണെണ്ണ തീർന്നു പോയിട്ട് രണ്ട് നാളായി എന്നൊരു നിശ്വാസം.

സന്ധ്യയും രാത്രിയും കാണാൻ എത്താത്ത രാത്രിയുടെ അന്ത്യയാമങ്ങളിലാണല്ലോ വീടണയുന്നത്. പകൽ പുഴുക്കിലിട്ട ചക്കയിൽ നാല് മണി ചോറിനോട് ചേർന്ന് വിശപ്പ് ആവിയാവുമ്പോൾ ഉമ്മയുടെ ആശ്വാസം. നിങ്ങി എന്താ ഇത്ര വൈകിയതെന്ന് ഉമ്മയുടെ നാവിൽ നിന്നും ഒരിക്കലെങ്കിലും ചോദിച്ചു കിട്ടാൻ വല്ലാതെ കൊതിച്ചു പോയിട്ടുണ്ട്. ആറെണ്ണത്തിനെ ചുമന്ന് നടന്ന വയറിന്റെ അകം വിശന്നാണിരുന്നത്. വയറ് നിറ

യെ ഉമ്മയുണ്ണുന്നത് കാണാൻ കൊതിച്ചു പോയിട്ടുണ്ട്.

നാടാകെ പരക്കുന്ന ചുവപ്പിൽ എല്ലാ അമ്മമാരുടെയും വയറ് നിറയുന്നത് കാണാനായിട്ടാണയാൾ പാറി നടന്നത്. വിപ്ലവം ജ്വലിക്കുന്ന ഒരു പുലരിയിൽ കണ്ണു തുറക്കാൻ കൊതിക്കുന്നവരുടെ കൂടെയണായാൾ ഓടി നടന്നത്. പക്ഷേ, സ്വാർത്ഥതയുടെ ഒരു നുള്ള് ചിന്തകൾ അപ്പോഴും അയാളോടൊപ്പം ചേർന്ന് നടന്നിരുന്നു .

എണ്ണപ്പണത്തിന്റെ ഗന്ധം നാട്ടിലാകെ പരന്നപ്പോൾ അയാൾ മൂക്കുപൊത്തി നടന്നു. വ്യാമോഹ മുക്തനായ കമ്മ്യൂണിസ്റ്റ് എന്നയാൾ സ്വയം അഹങ്കരിച്ചു. പ്രലോഭനങ്ങളുടെ വഴിയിൽ അധികം വൈകാതെ മൂക്ക് കുത്തി വീണു. തകരപ്പെട്ടിയിലെ പാസ്പോർട്ടിൽ ബോംബെയിൽ സീൽ വീണു പതിഞ്ഞപ്പോഴാണ് അയാളിലെ പ്രവാസി ജന്മം കൊണ്ടത്.

തലക്ക് മീതെ നിയോൺ വിളക്കുകൾ പെയ്ത വെളിച്ചത്തിൽ വാഗ്ദത്ത ഭൂമി തെളിഞ്ഞു നിന്നു. അന്യമായൊരു ഭാഷയുടെയും സംസ്കാരത്തിന്റെയും മണ്ണിൽ ചവിട്ടി നിന്ന് കൊണ്ട് സർവ്വ രാജ്യ തൊഴിലാളികളെയും അയാൾ അഭിവാദ്യം ചെയ്തു. പ്രത്യഭിവാദ്യത്തിന് കാത്തു നിൽക്കാതെ കറുത്ത കുതിരയുടെ കാലുകൾ മണൽ തട്ടിൽ ആഞ്ഞു പതിഞ്ഞു. അന്യന്റെ സങ്കടങ്ങൾക്ക് ദേശാന്തരമില്ലാതായപ്പോൾ അയാളുടെ പേന ഉണർന്നു. എത്യോപ്യയും ഇറാക്കും, ഭക്ഷിണാഫ്രിക്കയും മുംബൈയിലെ ചുവന്ന തെരുവും ഭാവനയും നേരും ചേർന്ന് കണ്ണീരിൽ മുക്കി എഴുതി കൊണ്ടിരുന്നു. അയാൾ എഴുത്തുകാരനല്ലായിരുന്നു. അയാൾക്കൊരു മേൽവിലാസമില്ലായിരുന്നു . പ്രസിദ്ധീകരണ ശാലയുടെ വാതിൽക്കൽ ഭിക്ഷക്കാരനെ പോലെ നിന്ന് അയാൾ കരഞ്ഞു. ഇതെന്റെ കണ്ണീരും വേദനയും അനുഭവവുമാണ്.

പ്രസാധകന്റെ ഡോക്ടറേറ്റിന് മുന്നിൽ വെക്കാൻ അയാൾക്കൊരു നല്ല പേരില്ലായിരുന്നു.

എഴുതി കൂട്ടിയ അക്ഷരങ്ങൾ അന്വേഷിച്ച് നഗരത്തിലെ ശീതളിച്ച മുറിയിൽ ചെന്നപ്പോൾ പരതി കണ്ടെത്തിയ പുസ്തകത്തിൽ പതിഞ്ഞ ഇംഗ്ലീഷ് അക്ഷരങ്ങളിൽ ഇങ്ങനെ കുറിച്ചിട്ടുണ്ടായിരുന്നു.■



ആനുകാലികം

# വിവേകമെന്ന സൽഗുണം



**സാലി മോനായി**

**കു**റഞ്ഞ അദ്ധ്വാനംകൊണ്ട് കൂടുതൽ പണം സമ്പാദിക്കുവാനും, മറ്റുള്ളവരെ കബളിപ്പിച്ച് കാര്യം കാണുവാനുമുള്ള വ്യഗ്രത ഇന്നത്തെ സമൂഹത്തിൽ വർധിച്ചു വരുന്നതായി കാണാം. ഒരാൾ കഷ്ടപ്പെട്ടുണ്ടാക്കുന്ന പണം സൂത്രത്തിൽ തട്ടിയെടുക്കുമ്പോൾ തങ്ങൾ മിടുക്കരാണെന്ന് ഇക്കൂട്ടർ ചിന്തിക്കും. ചില സന്ദർഭങ്ങളിൽ എത്ര ശ്രദ്ധിച്ചാലും ഇത്തരം തന്ത്രങ്ങളിൽനിന്നും രക്ഷപെടാനായെന്നു വരില്ല. കൂടുതലായും സ്ത്രീകളാണ് ഈ വഞ്ചനയിൽ വീണുപോകുന്നത്. അല്പം ശ്രദ്ധിച്ചാൽ ഒഴിവാക്കാവുന്നതേയുള്ളു ഈ കബളിപ്പിക്കലുകൾ.

വീടുകൾതോറും കയറി സംഭാവന ശേഖരിക്കുന്നവരിൽ ഭൂരിപക്ഷവും തട്ടിപ്പുകാരാണെന്ന് നാം തിരിച്ചറിയുന്നില്ല. സ്ത്രീകളും പുരുഷന്മാരും കരളലിയിക്കുന്ന കഥകൾ പറഞ്ഞ് സഹായാഭ്യർത്ഥന നടത്തും. ഭർത്താവിന്റേയോ, ഭാര്യയുടേയോ രോഗം, മകളുടെ വിവാഹം, മക്കളുടെ വിദ്യാഭ്യാസം, സാമ്പത്തിക ബാദ്ധ്യത തുടങ്ങി അനേക കാര്യങ്ങൾ വളരെ തന്മയത്വത്തോടെ കണ്ണുനീരിന്റെ അകമ്പടിയോടെ വിവരിക്കുമ്പോൾ ആരുടേയും മനസ്സലിഞ്ഞു പോകും. അത്യാവശ്യത്തിനു സൂക്ഷിച്ചിരുന്ന പണം ആയിരുന്നാലും ഉള്ള ചില്ലറ തപ്പിയെടുത്തായാലും ഒരു നല്ല സംഭാവന കൊടുത്തു കഴിയുമ്പോൾ ഏതോ വലിയ ജീവകാരുണ്യ പ്രവർത്തി ചെയ്ത ചാരിതാർഥ്യമാണ് നമുക്ക്. ഇങ്ങനെ ശേഖരിച്ച പണവുമായി ഇവർ സിനിമാ തിയേറ്ററിലേക്കും മദ്യഷാപ്പുകളിലേക്കും പോകുന്നുവെന്നറിയുമ്പോഴാണ് നാം വഞ്ചിക്കപ്പെട്ടു എന്ന യാഥാർത്ഥ്യം മനസ്സിലാകുന്നത്.

വീട്ടു വാണിഭക്കാരാണ് മറ്റൊരു വിഭാഗം. വീട്ടമ്മയെയും വീടിന്റെ നിലവാരത്തെയും പുകഴ്ത്തി പറഞ്ഞ് ആളുകളെ വശത്താക്കിയിട്ടാണ് കച്ചവടത്തിലേയ്ക്കു പ്രവേശിക്കുന്നത്. പലഹാരം, തുണികൾ, വിട്ടുപകരണങ്ങൾ, അലങ്കാരവസ്തുക്കൾ, പുസ്തകങ്ങൾ തുടങ്ങി എന്തും വിറ്റഴിക്കുവാനുള്ള മാർക്കറ്റാണ് ഇവർക്ക്. വീടുകളിൽ ഒറ്റയ്ക്കിരിക്കുന്ന സ്ത്രീകൾ ഗുണമേന്മയില്ലാത്തതും, പഴകിയതുമായ സാധനങ്ങൾ ഇവരുടെ വാചക കസർത്തിൽ വീണ് വാങ്ങിവയ്ക്കുന്ന വീട്ടമ്മയ്ക്ക് വലിയൊരു ലാഭക്കച്ചവടം നടത്തിയ സംതൃപ്തിയാണ്. ഉപയോഗിച്ചു തുടങ്ങുമ്പോൾ മാത്രമാണ് കബളിപ്പിക്കപ്പെട്ടു എന്ന് മനസിലാകുന്നത്.

ഒറ്റയ്ക്കു യാത്ര ചെയ്യുമ്പോഴും ഉദാരമനസ്കരായ സ്ത്രീകൾ കബളിപ്പിക്കപ്പെടാറുണ്ട്. ട്രെയിനിലും ബസിലും ഭിക്ഷാടനം നടത്തുന്നവരുടെ ധനസ്ഥിതി അറിഞ്ഞാൽ നാം ഞെട്ടിപ്പോകും. ഇവർക്ക് ദിവസ വേതനം കൊടുത്ത് ഭിക്ഷാടനം നടത്തിച്ച് പ

ണമുണ്ടാക്കുന്നവരുമുണ്ട്. തിരുവനന്തപുരത്തുനിന്ന് തിരുവല്ലയിലേയ്ക്ക് ട്രെയിനിൽ വന്നപ്പോൾ ഉണ്ടായ ഒരു സംഭവം ഓർക്കുന്നു. ഒരു മനുഷ്യൻ ചലനശേഷിയില്ലാത്ത കാല് വളരെ കഷ്ടപ്പെട്ട് വലിച്ചുകൊണ്ട് നിലത്തിരുന്നു നിരങ്ങി കമ്പാർട്ടുമെന്റ് വൃത്തിയാക്കുന്നു. ആർക്കും സഹതാപം തോന്നും അയാളുടെ നിരക്കവും തൂപ്പും കണ്ടാൽ. എല്ലാവരും കഴിവുപോലെ അയാൾക്കു പൈസ കൊടുത്തു. എന്നാൽ തൊട്ടടുത്ത സ്റ്റേഷനിൽ വന്നപ്പോൾ അയാൾ യാതൊന്നും സംഭവിക്കാത്ത മട്ടിൽ ഇറങ്ങി നടന്നുപോകുന്നതു കണ്ടപ്പോഴാണ് എത്ര വിദ്ഗ്ദ്ധമായി അയാൾ യാത്രക്കാരെ കബളിപ്പിച്ചു പണം തട്ടിയെടുത്തു എന്ന സത്യം ബോദ്ധ്യമായത്. 'പിടിയവനെ' 'കള്ളൻ' എന്നൊക്കെ ചെറുപ്പക്കാരായ കുട്ടികൾ വിളിച്ചു പറഞ്ഞപ്പോഴേയ്ക്കും അയാൾ ആൾക്കൂട്ടത്തിൽ ഓടിമറയുകയും ട്രെയിൻ സ്റ്റേഷൻ വിടുകയും ചെയ്തു കഴിഞ്ഞിരുന്നു.

യഥാർത്ഥത്തിൽ ഞെരുക്കമനുഭവിക്കുന്നവരും സത്യസന്ധമായി പ്രവർത്തിക്കുന്നവരും മേല്പറഞ്ഞ വിഭാഗങ്ങളിൽ കുറച്ചെങ്കിലുമുണ്ട് എന്ന യാഥാർത്ഥ്യം വിസ്മരിക്കുന്നില്ല. അർഹതയുള്ളവരെയും തട്ടിപ്പുകാരെയും തമ്മിൽ തിരിച്ചറിയുവാൻ പലപ്പോഴും കഴിഞ്ഞെന്നു വരില്ല. എന്നാൽ ആരോഗ്യമുള്ളവർ ഭിക്ഷാടനം നടത്തുകയും സംഭാവന പിരിക്കുകയും ചെയ്യുന്നത് ഒരിക്കലും പ്രോത്സാഹിപ്പിക്കപ്പെടരുത്. അദ്ധ്വാനിക്കാതെ ഒരു രൂപപോലും നമുക്ക് ഉണ്ടാക്കുവാനാവില്ല. നമ്മുടെ അദ്ധ്വാനഫലമായ ഓരോ ചില്ലിക്കാശും വിലപ്പെട്ടതാണ്. അത് മറ്റൊരാൾ അപഹരിച്ചെടുക്കുവാൻ അനുവദിക്കരുത്. അർഹതയുള്ളവർ എന്ന് പൂർണ്ണ ബോദ്ധ്യമുള്ളവർക്കും, നേരിട്ടറിയാവുന്നവർക്കും മാത്രം സഹായം നല്കിയാൽ നമ്മുടെ പണം നഷ്ടപ്പെടാതിരിക്കും.

പകൽ കച്ചവടക്കാരിൽ വലിയ പങ്ക് മോഷ്ടാക്കളാണെന്ന സത്യവും മറന്നു പോകരുത്. വീടിന്റെ സ്ഥിതികളും വീട്ടുകാരുടെ ധനസ്ഥിതിയും കണ്ടു മനസിലാക്കിയിട്ട് രാത്രിയിൽ മോഷണം നടത്തുവാനുള്ള ലക്ഷ്യത്തോടെയാണ് ഇവർ കച്ചവടത്തിനിറങ്ങുന്നത്. പാചക വാതകത്തിന്റെ ചോർച്ച പരിശോധിക്കുവാൻ വന്നവർ രാത്രിയിൽ തട്ടുപൊളിച്ച് അടുക്കളയിലിറങ്ങി മോഷണം നടത്തിയതും കാറിന്റെ പ്രവർത്തനക്ഷമത പരിശോധിക്കുവാൻ കമ്പനിക്കാർ നിയോഗിച്ചവരാണെന്നും പറഞ്ഞ് വീട്ടമ്മ മാത്രമുള്ളപ്പോൾ വന്നവർ കാറിന്റെ ബുക്കും പേപ്പറും കാറിനുള്ളിലാണ് സൂക്ഷിച്ചിരിക്കുന്നതെന്നും, താക്കോൽ ജനാലയിലൂടെ കൈയിട്ടാൽ എടുക്കാനാവുമെന്നും മനസിലാക്കി പോവുകയും രാത്രിയിൽ കാർ മോഷ്ടിക്കുകയും ചെയ്തതും ഒക്കെ അശ്രദ്ധകൊണ്ടും അഖംഭാവംകൊണ്ടും വരുത്തിവെയ്ക്കുന്ന വിനകളാണ്.

വീട്ടിൽ തനിയെയുള്ളപ്പോൾ ഇത്തരം ഏർപ്പാടുകാരെ എത്രയുംവേഗം പറഞ്ഞുവിടണം. നല്ലതെന്നു ബോദ്ധ്യപ്പെട്ട ഒരു സാധനം വാങ്ങുവാനോ, അർഹതയുള്ള ഒരാളെ സഹായിക്കുവാനോ പണം എടുക്കുവാൻ വീടിനുള്ളിലേയ്ക്കു കയറുമ്പോൾ കതകു പൂട്ടിയശേഷം മാത്രം അകത്തേയ്ക്കുപോകുക. അല്ലെങ്കിൽ പുറത്തു നില്ക്കുന്നയാളും ഒപ്പം കയറിവരാനും ഉപദ്രവിക്കാനും മോഷണം നടത്തുവാനും സാദ്ധ്യതയുണ്ട്. ഇങ്ങനെയുള്ള അനേക സംഭവങ്ങൾ പുത്രദ്വാരാ നാം അറിയുന്നുണ്ടല്ലോ? അപരിചിതരായ ആരോടും വീട്ടുകാര്യങ്ങൾ പറയുകയോ വീടിനുള്ളിൽ പ്രവേശിക്കുവാൻ അനുവദിക്കുകയോ അരുത്. ആവശ്യമുള്ള സാധനങ്ങൾ പരിചയമുള്ള കടകളിൽനിന്നും മാത്രം വാങ്ങുവാൻ ശ്രദ്ധിക്കുക. എല്ലാറ്റിനുമുപരി നമ്മുടെ പണം വൃഥാ ചെലവായിപ്പോകാതിരിക്കാൻ ബുദ്ധിയോടും വിവേകത്തോടുംകൂടി പ്രവർത്തിക്കുക. ■

**2018** ൽ പ്രളയം കേരളം ആകെ ബാധിച്ചതെങ്കിൽ 2019 ൽ പ്രളയ ദുരിതം കൂടുതൽ അനുഭവപ്പെട്ടത് വയനാട് പാർലമെന്റ് മണ്ഡലത്തെയാണ്. പുതുമലയും, കവളപ്പാറയും, പാതാറും, ആനമറി, നാടുകാണിചുരം, മാഞ്ചരി മല, പുഞ്ചകൊല്ലി ആദിവാസി കോളനി ഉൾപ്പെടെ പ്രളയവും, ഉരുൾപൊട്ടലും അനുഭവപ്പെട്ടു. കവളപ്പാറയിൽ 50 ലധികവും, പുതുമലയിൽ 17ഉം, ആനമറിയിൽ 2 പേരും ഉരുൾപൊട്ടലിൽ ജീവൻ പൊലിയുകയും, ധാരാളം പേരെ മാറ്റി താമസിപ്പിക്കുകയും ചെയ്തു.

കഴിഞ്ഞ വർഷത്തെപോലെ 2019 ആഗസ്റ്റ് 7ന് വൈകുന്നേരം മഴയുടെ ശക്തികൂടി വന്നു. പീറ്ററുമൊന്നിച്ച് സംഘടനാപരമായ പ്രവർത്തിയിൽ തിരുവനന്തപുരത്തായിരുന്ന ലേഖകൻ രാവിലെ 7.30ന് നിലമ്പൂരിലെത്തേണ്ട ട്രെയിൻ വൈകുന്നേരം നാലുമണിക്കാണ് എത്തുന്നത്. യാത്രക്കാർ എല്ലാവർക്കും "മഴ"യായിരുന്നു സംസാര വിഷയം. നിലമ്പൂർ ട്രെയിൻ ഇറങ്ങുന്നവർക്ക് വീട്ടിലേക്കുള്ള സാധാരണ വഴികൾ വെള്ളത്തിൽ മുങ്ങിയിരിക്കുന്നു. മറ്റു പലമാർഗ്ഗവും ഉപയോഗിച്ച് വീട്ടിൽ എത്തിയവർക്ക് അതിലും വലിയ ദുരനുഭവങ്ങളാണ് പങ്കുവെയ്ക്കാനുള്ളത്. വീടിന് അകത്തേക്ക് വെള്ളം കയറിയവർ, വെള്ളം കയറുന്നത് കണ്ട് പകച്ചു നില്ക്കുന്നവർ, വീട്ടുപകരണങ്ങൾ മുകൾ ഭാഗത്തേക്ക് അല്ലെങ്കിൽ മറ്റു സുരക്ഷ സ്ഥാനത്തേക്ക് കൊണ്ടുപോകുന്നവർ, വീടിലെത്താൻ കഴിയാതെ, വെള്ളം കയറുന്നതും, വസ്തുക്കൾ കേടുവരുന്നതും കേട്ടറിയുന്നവർ, വൈദ്യുതിബന്ധവും, മൊബൈൽ ബന്ധവും നഷ്ടപെടുന്നവർ, രാത്രിയാകുമ്പോഴെങ്ങും താഴ്ന്ന പ്രദേശത്തെ താമസക്കാരെ ഉയർന്ന പ്രദേശത്തേക്കു യാത്രയാകുന്നവർ, പിന്നീട് അവർക്കും രാത്രി ഏറെ വൈകി താമസം മാറേണ്ടി വന്നവർ, അന്ന് നേരം പുലരുവോളം വെള്ളത്തിന്റെ താണ്ഡവം കാണേണ്ടിവന്നു.

വീട് ഉപേക്ഷിച്ച് മറ്റു സുരക്ഷിത സ്ഥാനത്തേക്ക് മാറിയതുപോലെ, റോഡിലെ സ്ഥിരം യാത്രക്കാർ, അന്തർ സംസ്ഥാന ഗതാഗതം, മറ്റും ചരക്കുലേറികൾ വലിയ ബുദ്ധിമുട്ടുകൾ അനുഭവിച്ചു. കട കംമ്പോളങ്ങൾ വെള്ളം കയറിയതിനാൽ അടഞ്ഞുകിടന്നു. യാത്രക്കാർ ഭക്ഷണം കിട്ടാതെ വലഞ്ഞു. അപ്പോഴേക്കും ഉരുൾപൊട്ടലിന്റെയും, മരണ



# 2019 പ്രളയം
## ഒരു അനുഭവം



എം. സി. അബു

മടഞ്ഞവരുടെയും വീടും കെട്ടിടവും തകർന്നതിന്റെ വാർത്തകൾ പലഭാഗത്തുനിന്നു വന്നു തുടങ്ങി. ആകെ ഭയാനകമായ അന്തരീക്ഷം. അപ്പോഴാണ് പ്രിയ സുഹൃത്തും വയനാട്ടിൽ പ്രവാസി സംഘം കെട്ടി പടുത്ത റഷീദ് കുരിയാടന്റെ മരണ വാർത്ത അറിയുന്നത്. ചുറ്റുഭാഗവും പ്രളയമായതിനാൽ എത്താൻ പറ്റാത്ത അവസ്ഥ. നിലമ്പൂരിൽ നിന്നും 26 കി.മീ. അകലയാണ് കവളപ്പാറ, റോഡിന് മുകൾഭാഗത്ത് താമസിക്കുന്ന 70 വയസ്സുള്ള രായീൻക്കയും, 75 വയസ്സാ. ഏന്തീൻക്കയും, പറയുന്നത് 7–ാം തീയതി വൈകുന്നേരം ഭയാനകമായ ശബ്ദം കേട്ടു, കൂട്ടത്തിൽ നിലവിളിയും, കരച്ചിലും വെളിച്ചമില്ലാത്തതുകൊണ്ട് ഒന്നും കാണുന്നില്ല. 50 ഏക്കറിലധികം സ്ഥലവും, വീടുകളും, 59 ജീവനും അപഹരിച്ച കവളപ്പാറയുടെ അവസ്ഥ.

ബന്ധുവീട്ടിൽ താമസിച്ച് സ്വന്തം വീട്ടിൽ നാലാം ദിവസം വന്നപ്പോഴുള്ള അവസ്ഥ – മണ്ണും ചെളിയും, തേളും, പാമ്പും, മലിനജല വസ്തുക്കളും, മണവും, സുരക്ഷിത സ്ഥാനത്തേക്ക് മാറ്റാൻ കഴിയാതെ കേടുവന്നു കിടക്കുന്ന വസ്തുക്കൾ കാണുമ്പോഴുള്ള വേവലാതി വേറെയും, അപ്പോഴേക്കും സംസ്ഥാനത്തിന്റെ പലഭാഗത്തുനിന്നും സന്നദ്ധ സേവാ സംഘങ്ങളും ദുരിതാശ്വാസ പ്രവർത്തകർ ധാരാളമായി എത്തികൊണ്ടിരുന്നു. കേരളാ സർക്കാരിന്റെ അടിയന്തിര ഇടപെടലുകൾ ക്യാമ്പുകളുടെ പ്രവർത്തനത്തെ ആക്കം കൂടി. നിലമ്പൂർ എംഎൽഎ പി. വി. അൻവറിന്റെ പ്രവർത്തനം വളരെയധികം പ്രശംസനീയമായിരുന്നു.

കഴിഞ്ഞ 2 വർഷമായി കാണപ്പെടുന്ന മഴക്കാല ദുരന്തങ്ങളെ സംബന്ധിച്ച് വ്യത്യസ്തമായ അഭിപ്രായങ്ങൾ വായിക്കാനിടയായി. പാരിസ്ഥിതിക ആഘാതങ്ങൾ, ഖനനം–പാറപൊട്ടിക്കൽ, വലിയ കെട്ടിടനിർമ്മാണം, മുതലായവ ഉരുൾപൊട്ടലിന് കാരണമാകുന്നു. മറ്റൊന്നിന് പശ്ചിമഘട്ട പരിസ്ഥിതിലോല പ്രദേശമാണ്. മാധവറാവു ഗാഡ്ഗിൽ സെപ്റ്റംബർ 5ന് കൽപറ്റയിൽവന്നു വിഷയം ചർച്ച ചെയ്യുകയും, പ്രസംഗിക്കുകയും ചെയ്തു.

എന്നാൽ പുതുമല, കവളപാറ, ആനമറി, പുഞ്ചകൊല്ലി, മാഞ്ചേരി, പാതാറ് മുതലായ ഉരുൾപൊട്ടിയ സ്ഥലങ്ങളിൽ പാറ പൊട്ടിക്കലോ, ഖനനമോ, മറ്റു നിർമ്മാണ പ്രവർത്തനങ്ങളോ നടന്നില്ല, അപ്പോൾ എന്താണ് സംഭവിച്ചത്. മൺസൂൺ കാലമെന്ന് പറയുന്ന ജൂൺ മുതലുള്ള നാലഞ്ചു മാസംകൊണ്ട് പെയ്യുന്ന മഴ 2018ലും 2019ലും ആഗസ്റ്റ് മാസം 7–ാം തീയതി തൊട്ടാണ് ആരംഭിച്ചത്. ഏറെകുറെ മഴയുടെ ശക്തി ഒരു മാസത്തിൽ അവസാനിക്കുകയും ചെയ്തു. മഴ ശരാശരി കിട്ടേണ്ടതിനേക്കാൾ കൂടുതൽ ലഭിക്കുകയും ചെയ്തു. പശ്ചിമഘട്ട മലനിരകളിൽ കുറഞ്ഞ ദിവസം കൊണ്ടു കൂടുതൽ മഴ പെയ്യികയും, താങ്ങാനാവാതെ മണ്ണൊലിപ്പും ഉരുൾപൊട്ടലും സംഭവിച്ചു. ഇങ്ങനെ ഒരുമിച്ച് ഒഴുകി വരുന്ന വെള്ളവും, ചെളിയും, കല്ലും ഉൾകൊള്ളാൻ ചാലിയാർ പുഴക്ക് ശേഷിയില്ല. ചാലിയാർ പുഴയിലൂടെ 100 കി. മീറ്റർ കഴിഞ്ഞാണ് അറബികടലിൽ എത്തിച്ചേരുന്നത്. പുഴ കരകവിഞ്ഞ് ഗതിമാറി ഒഴുകുകയും അപ്പോഴേക്കും പശ്ചിമഘട്ടത്തിന്റെ താഴ്വരയായ നിലമ്പൂർ, ഏർനാട് അസംബ്ലി മണ്ഡലങ്ങളിലെ പലപ്രദേശവും വെള്ളത്തിന് അടിയിലാകുകയും ചെയ്തു. കാലാവസ്ഥാ വ്യതിയാനം സർക്കാരുകൾ ഗൗരവമായി പഠനവിധേയമാക്കേണ്ടതാണ്. കഴിഞ്ഞ വർഷത്തെ അനുഭവത്തിൽ നിന്ന് നാം കണ്ടത്, കെട്ടിടത്തിന്റെ മുകളിലേക്ക് മാറി താമസിക്കാൻ ആരും ശ്രമിച്ചില്ല. വെള്ളം കയറിയവർ സുരക്ഷിത സ്ഥലത്തേക്ക് മാറി താമസിക്കാൻ തയ്യാറായി. സർക്കാരിന്റെ നിർദ്ദേശവും രണ്ടു വർഷത്തെ പ്രളയ അനുഭവവും, വരാൻ പോകുന്ന പ്രളയ ദുരന്തത്തിനെ നേരിടാൻ നമുക്ക് ശക്തി ആർജ്ജിക്കേണ്ടതുണ്ട്. ■





# കനാ

*27-ാം പേജ് തുടർച്ച*

കളിക്കാൻ ഒരു പെൺകുട്ടി അവരൂടെ കൂടുമ്പോൾ സാധാരണഗതിയിൽ ഉണ്ടാകാവുന്ന എല്ലാവിധ പരിഹാസങ്ങളും എതിർപ്പുകളും ഉണ്ടാകുന്നുണ്ട്. ഒന്നു മറികടക്കുമ്പോൾ മറ്റൊന്ന്. ഒരു പെൺകുട്ടിക്ക് ഇതെല്ലാം ആകാമോ? ആൺകുട്ടികളുടെ കൂടെ കളിക്കാമോ? തുടങ്ങിയ സ്ഥിരം പല്ലവികൾ. എതിർ ടീമിലെ ആൺകുട്ടികൾ കൗസല്യ യെ പരിഹസിക്കുമ്പോൾ ഉണ്ടാകുന്ന അടിപിടിയുടെ ഉത്തരവാദിത്വം പോലും ആണുങ്ങ ളുടെയിടയിൽ കളിച്ച പെണ്ണിലേക്കു മാത്രമായി ചുരുങ്ങുന്ന അവസ്ഥ. ഇത്തരം സന്ദർഭ ങ്ങളിലെല്ലാം അച്ഛന്റെ പിന്തുണ കൗസല്യക്ക് കിട്ടുന്നുണ്ട്. ക്രിക്കറ്റിനെ തന്റെ കൃഷിയെ പ്പോലെ തന്നെ ഇഷ്ടപ്പെടുന്ന മുരുഗേശന് അതിനെ എതിർക്കാനാകുമായിരുന്നില്ല. പോലീ സ് സ്റ്റേഷനിൽ നിന്നും മകളെ കൂട്ടിപ്പിടിച്ചു കൊണ്ടുവരുന്ന മുരുഗേശൻ എന്ന അച്ഛൻ, നോട്ടുബുക് എന്ന മലയാള സിനിമയിൽ പ്രിൻസിപ്പലിന്റെ മുറിയിൽ നിന്നും സേറയെന്ന മകളെ കൂട്ടിപ്പിടിച്ചു ഇറങ്ങിയ സുരേഷ് ഗോപിയുടെ അച്ഛനെ ഓർമ്മിപ്പിക്കുന്നുണ്ട്. ലോക്കൽ ടീമിൽ കൗസല്യയെപ്പോലെ ഓഫ് സ്പിൻ ബൗൾ ചെയ്യാൻ കഴിയുന്നവർ ടീമിൽ വേറെയില്ലയെന്നത് ടീമിലുള്ളവരുടെ പിന്തുണ ലഭിക്കാനുള്ള ഘടകമായി മാറി.

ചില എതിർപ്പുകളെ മറികടന്നും ചിലതിനെ നിലനിർത്തിക്കൊണ്ടും കഠിന പരിശ്രമങ്ങ ളിലൂടെ ജില്ലാ വനിതാ ടീമിലേക്കും സംസ്ഥാന ടീമിലേക്കും ഇന്ത്യൻ ടീമിലേക്കും കൗസല്യക്ക് എത്താനായി. ഈ ഉയർച്ചകൾക്കിടയിൽ അച്ഛന്റെ കൃഷി തളർച്ചയുടെ പാതയിലായിക്കഴി ഞ്ഞിരുന്നു. മകൾ ആദ്യമായി രാജ്യത്തിനു വേണ്ടി കളിക്കാൻ ഗ്രൗണ്ടിലിറങ്ങുമ്പോൾ തന്നെ അച്ഛനും അമ്മയും സ്വന്തം വീട്ടിൽ നിന്നും പുറന്തള്ളപ്പെടുകയായിരുന്നു. കൃഷി നശിച്ചതി നാൽ കടം തിരിച്ചടവ് മുടങ്ങിയതിന്റെ പേരിലായിരുന്നു അത്. കാർഷിക കടം തിരിച്ചടക്കാനാ കാതെ ആത്മഹത്യ ചെയ്യുന്ന് ഇന്നത്തെ കർഷകരുടെ പ്രതിനിധിയാണ് മുരുഗേശൻ. ബാങ്കുകാരുടെ ദയാദാക്ഷിണ്യത്തിനായി കാലുപിടിക്കുന്ന കർഷകൻ ജപ്തിയിലൂടെ സ്വന്തം വീട്ടിൽ നിന്നും പുറത്താക്കപ്പെടുമ്പോൾ, കോടിക ളുടെ കടമെടുത്ത് തിരിച്ചടക്കാതെ വിമാനത്തിലേറി ആ പണം കൊണ്ടു വിദേശത്ത് സുഖിച്ചു ജീവിക്കുന്ന വങ്കിട മുതലാളിമാർ മറുവശത്ത്. ഈ വൈരുദ്ധ്യം സിനിമയിൽ ചോദ്യം ചെയ്യുന്നുണ്ട്. വടചെന്നൈ പോലുള്ള തമിഴ് സിനിമകളിലും ഭൂമിയേയും കൃഷി നിലത്തേയും അഭിസംബോധന ചെയ്യുന്നുണ്ട്. നിർഭാഗ്യവശാൽ, നമ്മുടെ പ്രധാനമന്ത്രി പോലും പറയുന്നത് ഇവിടെ ചെറിയ കർഷകർ ജോലി എടുക്കേണ്ടതില്ല എന്നും അത്തരം ചെറിയ കൃഷികൾക്ക് സബ്സിഡികൾ വേണ്ടയെ ന്നുമാണ്. വിള ഇൻഷുറൻസിനെ പോലും തള്ളിപ്പറയുന്ന ഭരണാധികാരികൾ ഉള്ള നാട്ടിൽ നിന്നും അതിന്റെ അടിസ്ഥാന രാഷ്ട്രീയം സിനിമകളിലൂടെ അന്താരാഷ്ട്ര മാനം ലഭിക്കുന്ന വിധത്തിൽ അവതരിപ്പിക്കു ന്നുവെന്നത് കലയിലൂടെ നടത്തുന്ന പോരാട്ടം തന്നെയാണ്.

ഹിന്ദിയറിയാത്ത കൗസല്യ ഇന്ത്യൻ ക്രിക്കറ്റ് ടീം ക്യാമ്പിലെത്തുമ്പോൾ സീനിയർ കളി ക്കാരുടെ നെഗറ്റീവ് സമീപനം, കോച്ച്, സെലക്ടർമാർ എന്നിവരുടെ താൽപര്യങ്ങൾ എല്ലാം കളിക്കുള്ളിലെ കളികളെ തുറന്നു കാണിക്കുന്നുണ്ട്. സിനിമയിൽ പുതിയ കോച്ച് ആയി മുൻ ദേശീയ ടീമംഗം (സിവ കാർത്തികേയൻ) ചുമതലയേൽക്കുന്നതോടെ ചരടുവലികൾക്കു പകരം കഴിവിനെ അളവുകോലാക്കുകയും സെലക്ടർമാർ/കമ്മറ്റിക്കാൻ തഴയാൻ ശ്രമിച്ച കൗസല്യ ടീമിലിടം നേടുകയും ചെയ്തു. (അമ്പാട്ടി രായിഡുവിനെപ്പോലെ അധ്യനിരയിൽ നന്നായി ബാറ്റ് ചെയ്യുന്ന നല്ല പ്രകടനം കാഴ്ചവെച്ചു കൊണ്ടിരിക്കുന്ന ഒരു കളിക്കാരനെ ലോകകപ്പിനുള്ള ഇന്ത്യൻ ടീമിൽ നിന്ന് ഇത്തവണ ഒഴിവാക്കിയതുമായി ബന്ധപ്പെട്ട വിഷയങ്ങൾ മറ്റൊരു രീതിയിൽ ഈ സിനിമയിൽ നമുക്കു കാണാം). രാജ്യത്തിന്റെ വിജയമെന്നതിനേക്കാൾ വ്യക്തികൾക്കും കോർപ്പറേറ്റു താൽപര്യങ്ങൾക്കും പ്രാധ്യാന്യം വരുന്നതാണ് കളിയുടെ വർത്തമാന കാലദുരന്തം. കോടികൾ മുടക്കി ഒരു കോർപ്പറേറ്റ് സ്ഥാപനത്തിന്റെ ബ്രാൻഡ് അംബാസഡറാക്കിയ താരം ടീമിലും ഗ്രൗണ്ടിലും ഉണ്ടായെങ്കിൽ മാത്രമേ അവർ ഉദ്ദേശിക്കുന്ന ഗുണമുണ്ടാവുകയുള്ളൂ. അതിനുള്ള ഇടപെടൽ അവർ നടത്തും. അത്തരം സ്ഥാപനങ്ങളുടെ പരസ്യമാണ് ബി.സി.സി.ഐയുടെ പ്രധാന വരുമാന മാർക്ഷമെന്നത് ഇവിടെ പ്രസക്തമാണ്.

ഹിന്ദി അറിയാത്തവർ മോശക്കാരാണെന്ന സമീപകാല വാദത്തിന്റെ സൂചകമാണ് കൗസല്യയെ മാറ്റി നിർത്തുന്ന സീനിയർ കളിക്കാരുടെ അധീശത്വ മനോഭാവം. ഇന്ത്യയെ പോലൊരു രാജ്യത്ത് ഹിന്ദി മാത്രമാണ് ഒരു ഭാഷയെന്നത് അംഗീകരിക്കാനാവുന്നതല്ല. പ്രാദേശികതയെപ്പറ്റിയുള്ള ബോധവും അവയുടെ പ്രതിനിധാനവും വളരെ പ്രധാനപ്പെട്ടതാണ്. അല്ലാത്തപക്ഷം ഈ നിർവചനപ്രകാരം ഇന്ത്യ എന്ന രാജ്യം ഹിന്ദിയിലേക്കും ഒരു പ്രത്യേക സംസ്കാരത്തിലേക്കും മാത്രമായി ചുരുങ്ങും. ചുരുക്കത്തിൽ ഇന്ത്യ ഹിന്ദിയിലേക്കു ചുരുങ്ങിയാൽ മറ്റു ഭാഷക്കാർ രാജ്യമില്ലാത്ത പൗരന്മാരായി മാറുന്ന സ്ഥിതിയി ലെത്തും. ഈ സിനിമയിൽ കളിയുടെ പ്ലാറ്റ്ഫോമിലൂടെ അത്തരം വിഷയത്തെയും ലളിതമായി വിമർശിക്കാൻ ശ്രമിച്ചിട്ടുണ്ട്.

കളിയിൽ വുമൺ ഓഫ് ദ മാച്ച് അവാർഡ് ലഭിച്ച കൗസല്യ വേദിയിൽ വെച്ച് അച്ഛനെക്കു റിച്ചു പറഞ്ഞു കൊണ്ട് കൃഷിയുടേയുടേയും കർഷകന്റേയും പ്രാധാന്യവും ദുരിതവും ചുരുങ്ങിയ വാക്കിൽ അവതരിപ്പിച്ചു കൊണ്ടു സ്പോർട്സിനേയും കൃഷിയേയും കൂട്ടിയിണ ക്കുന്നുണ്ട്. തനിക്കുള്ള അവാർഡ് സ്പോൺസർ ചെയ്ത ബാങ്കും സ്വന്തം വീടു ജപ്തി ചെയ്ത ബാങ്കും ഒന്നായി എന്നത് അതിനുള്ള നിമിത്തമാകുകയായിരുന്നു.

കനാ മാത്രമല്ല, പേരൻപ്, പരിയേറും പെരുമാൾ, ആടുകളം, വടചെന്നൈ, വിസാരണ എന്നീ തമിഴ് സിനിമകളെ സമാന്തര സിനിമയെന്ന ഗണത്തിൽപെടുത്താവുന്നവയല്ല. ഇതെല്ലാം മുഖ്യധാരാ സിനിമയുടെ ഭാഗമായിത്തന്നെ തമിഴ് പ്രേക്ഷകർ (മറ്റു പ്രേക്ഷ കരും) സ്വീകരിക്കുന്നുവെന്നതാണ് പ്രധാനം.

അടിക്കുറിപ്പ്: ഉണ്ടയെന്ന സിനിമയിൽ അമാനുഷിക ശക്തിയില്ലാത്ത മമ്മൂട്ടിയുടെ പോലീസ് വേഷം. അതുകൊണ്ടു ഫാൻസിന്റെ വിസിലടിയില്ലാതെ ഉണ്ട സമാധാനമായി കാണാനായി...... ■




# പ്രവാസി പഠനക്യാമ്പ് ഹൃദ്യമായ അനുഭവം

**കേ**രള പ്രവാസിസംഘം സംസ്ഥാന പഠന 2019 ജൂലൈ 15,16 തീയതികളിൽ തിരുവനന്തപുരം വിളപ്പിൽശാല ഇ എം എസ് അക്കാദമിയിൽ ചേർന്നു വിവിധ ജില്ലകളിൽ നിന്നും തിരഞ്ഞെടുത്ത 220 പേരും സംസ്ഥാന ഭാരവാഹി കമ്മറ്റി നേതാക്കൾ പഠന പരിശീലന സബ് കമ്മറ്റിസ ഉൾപ്പെടെ 240 പേരും നിഷയിച്ച അധ്യാപകർ ഉൾപ്പെടെ 245 പേരാണ് ക്യാമ്പിന് ഊർജ്ജമായി സന്നിദ്ധരായത് ചിരിയും ചിന്തയും സഹവാസവും കോർത്തിണക്കി പ്രോജ്വലമായ അനുഭവം സമ്മാനിച്ച ശ്രദ്ധേയമായ പുതിയൊരു ചരിത്രമാക്കാൻ സാധിച്ചു. 15ന് 11 മണിക്ക് തന്നെ മുൻ വിദ്യാഭ്യാസ സാംസ്കാരിക മന്ത്രിയും സിപിഐഎം പോളിറ്റ് ബ്യൂറോ മെമ്പറുമായ എം. എ. ബേബി ഉദ്ഘാടനം ചെയ്തു പ്രവാസി സമൂഹത്തിന് രാജ്യത്താകെ മാതൃകയായ ക്ഷേമ പെൻഷൻ ബോർഡ് നോർക്ക സംവിധാനം ഉണ്ടാക്കിയത് കേരളത്തിൽ ഇടതുസർക്കാരുകൾ മാത്രമാണെന്നും അത് സംഘടിത സംവിധാനത്തിന്റെ നേട്ടമാണ് അവസാനത്തെ ഒരാളുടെ അഭിപ്രായം പോലും മാനിക്കുന്ന ജനാധിപത്യപ്രക്രിയയാണ് യഥാർത്ഥ ജനാധിപത്യം പുരോഗമന വിദ്യാർത്ഥി പ്രസ്ഥാനത്തിന്റെ ചരിത്രം തിരസ്കരിച്ചു ഒറ്റപ്പെട്ട സംഭവം കാണിച്ചു ആകെ മോശം എന്ന് വരുത്താനുള്ള ശ്രമം തിരിച്ചറിയണമെന്ന് അദ്ദേഹം തന്റെ ഉദ്ഘാടന ക്ലാസ്സിൽ സൂചിപ്പിച്ചു ഏറെ ഗൗരവമേറിയ അദ്ദേഹത്തിന്റെ പാഠ്യ വിഷയം പഠനാർഹമായി രാഷ്ട്രീയം ശരിയും ശാസ്ത്രീയവും മാനവകുലത്തിന്റെ സമ ഭാവനയാണെന്ന് കൂടി ഓർമിപ്പിച്ചു ക്യാമ്പുകളുടെ സംശയങ്ങൾക്ക് മറുപടി നൽകി ഉദ്ഘാടനം അവസാനിപ്പിച്ചു.. 2.30ന് ആദ്യ വിഷയമായ പ്രവാസി സമ്പത്തിന്റെ പ്രീത്ത്പാദനം എന്ന വിഷയത്തിൽ സംസ്ഥാന പ്ലാനിങ് അംഗം കെ. എൻ. ഹരിലാൽ പാഠ്യവിതരണം നടത്തി പ്രവാസി പണം സമ്പദ്ഘടനയിൽ വരുത്തിയ മാറ്റം മുന്നേറ്റം എന്നിവ സമഗ്രമായി പ്രതിവാദിച്ചു കേരള സർക്കാർ ചെയ്യുന്ന കാര്യങ്ങൾ പ്രവാസി പണം പ്രതുല്പാദനപരവും തൊഴിലധിഷ്ഠിതമാക്കാനുള്ള വഴികാട്ടിയായിരുന്നു ഒട്ടു വളരെ ഗുണകരമായിരുന്നു തുടർന്ന് ജനറൽ സെക്രട്ടറി കെ. വി. അബ്ദുൽഖാദർ എം എൽ എ സംഘടന പ്രവർത്തനം ചുമതലകൾ എന്ന വിഷയത്തിൽ ഓരോ സംഘടന പ്രവർത്തനത്തിലും കാണിക്കേണ്ട ശുഷ്കാന്തി കൃത്യമായി വരച്ചു കാണിച്ചു പ്രവാസി സംഘം നേതാക്കൾക്ക് ഭാവി പ്രവർത്തനത്തിന് വഴികാട്ടിയായിരുന്നു തുടർന്ന് പ്രവാസി സഹകരണ സംഘം സ്വയം സഹായ സംഘത്തിന്റെ അനിവാര്യത പ്രാഖ്യാപിച്ചുകൊണ്ട് സംസ്ഥാന സെക്രട്ടറി പി. സൈതാലിക്കുട്ടി വിഷയം സമർപ്പിച്ചു 7 മണിയോടെ ക്യാമ്പങ്ങൾക്ക് ആവേശം പകർന്നു കൊണ്ട് സാംസ്കാരിക സന്ധ്യ അരങ്ങേറി പ്രഥമ കലാഭവൻ മണി പുരസ്കാര ജേതാവ് സന്തോഷ് പാർട്ടി അവതരിപ്പിച്ച നാടൻ പാട്ട് കലാഭവൻമണിയെ പുനർജനിപ്പിക്കുന്നത് പോലെ... അനുഭൂതി പകർന്നു. രാവിലെ 9 മണിക്ക് ആരംഭിച്ച ക്യാമ്പ് ക്യാമ്പ് അംഗങ്ങളുടെ കലാവിരുന്ന് കൊണ്ട് മുഖരിതമായി ഗാനാലാപനം കവിത അവതരണം കൊണ്ട് ജീവസ്സുറ്റതാക്കു 9.45ന് എഴച്ചേരി രാമചന്ദ്രൻ കവിത സംഗീതം എന്ന വിഷയത്തിൽ ആവേശകരമായ സംഗീതം പോലെ ക്ലാസ്സ് അവതരണം ഏറെ ശ്രദ്ധേയമായി വിശ്വാസം അന്ത വിശ്വാസം എന്നിവ വേർതിരിച്ചു നൽകുന്ന കാവ്യഭംഗി കാക്കുകയും കേകുകയും ചമൽ കാരവും ഒക്കെ ചേർത്തു പ്രവാസം അനർഗ്ഗളം നിർഗ്ഗളിച്ച ഭാഷണം കൊണ്ട് ഹൃദയാരിയായി ചിറകടിച്ചെൻ കൂട് തകർക്കുമ്പോൾ ... പ്രവാസം അതിന്റെ അനുഭവം ഹാസ്യ രൂപേണ കാണുന്ന സമൂഹം ജനിച്ച നാടുവിട്ട ജനിക്കാത്ത നാട്ടിലെ പരിശകൾ ആഗ്രഹം ത്യജിച്ച യേശുവും ബുദ്ധനും ദുഃഖം ആശയാണെന്നും പറഞ്ഞു മഹാത്മഗാന്യധി ആഗ്രഹം ഉപേക്ഷിച്ച പ്രവാസി താളാത്മകത കൊണ്ട് ക്യാമ്പിനെ ആസ്വാദനമാക്കി ഖദീജ മുംതാസിന്റെ കുടുംബ സാംസ്കാരവും എന്നീ വാഷയവും കടന്നു കാർത്തീകേയൻ മാഷിന്റെ ചിരിയുടെ അമിട്ട് പൊട്ടിച്ചു കൊണ്ട് ചിന്തയുടെ ലോകത്തേക്ക് കൊണ്ടുപോയി നവോത്ഥാനം സാംസ്കാരം എന്ന വിഷയത്തിൽ ഭാഷയുടെ മാസമരിക ലോകത്തേക്കാനയിച്ചു ഒട്ടു വളരെ നല്ല പാഠ്യ വിഷയം നൽകി സമ്പൂർണ്ണമാക്കി. മോഡറേറ്ററായി മൂസമാസ്റ്റർ എം. സി. അബു എ. സി. ആനന്ദൻ പീറ്റർ മാത്യു അനിത എന്നിവർ കുമാരി ഇ. എം.പി. അബൂബക്കർ ഉദ്ഘാടന സെക്ഷനിൽ സെക്രട്ടറി ശ്രീകൃഷ്ണപിള്ള സ്വാഗതവും വൈസ് പ്രസിഡന്റ് കെ. വിജയ കുമാർ നന്ദിയും പറഞ്ഞു ക്യാമ്പ് കോർഡിനേറ്റർ പി. കെ. അബ്ദുള്ള നടത്തി ക്യാമ്പിനുള്ള നന്ദി സജീവ് തൈക്കാട് പ്രകാശിപ്പിച്ചു. ■







ആരോഗ്യം



ഡോ. പ്രിയ ദേവദത്ത്

# പുളിമരം

ഉയരത്തിൽ പടർന്നുപന്തലിക്കുന്ന വൻ മരമാണ് പുളിമരം. ഇല പൊഴിക്കുന്ന ഈ മരം നൂറ്റാണ്ടുകൾക്കു മുൻപ് ആഫ്രിക്കയിൽനിന്ന് അതിഥിയായെത്തിയതാണ്. പ്രത്യേക പരിചരണമൊന്നുംകൂടാതെ വളരുന്ന പുളിമരത്തിന്റെ എല്ലാ ഭാഗവും ഔഷധയോഗ്യമാണ്.

'പുളിരസമുള്ള ചെറിയ ഇലകളാണ് പുളിമരത്തിന്റേത്. ഏപ്രിൽ മാസമാണ് പുളിയുടെ പൂക്കാലം. മഞ്ഞകലർന്ന ചുവപ്പ് നിറമാണ് പൂക്കൾക്ക്. പത്തോളം വിത്തുകൾ ഒരു ഫലത്തിലുണ്ടാകും. പാകമായ ഫലത്തിനുള്ളിലാണ് പുളിരസം അധികമുള്ള തവിട്ട് നിറമുള്ള മാംസളഭാഗം. പുളിമരത്തിന്റെ എല്ലാ ഭാഗങ്ങൾക്കും പുളിരസമുണ്ട്.'

ഭക്ഷണപദാർത്ഥങ്ങളിൽ ചേർത്തുപയോഗിക്കുന്ന പോഷക സമ്പന്നമായ വാളൻപുളിയാണ് പുളിമരത്തിന്റെ ഫലം. ഇരുമ്പ്, സോഡിയം, സിങ്ക്, പൊട്ടാസ്യം, ഫോസ്ഫറസ്, മഗ്നീഷ്യം, കാത്സ്യം, വിറ്റാമിനുകളായ സി, ബി, എ, കെ തുടങ്ങിയവ വാളൻപുളിയിൽ അടങ്ങിയിട്ടുണ്ട്. പചനത്തെ സഹായിക്കുന്ന പെക്ടിൻ എന്ന ഘടകം വാളൻപുളിയിലുള്ളതിനാൽ ദഹനപ്രശ്നങ്ങളെ തടയാൻ കഴിയും. വിറ്റാമിൻ സി പ്രതിരോധശക്തി വർധിപ്പിക്കാൻ സഹായിക്കും.

ടാർടാറിക് ആസിഡ്, സിട്രിക് ആസിഡ്, മാലിക് ആസിഡ്, അസെറ്റിക് ആസിഡ്, പൊട്ടാസ്യം, പഞ്ചസാര, പൊട്ടാസ്യം ടാർട്രേറ്റ്, ആൽബുമിനോയ്ഡ്സ്, കൊഴുപ്പ്, കാർബോഹൈഡ്രേറ്റ് ഇവയാണ് മറ്റ് ഘടകങ്ങൾ. ലെഗുമിനേസേ സസ്യകുടുംബത്തിൽപ്പെട്ട പുളിയുടെ ശാസ്ത്രനാമം ടാമറിൻഡ്സ് ഇൻഡിക്ക എന്നാണ്.

***പൂക്കൾ :*** പുളിയുടെ പൂക്കൾ ഭക്ഷ്യയോഗ്യമാണ്. ചട്നി, തോരൻ എന്നിവ ഇതുപയോഗിച്ച് ഉണ്ടാക്കാം. വിശപ്പ് കൂടും. ഉണർവും ഉത്സാഹവും നൽകും. പുളിയുടെ പൂക്കൾ ഇടിച്ചുപിഴിഞ്ഞ നാര് 40 മില്ലിലിറ്റർ വീതം ആഴ്ചയിൽ രണ്ടുതവണ കഴിക്കുന്നത് അർശസ്സുള്ള രോഗികൾക്ക് ഗുണം ചെയ്യും.

***തളിരില :*** തളിരില പാകം ചെയ്ത് കഴിക്കുന്നത് അത്യുഷ്ണം അകറ്റും.

***ഇല :*** പുളിയില ആവണക്കെണ്ണയിൽ ചൂടാക്കി ചെറുചൂടോടെ വേദനയോ വീക്കമോ ഉള്ള ഭാഗത്ത് വെച്ചുകെട്ടുന്നത് ആശ്വാസമേകും. പുളിയിലയും കറിവേപ്പിലയും സമം ചേർത്ത് തിളപ്പിച്ചാറിയ വെള്ളം ഉപയോഗിച്ച് വ്രണം കഴുകാം. പുളിയില ഇട്ട് വെന്ത വെള്ളത്തിൽ കുളിക്കുന്നത് ശരീരത്തിന് ഉണർവ്വേകും.

***ഇളംപുളി:*** ചതച്ച് ചമ്മന്തി ഉണ്ടാക്കി ആഴ്ചയിൽ രണ്ടുതവണ കഴിക്കുന്നത് സ്ഥിരമായ തുമ്മലിന് ആശ്വാസം നൽകും.

***പഴക്കമുള്ള പുളി :*** പഴക്കമുള്ള പുളി ഭക്ഷണത്തിൽപ്പെടുത്തുന്നത് ശോധനയ്ക്ക് സഹായകമാണ്. ഒരു വർഷത്തിലേറെ പഴക്കമുള്ള പുളി ഉണക്കിപ്പൊടിച്ച് നാല് ഗ്രാം എടുത്ത് തേനും ചേർത്ത് കഴിക്കുന്നത് തൊണ്ടവേദന കുറയ്ക്കും.

***പുളിങ്കുരു :*** വെയിലേറ്റ് വരുമ്പോഴുള്ള അത്യുഷ്ണം അകറ്റാൻ രണ്ട് പുളിങ്കുരു ചവച്ചിറക്കുന്നത് ഗുണകരമാണ്.

***പുളിങ്കുരുത്തോരൻ :*** പുളിങ്കുരുത്തോലും കരുവേലപ്പട്ടയും അഞ്ച് ഗ്രാം വീതം, പാകത്തിന് ഉപ്പും ചേർത്ത് പല്ല് തേക്കുന്നത് ഊൻപൊട്ടൽ മാറ്റും. പല്ലിളക്കം തടയും.

പുളി അമിതമായി ഭക്ഷിച്ചുണ്ടാകുന്ന പ്രശ്നങ്ങൾക്ക് ഏത്തേരി, ചുക്ക് ഇവ കഷായംവെച്ച് പഞ്ചസാര ചേർത്ത് നൽകിയാൽ മതിയാകും. പഥ്യമുള്ള ആയുർവേദ ഔഷധങ്ങൾ കഴിക്കുമ്പോൾ പുളി നിഷിദ്ധമാണ്.■

## ബ്രിട്ടീഷ് വിസയ്ക്ക് ഇംഗ്ലീഷ് ഭാഷാ മികവ് പ്രധാനം



ലണ്ടൻ : ബ്രെക്സിറ്റിനു ശേഷമുള്ള ബ്രിട്ടനിലേക്ക് വീസ ലഭിക്കാൻ ഇംഗ്ലീഷ് ഭാഷാ പ്രാഗത്ഭ്യത്തിനു മുൻഗണന വരുന്നു. ഓസ്ട്രേലിയയിലെ പോലെ ഇംഗ്ലീഷ് വിജ്ഞാനം, വിദ്യാഭ്യാസയോഗ്യത, ജോലി പരിചയം എന്നിവയിൽ പോയിന്റ് അധിഷ്ഠിത സംവിധാനം കൊണ്ടുവന്ന് അതിനനുസൃതമായി വീസ നൽകാനാണ് നീക്കം. കുടിയേറ്റ ഉപദേശക സമിതിയിൽ ഇതിന് ആഭ്യന്തര സെക്രട്ടറി ഇന്ത്യൻ വംശജയായ പ്രീതി പട്ടേൽ നിർദ്ദേശം നൽകി.

പ്രീതി പട്ടേലിന്റെ മുൻഗാമി സാജിദ് ജാവിദ് ഇതിനുള്ള ശ്രമത്തിനു തുടക്കമിട്ടിരുന്നു. നിലവിൽ യൂറോപ്യൻ യൂണിയനിലെ വീസ ചട്ടങ്ങളാണ് ബ്രിട്ടനും പിന്തുടരുന്നത്.

# സാംസ്കാരിക മേഖലയിലെ പൊതു ഇടങ്ങൾ തിരിച്ചു പിടിക്കുക: പി രാജീവ്




*കേളി പത്താം കേന്ദ്ര സമ്മേളനം ഉദ്ഘാടനം ചെയ്ത് സിപിഐ (എം) സംസ്ഥാന സെക്രട്ടറിയേറ്റ് അംഗം പി. രാജീവ് സംസരിക്കുന്നു.*

റിയാദ് : മാറി വരുന്ന കാലത്തിനനുസരിച്ച് പൊതു ഇടങ്ങൾ തിരിച്ചു പിടിക്കാൻ കേളി യെ പോലുള്ള സാംസ്കാരിക സംഘടനകൾ വ്യത്യസ്തമായ രൂപകങ്ങൾ ആവിഷ്കരി ക്കാൻ ശ്രമിക്കണമെന്ന് കേളിയുടെ പത്താം കേന്ദ്ര സമ്മേളനം ഉദ്ഘാടനം ചെയ്തു കൊണ്ട് സിപിഐ (എം) സംസ്ഥാന സെക്രട്ടറിയേറ്റ് അംഗം പി രാജീവ് പറഞ്ഞു. സൈമൺ ബ്രിട്ടോ നഗറിൽ നടന്ന പൊതു സമ്മേളനത്തിൽ പങ്കെടുക്കാൻ കേളി പ്രവർത്ത കരോടൊപ്പം റിയാദ് മലയാളി സമൂഹത്തിലെ നിരവധി പേരും എത്തിയിരുന്നു.

പ്രളയാനന്തര കേരളത്തിൽ പാരിസ്ഥിതിക വിഷയങ്ങൾക്ക് മുൻഗണന നൽകുന്ന ഒട്ടന വധി വികസന പ്രവർത്തനങ്ങൾക്ക് പിണറായി സർക്കാർ തുടക്കം കുറിച്ചതായും എന്നാ ൽ അത്തരത്തിലുള്ള വാർത്തകൾ മാധ്യമങ്ങൾ തമസ്ക്കരിക്കുന്നതായും അദ്ദേഹം അഭി പ്രായപ്പെട്ടു.

ചരിത്ര വസ്തുതകൾ കൃത്യമായി മനസ്സിലാക്കാതെ കാശ്മീരിൽ ആർട്ടിക്കിൾ 370 റദ്ദാക്കി യതിനെ അനുകൂലിക്കുന്ന സംഘപരിവാർ സംഘടനകൾ, റദ്ദാക്കിയതിനെ അനുകൂലി ക്കാത്തവരെയെല്ലാം ഇന്ത്യവിരുദ്ധരെന്ന് മുദ്രകുത്താനുള്ള ശ്രമമാണ് നടത്തുന്നതെന്നും അതുപോലെ കാശ്മീർ ഇന്ത്യയുടെ ആഭ്യന്തര വിഷയമാണെന്നും ഈ വകുപ്പ് റദ്ദാക്കലി ലൂടെ പാകിസ്ഥാന് നേട്ടങ്ങൾ കൊയ്യാൻ അവസരമൊരുക്കി കൊടുത്തിരിക്കുകയാണ് മോഡി സർക്കാർ ചെയ്തതെന്നും പി.രാജീവ് പറഞ്ഞു. ആഗോളവൽക്കരണത്തെ പിന്തുണച്ച സാമ്രാജ്യത്വ ശക്തികൾ സാമ്പത്തിക പ്രതിസന്ധി മൂലം തങ്ങളുടെ രാജ്യങ്ങൾ മതിൽ കെട്ടി വേർതിരിച്ചും തങ്ങളുടെ മാർക്കറ്റ് മറ്റുള്ളവ രുടെ മുന്നിൽ കൊട്ടിയടച്ചും അപ ആഗോളവൽക്കരണത്തെ പിന്തുണക്കുന്ന അവസ്ഥ യാണ് ഇന്നുള്ളതെന്നും അദ്ദേഹം ആരോപിച്ചു.

കേളി പ്രസിഡന്റ് ദയാനന്ദൻ ഹരിപ്പടിന്റെ താത്ക്കാലിക അദ്ധ്യക്ഷതയിൽ നടന്ന പൊതു സമ്മേളനത്തിൽ, സമ്മേളന സംഘാടക സമിതി കൺവീനർ ഗോപിനാഥൻ വേങ്ങര സ്വാ ഗതവും, കേളി ജോയിന്റ് സെക്രട്ടറി ഷമീർ കുന്നുമ്മൽ ആമുഖ പ്രഭാഷണവും നടത്തി. കേന്ദ്രകമ്മിറ്റി അംഗം വാസുദേവൻ രക്തസാക്ഷി പ്രമേയവും സെബിൻ ഇഖ്ബാൽ അനു ശോചന പ്രമേയവും അവതരിപ്പിച്ചു.

# ഗ്രീൻ കാർഡ്: നിയന്ത്രണങ്ങൾ അമേരിക്ക മാറ്റുന്നു

ഗ്രീൻ കാർഡിനായി കാത്തിരിക്കുന്ന എച്ച്-1 വിസക്കാർക്ക് സന്തോഷവാർത്ത! വർഷങ്ങളായി അമേരിക്കയിൽ ജോലി ചെയ്യുന്ന ഇന്ത്യൻ പ്രൊഫഷണലുകൾക്ക് ഇനി തിരിച്ചു പോകേണ്ടി വരുമെന്ന ആശങ്കവേണ്ട. പ്രൊഫഷണലുകൾക്ക് സ്ഥിര താമസാനുമതി ലഭിക്കുന്നതോടെ ആശ്രിതർക്ക് ഏഴ് ശതമാനമാക്കി ചുരുക്കിയിരുന്ന ഗ്രീൻ കാർഡ് 15 ശതമാനമാക്കി ഉയർ ത്തിയിട്ടുണ്ട്. ഇപ്പോൾ യു. സി ലുള്ള ഐ.ടി. പ്രൊഫഷണലുകളടക്കമുള്ള എല്ലാ ഉന്നത വിദ്യാഭ്യാസ വിദഗ്ദ്ധർക്കും ഇനി ഇവിടെ സ്ഥിരതാമസമാക്കാം. മൂന്ന് ലക്ഷം ഇന്ത്യക്കാർക്ക് ഇത് ഗുണകര മാകുമെന്ന് കണക്കാക്കപ്പെടുന്നു. ഐ.ടി. കമ്പനികളടക്കമുള്ള ബിസിനസ് സ്ഥാപനങ്ങൾ ഇതിനായി ട്രംപിന്റെ മേൽ സമ്മർദ്ദം ചെലുത്തി വരുകയായിരുന്നു. ട്രംപിന്റെ മൗനം കാരണം സ്വന്തം നാട്ടിലേക്കു തിരിച്ച് വരേണ്ടി വരുമെന്ന ആശങ്കയാൽ ഇമ്മിഗ്രേഷൻ നിയമങ്ങൾ ഉദാരമായ കാനഡയിലേക്ക് കുടിയേറിത്തു ടങ്ങിയിരുന്നു.

ഹൈലി സ്കിൽഡ് ആക്ട് ഒരു 1044 എന്ന ബിൽ ഹൗസ് ഓഫ് റെപ്രസെന്റേറ്റീവ്സ് പാസ്സാക്കി യതോടെ



നീണ്ട വർഷങ്ങളായി അമേരിക്കയിൽ സ്ഥിരതാമസം കാംക്ഷിച്ചിരുന്നവരുടെ പ്രതീക്ഷ പൂവണിയുകയായിരുന്നു. ഭരണകക്ഷിയായ റിപ്പബ്ലിക്കൻ പാർട്ടിക്ക് ഭൂരിപക്ഷമുള്ള സെനറ്റ് ഇത് അംഗീകരിക്കുക കൂടി ചെയ്താൽ പിന്നെ ട്രംപിന്റെ മുന്നിലെത്തും. പ്രസിഡന്റ് ട്രംപ് ഒപ്പിട്ടാൽ നിയമമാകും.

വൻ ഐ.ടി. കമ്പനികളുടെ ഇടപെടൽ ഇതിലുണ്ട്. പ്രൊഫഷണലുകൾ അമേരിക്ക വിടേണ്ടി വന്നാൽ കമ്പനികളുടെ നടത്തിപ്പ് സുഗമമല്ലാതാകും.അമേരിക്കൻ സാങ്കേതിക വിദഗ്ദ്ധരെ കൊണ്ട് മാത്രം വൻ സ്ഥാപനങ്ങൾ നടത്തിക്കൊണ്ടുപോകാനാവില്ല എന്നൊരു സൂചന കൂടി ഗ്രീൻകാർഡ് അനുവദിക്കലിൽ കാണുന്നുണ്ട്.

# ദക്ഷിണാഫ്രിക്കയിൽ ജനപ്രതിനിധിയായി തിരുവല്ല സ്വദേശി

ദക്ഷിണാഫ്രിക്കാ ഈസ്റ്റേൺ കേപ് പ്രവിശ്യയിൽ ജനപ്രതിനിധിയായി തിരുവല്ല സ്വദേശി തിരഞ്ഞെടുക്കപ്പെട്ടു. മന്നൻകരച്ചിറ കേശവത്തിൽ കെ. അനിൽകുമാറാണ് പ്രൊവിൻഷ്യൽ ലെജിസ്ലേച്ചറിലേക്ക് (എമപിഎൽ) തിരഞ്ഞെടുക്കപ്പെട്ടത്.

ഈസ്റ്റേൺ കേപ്പിൽ ഈ പദവിയിൽ എത്തുന്ന ആദ്യ ഇന്ത്യക്കാരനാണ് അനിൽകുമാർ. എംഎൽഎക്ക് തുല്യമാ പദവിയാണിത്. പ്രൊവിൻഷ്യൽ ലെജിസ്ലേച്ചറിൽ 60 അംഗങ്ങളാണ് ഉള്ളത്. ഇതിൽ ആഫ്രിക്കൻ നാഷനൽ കോൺഗ്രസ് പ്രതിനിധിയാണ് അനിൽ കുമാർ. 5 വർഷമാണ് കാലാവധി.

ഒരു വർഷം നീളുന്ന നടപടികളിലൂടെയാണ് പ്രൊവിൻഷ്യൽ തിരഞ്ഞെടുക്കുന്നത്. ആഫ്രിക്കൻ



നാഷണൻ കോൺഗ്രസ് (എഎൻസ്) ട്രഷറർ സ്ഥാനം വഹിച്ചിരുന്ന അനിൽ കുമാർ എഎൻസി, സൗത്ത് ആഫ്രിക്കൻ കമ്യൂണിസ്റ്റ് പാർട്ടി, കോൺഗ്രസ് ഓഫ് സൗത്ത് ആഫ്രിക്കൻ ട്രേഡ് യൂണിയൻ എന്നിവ ചേർന്നുള്ള മുന്നണിയിൽ 1990 മുതൽ സജീവ പ്രവർത്തകനാണ്.

ആഫ്രിക്കയിലെ ഏറ്റവും വലിയ അധ്യാപക സംഘടനയായ സൗത്ത് ആഫ്രിക്കൻ ഡെമോക്രാറ്റിക്ക് ടീച്ചേഴ്സ് യൂണിയൻ ഭാരവാഹിയായിരുന്നു.

നെൽസൻ മണ്ടേല ഉൾപ്പെടെയുള്ള ആഫ്രിക്കൻ നാഷണൽ കോൺഗ്രസ് സ്വാതന്ത്ര സമര സേനാനികളുടെ ജന്മസ്ഥലം കൂടിയാണ് ഈസ്റ്റേൺകേപ്. ഈസ്റ്റേൺ കേപ് ഡിപാർട്ട്മെന്റ് ഓഫ് എജ്യൂക്കേഷനിൽ ഡയറക്ടറാണ് ഇദ്ദേഹം.

സൗത്ത് ആഫ്രിക്കയിൽ അധ്യാപികയായ ചങ്ങനാശ്ശേരി വാഴപ്പള്ളി മാധവാലയത്തിൽ മിനിയാണ് ഭാര്യ. മക്കൾ. ഡേ. വിഷ്ണു പിള്ള, മീരാ പിള്ള.



വിവാഹം
ഒരിക്കൽ മാത്രം.
അത് ഒരിക്കലും മറക്കാത്ത
അനുഭവമാക്കൂ.

THE Raymond SHOP

BAKER JN., NEAR Y.W.C.A.,
M.C. ROAD, KOTTAYAM - 686 001
Ph: 2301645, 2304868

Shop Open Sundays 11 AM - 6 PM

ചരിത്രം



# മലയാളി വനിതകളുടെ സാരി മഹാത്മ്യത്തിന് ഒന്നര നൂറ്റാണ്ട്

ലീനാ ചന്ദ്രൻ

മുണ്ടും നേര്യതുമുടുത്ത മലയാളി സ്ത്രീ അഞ്ചര മീറ്റർ ചേലുള്ള വസ്ത്രത്തിനായി മോഹിച്ചു തുടങ്ങിയത് രവിവർമ്മ ക്യാൻവാസിൽ തീർത്ത വശ്യമനോഹര സ്ത്രീരൂപങ്ങൾ കണ്ടിട്ടാകാമെങ്കിലും അതിനും മുൻപ് സാരിയുടുത്ത് ചരിത്രം സൃഷ്ടിച്ചവരിൽ തിരുവിതാംകൂർ മഹാരാജാവായിരുന്ന ആയില്യം തിരുനാളിന്റെ പത്നി കല്യാണിക്കുട്ടിയമ്മയുണ്ട്.

പണ്ഡിതയും കലാവിദുഷിയുമായിരുന്ന കല്യാണകുട്ടിയമ്മയെ ആയില്യം രാജാവു പത്നിയായി സ്വീകരിച്ചതിന്റെ അതിസുന്ദര കഥകൾ തിരുവിതാംകൂർ ചരിത കഥകളി ചരിത്രത്തിനു സ്വന്തം. കൊച്ചി രാജ്യത്തെ അവസാനത്തെ സർവാധികാര്യക്കാരനായ നടവരമ്പത്തു കുഞ്ഞുകൃഷ്ണ മേനോന്റെയും മാതൃപ്പള്ളി വീട്ടിൽ കുഞ്ഞിലക്ഷ്മി അമ്മയുടെയും മകളായിരുന്നു കല്യാണിക്കുട്ടിയമ്മ. തിരുവിതാംകൂർ കൊട്ടാരം കഥകളി യോഗത്തിലെ മഹാനടൻ ഈശ്വരപ്പിള്ള വിചാരിപ്പുകാർ മുൻകയ്യെടുത്തു നടത്തിയ ആലോചനയുടെ ഫലമായാണു കല്യാണിക്കുട്ടിയമ്മ ആയില്യം തിരുനാളിന്റെ പത്നിയായതെന്നും ചരിത്രഗവേഷകൻ പ്രതാപ് കിഴക്കേമഠം രേഖപ്പടുത്തുന്നു. കൊല്ലവർഷം 1038ലാണു മഹാരാജാവ് കല്യാണക്കുട്ടിയമ്മയെ പത്നിയായി സ്വീകരിച്ചത്, ഈശ്വരപ്പിള്ള വിചാരിപ്പുകാരുമായുള്ള ബന്ധത്തെപ്പറ്റി കിംവദന്തികൾ പരന്നപ്പോൾ അക്കാര്യം പരിശോധക്കാൻ കൊട്ടാരം സ്വീകരണമുറിയിൽ നാലുപാടും നിലക്കണ്ണാടികൾ വച്ച് മഹാരാജാവു നടത്തിയ 'ഒളിക്യാമറ ഓപ്പറേഷൻ' കല്യാണിക്കുട്ടിയമ്മയെക്കുറിച്ച് അദ്ദേഹത്തിന്റെ മതിപ്പു വർധിക്കാനേ ഉപകരിച്ചുള്ളൂ. ഈശ്വരപ്പിള്ളയെ ഗുരുവായും പിതാവിനെപ്പോലെയുമാണ് അവർ കണ്ടിരുന്നതെന്നാണു മഹാരാജാവിനു ബോധ്യപ്പെട്ടത്.

കല്യാണിക്കുട്ടിയമ്മ 1868ൽ സാരിയുടുക്കുമ്പോൾ, രാജാരവിവർമയുടെ സാരിയണിഞ്ഞ ദേവീരൂപങ്ങളും പുരാണ കഥാപാത്രങ്ങളും പിറന്നിട്ടുണ്ടായിരുന്നില്ല. മഹാരാഷ്ട്രയിലെയും ആന്ധ്രയിലെയും വസ്ത്ര പാരമ്പര്യങ്ങൾ കണ്ടറിഞ്ഞുള്ള രവിവർമ്മയുടെ സാരിസങ്കൽപം 1880കൾ തൊട്ടാണ് ഇന്ത്യയെമ്പാടും പ്രചരിച്ചത്. തിരുവിതാംകൂറിന്റെ സാരി ചരിത്രത്തിലെ പ്രഥമ വനിതയായി ചരിത്രകാരൻ മനു എസ്. പിള്ളയും എടുത്തുപറയുന്നതു കല്യാണിക്കുട്ടിയമ്മയുടെ പേരാണ്.

തമിഴ്നാട്ടിൽനിന്നുൾപ്പെടെയെത്തിയ നർത്തകിമാരിലൂടെയാകാം സാരിയുടെ ആദ്യ മാതൃകകൾ കേരളത്തിലും ചുവടുവച്ചതെന്നു കരുതുന്നതിൽ തെറ്റില്ല. തിരുവനന്തപുരത്തെ ശ്രീപത്മനാഭക്ഷേത്രത്തിലുള്ള കൈകൊട്ടിക്കളി ശിൽപങ്ങൾ ഉടുത്തിരിക്കുന്നത് സാരി പോലെയുള്ള വസ്ത്രമാണെന്ന് ചരിത്ര ഗവേഷക ഉമ മഹേശ്വരി ചൂണ്ടിക്കാട്ടുന്നു. ■

oushadhi.org




100% ജൈവ മൂലികകളാൽ നിർമ്മിക്കുന്ന 450 ലേറെ ആധികാരിക ആയുർവേദ ഔഷധങ്ങൾ

700 ൽപ്പരം ഡീലർമാർ · രാജ്യമൊട്ടാകെ സാന്നിധ്യം

ആയിരക്കണക്കിന് സർക്കാർ ആയുർവേദ ആശുപത്രികളിലും ഡിസ്പെൻസറികളിലും ഉപയോഗിക്കുന്ന വിശ്വാസ്യത

കോടിക്കണക്കിനാളുകൾക്ക് സൗഖ്യം നൽകുന്ന ഔഷധി

സാമൂഹികാരോഗ്യത്തിനായി നിലകൊള്ളുന്ന ഒരു കേരളസർക്കാർ സ്ഥാപനം

ഔഷധി

ഒരു കേരള സർക്കാർ സ്ഥാപനം

The Pharmaceutical Corporation (I.M.) Kerala Ltd. Kuttanellur, Thrissur - 680 014.
Ph: 0487-2459800. Email: marketing@oushadhi.org

Maitri.com

സൗന്ദര്യം



# മുടികൊഴിച്ചിൽ തടയുവാൻ

ഡോ. അമൃത എലിസബത്ത് വർഗീസ്

അകാലത്തിൽ മുടി കൊഴിഞ്ഞ് കഷണ്ടി തെളിയുന്നത്, മലയാളിയെ വല്ലാതെ ആശങ്ക കുലനാക്കുന്നുണ്ട്. ഈ പ്രശ്നത്തിന്റെ മൂലകാരണങ്ങൾ എന്തൊക്കെയാണ്?

പാരമ്പര്യം ഒരു പ്രധാന ഘടകമാണ്. അതോടൊപ്പം ഇന്നത്തെ ജീവിതശൈലി മൂലമു ണ്ടാകുന്ന സമ്മർദം, ഹോർമോണുകളിലുണ്ടാകുന്ന മാറ്റം എന്നിവയൊക്കെ കാരണങ്ങ ളാണ്. കൂടാതെ ഗുണനിലവാരമില്ലാത്ത ഷാംപൂകളുടേയും, കണ്ടീഷനറുകളുടേയും, ഹെയർ ക്രീമുകളുടേയും ഉപയോഗം മുടികൊഴിച്ചിലിന്റെ വേഗത കൂട്ടുന്ന കാരണങ്ങളാ ണ്. ഇതൊക്കെ ഉപയോഗിക്കണമോ വേണ്ടയോ എന്നത് വ്യക്തിപരമായ തീരുമാനങ്ങളാ ണ്. എന്നാൽ ഇവയിൽ പലതും തലമുടിയുടെ ആരോഗ്യത്തെ വല്ലാതെ ബാധിക്കുന്നതാ ണ്. ഉദാഹരണത്തിന് ഹെയർഡൈയിൽ പിപിഡി ഉണ്ട്. അമോണിയ ഉണ്ട്. ഇതൊക്കെ തലയോട്ടിയെ ബാധിക്കുവാനും മുടി പൊട്ടുവാനും കൊഴിയുവാനുമൊക്കെ കാരണമാ കാറുണ്ട്. മുടി സ്ട്രെയിറ്റ് ചെയ്യുമ്പോൾ ഹൈഡ്രജൻ സൾഫൈഡ് ബോണ്ടിനെ തകർ ക്കുകയാണ് ചെയ്യുന്നത്. പലപ്പോഴും ഇതിന്റെ ഗൗരവം നാം ശ്രദ്ധിക്കാറില്ല.

**** എപ്പോഴാണ് മുടി കൊഴിച്ചിൽ ഒരു പ്രശ്നമെന്ന നിലയിൽ ഗൗരവത്തോടെ പരിഗ ണിക്കേണ്ടത്?***

എല്ലവരുടേയും മുടി എന്നും കൊഴിയുന്നുണ്ട്. ശരാശരി 50 മുതൽ 100 വരെ മുടി കൊ ഴിയുന്നുണ്ടാവും. എന്നാൽ മുടി ചീകുമ്പോഴും മറ്റും അതിലധികമായി മുടി കൊഴിച്ചിൽ കണ്ടാൽ തീർച്ചയായും ഒരു ചർമ്മരോഗ വിദഗ്ധനെ കാണണം.

**** മുടി കൊഴിച്ചിലിനുള്ള ചികിത്സ ഫലവത്താകാൻ എത്രകാലം എടുക്കും?***

ഒരു വ്യക്തിയുടെ മുടിവളർച്ചയ്ക്ക് 3 ഘട്ടങ്ങളുണ്ട്. മുടി വളരുന്ന ആനോജൻ, ചലന രഹിതമായ കാറ്റോജജൻ, കൊഴിയുന്ന ടീലോജൻ എന്നീ 3 ഘട്ടങ്ങൾ ആണവ. 6 ആഴ്ച യാണ് ഇതിനുള്ള മൊത്തം കാലയളവ്. ചികിത്സ ഫലവത്താകാൻ തുടങ്ങുന്നത് ഈ 6 ആഴ്ചയ്ക്ക് ശേഷമാണ്.

**** എന്തൊക്കെയാണ് മുടികൊഴിച്ചിലിനുള്ള മുഖ്യപരിഹാരമാർഗ്ഗങ്ങൾ?***

തലമുടിയിൽ അനാവശ്യമായതൊന്നും കാട്ടിക്കൂട്ടാതിരിക്കുക. കൊഴിച്ചിൽ ഉണ്ടാകുന്നു എന്ന് തോന്നിയാൽ ഉടനെ ഒരു ചർമ്മ രോഗ വിദഗ്ദനെ സമീപിക്കുക. ഡോക്ടറുടെ നി ർദ്ദേശപ്രകാരമുള്ള ഷാംപു ഉപയോഗിക്കാം. പരസ്യങ്ങളിൽ വശീകരിക്കപ്പെട്ടു പോകാതിരിക്കുക. ഓരോരുത്തരുടേയും കേസ് വ്യത്യസ്തമാണ്. ഒരു ഡോക്ടർക്ക് മാത്രമേ കൃത്യമായി പ്രശ്നം തിരിച്ചറിയാൻ കഴിയൂ.... ■

# കാനഡയിലെ അങ്കത്തിന് ടോം



പൊതുത്തിരഞ്ഞെടുപ്പിനായി കാനഡ ഒരുങ്ങുമ്പോൾ ചരിത്രം കുറിക്കാ നൊരുങ്ങി റാന്നിക്കാരൻ ടോം വർഗീസ്. ഒക്ടോബർ 21ന് നടക്കാനിരിക്കുന്ന പാർലമെന്റ് തിരഞ്ഞെടുപ്പിലെ ഏക മലയാളി സാന്നിധ്യമാണ് റാന്നി കണ്ടം പേരൂർ കപ്പമാമൂട്ടിൽ കു ടുംബാംഗമായ ടോം. ഇപ്പോൾ പ്രതിപക്ഷത്തുള്ള കൺസർവേറ്റീവ് പാർട്ടിയുടെ മിസ്സി സാഗ-മാൾട്ടൺ മണ്ഡലത്തിലെ സ്ഥാനാർഥിയാണ്. എതിരാളിയാകട്ടെ നിസാരക്കാരനല്ല. പ്രധാനമന്ത്രി ജസ്റ്റിൻ ട്രൂഡോയുടെ അടുപ്പക്കാരനും ഫെഡറൽ മന്ത്രിയുമായ നവദീപ് ബെയ്ൻസിനെയാണ് എതിർക്കുന്നത്.

A better 'TOM'orrow എന്ന തല വാചകവുമായി പ്രചാരണത്തിൽ സജീവമാകുക യാണ് അദ്ദേഹം. ഒക്ടോബർ 21ലെ വിധിയെഴുത്തും അനുകൂലമാണെങ്കിൽ പുതിയൊര ധ്യായമാകും അന്നു കുറിക്കപ്പെടുക- കേരളത്തിൽ ജനിച്ച, വടക്കൻ അമേരിക്കയിലെ ആദ്യ പാർലമെന്റംഗം എന്ന അപൂർവ നേട്ടം.

കപ്പമാമൂട്ടിൽ കെ.ടി.വർഗീസിന്റെയും ചിന്നമ്മയുടെയും മകനായ ടോം 33 വർഷം മുമ്പാ ണ് കാനഡയിൽ കുടിയേറിയത്. നാട്ടിൽ ട്രാവൽ ഏജൻസി രംഗത്ത് പ്രവർത്തിച്ച പരിച യവുമായി കാനഡയിൽ എത്തിയ അദ്ദേഹം ടൊറന്റോ രാജ്യാന്തര വിമാനത്താവളം കൺട്രോൾ ടവറിൽ ഏപ്രൺ കോ-ഓർഡിനേറ്ററായി പ്രവർത്തിച്ചു.പിന്നീട് സംരംഭക നായി. മിസ്സി സാഗ- മാൾട്ടൺ റോട്ടറി ക്ലബ് സെക്രട്ടറി, കേരള ക്രിസ്ത്യൻ അസംബ്ലി അഡ്മിനിസ് ട്രേറ്റർ തുടങ്ങിയ പദവികളിലൂടെയും ഒട്ടേറെ കോൺഫറൻസുകൾക്ക് നേ തൃത്വം നൽകിയും സംഘാടനമികവു തെളിയിച്ചു. കൊല്ലം പുനലൂർ വാഹനിൽക്കുന്ന തിൽ ജിജിയാണ് ഭാര്യ. മക്കൾ: ഡാനി, ജോനഥാൻ.

# പാചകം



തോഷ്മ ബിജു വർഗീസ്

## മുട്ട സ്റ്റ്യു



**ആവശ്യമുള്ള സാധനങ്ങൾ**

| | | |
|---|---|---|
| 1. | മുട്ട പുഴുങ്ങിയത് | 3 എണ്ണം |
| 2. | സവാള (ചതുരത്തിൽ അരിഞ്ഞത്) | ഒന്ന് |
| 3. | പച്ചമുളക് (രണ്ടായി കീറിയത്) | 2 എണ്ണം |
| 4. | കുരുമുളക് ചതച്ചത് | 1 ടീസ്പൂൺ |
| 5. | മഞ്ഞൾപ്പൊടി | 1/2 ടീസ്പൂൺ |
| 6. | മൈദ | 1/4 കപ്പ് |
| 7. | തേങ്ങാപ്പാൽ | 1 കപ്പ് |
| 8. | ഉപ്പ്, കറിവേപ്പില, എണ്ണ | പാകത്തിന് |

***തയ്യാറാക്കുന്നവിധം***

ഫ്രൈയിങ് പാനിൽ എണ്ണയൊഴിച്ച് സവാള, പച്ചമുളക് എന്നിവ വഴറ്റുക. കുരുമുളക്, മഞ്ഞൾപ്പൊടി എന്നിവ ചേർത്തു മൂപ്പിക്കുക. മൈദ ചേർത്ത് മൂത്തശേഷം തല പ്പാൽ ചേർത്ത കുറുക്കുക. ഇതിലേക്ക് മുട്ട രണ്ടായി പിളർന്നതു ചേർത്ത് വാങ്ങുക. ചൂടു കറിയുടെ മുകളിൽ കറിവേപ്പിലയിട്ട് മൂടിവച്ച് കറിവേപ്പില വാടിയശേഷം ഇളക്കി ഉപയോഗിക്കാം.

## ഏത്തപ്പഴം വറുത്തത് പായസം



**ആവശ്യമുള്ള സാധനങ്ങൾ**

| | | |
|---|---|---|
| 1. | നെയ്യ് | 1 1/2 കപ്പ് |
| 2. | ഏത്തപ്പഴം | 1 കിലോഗ്രാം |
| 3. | അണ്ടിപ്പരിപ്പ്, കിസ്മിസ് | 2 ടേബിൾസ്പൂൺ വീതം |
| 4. | ശർക്കര (പാനിയാക്കിയത്) | 1/2 കിലോ |
| 5. | രണ്ടാംപാൽ | 1 കപ്പ് |
| 6. | ചൗവ്വരി | 2 ടീസ്പൂൺ |
| 7. | ഒന്നാം പാൽ | 1 കപ്പ് |
| 8. | ഏലയ്ക്കാപ്പൊടി | 1 ടീസ്പൂൺ |

***തയ്യാറാക്കുന്നവിധം***

നെയ്യിൽ ഏത്തപ്പഴം വറുത്തെടുക്കുക. മിച്ചമുള്ള നെയ്യിൽ അണ്ടിപ്പരിപ്പ്, കിസ്മിസ് ഇവ വറുത്തെടുക്കുക. ഉരുളിയിൽ ശർക്കരപ്പാനി ചേർത്ത് ഏത്തപ്പഴം വഴറ്റുക. ശർക്കരയിലെ വെള്ളം വറ്റി കുറുകിവരുമ്പോൾ രണ്ടാംപാൽ ചേർത്ത് കുറേശ്ശ ഇളക്കുക. ഇതിലേക്ക് ചൗവ്വരി കഴുകി ചേർക്കുക. ഇതു കുറുകിവരുമ്പോൾ ഏലയ്ക്കാപ്പൊടിയും ഒന്നാം പാലും ചേർത്തിളക്കുക. അധികം കുറുകാത്ത അയവിൽ വാങ്ങി അണ്ടിപ്പരിപ്പ്, കിസ്മിസ് ഇവ ചേർത്ത് ചൂടോടെ വിളമ്പാം.

## കപ്പളങ്ങ-ചേന-കൂർക്ക അവിയൽ



**ആവശ്യമുള്ള സാധനങ്ങൾ**

| | | |
|---|---|---|
| 1. | കപ്പളങ്ങ | 1/2 കപ്പ് |
| 2. | കൂർക്ക | 1/2 കപ്പ് |
| 3. | ചേന | 1/2 കപ്പ് |
| 4. | പുളി | അല്പം |
| 5. | തേങ്ങ (ചിരവിയത്) | 1 കപ്പ് |
| 6. | മുളകുപൊടി | 1 1/2 കപ്പ് |
| 7. | മഞ്ഞൾപ്പൊടി | 1/2 ടീസ്പൂൺ |
| 8. | ഉള്ളി | 5 അല്ലി |
| 9. | ജീരകം | 1/2 ടീസ്പൂൺ |
| 10. | കടുക് | 1 ടീസ്പൂൺ |
| 11. | വെളിച്ചെണ്ണ, ഉപ്പ്, കറിവേപ്പില | പാകത്തിന് |

***തയ്യാറാക്കുന്നവിധം***

കപ്പളങ്ങ, കൂർക്ക, ചേന എന്നിവ ചെറിയ കഷണങ്ങളാക്കി അല്പം വെള്ളമൊഴിച്ച് വേവിക്കുക.വെന്തശേഷം പുളിപിഴിഞ്ഞൊഴിക്കുക. തേങ്ങ, മുളകുപൊടി, മഞ്ഞൾപ്പൊടി, ഉള്ളി, ജീരകം, എന്നിവ അരച്ച് ചേർത്തിളക്കുക. കടുക് പൊട്ടിച്ച് കറിവേപ്പിലയും വെളിച്ചെണ്ണയും ഒഴിച്ച് വിളമ്പാം.

കേരള സർക്കാർ

# സംസ്ഥാന ഭാഗ്യക്കുറി
# ഇപ്പോൾ
# കുറഞ്ഞ വിലയിൽ
# കൂടുതൽ ഭാഗ്യം




**ബമ്പർ ഒഴികെയുള്ള**
**എല്ലാ ഭാഗ്യക്കുറികളും**

## ₹30, ₹40

**വിലകളിൽ ലഭിക്കുന്നു**

ചൊവ്വ
**സ്ത്രീ ശക്തി**
ഒന്നാം സമ്മാനം
**60ലക്ഷം**
ടിക്കറ്റ് വില ₹30

തിങ്കൾ
**വിൻവിൻ**
ഒന്നാം സമ്മാനം
**65ലക്ഷം**
ടിക്കറ്റ് വില ₹30

ബുധൻ
**അക്ഷയ**
ഒന്നാം സമ്മാനം
**60ലക്ഷം**
ടിക്കറ്റ് വില ₹30

വെള്ളി
**നിർമൽ**
ഒന്നാം സമ്മാനം
**60ലക്ഷം**
ടിക്കറ്റ് വില ₹30

വ്യാഴം
**കാരുണ്യ പ്ലസ്**
ഒന്നാം സമ്മാനം
**80ലക്ഷം**
ടിക്കറ്റ് വില ₹40

ഞായർ
**പൗർണമി**
ഒന്നാം സമ്മാനം
**70ലക്ഷം**
ടിക്കറ്റ് വില ₹30

ശനി
**കാരുണ്യ**
ഒന്നാം സമ്മാനം
**80ലക്ഷം**
ടിക്കറ്റ് വില ₹40

**സമ്മാനങ്ങളുടെ എണ്ണത്തിലും മൊത്തം സമ്മാന തുകയിലും**
**വൻ വർധന**

**സേവനങ്ങൾ വേഗത്തിലാക്കാൻ 18 പുതിയ ഓഫീസുകൾ**

**കൂടുതൽ സുരക്ഷാ സംവിധാനങ്ങൾ ഉൾപ്പെടുത്തിയ ടിക്കറ്റുകൾ**

**കേരള സംസ്ഥാന ഭാഗ്യക്കുറി** വിശ്വസ്തം.. സുതാര്യം.. ജനകീയം..

www.ksfe.com

അഭിമാനത്തിന്റെ 50 വർഷങ്ങൾ

KSFE

# സുവർണ്ണ ജൂബിലി ചിട്ടികൾ 2019

## ചിട്ടിയിൽ ചേരൂ.... സമ്മാനങ്ങളുമായി മടങ്ങൂ...



**ബംബർ സമ്മാനം***

**50 പവൻ സ്വർണ്ണം** (ഒരാൾക്ക്)

അഥവാ പരമാവധി **12 ലക്ഷം രൂപ**

**2-ാം സമ്മാനം*** ആകെ **250 പവൻ സ്വർണ്ണം 50 പേർക്ക്**

**3-ാം സമ്മാനം***

ചിട്ടിയിൽ ചേരുന്ന എല്ലാ ഇടപാടുകാർക്കും കെ എസ് എഫ് ഇ യുടെ പ്രത്യേക സുവർണ്ണ ജൂബിലി ഉപഹാരം

**കെ.എസ്.എഫ്.ഇ സുവർണ്ണ ജൂബിലി 2019 ചിട്ടിയിൽ ചേരുന്ന വിശ്വസ്ത വരിക്കാർക്ക് ഞങ്ങൾ നല്കുന്ന ആനുകൂല്യങ്ങൾ***

1. ചിട്ടിതവണകൾ മുടക്കം വരുത്താതെ കാലാവധി തീരും വരെ കൃത്യമായി അടക്കുന്നവർക്ക്, പ്രോത്സാഹനമായി ചിട്ടി തീരുമ്പോൾ അവസാന തവണസംഖ്യയ്ക്ക് സമാനമായ തുക, പുതിയ ചിട്ടി ചേരുന്നതിലേക്കായി ലഭിക്കുന്നു (പരമാവധി 25000 രൂപ വരെ)
2. കൃത്യമായി ചിട്ടിയടവ് നടത്തികൊണ്ടിരിക്കെ ചിട്ടിവിളിച്ച ചിറ്റാളൻമാർ ദൗർഭാഗ്യവശാൽ മരണപ്പെട്ടാൽ പരമാവധി 10 ലക്ഷം രൂപ വരെയുള്ള ബാധ്യത എഴുതിതള്ളുന്നു.
3. 2019 ജൂൺ 15നും 2020 മാർച്ച് 31നും ഇടയിൽ കാലാവധി അവസാനിക്കുന്ന ചിട്ടികളിൽ, എല്ലാ തവണകളിലും മുടക്കം വരുത്താതെ പണമടച്ചിട്ടുള്ള വരിക്കാർക്ക് ചിട്ടി തീരുന്ന മുറയ്ക്ക്, അവസാന തവണ സംഖ്യയ്ക്ക് സമാനമായ തുക, പുതിയ ചിട്ടി ചേരുന്നതിലേക്കായി ലഭിക്കുന്നു (പരമാവധി 25000 രൂപ വരെ)
4. ചിട്ടി കിട്ടാത്തവർക്ക് ചിട്ടിവായ്പയ്ക്ക് സൗകര്യം

എന്നെന്നും ഇടപാടുകാർക്കൊപ്പം...

G.O.(Rt) No.428/2019 / TAXES dt 18/06/2019

KSFE (ഒരു കേരള സർക്കാർ സ്ഥാപനം) CIN: U65923KL1969SGC002249

ദി കേരള സ്റ്റേറ്റ് ഫിനാൻഷ്യൽ എന്റർപ്രൈസസ് ലിമിറ്റഡ്
രജി. ഓഫീസ്: 'ഭദ്രത', മ്യൂസിയം റോഡ്, പി.ബി. നമ്പർ: 510, തൃശ്ശൂർ 20.
Ph: 0487-2332255. Fax: 0487-2336232, email: mail@ksfe.com

grafcreative.in